






ആലാ ഗ്രാമപഞ്ചായത്ത്


വികസന രേഖ

42-1

9-ാം പദ്ധതി

അധികാരം ജനങ്ങളിലേക്ക്

ജനകീയ പദ്ധതി



ഇൻഡ്യയുടെ കരുത്ത് ഗ്രാമങ്ങളിൽ കുടികൊള്ളുന്നുവെന്ന് തിരിച്ചറിഞ്ഞ,
ഗ്രാമസ്വരാജ് ഒരു ജീവസത്തയായി വിഭാവന ചെയ്ത
ഇൻഡ്യയുടെ പുണ്യാത്മാവ്

ജനകീയ ആസൂത്രണ സമിതി
ആല ഗ്രാമപഞ്ചായത്ത്

ഡി. ആർ. പി

1. കെ. കെ. തങ്കപ്പക്കുറുപ്പ് (കൺവീനർ)
2. ബിന്ദുരാജൻ
3. ശോശാമ്മ പൊടിയൻ
4. രാജേന്ദ്രൻ പിള്ള
5. വി. എം. കുഞ്ഞുകുഞ്ഞ്
6. കെ. എം. ചന്ദ്രശർമ്മ
7. എം. ശശികുമാർ
8. രമേശ് പ്രസാദ്


എൽ. ആർ. പി. കൺവീനേഴ്സ്

1. കെ. വി. തോമസ്
2. പ്രകാശ് സി. നമ്പൂതിരി
3. പി. ഐ. കുട്ടപ്പൻ
4. കെ. കെ. വാസുദേവൻ
5. എൻ. ജി. ഗോപിനാഥ പിള്ള
6. എ. കെ ഷാജി
7. വി. റ്റി. തങ്കച്ചൻ
8. കെ. കെ. ഭാസ്കരൻ


1. ആർ. മണികണ്ഠൻ (കൃഷി ആഫീസർ)
2. ഡോ. ജ്യോതിഷ് ബാബു (വെറ്റിനറി സർജ്ജൻ)
3. ഡോ. സുനിൽ (മെഡിക്കൽ ഓഫീസർ പി. എച്ച്. സി)
4. ഡോ. ശാർങ്ങധരൻ (മെഡിക്കൽ ഓഫീസർ ജി. എ. ഡി)

മുഖചിത്രം
അനിൽ പെണ്ണുക്കര
ടൈപ്പ് സെറ്റ് & ലേഔട്ട്
പിഗ്മെൻറ്സ് ആർട്ടോൺഗ്രാഫിക്സ്, മുളക്കുഴ
ഡി.റ്റി.പി.
പ്രകാശ് കെ. മൂലയിൽ
ഫോട്ടോസ്
ഷിജു, ചിത്രാലയ സ്റ്റുഡിയോ
അച്ചടി
കാളിറ്റി പ്രിൻേറഴ്സ്, കൊച്ചി - 16


അതുലാ ഗ്രാമപഞ്ചായത്ത്
വാർഡുകൾ




ഭൂപ്രകൃതി


I
II
III
IV
V
VI
VII
VIII
PIP കനാൽ
കേരളം
തലപ്പുഴിയിലെ
തലപ്പത്തായിരുന്ന്
N
S
E
W
മലമ്പ്രദേശം
മല
താഴ്വര
നദികൾ
വാർഡ്
ജംഗ്ഷൻ
പട്ടണപ്രദേശം
ടൗൺ സെന്റർ

ഭൂപടവിടവുകൾ


സബ് കനാൽ
പയംവേലി ചാൽ
പൂമല ചാൽ
ഉമ്മത്ത്
ആല
വിടിക്കയം ചാൽ
മുക്കിൽപീടി
പത്തുപുരപ്പടി
തേട്ടിൽമുക്ക് തോട്
ചെണ്ടുകുളം
നെല്ലിക്കുഴി
നെല്ലിക്കുഴി തോട്
നെല്ലിക്കുഴി പാലം
നെല്ലിക്കുഴി-നെല്ലിമറ്റം റോഡ്
വെങ്ങല്ലൂർ
പെരുമ്പാവൂർ
കാരിക്കുളം ചാൽ
ചെമ്പകത്തുംമുകൾ
പെരുമ്പാവൂർ-കോടനാട് റോഡ്
കോടനാട്
മാങ്കരിച്ചാൽ
N
W
E
S
മലഞ്ചെരിവ്
റോഡ്
പ്രധാന പാതകൾ
ചാൽ
കനാൽ
പ്രധാന തോടുകൾ
നീരൊഴുക്ക്
പാലം കടുക്ക്


വിളകൾ



PIP കനാൽ
തെങ്ങ്
റബ്ബർ
വാഴ
കിഴങ്ങ്
മലഞ്ചരിവ്
ഭൂപ്രകൃതി
ജംഗ്ഷൻ
ക്ഷേത്രം
സമതലം
നെല്ല്
N
S
E
W
തലച്ചുമട്ടിൽ
തലച്ചുമടായത്


ആതലാ ഗ്രാമപഞ്ചായത്ത്

ട്രാൻസെക്ട്ട് – 1

വടിഞ്ഞാറുനിന്നും കിഴക്കോട്ട് മദ്ധ്യഭാഗത്തുകൂടി







ജനപ്രതിനിധികൾ

മാവേലിക്കര പാർലമെൻറ് നിയോജക മണ്ഡലം		:	പ്രൊഫ. പി.ജെ. കുര്യൻ
ചെങ്ങന്നൂർ അസംബ്ലി	"	:	ശ്രീമതി ശോഭനാ ജോർജ്
മുളക്കുഴ ജില്ലാ പഞ്ചായത്ത്	"	:	ശ്രീ. സജി ചെറിയാൻ
ആലാ ബ്ലോക്കു പഞ്ചായത്ത്	"	:	ശ്രീ. കെ.വി. ജഗന്നാഥൻ നായർ
ആലാ ഗ്രാമ പഞ്ചായത്ത്			
ആലാ വടക്ക് ഒന്നാം	"	:	ശ്രീ. സന്തോഷ് മാണിക്കശ്ശേരി
ആലാ തെക്കു രണ്ടാം	"	:	ശ്രീമതി ആനി മത്തായി
പെണ്ണുക്കര വടക്ക് ഏ മൂന്നാം	"	:	ശ്രീ. റ്റി.എം. കുഞ്ഞു ചെറുക്കൻ
പെണ്ണുക്കര വടക്ക് ബി നാലാം	"	:	ശ്രീ. കെ.കെ. അച്ചുതക്കുറുപ്പ്
പെണ്ണുക്കര തെക്ക് അഞ്ചാം	"	:	ശ്രീമതി പി. മഹേശ്വരിയമ്മ
കോടുകുളഞ്ഞി എ ആറാം	"	:	കുമാരി റ്റി.കെ. രാജി
കോടുകുളഞ്ഞി ബി ഏഴാം	"	:	ശ്രീ. ഉമ്മൻ കുരുവിള
പെണ്ണുക്കര വടക്ക് എട്ടാം	"	:	ശ്രീ. ജോൺ തോമസ് കല്ലുമാടി

ഗ്രാമസഭയുടെ വിവരങ്ങൾ


വാർഡ് നമ്പർ	ഗ്രാമസഭ നടന്ന തീയതി	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	29.9.96	47	6	53
2	29.9.96	103	62	165
3	2.10.96	87	57	144
4	21.9.96	159	53	212
5	29.9.96	97	52	149
6	6.10.96	103	78	181
7	2.10.96	58	27	85
8	22.9.96	149	50	199
ആകെ		803	385	1188




കുമാരി. റ്റി. കെ. രാജി
പ്രസിഡന്റ്




ആനിമത്തായി
വൈസ് പ്രസിഡന്റ്



സന്തോഷ് മാണിക്കശ്ശേരി
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ




ടി. എം. കുഞ്ഞുചെറുക്കൻ
മെമ്പർ



കെ. കെ. അച്ച്യുതക്കുറുപ്പ്
മെമ്പർ




പി. മഹേശ്വരിയമ്മ
മെമ്പർ



ഉമ്മൻ കുരുവിള
മെമ്പർ



ജോൺതോമസ് കല്ലുമാടി
മെമ്പർ




എൻ. രാജാമണി
സെക്രട്ടറി

പഞ്ചായത്തിന്റെ പൊതുവിവരണം

പേര്	-	ആല ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	-	ആലാ വില്ലേജ്
താലൂക്ക്	-	ചെങ്ങന്നൂർ
ബ്ലോക്കുപഞ്ചായത്തു ഡിവിഷൻ	-	മുളക്കുഴ
ബ്ലോക്കു പഞ്ചായത്ത്	-	ചെങ്ങന്നൂർ
ജില്ല	-	ആലപ്പുഴ
അസംബ്ലിമണ്ഡലം	-	ചെങ്ങന്നൂർ
പാർലമെന്റുമണ്ഡലം	-	മാവേലിക്കര
വിസ്തീർണ്ണം	-	10.44 ചാ. കി. മി
ജനസംഖ്യ	-	13087
പുരുഷന്മാർ	-	6283
സ്ത്രീകൾ	-	6804
ജനസാന്ദ്രത	-	1254
സാക്ഷരത	-	12170
വാർഡുകളുടെ എണ്ണം	-	8
അതിരുകൾ		
കിഴക്ക്	-	മുളക്കുഴ, വെണ്മണി പഞ്ചായത്തുകൾ
തെക്ക്	-	വെണ്മണി പഞ്ചായത്ത്
പടിഞ്ഞാറ്	-	ചെറിയനാട്, പുലിയൂർ പഞ്ചായത്തുകൾ
വടക്ക്	-	പുലിയൂർ പഞ്ചായത്ത്, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി
പ്രസിഡന്റ്	-	കുമാരി. റ്റി. കെ. രാജി
വൈസ്പ്രസിഡന്റ്	-	ശ്രീമതി. ആനി മത്തായി
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	-	ശ്രീ. സന്തോഷ് മാണിക്കശ്ശേരി
സെക്രട്ടറി	-	ശ്രീ. എൻ. രാജാമണി

ഉള്ളടക്കം

ആമുഖം,	
സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം	10
കൃഷിയും ജലസേചനവും	16
മൃഗസംരക്ഷണം	28
വ്യവസായം	39
ഗതാഗതം, ഊർജ്ജം, വനം,	44
പാർപ്പിടം, സാമൂഹ്യക്ഷേമം	64
ആരോഗ്യം, കുടിവെള്ളം	73
വിദ്യാഭ്യാസം	80
സംസ്കാരം	87
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം	95
വനിത	100
സഹകരണമേഖല	106
വിഭവ സമാഹരണം	111



ആമുഖം

ആസേതു ഹിമാചലം അടർക്കളങ്ങളുയർത്തി സുദീർഘവും ത്യാഗപൂർവ്വവുമായ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങളിലൂടെ എണ്ണമറ്റ ജീവിതങ്ങൾ ഹോമിച്ചും രക്തമർപ്പണംചെയ്തും നാം നേടിയെടുത്ത ഇന്ത്യൻ സ്വാതന്ത്ര്യ മുഹൂർത്തത്തിന് അമ്പതു വയസ്സാകുന്നു. സമഗ്രവികാസവും പുരോഗതിയും ലക്ഷ്യമിട്ടിട്ടുള്ള നമ്മുടെ രാജ്യത്തെ ആസൂത്രണ പ്രക്രിയക്ക് നാല്പത്തിയഞ്ചും സോവിയേറ്റ് ആസൂത്രണ പദ്ധതികളുടെ ചുവട് പിടിച്ച് ആരംഭിച്ച ഇന്ത്യൻ പഞ്ചവത്സര പദ്ധതികൾ 1951ൽ ആരംഭിച്ചെങ്കിലും ചില ഇടവേളകളുണ്ടായതു കാരണം എട്ട് പദ്ധതികളേ ആയിട്ടുള്ളൂ. എട്ടാം പദ്ധതി 1997 മാർച്ചിലവസാനിക്കും ഒൻപതാം പദ്ധതി 1997 ഏപ്രിലിലാരംഭിക്കുകയുമാണ്.

എട്ടു പദ്ധതികളും പൊതുവിൽ പരിശോധിച്ചാൽ ഗൗരവതരമായ ചില ദൗർബല്യങ്ങൾ കാണാൻ കഴിയും - കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വവുമായിരുന്നു ആസൂത്രണം ഇതുവരെ. മുകളിൽനിന്ന് നിശ്ചയിച്ച് താഴേക്ക് അടിച്ചേല്പിക്കുകയായിരുന്നു. നിശ്ചിത പദ്ധതി നടപ്പിലാക്കേണ്ട പ്രദേശത്തെ ഭൗതിക വിഭവങ്ങളുടെ ശേഷിയും വിനിയോഗപ്രവർത്തന സാദ്ധ്യതകളെയും കണക്കിലെടുക്കാതെ പദ്ധതികൾ തയ്യാറാക്കപ്പെട്ടു, പദ്ധതി നടപ്പിലാക്കേണ്ട പ്രദേശത്തെ ജനങ്ങൾക്ക് തീരുമാനങ്ങളിലോ നടത്തിപ്പിലോ യാതൊരു പങ്കാളിത്തവുമില്ലായിരുന്നു. ഓരോ വകുപ്പും പരസ്പര ബന്ധമില്ലാതെ തയ്യാറാക്കുന്ന സ്കീമുകളായി ആസൂത്രണം അധഃപതിച്ചു. വിഭവലഭ്യത പരിഗണിക്കാതെ ഒരേസമയത്ത് ഒന്നിലേറെ പദ്ധതികളാരംഭിക്കുന്ന സമ്പ്രദായം പതിവായിത്തീർന്നു. ജനങ്ങളുടെ ജീവിത നിലവാരം ക്രമേണ ഉയർത്തിക്കൊണ്ടു വരിക എന്നതായിരിക്കണം ആസൂത്രണത്തിന്റെ ലക്ഷ്യം സമ്പത്ത് ഉല്പാദിപ്പിക്കുക എന്നത് മാത്രമല്ല അത് സ്ഥായിയായും നീതിപൂർവ്വമായും വിതരണം ചെയ്യപ്പെടുകയും വേണം. സാധാരണ ജനങ്ങളുടെ ജീവിതാവശ്യങ്ങൾ നിർവ്വഹിക്കപ്പെടാനുതകുന്നതാവണം ആസൂത്രണത്തിലധിഷ്ഠിതമായ വികസന പ്രക്രിയ. ഇതിന് കാർഷിക വ്യവസായ മേഖലകളിൽ ദ്രുതഗതിയിലുള്ള ഉല്പാദനവർദ്ധനവും വളർച്ചയും അവശ്യമായിരിക്കുന്നു. എന്നാൽ ആ മേഖലകൾ ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്.

പ്രായോഗിക വിലയിരുത്തലിലൂടെ നോക്കിയാൽ നമ്മുടെ പദ്ധതികൾ മുൻപറഞ്ഞ കാരണങ്ങളാലും മറ്റും ലക്ഷ്യം കൈവരിച്ചില്ല. ജനപങ്കാളിത്തമില്ലായ്മ ആയിരുന്നു നമ്മുടെ പദ്ധതികളുടെ ഏറ്റവും വലിയ വീഴ്ച. ദുർവ്യയവും കാലതാമസവും, ഏത് പദ്ധതി ആദ്യം വേണമെന്ന ചിന്തയില്ലായ്മയും, ഉത്തരവാദിത്വവുമില്ലായ്മയുമാണ് മറ്റു പോരായ്മകളുമായി കാണുന്നത്. ഒന്നും നേടിയില്ല എന്ന നിഷേധവിമർശനമല്ല. ധാരാളം നേട്ടങ്ങൾ പദ്ധതികളിലൂടെ ഉണ്ടായിട്ടുണ്ട് എന്നാൽ മൗലീകമായ ദിശാമുഖത്ത് എത്തിച്ചേരാൻ കഴിഞ്ഞില്ല, അതുപോലെ പദ്ധതികൾക്കു വേണ്ടി സർക്കാർ മുടക്കുന്ന തുകയുടെ സിംഹഭാഗവും താഴെത്തലത്തിൽ എത്തുന്നില്ല എന്നതും നിർവഹണത്തിലെ വലിയ പോരായ്മയായി അവശേഷിക്കുന്നു. ഈ ദൗർബല്യങ്ങളും വീഴ്ചകളും പരിഹരിക്കപ്പെടേണ്ടതുണ്ട്.

കേരളം അനുഗൃഹീതമായ സുവർണ്ണ ഭൂമിയാണ്. മണ്ണും കാലാവസ്ഥയും ഭൗതിക വിഭവങ്ങളും ജൈവ സമ്പത്തും ഇവിടുത്തെ മാനവശേഷിയും എല്ലാം നമ്മളെ ഇന്ത്യയിലെന്നല്ല ലോകത്തുതന്നെ പ്രത്യേകതയുള്ളവരാക്കുന്നു. സംസ്ഥാനാസൂത്രണത്തിനും ഇന്ത്യൻ ആസൂത്രണ പ്രക്രിയയുടെ ദൗർബല്യങ്ങൾ എല്ലാം ഉണ്ട്. ഒരു കാര്യത്തിൽമാത്രം നാം പ്രത്യേകതയോടെ നില്ക്കുന്നു. നീതിപൂർവ്വമായ സാമ്പത്തികവിതരണത്തിന്റെ കാര്യത്തിൽ. കേരളസംസ്ഥാന രൂപീകരണത്തിനു മുമ്പ് തന്നെ ഘടക പ്രദേശങ്ങളായ തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും നടത്തിയിട്ടുള്ള സാമൂഹ്യ പരിവർത്തന പോരാട്ടങ്ങളും കർഷകസമരങ്ങളും തൊഴിലാളിമുന്നേറ്റവും സാംസ്കാരിക നവോത്ഥാനചിന്തകളും പ്രസ്ഥാനങ്ങളുമെല്ലാം നമ്മുടെ സംസ്ഥാനത്ത് സവിശേഷമായ ഒരു സാമൂഹ്യ കാലാവസ്ഥ സൃഷ്ടിച്ചിരുന്നു. ഇവിടെ ഉയർന്നുവന്ന സംഘടിത തൊഴിലാളി പ്രസ്ഥാനവും അധികാരത്തിൽ വന്ന സാമ്യവാദ സമഷ്ടിവാദസർക്കാരുകളും സാമൂഹ്യ നീതിയിലധിഷ്ഠിതമായ മണ്ണൊരുക്കി വിത്തെറിഞ്ഞു. സൗജന്യവും സാർവത്രികവുമായ പൊതുവിദ്യാഭ്യാസം പൊതുജനാരോഗ്യം, സ്റ്റാട്ട്യൂട്ടറി റേഷനിംഗുൾപ്പെടെയുള്ള പൊതുവിതരണ സമ്പ്രദായം, ഭൂപരിഷ്കരണം, സമ്പൂർണ്ണ സാക്ഷരത, സാമൂഹ്യസേവന സുരക്ഷാ പദ്ധതികൾ തുടങ്ങിയവയെല്ലാം മലയാളികൾക്കുവേണ്ടി മലയാളിതന്നെ നടപ്പിലാ

ക്കിയ മലയാള സവിശേഷതകളാണ്. ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തേക്കാളും മുമ്പറഞ്ഞ കാര്യങ്ങളിൽ നാം മുന്നിൽ നില്ക്കുന്നു. ഉയർന്ന ജീവിത നിലവാരമുള്ള ഒരു ജനത. ആയുർദൈർഘ്യത്തിന്റെ കാര്യത്തിലും കുറഞ്ഞ ശിശുമരണനിരക്കിലും കുറഞ്ഞ പ്രജനനനിരക്കിലും നാം ലോകത്തെത്തന്നെ ചില രാഷ്ട്രങ്ങളോടു തുല്യരാണ്. എന്നാൽ സമ്പത്തുല്പാദിപ്പിക്കുന്നതിലും ആളോഹരി വരുമാനത്തിലും നാം വളരെ പിന്നിലാണ് സാമ്പത്തിക വരുമാനം കുറഞ്ഞ ഒരു ജനത ഇത്രയും ഉന്നതമായ ജീവിത നിലവാരം കൊണ്ടുപോകുന്നത് ഇന്ന് ഒരു വലിയ സമസ്യയാണ്. സത്യസന്ധമായി പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാവും. ഇന്നു നാം ഇവിടെ കാണുന്ന പ്രസാദ ഭാവത്തിന്റെയും തെളിമയുടെയും പിന്നിലുള്ളത് വിദേശവരുമാനമാണ്. ഗൾഫ്, അമ്മേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ പോയി പണിയെടുക്കുന്ന നമ്മുടെ സഹോദരങ്ങളുടെ ഡ്രാഫ്റ്റുകളില്ലെങ്കിൽ നാം, നമ്മുടെ നാട് കടുത്ത കാളിമയിലേക്കും ഗുരുതരാവസ്ഥയിലേക്കും നിപതിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഈ സ്ഥിതിയിൽ നമ്മുടെ ഇന്നത്തെ ജീവിത നിലവാരം നിലനിർത്തിക്കൊണ്ടു പോകാൻ ഒരു വിഭാഗത്തിനും കഴിയാതെവരും ഈ ഭീഷണാവസ്ഥ ഭാവനയല്ല നാം അനതി വിദൂരഭാവിയിൽ നേരിടാൻ പോകുന്ന ഒരു യാഥാർത്ഥ്യമാണ്. ഇതിനെ നേരിടേണ്ടേ? നേരിടണമെങ്കിൽ നമുക്ക് നമ്മുടെ മണ്ണിലേക്കും കർമ്മശേഷിയിലേക്കും തിരിയേണ്ടിവരും.

അദ്ധ്വാനശീലരാണ് മലയാളികൾ എന്നാണു ചൊല്ല് എന്നാൽ നാം നമ്മുടെ മണ്ണിൽ അദ്ധ്വാനിക്കാൻ മടിക്കുന്ന ദുരഭിമാനികൾ ആയ അലസരും മറ്റു സ്ഥലങ്ങളിൽ അദ്ധ്വാനിക്കുന്നവരും എന്ന അവസ്ഥയാണിപ്പോൾ ഉള്ളത്. തത്ഫലമായി നമ്മുടെനാട് ഒരു പരാശ്രയ പ്രദേശമായിരിക്കുന്നു. എല്ലാറ്റിനും മറ്റ് സംസ്ഥാനങ്ങളുടേയും സംസ്ഥാനങ്ങളേയും സ്ഥലങ്ങളേയും ആശ്രയിക്കേണ്ടിവന്നിരിക്കുന്നു. നമുക്ക് ലഭിക്കുന്ന പരിമിത വരുമാനംതന്നെ മറ്റു സ്ഥലങ്ങളിലേക്കൊഴുകുന്നു. ജീവിത നിലവാരം നിലനിർത്തണമെങ്കിൽ സമ്പത്തുല്പാദനം വർദ്ധിക്കണം. അതിനുള്ള മേഖലകളായ കൃഷി വ്യവസായ മേഖലകൾ മുരടിച്ചു നില്കുന്നു. ഈ മേഖലകളിൽ സമഗ്രമായ ഒരു പുനർചിന്തനവും പുനരാസൂത്രണവും അത്യാവശ്യമായിരിക്കുന്നു. കൃഷിയും വ്യവസായവും അതുമായി ബന്ധപ്പെട്ട മേഖലകളോടൊപ്പം തന്നെ നമ്മുടെ ജനജീവിതവുമായി ബന്ധപ്പെടുന്ന സമസ്ത മേഖലകളിലും ഒരു വിശകലനവും ആത്മപരിശോധനയും നടത്തി നമ്മൾക്ക് വേണ്ടിതന്നെ നാം തൊട്ടറിയുന്ന നമ്മുടെ പങ്കാളിത്തമുള്ള ഒരു ആസൂത്രണ പ്രക്രിയവേണം.

വികസന പദ്ധതികളെ മുകളിൽനിന്നു ലഭിക്കുന്ന ഔദാര്യങ്ങളോ സൗജന്യങ്ങളോ ആയിട്ടാണ് മിക്കവരും വീക്ഷിക്കുന്നത് ജനങ്ങൾക്കു പങ്കാളിത്തമില്ലാതെ ചില ഉദ്യോഗസ്ഥ സംവിധാനങ്ങളിലൂടെ നടപ്പിലാക്കപ്പെടുന്നത് കൊണ്ടാണിങ്ങനെ സംഭവിക്കുന്നത് അതുകൊണ്ട് തങ്ങൾക്കെന്തുകിട്ടും എന്നല്ലാതെ തങ്ങൾക്കെന്തു ചെയ്യാൻ കഴിയും എന്ന ചിന്ത ആരെയും അലട്ടുന്നില്ല.

വികസന പദ്ധതികൾ തങ്ങളുടെ തന്നെ ജീവിതത്തെയും ചുറ്റുപാടുകളെയും മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള കൂട്ടായ ഒരു യത്നമായി കാണാത്തതു കൊണ്ടാണിങ്ങനെ സംഭവിക്കുന്നത് ഈ സ്ഥിതി മാറണം. പദ്ധതികൾക്ക് സർക്കാരിന്റെയും പഞ്ചായത്തിന്റേും ഒക്കെ പണം വേണ്ടിവരും. എന്നാൽ അതുകൊണ്ടു മാത്രംതികയുമോ? അതു ലഭ്യമാക്കുന്നതുവരെ വേഴാമ്പലിനെപ്പോലെ കാത്തിരുന്നാൽ മതിയോ? പോരാ. പ്രാദേശികമായി ലഭിക്കാവുന്ന വിഭവശേഷികൂടി. ലഭിക്കുന്ന പണത്തോടൊപ്പം സമാഹരിച്ചാൽ നമുക്ക് നാം ഇച്ഛിക്കുന്ന രീതിയിലും സമയത്തും നമുക്ക് വേണ്ട വികസന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും. പല പദ്ധതികളും പലപ്പോഴും മാറ്റി വയ്ക്കുകയോ വേണ്ടെന്നു വെയ്ക്കുകയോ ചെയ്യുന്നത് വിഭവപരിമിതി കൊണ്ടാണ്. വിഭവം എന്നതുകൊണ്ടുദ്ദേശിക്കുന്നത് പണം മാത്രമല്ല. മനുഷ്യാദ്ധ്വാനവും സാധന സാമഗ്രികളും ആസൂത്രണത്തിലും നിർവ്വഹണ ത്തിലുമുള്ള സഹായങ്ങളും കൂടിയാണ്. പ്രഥമശ്രവണ ത്തിൽ അപ്രായോഗികം എന്നു തോന്നിയേക്കാം എന്നാൽ നമ്മുടെ തന്നെ പഞ്ചായത്തിലെ അനുഭവങ്ങൾ നമുക്ക് ആവേശമരുളുന്നതാണ്. നമ്മുടെ നാട്ടിലെ ക്ഷേത്രങ്ങൾ, പള്ളികൾ, കരയോഗമന്ദിരങ്ങൾ, ഗുരുമന്ദിരങ്ങൾ എല്ലാം അതതു സമുദായങ്ങളുടെ സംഭാവനകളിലൂടെ നിർമ്മിക്ക പ്പെട്ടവയാണ്. ജെ.എം എച്ച്. എസ് ഒഴികെയുള്ള എല്ലാ സ്ക്കൂളുകളുടെയും സ്ഥലവും പ്രാഥമികകെട്ടിട നിർമ്മാണവും നമ്മുടെ ജനങ്ങളുടെ സംഭാവനകൊണ്ടാണ് നിർവ്വഹിച്ചത്. പിന്നീടാണ് സർക്കാരും പഞ്ചായത്തും ഒക്കെ സഹായിച്ചിട്ടുള്ളത് നമ്മുടെ ആയുർവ്വേദാശുപത്രിക്കു സ്ഥലം സമ്പാദിച്ചത്. രണ്ടു മിഡ്വൈഫറി സെന്ററുകൾക്ക്സ്ഥലം നൽകിയത് എല്ലാം സംഭാവനകളിലൂടെയാണ്. പി.എച്ച് സെന്ററിന്റെ സ്ഥലവും കെട്ടിടവും സമ്പാദിച്ചതും സ്ഥാപിച്ചതും അതിന്റെ പ്രായോജകകമ്മിറ്റിയുടെ നേതൃത്വം പഞ്ചായത്തു ഫണ്ടിനോടോപ്പം നാട്ടുകാരുടെ സംഭാവനകളും സംഭരിച്ചുകൊണ്ടാണ്. നമ്മുടെ അനേകം റോഡുകൾ പ്രാഥമികമായി നിർമ്മിച്ചത് ജനങ്ങളുടെ അധ്വാനവും പണവും സമാഹരിച്ചാണ്. നമ്മുടെ ഗ്രന്ഥശാലകളുടെ ചരിത്രവും വ്യത്യസ്ഥമല്ല. ഇപ്പോഴും നമ്മുടെനാടും ജനങ്ങ ളും വികസനകാര്യങ്ങൾക്ക് ഉചിത നേതൃത്വമുണ്ടെങ്കിൽ, സഹകരണാത്മകവും വിശാലവുമായ നിലപാടുകൾ കൈക്കൊള്ളുമെന്നുതന്നെയാണ് ചരിത്രം തെളിയിക്കുന്നത്.

അധികാരം ജനങ്ങളിലേക്ക് എന്ന ലക്ഷ്യം വെച്ചുള്ള ദീർഘകാലസ്വപ്നമായിരുന്ന അധികാര വികേന്ദ്രീകരണം,. ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ്, പഞ്ചായത്തുരാജ് നിയമം നടപ്പിലായതോടെ ഒന്നാം ഘട്ടമായി എന്നു പറയാം. അധികാര വികേന്ദ്രീകരണം പൂർണ്ണമാകണമെങ്കിൽ അതിനെതിരെയുള്ള നിക്ഷിപ്ത താൽപര്യങ്ങളെ തച്ചുടേ

ക്കണ്ടതുണ്ട്. ഒരു ജനകീയ മുന്നേറ്റമാണിതിനാവശ്യം അതിനാൽ കേരളത്തിൽ ഒൻപതാം പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കണം എന്ന് സർക്കാർ തീരുമാനിച്ചു. അതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ പകുതിയോളം തുക പഞ്ചായത്തുകൾക്കു നൽകി പഞ്ചായത്തുകൾ നിശ്ചയിക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ ചെലവഴിക്കാനാണ് തീരുമാനം. കൃത്യമായി നിർണ്ണയിക്കുവാൻ കഴിയില്ലെങ്കിലും ഈ തുക ഏകദേശം അഞ്ചുകോടി രൂപയോളം വരും. ഇതുവരെ നാം ചെയ്ത പരിചയമില്ലാത്ത ഒരു വലിയ ഉത്തരവാദിത്വമാണ് ഏറ്റെടുക്കേണ്ടിയിരിക്കുന്നത്. സ്ഥായിയും ജനജീവിതം മെച്ചപ്പെടുത്താൻ ആവശ്യമായതും സമ്പത്തുല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായതുമായ പദ്ധതികൾ പഞ്ചായത്തുകൾ തയ്യാറാക്കേണ്ടതുണ്ട്. ഇങ്ങനെ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഓരോ വാർഡിലേയും ജനങ്ങളുടെ അഭിപ്രായങ്ങൾ മാനിച്ച് പ്രാദേശിക വിഭവ സാദ്ധ്യതകൾ പരിഗണിച്ച് സമഗ്രവികസനം ലക്ഷ്യമാക്കിവേണം ചെയ്യാൻ. പദ്ധതികൾ തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയെന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്

നമ്മുടെ നാട്ടിലെ ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയ അദ്ധ്യായമാണ് ആരംഭിക്കുന്നത്. ജനങ്ങളുടെ നിർദ്ദേശങ്ങളിലൂടെ രൂപപ്പെട്ടുവരുന്ന ജനങ്ങളാൽ നിജപ്പെടുത്തിയെടുക്കുന്ന ജനങ്ങളാൽ നിർവ്വഹിക്കപ്പെടുന്ന ആസൂത്രണപ്രക്രിയ. ഈ കടമ നിർവ്വഹിക്കുന്നതിനു വേണ്ടി പഞ്ചായത്തുകളെ സഹായിക്കുന്നതിനാണ് ജനകീയാസൂത്രണപ്രസ്ഥാനം. കക്ഷി രാഷ്ട്രീയത്തിനതീതമായി വികസന പ്രവർത്തനങ്ങളിൽ ബഹുജനങ്ങളെ പങ്കെടുപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തനം, ജനസേവന മനഃസ്ഥിതിയോടെ ഉദ്യോഗസ്ഥ സംവിധാനത്തിൽ മാറ്റം, പ്രാദേശികമായി ലഭ്യമാക്കാവുന്ന വിവിധ മേഖലകളിലെ വിദഗ്ദ്ധൻമാരുടെ പങ്കാളിത്തം എന്നീ ഘടകങ്ങളെ സംയോജിപ്പിച്ചുകൊണ്ടാണ് ജനകീയാസൂത്രണം ഒരു പുതിയ വികസന രാഷ്ട്രീയ സംസ്കാരം വളർത്തിയെടുക്കാൻ പരിശ്രമിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തകൻമാർ സന്നദ്ധ പ്രവത്തകരാണ്. പഞ്ചായത്ത് കമ്മിറ്റിക്കാണ് അതിന്റെ നേതൃത്വം. ജനകീയാസൂത്രണ പ്രസ്ഥാനം പഞ്ചായത്തുകമ്മിറ്റിയ്ക്ക് അതീതമോ സമാന്തരമോ ആയ അധികാരസമിതി അല്ല. മറിച്ച് മുൻപറഞ്ഞ ആശയാഭിലാഷങ്ങളോടെയും ലക്ഷ്യത്തോടെയും സംഘടിപ്പിക്കുന്ന ആസൂത്രണ പ്രക്രിയയിലെ ജനകീയസന്നദ്ധ പ്രവർത്തനത്തിലെ സുപ്രധാന കണ്ണിയാണ്

1996 ജൂലൈ മാസത്തിലാണ് ജനകീയാസൂത്രണ പരിപാടിയ്ക്ക് സംസ്ഥാനസർക്കാർ രൂപം നൽകിയത്. ആഗസ്റ്റ് ഒന്നുമുതൽ പതിനഞ്ചുവരെ വിവിധ കോൺഫറൻസുകൾ നടത്തുകയും സംസ്ഥാനതല മാർഗ്ഗനിർദ്ദേശക സമിതി സർക്കാർ രൂപീകരിക്കുകയും ചെയ്തു. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഔപചാരിക ഉൽഘാടനം കഴിഞ്ഞ ചിങ്ങം ഒന്നിന്നടന്നു. പിന്നീട് പഞ്ചായത്തുകളുമായും ബന്ധപ്പെട്ട വിദഗ്ദ്ധരുടെ ലിസ്റ്റ് സംഭരിച്ചു. അതിനു ശേഷം ജനകീയാസൂത്രണ പ്രവർത്തിക്കുള്ള ത്രിതലപരിശീലന ക്ലാസ്സുകൾ പഞ്ചായത്തുതലത്തിൽ വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. നമ്മുടെ പഞ്ചായത്തിലെ 8 സഭകളിലായി ആകെ 1175 പേർ പങ്കെടുത്തു. വിവിധ വിഷയങ്ങളേക്കുറിച്ചുള്ള ഗ്രൂപ്പു ചർച്ചയും നമ്മുടെ നാടിന്റെ ഗൗരവതരമായ വികസന പ്രശ്നങ്ങളും അതിനുള്ള പരിഹാര നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ ഉയർന്നുവന്നു. നാടിന് ഇത് ആവേശകരമായ അനുഭവമായിരുന്നു. വികസനസെമിനാറും പദ്ധതി തയ്യാറാക്കലും വരെയുള്ളമൂന്നാം ഘട്ടപരിശീലനവും കഴിഞ്ഞിരിക്കുന്നു. ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിക്കപ്പെട്ടു. വിവിധ വിഷയങ്ങളെ ആസ്പദമാക്കി സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചു. പഞ്ചായത്തിൽ നാലുഭാഗത്തുമായി രണ്ടു സംഘങ്ങൾ സഞ്ചരിച്ച് ഭൂപ്രകൃതിയും ഭൂവിഭവവും പഠിച്ച് വിവരങ്ങൾ ശേഖരിച്ചു. പഴമകളിൽനിന്നും ഐതീഹ്യങ്ങളിൽ നിന്നും ലഭിക്കാവുന്ന വിവരങ്ങൾ ശേഖരിച്ച് പഞ്ചായത്തിന്റെ സാമൂഹ്യചരിത്രവും പഴയ രേഖകളിൽനിന്ന് പഞ്ചായത്തി ന്റെ ഭരണ ചരിത്രവും തയ്യാറാക്കി. അങ്ങനെയാണ് ആമുഖ പശ്ചാത്തല വിവരണവും ഭരണചരിത്രവും സാമൂഹ്യ സാംസ്കാരിക ചരിത്രവും, ഭൂപ്രകൃതിയും വിഭവങ്ങളും, വിവിധ വികസന മേഖലകളും അടങ്ങുന്ന 4 ഭാഗങ്ങളുള്ള വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ള ഈ വികസന റിപ്പോർട്ട് പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കപ്പെടുന്ന വികസന സെമിനാറിലവതരിപ്പിച്ച് ചർച്ചചെയ്യും. അവിടെവച്ച് വിദ്ഗ്ധ സഹായം കൂടി സ്വീകരിച്ച് വിവിധ പദ്ധതി സ്കീമുകൾ തയ്യാറാക്കും. ആ പദ്ധതി സ്കീമുകളെ പഞ്ചായത്ത് കമ്മിറ്റി മുൻഗണനാക്രമത്തിൽ ചർച്ചചെയ്തംഗീകരിച്ച് നമ്മുടെ പഞ്ചായത്തിന്റെ ഒൻപതാം പദ്ധതിയുടെ സ്കീമുകളാക്കും. ഈ സ്കീമുകളും ബഹുമുഖ ചർച്ചക്ക് വിധേയമാക്കും ഇവയിൽ ഉടനെ നടപ്പിലാക്കാവുന്നവയും ദീർഘ കാലപരിപാടികളുമുണ്ടാകും. ദീർഘകാല പരിപാടികളെപ്പറ്റി തുടർചർച്ചകൾ നടത്തി സ്കീമുകളാക്കി കഴിഞ്ഞാൽ ക്രോഡീകരിച്ച് വാർഷിക പദ്ധതികളും പഞ്ചവത്സരപദ്ധതികളുമാക്കി മാറ്റാം. അങ്ങനെ ജനങ്ങളിൽനിന്നാരംഭിച്ച് ആസൂത്രണ പദ്ധതികളിലേക്കുയരുന്ന മൂല്യവത്തായ ജനകീയ പ്രക്രിയക്കാണ് ജനകീയാസൂത്രണ പ്രസ്ഥാനം പരിപാടിയിട്ടിരിക്കുന്നത്.

കാർഷിക സംസ്കാരം നിലനിന്നിരുന്ന ഒരു പ്രദേശമാണ് ആലാ വില്ലേജ്. ഇപ്പോഴും അങ്ങനെതന്നെ ആദ്യകാലം മുതൽക്കുതന്നെ വില്ലേജിന്റെ പേരിൽ മാറ്റം വന്നിട്ടില്ല. വില്ലേജുകളുടെയടിസ്ഥാനത്തിൽ പഞ്ചായത്ത് രൂപീകരിച്ചപ്പോൾ ആലാ പഞ്ചായത്ത് എന്ന് നാമകരണം ചെയ്യപ്പെട്ടു. കിഴക്ക് മുളക്കുഴ പഞ്ചായത്തിന്റെ പെരിങ്ങാലായും വെണ്മണി പഞ്ചായത്തിലെ കോടുകുളഞ്ഞി കരോടും തെക്ക് വെൺമണി പഞ്ചായത്തിലെ ഉളിയന്തറയും ചെറിയനാട് പഞ്ചായത്തിലെ വരമ്പൂരും പടിഞ്ഞാറ് ചെറിയനാട്

പഞ്ചായത്തിലെ മാമ്പറയും തുരുത്തിമേലും വടക്ക് പുലിയൂർ പഞ്ചായത്തിലെ പേരിശ്ശേരി, പേരിശ്ശേരിമലയും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുമാണ് നമ്മുടെ പഞ്ചായ ത്തിന്റെ അതിർത്തികൾ 3കി. മീറ്റർ നീളവും 3 ½ കി. മീറ്റർ വീതിയുമുള്ള പഞ്ചായത്തിന് 1044 ച.കി.മീ. വിസ്തീർ ണ്ണത്തിൽ 425 ഹെക്റ്റർ പാടവും 667.2 ഹെക്റ്റർ കര ഭൂമിയുമാണുള്ളത് കരയും പാടവും കഴിഞ്ഞാൽ 50 ഹെക്റ്റർ ജലാശയങ്ങളാണ്. വിസ്തൃതിയിലും ജനസംഖ്യയിലും നമ്മുടെ താലൂക്കിലെ ഏറ്റവും ചെറിയ പഞ്ചായത്തുകളിലൊന്ന്.

1957 ആഗസ്റ്റ് 17 ന് ആലപ്പുഴ ജില്ല രൂപികൃതമാവുന്നതുവരെ കൊല്ലം ജില്ലയിൽ പെട്ടിരുന്നു. 1956- ൽ ചെങ്ങന്നൂർ താലൂക്ക് രൂപികരിക്കുന്നതുവരെ തിരുവല്ലാ താലൂക്കിന്റെ ഭാഗമായിരുന്നു 1957ഏപ്രിൽ1ന് ചെങ്ങന്നൂർ NES ബ്ലോക്ക് പുലിയൂർ കേന്ദ്രമാക്കി രൂപീകരിച്ചതു മുതൽ ആലാ പഞ്ചായത്തും ഈ ബ്ലോക്ക് പരിധിയിലാണ് ആലപ്പുഴ ജില്ലാപഞ്ചായത്ത് പരിധിയിലുള്ള ചെങ്ങന്നൂർ ബ്ലോക്കതിർത്തിയിലെ ആലാ ഡിവിഷനിലാണ് നമ്മുടെ പഞ്ചായത്ത്. ചെങ്ങന്നൂർ അസംബ്ലി നിയോജക മണ്ഡലത്തിലും മാവേലിക്കര പാർലമെന്റ് മണ്ഡലത്തിലുമാണ് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിന് ഇപ്പോഴുള്ള എട്ട് വാർഡുകളിലായി 2878 വീടുകളും 13087ജന സംഖ്യയുമുണ്ട്. 1991ലെ സെൻസ്സ് വച്ചുള്ള കണക്കാണിത് ആകെ ജനസംഖ്യയിൽ 6282 പുരുഷൻമാരും 6804 സ്ത്രീകളുമാണ് പുരുഷൻമാരേക്കാൾ സ്ത്രീകളാണു കൂടുതൽ എന്നാൽ വിദ്യാർത്ഥിനികളേക്കാൾ അല്പം കൂടുതലാണ് ആൺകുട്ടികൾ. ജനസംഖ്യയിൽ പട്ടികജാതിക്കാർ 2911 പേരുണ്ട്. പട്ടികവർഗ്ഗക്കാർ ആരുമില്ല. മുസ്ലീങ്ങളില്ല, ബ്രാഹ്മണർ, നായർ, ഈഴവ, വിശ്വകർമ്മജർ, ക്രിസ്ത്യാനികൾ, പുലയർ, സാംബവർ, സിദ്ധനർ തണ്ടാർ. ചാക്ക, വാത്തി ,പതിയാൻ, കാക്കാലൻ, വേലൻ, വർണ്ണവർ, എന്നീ ജാതികളിൽപെട്ടവർ ഇവിടെയുണ്ട്.

കരകൾ ആലാ, നെടുവരംകോട്, കോടുകുളഞ്ഞി, പെണ്ണുക്കരയും ചേരുന്നതാണ് ആലാപഞ്ചായത്ത്. ഇതിൽ ആലാ ഒരു വാർഡിൽപരവും നെടുവരംകോട് ഒരു വാർഡും കോടുകുളഞ്ഞി ഏതാണ്ട് 2 വാർഡുംവരും. ഭൂരിഭാഗ പഞ്ചായത്ത് പ്രദേശം പെണ്ണുക്കരയാണ്. നദീമുഖവും ബ്രാഹ്മണർക്ക് വന്നധിവസിക്കാൻ അവസരം ലഭിച്ചസ്ഥലവും ആലായാണ്. നമ്മുടെ വില്ലേജിലെ ആദ്യബ്രാഹ്മണ കുടുംബം വന്ന് താമസിച്ചത് ആലായിലാണ്. ഉമ്മാത്തിൽ ഭാഗത്തും പെണ്ണുക്കരയിലും ബ്രാഹ്മണർ താമസിച്ചിരുന്നതായി പറയപ്പെടുന്നു. മറ്റ് ജനവിഭാഗങ്ങൾ ഉണ്ടെങ്കിലും അക്കാലത്ത് പ്രാമുഖ്യം ബ്രാഹ്മണർക്കായിരുന്നല്ലോ. അധികാരസ്ഥാനങ്ങളുമായുള്ള ബന്ധവും ഇടപാടും അവർക്ക് തന്നെ. രേഖകളും എഴുത്തുകുത്തുകളും അവരുമായിട്ടായിരുന്നു. ഇക്കാരണത്താൽ അവർ താമസിക്കുന്ന പ്രദേശത്തിന് പ്രാമുഖ്യം വന്നതിനാലായിരിക്കണം ആലാ പ്രവർത്തി (ആലാ വില്ലേജ്) എന്നനാമം വന്നത്. വില്ലേജിന്റെ പേര് പഞ്ചായത്തിനു ലഭിച്ചു.

നമ്മുടെ ഭരണഘടനയിൽ വില്ലേജ് പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനെപ്പറ്റി പറയുന്നുണ്ട്. 1953തിരു-കൊച്ചി സർക്കാർ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തി 1953 ആഗസ്റ്റ്15ന് ഒന്നാമത്തെ പഞ്ചായത്ത് രൂപികരിച്ചു. 17-8-53 ൽ ഒന്നാമത് യോഗംകൂടി പ്രസിഡന്റിനെ തെരഞ്ഞെടുത്തു 8-9-53 ൽ വൈസ് പ്രസിഡന്റിനെയും ആകെ പഞ്ചായത്ത് വാർഡുകൾ ആറ് ദ്വയാംഗനിന്നും പട്ടികജാതി വിഭാഗത്തിൽപെട്ട ഒരംഗത്തെയും അല്ലാത്ത ഒരംഗത്തെയും തെരഞ്ഞെടുക്കാൻ വേണ്ടി ജനറൽ ഹരിജൻ സീറ്റുകളാണുണ്ടായിരുന്നത്. ഒന്നാമത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സജീവരാഷ്ട്രീയ സാന്നിദ്ധ്യം ദൃശ്യമായിരുന്നില്ലെങ്കിലും പ്രമുഖ സ്ഥാനാർത്ഥികളുടെ പിന്നിൽ കോൺഗ്രസ്, കമ്മ്യൂണിസ്റ്റ് വിഭാഗങ്ങളുണ്ടായിരുന്നു. നാട്ടിൽ സാമാന്യം അംഗീകാരം ഉള്ളവരെ കണ്ടെത്തിയും പിന്തുണച്ചും സ്ഥാനാർത്ഥികളാക്കുന്ന സമ്പ്രദായമാണ് കണ്ടത്. ഓരോ സ്ഥാനാർത്ഥിക്കും വേണ്ടി പ്രത്യേക ചിഹ്നം ഒട്ടിച്ചുവച്ചുഓരോ പെട്ടികൾ പോളിംഗ്ബൂത്തിൽ വച്ചിരിക്കും വോട്ടർമാർ തങ്ങളുടെ വോട്ട് അതാതുപെട്ടികളിൽ നിക്ഷേപിക്കുകയാണ് വേണ്ടിയിരുന്നത്. വോട്ട് ചോദിക്കുന്നവർ ആനപ്പെട്ടിക്ക് വോട്ട്, കുതിരപ്പെട്ടിക്ക് വോട്ട്, കാളപ്പെട്ടിക്ക് വോട്ട്, മയിൽപെട്ടിക്ക് വോട്ട് എന്നിങ്ങനെ ചോദിച്ചു പോന്നിരുന്നു. പ്രായപൂർത്തി വോട്ടവകാശമായിരുന്നു. 21 വയസു കഴിഞ്ഞവർക്കെല്ലാം വോട്ടവകാശം. അഞ്ചുവാർഡുകളിലേ തെരഞ്ഞെടുപ്പ് വേണ്ടിവന്നുള്ളു, അഞ്ചാം വാർഡിൽനിന്നും സ്ഥാനാർത്ഥി ശ്രീ. സി. കെ. കൃഷ്ണക്കുറുപ്പിന് എതിരില്ലായിരുന്നു. വാർഡുകൾക്ക് പേരുമുണ്ടായിരുന്നു. ആലാ വടക്ക് 1, ആലാ തെക്ക് 2, പെണ്ണുക്കര വടക്ക് ബി 3 പെണ്ണുക്കര വടക്ക്4 , പെണ്ണുക്കര തെക്ക് 5 , കോടുകുളഞ്ഞി 6, വാശിയേറിയ തെരഞ്ഞെടുപ്പാണു നടന്നത്. ജയിച്ചു വന്ന മെമ്പറന്മാർ **സർവ്വശ്രീ 1. മാമ്പറ രാഘവൻപിള്ള 2. വി, കെ, മാധവൻ വാഴയിൽ 3. കെ. പി. ഫിലിപ്പ് (ജനറൽ) ഏ. റ്റി. കുഞ്ഞച്ചൻ (സംവരണം.) 4. എൻ. ആർ. ചന്ദ്രശേഖരൻനായർ 5. സി. കെ. കൃഷ്ണ ക്കുറുപ്പ് 6. സി.സി ജോൺ** ഇവരിൽ **1,2,3** (സംവരണം), 4 വാർഡ് മെമ്പറന്മാർ ഒരു സംഘമായിനിന്നു ഇവരെയാണു കമ്മ്യൂണിസ്റ്റ് പാർട്ടി പിന്താങ്ങിയിരുന്നത്. മറ്റുള്ളവരെ കോൺഗ്രസും. പ്രസിഡന്റായി ശ്രീ. മാമ്പറ രാഘവൻ പിള്ളയെയും വൈസ് പ്രസിഡന്റായി ശ്രീ. എൻ. ആർ. ചന്ദ്രശേഖരൻ നായരെയും തെരഞ്ഞെടുത്തു ആഭ്യന്തര പ്രശ്നങ്ങളെത്തുടർന്ന് പ്രസിഡന്റും 2.4.55-ൽ രാജിവച്ചു. പിന്നീട് ശ്രീ. കെ.പി. ഫിലിപ്പ് പ്രസിഡന്റായി ഈ കമ്മിറ്റി 15. 8. 1953 മുതൽ 31.12.1962വരെ നിലവിൽനിന്നു. ഒന്നാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിലാണ് ഈ കമ്മിറ്റി അധികാരത്തിൽ വന്നത്. പ്രസിഡന്റിന് നിർവ്വഹണാധികാരം ഉണ്ടായിരുന്നു. കരം നിശ്ചയിക്കുക.

സംഭരിക്കുക തുടങ്ങിയ കാര്യങ്ങളിൽ നേരിട്ടധികാരം കമ്മിറ്റിക്ക് ഒരു ക്ലാർക്കിനെയും പ്യൂണിനെയും സ്വന്തമായി കമ്മിറ്റിക്ക് നിയമിക്കാമായിരുന്നു. ശ്രീ പി. വി. നാരായണ പിള്ള ആദ്യത്തെ ക്ലാർക്കും ശ്രീ. പി. വി. വാസുദേവൻ പ്യൂണുമായി നിയമി ക്കപ്പെട്ടു. ഈ കമ്മിറ്റിയുടെ പ്രവർത്തനം സർക്കാർ നൽകിയ ബൈലോ അനുസരിച്ചായി രുന്നു. ആ മാതൃകാ ബൈലാ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിക്കണമായിരുന്നു. മെമ്പറൻമാർക്ക് സിറ്റിംഗ് ഫീസില്ല. യാത്രക്ക് റ്റി. എ. ലഭിക്കുമായിരുന്നു. വികസന പ്രവർത്തനങ്ങൾ കൊല്ലം കളക്റ്റർ വഴി പദ്ധതികളുടെ ഹെഡ് പറഞ്ഞ് എത്തുകയായിരുന്നു.അതിനനുസരിച്ച് നിർദ്ദേശങ്ങൾ നല്കണമായിരുന്നു. ഫണ്ട് പരിമിതമായിരുന്നു. ആദ്യഘട്ട ത്തിൽ വില്ലേജാഫീസർക്കും മിഡ്വൈഫിനും ശമ്പളം പഞ്ചായത്തിൽ നിന്ന് നൽകിയിരുന്നു. 1957 ൽ പുതിയ സംസ്ഥാനഗവൺമെന്റ് വന്നു. അതോടെ പഞ്ചയാത്തു കൾക്ക് പുതുജീവൻ വന്നു ആ അവസരം ഉപയോഗിച്ച് കമ്മിറ്റി നാട്ടുകാരെ സഹകരിപ്പിച്ച് ഇന്നു കാണുന്ന പ്രധാനപ്പെട്ട പല റോഡുകളും വെട്ടിച്ചു. റോഡുകൾ നിർമ്മിക്കുന്നതിൽ ഈ കമ്മിറ്റി എടുത്തു മുൻകൈ സ്മരണീയമാണ്. തെരുവ്വിളക്കുകൾക്ക് ആരംഭമിട്ടത് ഈ കമ്മിറ്റിയാണ്. ഓരോ വാർഡിലെയും റോഡുകൾ വെട്ടുന്നതിന് വാർഡുയോഗങ്ങൾ വിളിക്കുകയും അതിൽ എല്ലാ മെമ്പറന്മാരും സംബന്ധിക്കയും ചെയ്യണമെന്ന് 4.11.58 ൽ നിശ്ചയിച്ചു. 2, 3, 5 വാർഡുമെമ്പറന്മാരാണ് ഇക്കാര്യത്തിൽ മുമ്പിൽ നിന്നത് എന്നുകാണാം. വീട്ടുകാരും നിശ്ചയിക്കുന്നതിന് എല്ലാ വീടുകളിലും മെമ്പറൻമാർ പോകണമെന്ന് നിശ്ചയിക്കപ്പെട്ടു. വീടുകളെ എ. ബി. സി. വിഭാഗങ്ങളായി തിരിച്ച് യഥാക്രമം 10 രൂപാ മുതൽ 20 രൂപവരെയും 5 മുതൽ 10 വരെയും 1 മുതൽ 5 വരെയും ആയിരുന്നു. നികുതി. പിന്നീട് കുറഞ്ഞകരം അരരൂപയായി കുറവ് ചെയ്തുനൽകി. ഉത്രപ്പള്ളിയാറ് വെട്ടിത്തുറന്ന് പൂർവ്വ സ്ഥിതിയിവാക്കണ മെന്ന് തിരുമാനവും നിവേദനവും 15.7.54 ൽ കൈക്കൊണ്ടു കുതിരവട്ടം ചിറയിൽനിന്നും പുല്ലാം താഴംവഴി തോട്ടംകരകൂടി പമ്പയിൽ ചേരുന്ന മൂവായിരംപറ നിലങ്ങൾക്ക് പ്രയോജനം ചെയ്യുന്നതും ഗതാഗതത്തി നുതകുന്നതും മരച്ചീനി മുതലായ കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാൻ പ്രയോജനം ചെയ്യുന്ന തോട്വെട്ടി പൂർത്തീ കരിച്ച് തരണമെന്ന നിവേദനം 15.7.54 ലെടുത്തു. ഈ തോട് കൃഷിക്കാർ അധികൃത സഹായത്തോടെ നിർമ്മിച്ചതാണെന്നാണിതിൽനിന്നും മനസിലാകുന്നത്. മാത്രമല്ല ഇന്ന് നാശോന്മുഖമായിരിക്കുന്ന അതിന്റെ സ്ഥിതിയും പ്രാധാന്യവും മനസിലാക്കാൻ ഈ തീരുമാനം ഉപകരിക്കും. 15.7.54ൽ തന്നെ അതാത് വാർഡുകളിലെ പ്രാദേശികാവശ്യങ്ങളെപ്പറ്റി പൊതുജനങ്ങളുടെ അഭിപ്രായം ആരായുന്നതിലേക്ക് വാർഡുമീറ്റിംഗുകൾ വിളിച്ചുകൂട്ടേണ്ട താണെന്നും മീറ്റിംഗിൽ എല്ലാ മെമ്പറന്മാരും സംബന്ധിക്കണമെന്നും ഞായറാഴ്ച 25.7.54 പകൽ4 മണിക്ക് ഒന്നാം വാർഡിലെ അത്തലകടവിലാരംഭിക്കണമെന്നും തീരുമാന മെടുത്തു. ജനകീയാസൂത്രണ പ്രസ്ഥാനവും വിശേഷാൽ ഗ്രാമസഭകളും വന്നു ഈ സമയത്ത് ഈ തീരുമാനം പ്രാധാന്യമർഹിക്കുന്നു. ഈ പഞ്ചായത്തിന്റെ കാലത്ത് എക്സിക്യൂട്ടീവ് ആഫീസർ തസ്തിക സർക്കാർ നിശ്ചയിച്ചു. ശ്രീ. എം.കെ. രാഘവപ്പണിക്കരായിരുന്നു ആദ്യ എക്സിക്യൂട്ടീവ് ആഫീസർ. പ്രസിഡന്റിന്റെ നിർവ്വഹണാധികാരങ്ങൾ കുറഞ്ഞു പ്രസിഡന്റിന്റെമേൽ ഇത്തരം ഒരു ആഫീസറെ നിയമിച്ചത് പ്രതിഷേധാർഹമാണെന്നും ശമ്പളം പഞ്ചായത്ത് നൽകേണ്ടതില്ലെന്നും കമ്മിറ്റി നിശ്ചയിച്ചു. ഒന്നാം പഞ്ചായത്ത് കമ്മിറ്റിയുടെ ബൈലോ സാമന്യേന ജനാധി പത്യപരവും പഞ്ചായത്ത്രാജ് സത്തയുർക്കൊള്ളുന്നതുമായിരുന്നുവെന്ന് കാണാം. 1960 ലെ പഞ്ചായത്ത് ആക്റ്റ് നിലവിൽ വന്നതോടെയാണ് കാര്യങ്ങൾ ക്രമേണ മടങ്ങിപ്പോക്കാരംഭിച്ചത്. കെട്ടിടനികുതി, ഭൂനികുതി, വാഹന നികുതി വസ്തുകൈമാറ്റ നികുതിയിൽ നിന്നും സർക്കാർ നൽകുന്ന ഗ്രാന്റ് സർക്കാർ നൽകുന്ന മറ്റ് പരിമിത ഗ്രാന്റുകൾ എന്നിവയായിരിന്നു വരുമാനമാർഗ്ഗം 1956 -57 ൽ ബജറ്റിൽ ആകെവരവ് 14765 രൂപ2 അണ 9 പൈസയും ചെലവ് 14759 രൂപ 6 അണ 3 പൈസയും മിച്ചം 5 രൂപ 12 അണ 6 പൈസയുമായിരുന്നു. ആരംഭിച്ചവർഷം വീട്ടുകരം വരവ് 381 രൂപ 9 അണ 10 പൈസയും ഭൂനികുതി 99 രൂപ 2 അണ 8 പൈസയും ആയിരുന്നു. ബ്ലോക്ക് നിലവിൽ വന്നതിനുശേഷം എല്ലാപഞ്ചായത്ത് കമ്മിറ്റിയോഗത്തിലും ഗ്രാമസേവകൻ ഹാജരുണ്ടായിരുന്നു നെല്ല് ലവിയെടുക്കുന്ന സമ്പ്രദായം നിലനിന്നിരുന്നു അതും മറ്റ് ചില പ്രധാനവിഷയങ്ങളും ചർച്ചചെയ്യുമ്പോൾ വില്ലേജാഫീസറെയും പങ്കെടുപ്പിച്ചിരുന്നതായി കാണാം. ഒന്നാമത് കമ്മിറ്റി 9½വർഷം അധികാരത്തിലിരുന്നു. ആഫീസ് കോയിത്തറയിൽ ബിൽഡിംഗ്സിൽ വാടകക്ക് പ്രവർത്തിച്ചു.

ഒരു വർഷത്തെ ഇടവേളയ്ക്ക് ശേഷംനടന്ന തെരഞ്ഞെടുപ്പിൽ 1.1.1964 ൽ രണ്ടാമത് പഞ്ചായത്ത് കമ്മിറ്റി നിലവിൽവന്നു. രാഷ്ട്രീയ സ്ഥിതിഗതികളിൽ മാറ്റം വന്നിരുന്നു. നാട്ടിലെ സാമൂഹ്യാംഗീകാരവും പ്രതിബദ്ധതയുമുളളവരെ സ്വതന്ത്രന്മാരായാലും വരട്ടെ എന്ന ചിന്തയാണ് പ്രധാന രാഷ്ട്രീയ പാർട്ടികളിൽ കണ്ടത്. വാർഡുകലുടെ എണ്ണത്തിൽ മാറ്റമുണ്ടായിരുന്നില്ല. ചില വീടുകളോ മറ്റോ അങ്ങോട്ടുമിങ്ങോട്ടും മാറ്റി എന്നത് കവിഞ്ഞാൽ വലിയ മാറ്റമില്ല. മൂന്നാം വാർഡ് ഇക്കുറിയും ദ്വയാംഗമണ്ഡലമായി നിലനിന്നു. 1960 ലെ പഞ്ചയാത്ത് ആക്റ്റിന്റെയടിസ്ഥാത്തിലാണ് തെരഞ്ഞെടുപ്പ് നടത്തിയത്. തെരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാർ ഇനി പറയുന്നവരാണ് **സർവ്വശ്രീ. 1. മാമ്പറ്റ രാഘവൻപിള്ള 2. കെ. കൃഷ്ണപണിക്കർ 3. എൻ. പുരുഷോത്തമപ്പണിക്കർ (ജനറൽ) ഏ. റ്റി. കുഞ്ഞച്ചൻ (സംവരണം) 4. എൻ. ദാമോദരക്കുറുപ്പ് 5. സി.കെ. കൃഷ്ണക്കുറുപ്പ് 6. സി. സി. ജോൺ** എല്ലാവരും മത്സരത്തി ലൂടെയാണ് തെരഞ്ഞെടുക്കപ്പെട്ടത്. 1, 6 വാർ

ഡ് മെമ്പറന്മാർ ഒഴികെ എല്ലാവരും ഒരു മുന്നണിയിൽ പെട്ടവരായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിക്ക് ഒരു മെച്ചപ്പെട്ട സാമൂഹ്യപ്രവർത്തകയായ വനിതയെ അംഗമായി നോമിനേറ്റ് ചെയ്യാൻ അധികാരം നൽകിയിരുന്നു.18.1.64 ൽ ചേർന്ന കമ്മിറ്റിയോഗത്തിൽ രണ്ട് വനിതകളുടെ പേരുകൾ വരിക്കുകയും രണ്ട് പേർക്കും 3. വോട്ടുകൾ വീതം ലഭിക്കുകയുംചെയ്തു ഒരു വോട്ട് അസാധുവായി. നറുക്കെടുപ്പിലൂടെ നെടുവരംകോട് പള്ളത്ത് ശ്രീമതി. പി.എൻ.ഗൗരി വനിതാ അംഗമായി തെരഞ്ഞെടുക്കപ്പെട്ടു മൂന്നാം വാർഡിലെ ജന റൽസീറ്റ് മെമ്പർ ശ്രീ. എൻ. പുരുഷോത്തമപ്പണിക്കർ ഉദ്യോഗാർത്ഥം പോയതിനാൽ രാജിവച്ചു. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ 6.9.65 ൽ കെ. കൃഷ്ണപിള്ള അംഗമായി. പഞ്ചായത്ത് പ്രസിഡന്റായി ശ്രീ. സി.കെ. കൃഷ്ണക്കുറുപ്പും വൈസ്പ്രസിഡന്റായി ശ്രീ. എൻ. ദാമോദരക്കുറുപ്പും തെര ഞ്ഞെടുക്കപ്പെട്ടിരുന്നു. ഏകകണ്ഠമായിരുന്നു തെരഞ്ഞെടുപ്പ് ദീർഘകാലം അധികാരത്തിലിരുന്ന കമ്മിറ്റിയാണിത്. 1.1.64 മുതൽ 18.7.79വരെ ഈ കമ്മിറ്റിയുടെ, കാലത്ത് പദ്ധതി യുടെഭാഗമായി ഫുഡ്ഫോർവർക്ക് ആർ. എം. പി. എൻ. ഇ. ആർ. ഇ. പി, ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികളിലൂടെ ഫണ്ടുകൾ പദ്ധതിയടിസ്ഥാനത്തിൽ ലഭിക്കാൻ തുടങ്ങി. ബ്ലോക്കുകളിലൂടെയാണ് ലഭിക്കുക, റോഡുകൾ ഗ്രാവൽ ചെയ്യാനും, കലുങ്കുകൾ പണിയിക്കാനും മറ്റും ഇത്തരം ഫണ്ടുകളുപയോഗിച്ച് കഴിഞ്ഞിട്ടുണ്ട് വരുമാന മാർഗ്ഗത്തിൽ വലിയ വർദ്ധനയുണ്ടായില്ല. തുക കാലാനുസൃതമായി വർദ്ധിച്ച് എന്നുമാത്രം മെമ്പറന്മാർക്ക് മാസം പരമാലധി 20 രൂപ എന്ന കണക്കിന് സിറ്റിംഗ് ഫീസ് ഏർപ്പെടുത്തി നികുതി ഘടനയിലും ഉദ്യോഗസ്ഥ സംവിധാനത്തിലും ചില്ലറ മാറ്റങ്ങൾ വന്നു. പഞ്ചായത്ത് ആഫീസ് നിൽക്കുന്ന സ്ഥലം പതിച്ചുവാങ്ങിയതും അവിടെ കെട്ടിടം പണിയിച്ചതും ഈ കമ്മിറ്റിയാണ്.രണ്ട് സബ്സെന്റ റുകൾക്കു സ്ഥലം നൽകി 1975ൽആയുർവേദാശുപത്രി വാടക കെട്ടിടത്തിലാരംഭിക്കുകയും അതിന് 25സെന്റ് സ്ഥലം സമ്പാദിക്കുകയും ചെയ്ത് ഇക്കാലത്താണ് ലിഫ്റ്റ് ഇറിഗേഷൻ സമ്പ്രദായത്തിൽ പമ്പ് ഹൗസുകൾ കെട്ടിച്ചു. P.I.P കനാലിന്റെ പണിനടന്നതും പൂർത്തികരിച്ചതും ഈ കമ്മിറ്റിയുടെ കാലത്താണ്. ഭൂമിയും വീടുമില്ലാത്ത പാവപ്പെട്ടവർക്ക് തലചായ്ക്കാനൊരു നാലു സെന്റ് മണ്ണും സൗജന്യമായ ഒരുവീടും എന്ന ലക്ഷ്യത്തോടെവന്ന ലക്ഷംവീട് പദ്ധതി പ്രകാരം പെണ്ണുക്കര തെക്ക്, പഴുക്കാമോടി, ഉമ്മാത്തിൽ, കളക്കാട്ട് മോടി എന്നിവിടങ്ങളിലായി 100 പ്ലോട്ടുകൾക്കുള്ള സ്ഥലംവാങ്ങി 12ഇരട്ട വീടുകൾ വക്കാൻകഴിഞ്ഞുള്ളു. 24 പേർ കഴിഞ്ഞാൽ ബാക്കി പ്ലോട്ടുകളായി വിതരണം ചെയ്തു. ബഹുജന സഹകരണത്തോടെ വികസന പ്രവർത്തനങ്ങൾ എന്ന കാഴ്ചപ്പാടിൽ 11.9.78ലെ സർക്കാർ ഉത്തരവ് പ്രകാരം പണിയായുധങ്ങളും കൊട്ടയും മറ്റും വാങ്ങി പഞ്ചായത്താഫീസിൽ സൂക്ഷിച്ചു എന്നു കാണുന്നുണ്ട്. ആ പരിപാടിയുടെ വിശദാംശങ്ങൾ കാണുന്നില്ല എങ്കിലും അങ്ങനെ നടന്നതായി മനസിലാക്കാൻ കഴിഞ്ഞിട്ടില്ല. ബഹുജനപ്രക്ഷോഭണത്തെത്തുടർന്ന് ലാൻ ഡുസെസ്സ് വേണ്ടെന്നുവച്ചു. ദീർഘകാലം-പതിനഞ്ചര വർഷം ഈ കമ്മിറ്റി അധികാരത്തിലിരുന്നു.

മൂന്നാമത് പഞ്ചായത്ത് തെരഞ്ഞെടുപ്പ് വളരെ താമസിയാതെ നടന്നു. 1.10.1979 ൽ മൂന്നാമത് കമ്മിറ്റി നിലവിൽ വന്നു. 28.9.79 ൽ ഒന്നാമത് യോഗം ചേർന്നു. വാർഡുകളുടെ ഘടനയിലും അതിർത്തിയിലും മൗലികമാറ്റം വന്നു. രാഷ്ട്രീയ കക്ഷിബന്ധങ്ങളിൽ വലിയമാറ്റം വന്നിരുന്നു പ്രധാനകക്ഷികളായ കോൺഗ്രസിലും കമ്മ്യൂണിസ്റ്റു പാർട്ടിയിലും പിളർപ്പും ഭിന്നിപ്പും ഒക്കെ ഉണ്ടായതിനുശേഷം നടന്ന തെരഞ്ഞെടുപ്പാണ് 1979 സെപ്റ്റംബറിൽ നടന്നത്. കോൺഗ്രസിലെ ഐ വിഭാഗവും സി.പി.ഐ യും കോൺഗ്രസിലെ എ വിഭാഗവും സി,പി.എം.ഉം രണ്ടുമുന്നണികൾ രൂപീകരിച്ചാണ് തെരഞ്ഞെടുപ്പിന്നിറങ്ങിയത്. വാർഡുകളുടെ എണ്ണം എട്ടായി വർദ്ധിച്ചു. ഒന്നാം വാർഡ് ഇപ്പോഴത്തെ വാർഡുതന്നെ രണ്ടാം വാർഡും അങ്ങനെതന്നെ മൂന്നാം വാർഡ് ഇപ്പോഴത്തെ മൂന്നാം വാർഡിന്റെ ചെങ്കിലാത്തിൽ ഭാഗം ഒഴിച്ചുള്ളതായിരുന്നു. നാലാം വാർഡിന്റെ വടക്കേയറ്റത്തുള്ള കുറെഭാഗം മൂന്നാം വാർഡിൽ പെടുത്തിയിരുന്നു അഞ്ചാം വാർഡ് ചുരുങ്ങി കിഴക്കും, കിഴക്കുതെക്കും ഭാഗങ്ങളിൽ മാറ്റംവന്നു. ഇപ്പോഴത്തെ അഞ്ചാം വാർഡിന്റെ കൂടെ പാറപ്പാട്ടുഭാഗത്തുള്ള ഏഴു വീടുകൾ കൂടിചേർന്നതായിരുന്നു അന്നത്തെ അഞ്ചിന്റെ അതിർത്തി. ആറാം വാർഡു വിഭജിക്കപ്പെട്ടു കൊല്ലകടവ് ചെങ്ങന്നൂർ റോഡും, വരട്ടാറും മദ്ധ്യഭാഗത്തായി എടുത്ത് പഴയ അഞ്ചാം വാർഡിന്റെ പാറപ്പാട്ടുഭാഗത്തിനു തെക്കുവശത്തുള്ള ഭാഗങ്ങളും പഴയ ആറാം വാർഡിന്റെ പഴയ ആറാം വാർഡിന്റെ ബാക്കി ഭാഗങ്ങൾ ഏഴും. പഴയനാലാം വാർഡിന്റെ കൊല്ലകടവ്-ചെങ്ങന്നൂർ റോഡിന്റെകിഴക്കു വശവും പഴയ മൂന്നാംവാർഡിന്റെ ചെങ്കിലാത്തിൽ ഭാഗം മുതൽ കിഴക്കു വശമുള്ള ഭാഗവുംചേർത്ത് എട്ടാം വാർഡും എന്നതായിരുന്നു പുനർനിർണ്ണയിക്കപ്പെട്ട വാർഡുകളുടെ അതിർത്തികൾ. മൂന്നാം വാർഡ് ഹരിജൻ സംവരണ സീറ്റായി നിശ്ചയിക്കപ്പെട്ടു. ദ്വയാംഗ മണ്ഡലമെന്ന സ്ഥിതിമാറി 1979-ലെ ഗവണ്മെന്റ് തെരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി സ്ത്രീകൾക്കായി പ്രത്യേക സീറ്റു സംവരണം ചെയ്തു. ആദ്യമായി 18 വയസ്സുള്ളവർക്ക് വോട്ടവകാശം പ്രഖ്യാപിച്ചു. ബാലറ്റു പേപ്പറിൽ പേരിന്റേയും ചിഹ്നത്തിന്റേയും പരിഗണനയിൽ ഇപ്പോഴത്തെ രീതിയിൽതന്നെ വോട്ടു ചെയ്യുന്ന രീതിയായിരുന്നു. രാഷ്ട്രീയ സാഹചര്യങ്ങൾ കാരണത്താലും15 വർഷത്തിനുശേഷം നടക്കുന്ന തെരഞ്ഞെടുപ്പ് എന്നതിനാലും വാശിയുംവീറും ഇരുമുന്നണികളിലും വർദ്ധിച്ചിരുന്നു. സർവ്വശ്രീ. 1. ജോൺചെറിയാൻ 2.വി.കെ മാധവൻ 3. എം. സി തങ്കപ്പൻ 4.പി. എൻ ഗോപാലക്കുറുപ്പ് 5.കെ. എം ചന്ദ്രശർമ്മ 6. സി. കെ. വറുഗീസ് 7. കെ. വാസുദേവൻപിള്ള 8. ശോശാമ്മ പൊടിയൻ എന്നിവരാണ് ജയിച്ച മെമ്പർമാർ 1, 7 വാർഡുക

ളിൽ സ്വന്ത്രന്മാർ ജയിച്ചുവന്നു. 4, 5, 6, വാർഡുകളിൽ ഒരു മുന്നണിയിലെ സ്ഥാനാർത്ഥികളും 2, 3, 8 വാർഡുകളിൽ മറ്റു മുന്നണിയുടെ സ്ഥാനാർത്ഥികളും ജയിച്ചുവന്നു. ഇരുമുന്നണികളെയും ഓരോസ്വന്ത്രന്മാർ പിന്തുണച്ചു. തുല്യ വോട്ടുകൾ ലഭിച്ചതിനെതുടർന്ന് നറുക്കെടുപ്പിലൂടെ ശ്രീ. ജോൺ ചെറിയാൻ പ്രസിഡന്റായി. പ്രസിഡന്റിന്റെ കാസ്റ്റിംഗ് വോട്ടോടെ ശ്രീ. വി. കെ. മാധവൻ വൈസ് പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ടു. മുന്നണി ബന്ധങ്ങളി വന്നമാറങ്ങളെതുടർന്ന് പ്രവർത്തനപുരോഗതിക്കുവേണ്ടി 82 ൽ പ്രസിഡന്റിന് എതിരെ അവിശ്വാസ പ്രമേയം വരികയും പാസ്സാകുകയും ചെയ്തു. 29.4.82 ൽ ശ്രീ. കെ. ഏം. ചന്ദ്രശർമ്മ പ്രസിഡന്റായി ഐകകണ്ഠ്യന തെരെഞ്ഞെടുക്കപ്പെട്ടു. റോഡു നിർമ്മിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഈ അഞ്ച് വർഷകാലയളവിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്തു. പെണ്ണുക്കര- ആലാ റോഡ് ടാർചെയ്യുന്നതിന് അനുവാദമാക്കി നടപടികൾ എടുത്തത് ഈ കമ്മിറ്റിയാണ്. നമ്മുടെ പഞ്ചായത്തിലെ ടാർചെയ്ത ആദ്യത്തെ റോഡാണിത്. 21 റോഡുകൾ പുതുതായി ഇക്കാലത്ത് നിർമ്മിക്കപ്പെട്ടവയാണ്. ഇതുകൂടാതെ ധാരാളം നടപ്പതകളും വീതികുറഞ്ഞ റോഡുകളും നിർമ്മിച്ചു വീതികുറഞ്ഞ ധാരാളം റോഡുകൾവീതി വർദ്ധിപ്പിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്തു ആലാ ശ്രീരംഗം റോഡ് അത്തരത്തിലെന്നാണ് സർക്കാർ ഫണ്ട് ചിലവഴിക്കണമെങ്കിൽ 8 മീറ്റർ വീതി വേണമെന്ന വ്യവസ്ഥ വരികയും അത് നമ്മുടെ റോഡുകളുടെ പുരോഗതിയ്ക്ക് തടസ്സമാവുകയും ചെയ്തു. 12, സ്ഥലങ്ങളിൽ പാലങ്ങൾകെട്ടുകയും കലുങ്കുകൾ നിർമ്മിക്കുകയും ചെയ്തു. കരിങ്കുളം പാടശേഖരത്തിന് ജല നിർഗ്ഗമന മാഗ്ഗമിണ്ടാക്കാൻ ഇറിഗേഷൻ വകുപ്പിന്റെ സഹായത്താൽ പമ്പ്ഹൗസ് വരെ നിർമ്മിച്ചു. കൃഷിയുടെ രക്ഷയ്ക്ക് തോടുകൾക്ക്കരിങ്കൽ ഭിത്തികൾ കെട്ടിച്ചു. പല്ലോന്നിച്ചാൽ പാറാത്തപ്പള്ളി തോടിന്റെ പലഭാഗങ്ങൾ, തെങ്ങിമല വടക്കേചെരിവ് പുല്ലാന്താഴം പാലത്തിന്റെ മുകളിലും താഴെയും തോട്ടങ്കര പൂമല പുതുവൽഭാഗത്ത് മുട്ടറ്റിൻകര പ്രദേശത്ത് ഹരിജൻ കോളനികൾ അംഗീകരിപ്പിച്ചു. അതിലൂടെ ആനുകൂല്യങ്ങൾ ലഭിക്കനിടയായി. ഹരിജനങ്ങൾക്കും വീടുകൾ വൈദ്യുതീ കരിക്കുന്നതിന് സൗജന്യ വയറിംഗ് പദ്ധതി ആരംഭിച്ചു വിദ്യാഭ്യാസ പ്രോൽസാഹനാർത്ഥം ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന S.S.L.C വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്, സ്ക്കൂൾ വിദ്യാർത്ഥികൾക്ക് പുസ്തകം വാങ്ങാൻ സാമ്പത്തിക സഹായവും നടപ്പിലാക്കി. ഹരിജൻ വിഭാഗത്തിനും ദുർബലവിഭാഗത്തിനും സൗജന്യമായോ പുനരധിവാസ പദ്ധതി പ്രകാരം സബ്സിഡിയും വായ്പയും ചേർത്തുള്ള വീടുകൾ നിർമ്മിക്കാനാരംഭിച്ചു. പെണ്ണുക്കര യു. പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് മുൻകൈ എടുത്തതും 50 സെന്റ് സ്ഥലവും ഇരുനില കെട്ടിടവും നിർമ്മിക്കുന്നതിലും നിർണ്ണായക സംഭാവനനൽകി. കോള നികളിലെ കൂടാതെ 240 തെരുവ് വിളക്കുകൾ സ്ഥാപിച്ചത് ഇക്കാലത്താണ്. കാർഷിക വികസന ആഫീസ് സ്ഥാപിക്കാൻ10 സെന്റ് സ്ഥലം പഞ്ചായത്താഫീസ് കോമ്പൗണ്ടിൽ നൽകി ആഫീസ് സ്ഥാപിച്ചു. പിന്നീട് അവിടെ കൃഷിഭവൻ ആരംഭിച്ചു. പൊതുശ്മശാനത്തിനുവേണ്ടി സ്ഥലം എടുക്കാൻ നിശ്ചയിച്ചത് ചില എതിർപ്പുകൾമൂലം നടന്നില്ല. ആയുർവ്വേദാശുപത്രികെട്ടിടം നിർമ്മിച്ചത് ഇക്കാലത്താണ്. ഉത്തരവിന്റെ മുന്നോടിയായിട്ടുള്ള നടപടികളെല്ലാം പൂർത്തീകരിച്ചതും ഈ കമ്മിറ്റിയായിരുന്നു. ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതിയുടെ സർവ്വേപൂർത്തിയാക്കി. സംസ്കാരിക രംഗത്തെ പ്രവർത്തനമെന്ന നിലയ്ക്ക് ഗ്രന്ഥശാലയ്ക്ക് വർദ്ധിപ്പിച്ച ഗ്രാന്റും വിശ്വഭാരതി കെട്ടിട നിർമ്മാണത്ത് സാമ്പത്തിക സംഭാവനയിലൂടെ സഹായിക്കുകയും ചെയ്തു. ഭൂഗർഭ ജലപദ്ധതി പ്രകാരം കുഴൽകിണറുകൾ സ്ഥാപിച്ചത് ഈ കമ്മിറ്റിയാണ്. പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങളിൽ വലിയ മാറ്റമില്ലാതിരുന്നു. പദ്ധതി സഹായമായി നില നിന്നിരുന്ന ആർ.എംപി, എൻ.ആർ ഇ.പി തുടങ്ങിയ പദ്ധതികളെ സംയോജിപ്പിച്ച് ഒന്നാക്കി ആർ. എൽ. ഇ. ജി. പി എന്നായിമാറി ബ്ലോക്കുകളിലൂടെയാണ് ഇതിൽ പ്രകാരം പദ്ധതികൾ വരിക. കെട്ടിടനികുതിയുൾപ്പെടെ പ്രാദേശിക നികുതികളും സർക്കാർ ഗ്രാന്റുകളുമായിരുന്നു മറ്റ് വരുമാനമാർഗ്ഗങ്ങൾ. സാമ്പത്തികനില ഭദ്രമായിരുന്നില്ല. മെമ്പറന്മാർക്ക് സിറ്റിംഗ്ഫീസ് 20ൽ നിന്ന് 75 രൂപയാക്കി. പ്രസിഡന്റിന് 100രൂപയും നിശ്ചയിച്ചു. ഏറ്റവും കുറഞ്ഞ കാലം നിലവിലിരുന്ന കമ്മിറ്റിയാണിത്. 1. 10. 1979 മുതൽ14.10.84 വരെ അഞ്ച് വർഷം മാത്രം.

നാലാമത് പഞ്ചായത്ത് കമ്മിറ്റി ഒരിടവേളയ്ക്കു ശേഷമാണ് നിലവിൽ വന്നത്.14.10.84 മുതൽ 30.1.88വരെ പഞ്ചായത്തുകമ്മിറ്റി നിലവിൽ ഇല്ലായിരുന്നു. 1.2.88ലാണ് പുതിയ കമ്മിറ്റി അധികാരത്തിൽ വന്നത്. കേരളത്തിൽ നിലവിലുള്ള രാഷ്ട്രീയ മുന്നണികളുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. വാർഡുകളുടെ എണ്ണത്തിൽ മാറ്റംവന്നില്ല. എന്നാൽ വാർഡതിർത്തികൾ പുനർനിർണ്ണയം ചെയ്തു. എട്ടിലെ ചെങ്കിലാത്തുഭാഗം വീണ്ടും മൂന്നിലേക്കുവന്നു. മൂന്നാം വാർഡിന്റെ ഭാഗമായിരുന്ന പൂവണ്ണേത്തുഭാഗം നാലിലേക്കു മടങ്ങിവന്നു. അഞ്ചിന്റെ പാറപ്പെട്ടുഭാഗം എട്ടിലേക്കു പോയി. ആറിന്റെ ഭാഗമായിരുന്നു കിണറുവിള കോളനി ഭാഗവും പേഴുനിൽക്കുന്നതിൽ പടിവരെയുള്ള ഭാഗം എട്ടിലേക്കു ചേർത്തു. ബാക്കി മാറ്റമില്ലാതെ തുടർന്നു വനിതാ സംവരണത്തിൽ വർദ്ധനവ് ഉണ്ടായി രണ്ടു സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്തു. ഈ തെരഞ്ഞെടുപ്പും വാശിയേറിയ മൽസരമായിരുന്നു. **സർവ്വ ശ്രീ 1. ആർ. രാജശേഖരൻനായർ, 2. എൻ. ജി. മുരളി, 3. കെ. റ്റി കുട്ടി, 4. കെ. ജി. വിജയമ്മ, 5. കെ. എം. ചന്ദ്രശർമ്മ, 6. പോത്തൻ സി. ജോൺ, 7. തങ്കമ്മ തോമസ്, 8. കെ. പരമേശ്വരൻ പിള്ള** എന്നിവരാണു ജയിച്ച മെമ്പറുമാർ. 4.10.88 ൽ ചേർന്ന യോഗം ശ്രീ. പോത്തൻ. സി. ജോണിനെ പ്രസിഡന്റായും തെര

ഞ്ഞെടുത്തു. ഈ കമ്മിറ്റിയുടെ കാലത്താണ് പഞ്ചായത്തിലേക്ക് നേരിട്ട് പദ്ധതിവിഹിതം പണമായിത്തന്നെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നൽകാൻ തുടങ്ങിയത്. ആദ്യം ജവഹർ റോസ്ഹാർയോജന [ജവഹർ തൊഴിൽദാനപദ്ധതി, ജെ.ആർ.വൈ] പിന്നീട് അൺടൈഡ് ഫണ്ട് ശരാശരി 2 ലക്ഷംരൂപവീതം ലഭിച്ചുതുടങ്ങി. ഭവനനിർമ്മാണരംഗത്ത് ഇന്ദിരാ ആവാസ് യോജന പ്രകാരവും വീടുകൾ ലഭിക്കാൻ തുടങ്ങി. മില്യൺവെൽ പദ്ധതി പ്രകാരം കിണറുകളും കുളവും ലഭിക്കാൻ തുടങ്ങി. തുടക്കത്തിൽ 75 രൂപയിൽ നിന്ന് സിറ്റിംഗ് ഫീസ് മെമ്പർമാർക്ക് 200 രൂപയും വൈസ് പ്രസിഡന്റിന് 300രൂപയും പ്രസിഡന്റിന് 500 രൂപ എന്നിങ്ങനെ വർദ്ധിപ്പിച്ചു.ഏറ്റവുമധികം റോടുകൾ ടാർ ചെയ്യാൻ കഴിഞ്ഞത് ഇക്കാലത്താണ് എന്നാൽ അവയൊന്നും പഞ്ചായത്തിനു ലഭിച്ച ഫണ്ട്കൊണ്ടായിരുന്നില്ല. റവന്യൂവകുപ്പിൽനിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ നടപടികളുടെ ഭാഗമായി സർക്കാരിൽ നിന്നും എം. എൽ. എ മുഖാന്തരവും മറ്റ് രാഷ്ട്രീയ സ്വാധീനങ്ങളുപയോഗിച്ചും പതിനാറ് റോഡ് ചെയ്തിച്ചു. നമ്മുടെ പഞ്ചായത്തിലെ പാവപ്പെട്ടവന് തലചായിക്കാനൊരിടം എന്ന ലക്ഷ്യംവച്ച്കൊണ്ട് അഞ്ചാം വാർഡ് മെമ്പറുടെ മുൻകൈയിൽ റവന്യൂവകുപ്പിനെകൊണ്ട് രണ്ടുഘട്ടങ്ങളിലായി പുനരധിവാസ കോളനികൾ സ്ഥാപിച്ചു. 106 പേർക്ക് 4 സെന്റ് സ്ഥലം വീതവും കിണറുകൾക്കും കളിസ്ഥലത്തിനും ശ്മശാനത്തിനും കൂടി പൊതുസ്ഥലമിട്ടുകൊണ്ടുമുള്ള ഈ പഞ്ചായത്തിലേക്ക് ഏറ്റവും വലിയ കോളനിയായ കിണറുവിള പാറപ്പാട്ടു കോളനി അങ്ങനെ വന്നതാണ്. 1988ൽ ഒരു അലോപ്പതി ആശുപത്രി പഞ്ചായത്തിലേക്കനുവദിച്ചു. ഒരേക്കർ സ്ഥലവും വാടക കെട്ടിടവും മുൻകൂറായും രണ്ടു വർഷത്തിനകം സ്വന്തം കെട്ടിടവും എന്നതായിരുന്നു വ്യവസ്ഥ. സ്ഥലം നൽകുക എന്ന വ്യവസ്ഥ പാലിക്കാൻ കമ്മിറ്റിക്കു കഴിഞ്ഞില്ല രണ്ടു വർഷങ്ങൾക്കുശേഷം ആശുപത്രി നഷ്ടപ്പെടുന്ന ഘട്ടത്തിൽ അഞ്ചാം വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ഒരു പ്രായോജിക കമ്മിറ്റി രൂപീകരിക്കുകയും ഒരേക്കർ വസ്തുവും വാടകകെട്ടിടവും നൽകി. 8.6.1990 ൽ ആശുപത്രി ആരംഭിച്ചു സ്വന്തം കെട്ടിടം പണിയുന്നതിനുള്ള പദ്ധതി ആരംഭിച്ചത് ഈ കമ്മിറ്റിയുടെ കാലത്താണ്. ഇ.എസ്.പി. കക്കൂസുകൾ ഒരു വാർഡിൽ ഏതാണ്ട് പൂർണ്ണമായും മറ്റ് വാർഡുകളിൽ ഭാഗികമായും സ്ഥാപിച്ച് നൽകി കളിസ്ഥലം സ്ഥാപിക്കുന്നതിനുവേണ്ടി പഴുക്കാമോടിയിൽ 50 സെന്റ് വാങ്ങി സംസ്കാരിക നിലയത്തിനുവേണ്ടി നെടുവരംകോട് രണ്ടാം വാർഡ്മെമ്പർ 10 സെന്റ് സ്ഥലം സൗജന്യമായി സമ്മാദിച്ചുനൽകി കോടുകുളഞ്ഞിയിൽ പബ്ലിക്ക് മാർക്കറ്റ് സ്ഥാപിക്കുന്നതിന് പി. ഐ. പി വക സ്ഥലം വിലയ്ക്കുവാങ്ങി ചന്തയാരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു. മൂന്നാം വാർഡിലും അഞ്ചാം വാർഡിലും കോളനികളിൽ റ്റി.വി. സെറ്റ് സ്ഥാപിക്കാൻ നടപടികളെടുത്തു. വിശ്വഭാരതിയ്ക്ക് റ്റി. വി. സെറ്റ് സ്ഥാപിക്കാൻ പതിനായിരം രൂപ സംഭാവന നൽകി വൈദ്യുത ലൈനുകൾ നീട്ടുന്ന കാര്യത്തിലും ഹരിജൻ വീടുകൾ വയറിംഗ് നടത്തുന്നതിലും പുരോഗതിയുണ്ടാക്കി. പഴുക്കാമോടി കോളനി, ഐ. എച്ച്. ഡി. പി. കോളനിയായി സർക്കാർ നിശ്ചയിച്ചത്. ഈകമ്മിറ്റിയുടെ കാലഘട്ടത്തിലാണ് മാടമ്പുറത്തുമോടി ഹരിജൻ കോളനിയായതും ഈ കാലഘട്ടത്തിലാണ്. അധികാരവികേന്ദ്രീകരണത്തിന്റെ തുടക്കമിട്ടുകൊണ്ട് ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പ് നടന്നത് ഇക്കാലത്താണ്. ആലാ പുലിയൂർ ചെറിയനാട് പഞ്ചായത്തുകൾ അടങ്ങുന്ന ചെറിയനാട് ഡിവിഷനിൽ നിന്നും പഞ്ചായത്ത് അഞ്ചാം വാർഡുമെമ്പർ ശ്രീ. കെ. എം. ചന്ദ്രശർമ്മ വിജയിച്ചു. പഞ്ചായത്തിന്റെ കാലാവധി 5 വർഷം കഴിഞ്ഞിട്ടും ദീർഘിപ്പിച്ചു. ആഭ്യന്തര പ്രശ്നങ്ങളെ തുടർന്ന് പ്രസിഡന്റി നെതിരെ സ്വന്തം മുന്നണി അവിശ്വാസ പ്രമേയം കൊണ്ടു വന്നു. പ്രമേയം ചർച്ചയ്ക്ക് എടുക്കുന്ന ദിവസം പ്രസിഡന്റ് രാജിവച്ചു.22.12.94 ൽ കെ പരമേശ്വരൻ പിള്ള പ്രസിഡന്റായി നാലാമതു പഞ്ചായത്ത് 1.2.88 മുതൽ 13.9.95 വരെ ഏഴരവർഷത്തിലധികം നിലനിന്നു.

അഞ്ചാമത് പഞ്ചായത്ത് തെരഞ്ഞെടുപ്പ് പുതിയ സാഹചര്യത്തിലാണ് നടന്നത്. പഞ്ചായത്ത്രാജ് നിയമത്തിന്റെ യടിസ്ഥാനത്തിൽ വിപുലമായ സന്നാഹങ്ങളോടെ അധികാരം ജനങ്ങളിലേക്ക് എന്ന ലക്ഷ്യത്തോടെയാണ് 1995 സെപ്റ്റംബറിലെ തെരഞ്ഞെടുപ്പ് നടന്നത്. വാർഡുകളുടെ എണ്ണം എട്ട് തന്നെയായി തുടർന്നു. മൂന്നാംവാർഡ് ഹരിജൻ സംവരണവാർഡായും ആറാം വാർഡ് ഹരിജൻ വനിതാ സംവരണ വാർഡായും നിശ്ചയിക്കപ്പെട്ടു. പ്രസിഡന്റ് പദം ഹരിജൻ സംവരണസ്ഥാനമാക്കി കേരളത്തിലെ രാഷ്ട്രീയമുന്നണിയടിസ്ഥാനത്തിലാണ്. തെരഞ്ഞെടുപ്പ് നടന്നത്. *നികുതി നിർണ്ണയത്തിനും ആസൂത്രണത്തിനും വികസനകാര്യങ്ങൾക്കും ബജറ്റ് തയ്യറാക്കി അവതരിപ്പിക്കുന്നതിനും സ്റ്റാൻഡിംഗ് കമ്മിറ്റി വേണമെന്ന് വ്യവസ്ഥയുണ്ടായി* ഇവിടെ മൂന്നംഗസ്റ്റാൻഡിംഗ് കമ്മിറ്റിയാണുള്ളത്. തെരഞ്ഞെടുപ്പിനെതുടർന്ന് സർവ്വശ്രീ **1. സന്തോഷ് മാണിക്കശ്ശേരി, 2.ആനി മത്തായി 3. റ്റി. എം. കുഞ്ഞുചെറുക്കൻ 4. കെ. കെ. അച്ച്യുതക്കുറുപ്പ് 5. പി. മഹേശ്വരിയമ്മ 6. റ്റി. കെ. രാജി 7. ഉമ്മൻകുരുവിള 8. ജോൺ തോമസ്സ് കല്ലുമാടി** എന്നിവർ വിജയിച്ചു. **ശ്രീമതി. റ്റി. കെ. രാജി പ്രസിഡന്റും ആനി മത്തായി വൈസ് പ്രസിഡന്റായും** തെരഞ്ഞെടുക്കപ്പെട്ടു. മഹേശ്വരിയമ്മ, റ്റി. എം. കുഞ്ഞുചെറുക്കൻ എന്നിവർ അംഗങ്ങളായിട്ടുള്ള **സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചെയർമാൻ സന്തോഷ് മാണിക്കശ്ശേരി** യാണ്. ഈ കമ്മിറ്റിയാണിപ്പോൾ നിലവിലുള്ളത്.

മൊത്തത്തിൽ പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിലും നല്ല സാമൂഹ്യമുന്നേറ്റം ഉണ്ടായിട്ടുണ്ട്. ഇത് സ്വയം ഭൂവായി ഉണ്ടായതല്ല. എതിർപ്പുകളെ സഹിച്ചും അതിജീവിച്ചും നിലനിന്ന കുറേയേറെ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകൻമാരുടെയും സംഘടനകളുടേയും പ്രയത്നം ഇതിനുവേണ്ടി

അർപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ നാടിന്റേയും ഇവിടെയുള്ളവരുടേയും നന്മയ്ക്കായി വിവിധതലങ്ങളിൽ ചെറുതും വലുതുമായ സേവനമർപ്പിച്ചിട്ടുള്ള, സഹായിച്ചിട്ടുള്ള എല്ലാവരേയും ഇത്തരുണത്തിൽ ആദരപൂർവ്വം സ്മരിക്കുന്നു. ഇപ്പോൾ കാണുന്ന പുരോഗതിയ്ക്കു പിന്നിൽ സാർവ്വജനീനമായ വിദ്യാഭ്യാസം, ഭൂപരിഷ്കരണം, സാമൂഹ്യക്ഷേമ സുരക്ഷാ പദ്ധതികൾ, നിയമങ്ങളുടെആനുകൂല്യം, പരിവർത്തന പ്രക്രിയയ്ക്ക് വേണ്ടിയുള്ള ആവശ്യങ്ങളും പ്രക്ഷോഭണങ്ങളും എല്ലാം സഹായകരമായിട്ടുണ്ട്. വിദേശങ്ങളിലും മറ്റു സംസ്ഥാനങ്ങളിലും പോയി പണിയെടുക്കുന്നവരുടെ വരുമാനം ഈ പ്രദേശത്തെ ഒരതിർത്തിവരെ സമ്പന്നമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ നമ്മുടെ സാമൂഹ്യ മുന്നേറ്റം വേണ്ടത്ര വേഗതയിലല്ല. പുരോഗതി മുരടിച്ചുനിൽക്കുന്നുവെന്ന് പറയാം. ചരിത്രപരമായ ഒരു ദശാസന്ധി. ഈ മുരടിപ്പ് മാറ്റിയെടുത്തെങ്കിലേ നമുക്ക് മുന്നേറാനാവൂ. ഉല്പാദന മേഖലയാകെ സ്തംഭിച്ചു നിൽക്കുന്നു. ഉല്പാദന ക്ഷമത കുറയുന്നു. അവശ്യം വേണ്ട സാമൂഹ്യ ബോധവും മൂല്യബോധവും നഷ്ടപ്പെടുന്നു. തൊഴിലില്ലായ്മ പെരുകുന്നു. തൊഴിലാളി തൊഴിലുടമബന്ധങ്ങളിൽ നല്ലസ്ഥിതികളില്ല. സമൂഹത്തിലെ പകുതിയിലേറെ വരുന്ന സ്ത്രീകളോടുള്ള അവഗണനയിനിയും മാറിയിട്ടില്ല. വിദ്യാഭ്യാസത്തോടുള്ള ആദരവ് കുറയുന്നു. ഇങ്ങനെ നിരവധി പ്രശ്നങ്ങളാണ് നമ്മെ ഇപ്പോൾ അലട്ടുന്നത്. ഊഷരമായ ഒരവസ്ഥ നമുക്കുചുറ്റും പടർന്നു പിടിക്കുന്നതുപോലെ ഈ പ്രതിസന്ധി മുറിച്ചു കടക്കാൻ നാം തന്നെ നിശ്ചയിക്കണം. ഭൂതകാല ത്തിന്റെ ഉർവ്വരമായ നന്മകളെ സ്വാംശീകരിക്കാം. വർത്തമാനകാലത്തിലെ ഗുണപരമായവ ഉൾക്കൊള്ളാം. ഇവ രണ്ടും ക്രോഡീകരിച്ചുകൊണ്ട് പുതിയ വെല്ലുവിളികളെ നേരിടണം. ജനങ്ങളുടെ ഹൃദയത്തുടിപ്പുള്ള ഒരു പുത്തൻ വികസനസംസ്കാരം നമുക്ക് ഇവിടെ വളർത്തിയെടുക്കാം. അതീവ ചടുലതയോടെ നമ്മുടെ പഞ്ചായത്തിനെ നമുക്ക് സമഗ്ര പുരോഗതിയിലേക്കു നീക്കാൻ യത്നിക്കാം. അതിന് ഈ വികസന റിപ്പോർട്ട് വഴിയൊരുക്കുമെന്ന് പ്രത്യാശിക്കുന്നു.

പഞ്ചായത്തുരാജ്
സ്ഥാപിക്കപ്പെട്ടു കഴിയുമ്പോൾ
ആക്രമത്തിന് ഒരിക്കലും നേടാൻ കഴിയാത്തത്
പൊതുജനാഭിപ്രായത്തിന് നിർവ്വഹിക്കാൻ കഴിയും

മഹാത്മാ ഗാന്ധി



സാമൂഹിക സംസ്കാരിക ചരിത്ര പശ്ചാത്തലം

പമ്പയുടേയും, അച്ചൻകോവിലാറിന്റേയും ഇടയ്ക്ക് ചെറിയമലകളും കുന്നുകളും വിശാലമായ നീർത്തടാകങ്ങളും പുഞ്ചനിലങ്ങളും ഇരിപ്പൂ നിലങ്ങളും സമതല പ്രദേശവും ചേർന്ന പ്രകൃതിരമണീയമായവും ഫലഭൂയിഷ്ഠമായ ഒരു പ്രദേശമാണ് ആലാ ഗ്രാമ പഞ്ചായത്ത്, വടക്ക് ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയും കിഴക്ക് മുളക്കുഴ, തെക്ക് വെണ്മണി, തെക്ക് പടിഞ്ഞാറ് ചെറിയനാട് പടിഞ്ഞാറ് പുലിയൂർ എന്നീ പഞ്ചായത്തുകൾ അതിരിടുന്നു.

ഒരു കാലത്ത് തെക്കുമുതൽ വടക്കോട്ട് നെടുകെയും തുടർന്ന് പടിഞ്ഞാറോട്ട് കുറുകെയും പ്രദേശത്തെ ആകമാനം അനുഗ്രഹിച്ചുകൊണ്ട് അച്ചൻകോവിലാറ് ഒഴുകിയിരുന്നു. ഉത്രപ്പള്ളിയാറ് എന്ന പേരിൽ ഒഴുകിയിരുന്ന പുഴയ്ക്ക് പാറാത്തപ്പള്ളിയാറും കുഴിപ്പുഴയാറും തുടങ്ങി ഇന്നും അവശേഷിക്കുന്ന ദീർഘവും വിശാലവും അഗാധവുമായ നീർത്തടാകങ്ങൾ തെളിവുകളാണ്. തെക്ക് വെണ്മണി പഞ്ചായത്തിൽ ബണ്ടുകെട്ടി (മുല്ലേലിച്ചിറ) അച്ചൻകോവിലാറ് ഗതിതിരിച്ചു വെട്ടിയാറുവഴി വിട്ടതിനാൽ കാലാന്തരത്തിൽ നീരൊഴുക്ക് തടയപ്പെട്ട് കാലഹരണം വന്നതായി കരുതാം. രാജകോപത്താൽ ഗതി തിരിച്ചുവിട്ടതാണെന്നും അതല്ല വെണ്മണി മുതൽ താഴോട്ട് ബുധനൂർ വരെയും ഉള്ള പ്രദേശങ്ങളിൽ നിരന്തരമായുണ്ടായിരുന്ന വെള്ളപ്പൊക്കക്കെടുതി തടയാൻ മുല്ലേലിച്ചിറ തീർത്ത് ആറിന്റെ ഗതിമാറ്റിയതാണെന്നും രണ്ട് പക്ഷമുണ്ട്.

നദികൾ ഒഴുകിപ്പോകുന്ന പ്രദേശങ്ങളുമായി ബന്ധപ്പെട്ട് നിരവധി പേരുകൾ ഉണ്ടായിട്ടുള്ളതുപോലെ ഇവിടെ ഒട്ടേറെ കടവുകളും തറകളും നിലനില്ക്കുന്നു. അത്തലക്കടവ്, പൂത്തറക്കടവ് മരുവന്തറക്കടവ് എന്നിവയും ആറ്റുകണ്ടവും ആറിന്റെ മായാത്ത അവശിഷ്ടങ്ങളാണ്. ഇന്ന് 8 വാർഡുകളിൽ ഉള്ളതിൽ 7 വാർഡുകളിലും ബന്ധപ്പെട്ടാണ് ഈ പുഴ ഒഴുകിയിരുന്നത്. അതുപോലെ കുതിരവട്ടം ക്ഷേത്രത്തിനു മുൻഭാഗത്തു വിശാലമായ തടാകത്തിൽനിന്ന് ആരംഭിക്കുന്ന ഒരു നീരൊഴുക്ക് ആലായുടെ കിഴക്കൻപ്രദേശങ്ങളെ കുളിരണിയിച്ചുകൊണ്ട് തോട്ടം കരവഴി പമ്പയാറ്റിലേക്ക് ഒഴുകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വാളാപ്പുഴ എന്ന സ്ഥലവും നിലനിൽക്കുന്നു. ഒരു കാലത്ത് ഈ രണ്ട് ജലമാർഗ്ഗമായിരുന്നു വാണിജ്യ ഗതാഗതത്തിന് ഉപയോഗപ്പെടുത്തിയിരുന്നത്. അച്ചൻകോവിലാറിന്റെ ഇരുകരകളിലുമുള്ള പ്രദേശമെന്നതിനാൽ അനുഗ്രഹീതമെന്നപോലെ വെള്ളപ്പൊക്കം ഒരു ശാപംപോലെ പഞ്ചായത്തിലെ സമതല പ്രദേശത്ത് അനുഭവപ്പെട്ടിരുന്നു. അങ്ങനെ കെട്ടിക്കിടന്നിരുന്ന ജലത്തിന്റെ നിർഗ്ഗമനമാർഗ്ഗം സംഘടി ത മനുഷ്യാല്പാദനത്തിലൂടെ തുരന്ന് പമ്പയാറുമായിബന്ധിപ്പിക്കുവാൻ ശ്രമിച്ചതിന്റെ തെളിവാണ് തോട്ടം കരക്കയം. ഇന്ന് വല്ലപ്പോ ഴുമുണ്ടാകുന്ന വെള്ളപ്പൊക്കം പഞ്ചായത്തിന്റെ പ്രകൃതിയെ അലട്ടുന്നുണ്ടെങ്കിൽ അത് അച്ചൻ കോവിലാറിന്റേതല്ല. പമ്പയുടേതാണ്.

ചെങ്ങന്നൂർ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ പുരാണപ്രസിദ്ധമായ നൂറ്റവൻപാറയും, പാണ്ഡവൻപാറയും പശ്ചാത്തലമായി ഇതു പഞ്ചായത്തിന്റെ 3-ാം വാർഡിലെ വിശാലമായ പൂമലച്ചാലിനും പ്രകൃതിരമണീയമായ പരിസരത്തിനുംഅപൂർവ്വ ചാരുത പകരുന്ന ഘടകങ്ങളാണ്.

സ്ഥലനാമങ്ങൾ

പഞ്ചായത്താഫീസും പ്രവർത്തിക്കച്ചേരിയും ആലാ എന്ന പേരിലാണ് അറിയപ്പെടുന്നുവെങ്കിലും പ്രദേശത്തിന്റെ വിസ്തൃതി തുലോം ചെറുതാണ്. ഉത്തരപ്പള്ളിയാറ് അത്തലക്കടവിൽ നിന്ന് പടിഞ്ഞാറോട്ട് ഒഴുകിയതിന്റെ വടക്കുഭാഗമാണ് ആലായെന്ന പേരിൽ അറിയപ്പെട്ടിരുന്നത്. ഇന്ന് പഞ്ചായത്തിന്റെ ഒന്നാം വാർഡും രണ്ടാം വാർഡിന്റെ കുറേ ഭാഗങ്ങളുമാണ്

ആലായെന്ന് വിളിക്കുന്ന സ്ഥലം. വെള്ളക്കെട്ട് പ്രദേശമെന്ന് അർത്ഥം ശബ്ദതാരാവലിയിൽ ആലായ്ക്കുണ്ട്. എന്നാൽ പാണ്ടി (തമിഴ്) നാട്ടിൽനിന്നും ഒരു കൊല്ലകുടുംബം ഉത്തരപ്പള്ളിയാറിന്റെ വടക്കേതീരത്തോടടുത്തുള്ള തറയിൽ താമസമാക്കി. ആ തറയിന്ന്പാണ്ടിയാൻതറയെന്ന് അറിയപ്പെടുന്നു കൊല്ലന്റെ ആല കാർഷികോപകരണ നിർമ്മാണ കേന്ദ്രമെന്നതിനാൽ ആലയിൽ പോവുകയെന്നത് അത്യന്താപേക്ഷിതമാണല്ലോ. അങ്ങനെ ആല എന്നുള്ളപദം പ്രചാരത്തിലാവുകയും ചെയ്തുവെന്ന് ഒരു അഭിപ്രായമുണ്ട് [ഇപ്പോൾ വെളുത്തേരി കിഴക്കേതിൽ താമസിക്കുന്ന നൂറ് വയസ്സുകഴിഞ്ഞ ശങ്കരൻ കുഞ്ഞു കുഞ്ഞ് പറയുന്നത് പാണ്ടിയാൻ തറ കുടുംബത്തിൽ നിന്ന് ശാഖപിരിഞ്ഞതല്ലാതെ ഒരൊറ്റ കൊല്ലകുടുംബവും പരിസരപ്രദേശങ്ങളിൽ ഇല്ലെന്നാണ്]. ഏതായാലും തിരുവനന്തപുരത്ത് ചാലയും കൊല്ലത്ത് ഓലയും കോട്ടയത്ത് പാലായുംപോലെ ചെങ്ങന്നൂരിൽ ആലായും ജനഹൃദയങ്ങളിൽ പതിഞ്ഞുകഴിഞ്ഞ പ്രസിദ്ധമായ സ്ഥലനാമമാണ്.

നെടുവരംകോടും കോടുകുളഞ്ഞിയും ഉത്രപ്പള്ളിയാറിന്റെ ഇരുവശങ്ങളിലും ഉയർന്നു കിടക്കുന്ന സ്ഥലങ്ങൾ എന്ന നിലയിൽ വെള്ളപ്പൊക്കകെടുതി ബാധിക്കാത്ത കോട്ടകൾ പോലെയും പടിഞ്ഞാറോട്ട് ചരിഞ്ഞും കിടക്കുന്നതിനാൽ (കോട്)ആ പേരുകൾ വന്നുപ്പെട്ടതാണന്ന് പരിശോധിച്ചാൽ മനസ്സിലാകും എന്നാൽ നെടിയവരം ലഭിച്ചപ്രദേശം നെടുവരംകോടും കുളഞ്ഞി ധരാളമുള്ള പ്രദേശം കോടുകുളഞ്ഞി എന്നപേരും ഉണ്ടായതാണെന്നും മറ്റൊരഭിപ്രായം ഉണ്ട്. വളരെമുൻപ് തന്നെ ജനങ്ങൾ താമസ മായിരിന്നുവെന്നതിന് ദേവാലയങ്ങളുടെ പഴക്കം സൂചിപ്പിക്കുന്നു.

ആലായുടെ കിഴക്കും തെക്കും നെടുവരംകോടിന്റെ നേർകിഴക്കും കിടക്കുന്ന അഞ്ച്വാർഡുകൾ ചേർന്ന വിശാലമായ പ്രദേശമാണ് പെണ്ണുക്കര. ഉത്രപ്പള്ളിയാറിന്റെ കിഴക്ക് മലയും പടിഞ്ഞാറ് സമതലപ്രദേശവും ചേർന്നതാണ് ഈ പ്രദേശം. ആറിന്റെ ഡൽറ്റ എന്നതിനാൽ വാഴ എന്ന അർത്ഥമുണ്ട്. ആ സംസ്കൃതപദത്തിൽനിന്ന് ഉരുത്തിരിഞ്ഞ വന്നതാവാം പെണ്ണുക്കര (പെണ്ണുകര, പൊന്നുകര, പുണ്യകര വെണ്ണീർക്കര എന്നിവ ലോപിച്ച് പെണ്ണുക്കര പെണ്ണുക്കരയാകാൻ യാതൊരു ന്യായ.വും കാണുന്നില്ല.


ഇതുപോലെ ചമ്മത്തുംമുക്കും ചക്കാലപ്പൊയ്കയും മാടമ്പൂറത്ത്മോടിയും, ചെറുമാക്കുന്നും വാളാപ്പുഴയും പുല്ലാന്താഴവും എല്ലാം ഭൂപ്രകൃതിയും കാർഷികജീവിതവുമായി ബന്ധപ്പെട്ട് ഉരുത്തിരിഞ്ഞ സ്ഥലനാമങ്ങളാണ്.

സാമൂഹ്യ പാരമ്പര്യം.

തിരുവിതാംകൂർ രാജഭരണത്തിൽ കീഴിലായിരുന്ന ഈ പ്രദേശം ഇടവനമഠം, ഇടപ്പള്ളി, വാഴൂർ, വഞ്ഞിപ്പുഴ എന്നീ മഠങ്ങളുടെ അധീനതയിലായിരുന്നു. ഭൂപരിഷ്കരണം വരുന്നതുവരെ മിച്ചവാരം പിരിക്കുകയും ചെയ്തിരുന്നു. ഒരു കാലത്ത് ബ്രാഹ്മണർ അധിവസിച്ചിരുന്നതിന്റെ തെളിവുകൾ ധാരാളം ഇവിടെയുണ്ട്. ഇന്ന്അബ്രാഹ്മണർ താമസിക്കുന്ന മഠത്തിൽ, മഠത്തിലയ്യത്ത് മഠത്തിൽ പറമ്പിൽ, ഇല്ലത്ത് എന്നിവ അവയിൽ ചിലതു മാത്രമാണ്. പില്കാലത്ത് ജന്മിത്തറവാടുകൾ ഉയർന്നുവരികയും ജാതി ജന്മി കുടിയാൻ ബന്ധം നിലവിൽ വരികയും ചെയ്തു. തൊട്ടുകൂടായ് മയും തീണ്ടികൂടായ്മയും അൻപതുവരെ ഇവിടെ ശക്തമായിരുന്നു. ഫലഭൂയിഷ്ഠ പ്രദേശങ്ങളായ സമതലങ്ങളിൽ ജന്മി കുടുംബങ്ങളുടെ താമസ സൗകര്യങ്ങളായിരുന്നുവെങ്കിൽ കുന്നിൻ ചരുവുകളിലും മലമുകളിലും കാടുവെട്ടിതെളിച്ച് കുടിൽകെട്ടി അടിയാളർതാമസിച്ചിരുന്നു. അടിയാളന്മാരല്ലാത്ത ഒരാളും അടിയാളന്മാരുടെയിട യിൽ ഉണ്ടായിരുന്നില്ല.

ജാതി ജന്മിത്തറവാടുകളിൽ നിന്ന് ഓണക്കോടിയും ഓണപ്പണവും വാങ്ങിയാൽ അടുത്ത ഒരു വർഷം അയാളും കുടുംബവും ആ ജന്മിയുടെ അടയാളരായിരിക്കുമെന്ന് ഒരു പാരമ്പര്യമായി തുടർന്നുവന്നിരുന്നു. അടിയാളന്റെമേൽ കൊല്ലും കൊലയും ജന്മിയുടെ കുലാധികാരമായി കരുതിപ്പോന്നു.

ഒരു ജന്മി തന്റെ അടിയാളനെ അടിച്ചുകൊന്ന് കുഴിച്ചുമൂടിയ ഒരു സ്ഥലം ദീർഘനാൾ അവർണ്ണരുടെ ബാധ ഒഴിപ്പിക്കൽ സ്ഥലമായി കരുതിയിരുന്നു. ഞാൻ വന്നിട്ടേ കാളയെ



അഴിച്ചു വിട്ടാൽ മതിയെന്നു പറഞ്ഞുപോയ തമ്പുരാൻ രാത്രി വളരെ ഇരുട്ടി വന്നപ്പോഴും കാളയെ പൂട്ടിക്കൊണ്ടിരുന്നു എന്ന് മറ്റൊരു കഥയും പറയുന്നു. തമ്പുരാന് എന്തും കല്പിക്കാനും ചെയ്യാനും അത് അങ്ങനുസരിക്കുകയെന്നത് അടിയാളന്റെ കടമയായിരുന്നു അന്നത്തെ സങ്കല്പം. ഈ സങ്കല്പം ഭൂഉടമയും തങ്ങളുടെ തൊഴിലാളിയും തമ്മിൽ കുടുംബബന്ധങ്ങളുടെ മനോഭാവം ഉണ്ടാക്കിയിരുന്നു. തൊഴിലാളിയടെ വീട്ടിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ഭൂഉടമയുടെ വീട്ടിലേതു പോലെയും ജന്മിയുടെ വീട്ടുപ്രശ്നങ്ങൾ തൊഴിലാളിയുടേതുംമാണെന്ന ആത്മബന്ധം അന്നത്തെ സാമൂഹ്യ വ്യവസ്ഥയുടെ സവിശേഷതയായിരുന്നു.

കന്നിക്കൊയ്ത്തും മകരക്കൊയ്ത്തും നാട്ടിലെ വിളവെടുപ്പുൽസവമാണ്. കൊയ്ത്തുപാട്ടുകളും നടിച്ചിൽപാട്ടും പാടങ്ങളിൽ മുഴങ്ങിയിരുന്നു. അവയിൽ കീഴാളരുടെ ദയനീയതയും മേലാളരുടെ ക്രൂരതയും താളാത്മകമായി അവതരിപ്പിക്കും. അതിൽ കൂത്ത്പാട്ടുകൾ അടിയാളർ തമ്മിൽ മൽസരിച്ചു നടത്തുന്നത് സാമൂഹ്യവിമർശനമായിരുന്നു. അവർണ്ണ വിഭാഗത്തിനിടയിൽ കോലം തുള്ളലും വേലത്താൻ തുള്ളലും ആഴ്ചകളോളം നീണ്ടുനിൻക്കുന്ന ബാധഒഴിപ്പിക്കൽ പരിപാടി കളായിരുന്നു.

നവോത്ഥാന പ്രസ്ഥാനസ്വാധീനം

ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, അയ്യൻകാളി, കുമാരഗുരു ദയാനന്ദസരസ്വതി എന്നിവർനയിച്ച നവോ ത്ഥാനത്തിന്റെ വെളിച്ചം ഇവിടെയും അരിച്ചിറങ്ങി.


അക്ഷരത്തിന്റെ മാർഗ്ഗത്തിലൂടെയല്ലാതെ അനാചാരത്തിന്റെയും അന്ധവിശ്വാസത്തിന്റേയും മാറാല തട്ടിനീക്കാനും മാറ്റത്തിന്റെ പടവുകൾ ചവിട്ടികയറാനും കഴിയുകയില്ല. അതിന്റെ അടിസ്ഥാനത്തിൽ ആലായിലും നെടുവരംകോടും ഉമ്മാത്തിലും ചെറുമക്കുന്നിലും ഓരോ നിശാപാഠശാലയും പെണ്ണുക്കര കോയിത്തറ കേന്ദ്രമാക്കി രവിവാര പാഠശാലയും പ്രവർത്തിച്ചിരുന്നു. ഇത് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യ സമരത്തിന്റെ ഒരായുധമായിട്ട് രാജ്യത്തെമ്പാടും വിദ്യാഭ്യാസ പരിപാടിയുടെ ഭാഗവും ആശയ വുമായിരുന്നു. ഈ കാല ഘട്ടത്തിൽ സ്റ്റേറ്റ് കോൺഗ്രസിന്റെ ഒരു ഘടകം ആലാചെറിയനാട് കേന്ദ്രീകരിച്ച് പ്രവർത്ത നമാരംഭിച്ചിരുന്നു. സർ. സി. പി. യെ തുരത്താൻ ചെങ്ങന്നൂർ മിൽസ് മൈതാനത്തെ സ മ്മേളനവും വെടിവെയ്പ്പും ചരിത്ര സംഭവമാണ്. തുടർന്ന പോലീസ് ആക്രമണക്കേസിൽ നിരവധി പേരുടെ കൂട്ടത്തിൽ പ്രതികളായ പെണ്ണുക്കര കഴുവന്തറയിൽ ജോൺയോഹന്നാൻ, മറ്റത്തേത്ത് കിഴക്കേതിൽ കുര്യൻ ചാക്കോ, മറ്റത്തേത് കിഴക്കേതിൽ ഉമ്മൻ വർഗ്ഗീസ്, താന ഞ്ചേരിൽ യോഹന്നാൻ മത്തായി, ചക്കാലപ്പൊയ്കയിൽ തോമസ്, മലയിൽ മാമ്മൻ വൈലി പ്പുരേത്ത് ജോൺ ചെറിയാൻ എന്നിവർ കൊല്ലം കൊട്ടാരക്കര കോടതികളിൽ കയറി ഇറ ങ്ങുകയും ജയിൽവാസമനുഷ്ഠിക്കകയും ചെയ്തു. സ്വാതന്ത്ര്യ സമരം യുവാക്കളിൽ ആവേശമായി മാറുകയും ചെയ്തു. അതിൽ ഒരു വിഭാഗവും ചേർന്ന് പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി ഘടകം ഇവിടെ രൂപീകരിച്ചു. ഈ ഘടകത്തിന്റേയും പാർട്ടിയുടേയും നേതൃത്വത്തിൽ നട ത്തിയ നിരവധി പോരാട്ടങ്ങൾ സമൂഹ്യമാറ്റത്തിന് സഹായകമാവുകയും ചെയ്തു.

സ്വാതന്ത്ര്യ കാലഘട്ടത്തോടു കൂടി മന്നത്ത് പദ്മനാഭൻ നേതൃത്തം കൊടുത്ത നായർ സർവ്വീസ് സൊസൈറ്റിയും സംഘങ്ങളും ശ്രീനാരായണഗുരുവിന്റെ ആദർശത്താൽ പ്രേരിതമായി S.N.D.P ശാഖായോഗങ്ങളും പഞ്ചായത്തിന്റെ ഓരോ പ്രദേശങ്ങളിലും രൂപീകൃതമായി.

പോരാട്ടങ്ങൾ

കുടികിടപ്പിനും കൈവശഭൂമിക്കുംവേണ്ടി നിരവധി പോരാട്ടങ്ങൾ നടത്തിയിട്ടുണ്ട്. പുതിക്കേരിൽപ്പറമ്പി ൽ ഒരു രാത്രികൊണ്ടു 22 കുടിലുകെട്ടി ഭവനരഹിതരെകൂടി പാർപ്പിച്ച് സംരക്ഷിച്ചു. അതിൽ 18 വീടുകൾ കാലോചിതമായ പരിഷ്കരണത്തിനു വിധേയമായി ഇ ന്നും നിലനിൽക്കുന്നു.

കർഷകതൊഴിലാളികളുടെ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിലും പുരോഗമന ജനാധിപത്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും പൊതുവിൽ സാമൂഹ്യമാറ്റത്തിനും വേണ്ടി നടന്ന പ്രവർത്തനരംഗത്തു N.R.C. നായർ, A.T. കുഞ്ഞച്ചൻ എന്നിവർ വഹിച്ചപങ്ക് വിസ്മരിക്കാവു



ന്നതല്ല.

കാർഷികരംഗത്തു കൂലികൂടുതലിനും പതത്തിനും തീർപ്പിനും വേണ്ടിയുള്ള കർഷകതൊഴിലാളി മൽസരം പലപ്പോഴും സംഘർഷത്തിൽവരെ എത്തിയിട്ടുണ്ട്. ജാതി മത ബോധത്താൽ കർഷകത്തൊഴിലാളികളും കർഷകനും, കർഷകതര തൊഴിലാളികളും അന്യോന്യം ശത്രുക്കളായി കണ്ടതിൽ നിന്നുണ്ടായ ഫലമാകട്ടെ കാർഷികരംഗത്തെ ഒട്ടേറെ അനാരോഗ്യ പ്രവർത്തനങ്ങൾക്കിടയായി അടിയാൻ ഉടമാബന്ധം കാർഷികത്തൊഴിൽ രംഗത്ത് പണിയെടുക്കാനുള്ള താല്പര്യ ത്തെ നശിപ്പിക്കുകയും തലമുറകളിൽ പിൻവാങ്ങലിന് ഇടയാകുകയുംചെയ്തു.

സംസ്കാരിക ചരിത്രം

a.ആരാധനാലയങ്ങൾ

ആലാ, പെണ്ണുക്കര, നെടുവരംകോട്, കുതിരവട്ടം, എന്നീക്ഷേത്രങ്ങൾ നൂറ്റാണ്ടുകൾ പഴക്കമുള്ളവയാണ്. വൈഷ്ണവാഭിമുഖ്യത്തിന്റേയും ഭക്തിപ്രസ്ഥാനത്തിന്റേയും അനുബന്ധമായി ഈ നൂറ്റാണ്ടിൽ പുന:പ്രതിഷ്ട നടത്തുകയും പുതുക്കിപണിയുകയും പൂജാദികർമ്മങ്ങളും ആണ്ടിനാൽ ഉത്സവങ്ങളും നടത്തിവരുന്നു. ഉൽസവങ്ങളിൽ സർവ്വമത സഹകരണം തുടർന്നു വന്നിരുന്നു. പടയണിയും കോലംതുള്ളലും കെട്ടുകാഴ്ചയും കാക്കരിശിനാടകവും പാരമ്പര്യ ഉത്സവ ഇനങ്ങളായിരുന്നു. വടവട്ടും തെക്കുംതറയും പേരങ്ങാടും പന്തപ്പാത്തറയും ആക്കനാട്ടും പുല്ലാംപ്ലാവിലും ഉത്സവങ്ങളുമായി ബന്ധപ്പെട്ട അവകാശങ്ങളുള്ള കുടുംബങ്ങളാണെന്നു കാണാം. ഹരികഥ, കഥാപ്രസംഗം, ബാലെ, നാടകം എന്നീ ആധുനിക കലാരൂപങ്ങളാണ് ഇന്ന് ഈ ക്ഷേത്രങ്ങളിലെ പ്രധാനകലാപരിപാടികൾ. പഴയ ആചാരമായ കലം പൂജ ഇന്നും നടത്തിവരുന്നു.

ഉമ്മാത്തിൽ ഒരു പുരാതന ക്ഷേത്രത്തിന്റെ അവശിഷ്ടം ഇന്നും കാണാം. അവർണ്ണരുടേതാണെന്ന് അവകാശപ്പെടാൻ ഇലവും ചുവട്ടിൽ ഒരു ക്ഷേത്രവും പുല്ലാന്താഴ ഒരു മൂർത്തിക്കാവും ഉണ്ട്. മലമോടിയിൽ ഉണ്ടായിരുന്ന കുരുതിത്തറ ക്ഷേത്രമാക്കി രൂപാന്തരപ്പെടുത്തി ദിന പൂജകളും ആണ്ടിനാൽ ഉത്സവങ്ങളും നടത്തിവരുന്നു.

ഉമ്മാത്തിലെ ക്ഷേത്രാവശിഷ്ടവും, കുതിരവട്ടം, നെടുവരംകോട് ക്ഷേത്രങ്ങളും ബുദ്ധവിഹാരങ്ങൾ ആയിരുന്നുവെന്ന ഒരു പക്ഷവുമുണ്ട്. എന്നാൽ ഉമ്മാത്തിലെ ക്ഷേത്രം ശിവക്ഷേത്രമാണെന്ന് നാട്ടുകാർ അവകാശപ്പെടുന്നു.

പത്തൊൻപതാംനൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽ കോടുകുളഞ്ഞിയിലെ ഒരു കുടുംബത്തിൽ മണിക്കൂറുകൾഇടവിട്ട് നടന്ന മരണവും ശവശരീരങ്ങൾ ഓരോന്നായി ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിസെമിത്തേരിയിൽകൊണ്ടുപോയി അടക്കേണ്ടി വരുന്ന അവസ്ഥയും അതിനു പരിഹാരമായി ഏതാനും പേർചേർന്ന് പാലക്കുന്നത്ത് ഏബഹാം മല്പാനച്ചനെ കാണുകയും അദ്ദേഹത്തിന്റേ ഉപദേശമനുസരിച്ച് മാവേലിക്കര സി.എംഎസ് മിഷ്യനറി മേധാവി പീറ്റ് സായിപ്പിനെ സമീപിക്കുകയും അദ്ദേഹം കോടുകുളഞ്ഞിയിൽ എത്തി ഒരു പള്ളി സ്ഥാപിക്കാൻ അനുവാദം കൊടുക്കുകയും വല്യേത്ത് ഉമ്മൂമ്മൻസംഭാവന ചെയ്ത സ്ഥലത്ത് പള്ളി അനുവദിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്തു. തുടർന്ന് ഒരു വിദ്യാലയവും സ്ഥാപിച്ചു. അതാണിന്നിവിടെ സി.എസ്. ഐ ചർച്ചും സി.എം എസ് യു പി സ്ക്കൂളും തുടർന്ന് ആലായിലൊരു സി.എം.എസ്, പള്ളിയും കോടുകുളഞ്ഞിയിൽ സി.എസ്.ഐ ഓർത്തഡോക്സ് പള്ളികളും പെണ്ണുക്കരയിൽ ഒരു മാർത്തോമാപ്പള്ളിയും ഈ നൂറ്റണ്ടിനു മുൻപ് സ്ഥാപിച്ച വയാണ്. കോടുകുളഞ്ഞിയിൽ കൊച്ചുതറപ്പടിയ്ക്കുസമീപം നൂറുവർഷത്തിലേറെ പഴക്കമുള്ള ഒരു സാൽവേഷൻ ആർമിപ്പള്ളി അതിന്റെ എല്ലാവിധമായ ആരാധനാക്രമങ്ങളോടും പ്രവർത്തിക്കുന്നു. ഈ നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടി കോടുകുളഞ്ഞിയിലും ആലാതെക്കുംചമ്മത്തും മുക്കിനും ഓരോ കത്തോലിക്കാ പള്ളിയും പെണ്ണുക്കര വടക്ക് ഒരു മർത്തോമ്മാപ്പള്ളിയും സ്ഥാപിതമായി. പെന്തക്കോസ്തു വിഭാഗത്തിൽപെട്ട ആരാധനാലയങ്ങളും പിൽക്കാലത്ത്

സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

നെടുവരംകോട്, ആലാ, പെണ്ണുക്കര എന്നീ ഭാഗങ്ങളിൽ സ്ഥാപിച്ച ഗുരുമന്ദിരങ്ങളിൽ ആദ്യത്തേത് നെടുവരംകോട് ഗുരു മന്ദിരമാണ്.

b.കലാ സംസ്കാരിക പ്രവർത്തനങ്ങൾ

ആലാകാവ് കേന്ദ്രമാക്കി മുഴങ്ങത്തിൽ കൊച്ചുകുഞ്ഞ് കാർണവരുടെ നേതൃത്വത്തിൽ ഒരു കഥകളിക്കളരി രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. ഈ കളരിയിൽ പ്രമുഖനായ ഗുരു ചെങ്ങന്നൂർ അദ്ധ്യാപകനായിരുന്നു. ഇതേക്കാലത്തുതന്നെ കോടുകുളഞ്ഞി കുമ്പഴത്തറവാട്ടിൽ തകിൽ അഭ്യാസം നടന്നിരുന്നു. കുമ്പഴപണിക്കർ ഒരു തകിൽ വിദഗ്ധനായിരുന്നു. കോടുകുളഞ്ഞിയിൽ പ്രസിദ്ധമായ ഒരു കളരിപ്പയറ്റ് കേന്ദ്രം പ്രവർത്തിച്ചിരുന്നു. ആ വീടാണ് കളരിയിൽ എന്ന് അറിയപ്പെടുന്നത്. പെണ്ണുക്കരയിൽ കുഞ്ഞുകുഞ്ഞുഭാഗവതരുടെ പരിശീലനത്തിൽ ഒരു നാടകഗ്രൂപ്പ് പ്രവർത്തിച്ചിരുന്നു.


പെണ്ണുക്കര മലഭാഗത്ത് കാക്കാരരിശിനാടകം പഠിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്ത ഒരു കലാസംഘം പ്രവർത്തിച്ചിരുന്നു. മുടിയാട്ടം സ്ത്രീകളുടെ ഒരു കലാപ്രകടനമായിരുന്നു. ഓണക്കാലത്ത് തിരുവാതിര കമ്പുകളി തുടങ്ങിയവയുടെ അവതരണം ഒരുപതിവ് കലാ പ്രകടനമായിരുന്നു

ഉമ്മാത്തിൽ കലയുടെ കനകചിലങ്കയ്ക്ക് അലഒയൊലികൾ സൃഷ്ടിക്കുവാൻ വർഷങ്ങൾക്കപ്പുറത്ത് പരിശ്രമിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നവരിൽ പ്രമുഖൻ പത്രോസ് എന്ന ഒരദ്ധ്യാപകനായിരുന്നു. A.T. കുഞ്ഞച്ചൻ, T.G. കുഞ്ഞുകുഞ്ഞ് എന്നിവർ അതിന്റെ പ്രധാനപ്രവർത്തകരായിരുന്നു. ഈ കലാസമിതിയും നിശാപാഠശാലയും വായനശാലയും ഉമ്മാത്തിലെ സാധാരണക്കാരായ, പ്രത്യേകിച്ച് അവർണ്ണരായവർക്ക്, കലാസംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ എത്തിച്ചേരുവാൻ സഹായിച്ചു. അന്ന് ആരംഭിച്ച കലാസമിതി ജനതാ ആർട്ട്സ് ക്ലബ്ബായി രൂപീകരിച്ച് ഓണക്കാലത്ത് ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന പരിപാടികൾ നടത്തിയിട്ടുണ്ട്. ജനതാ ആർട്ട്സ് 'കുറിമാനം' എന്നപേരിൽ ഒരു കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അൻപതുകളുടെ ആദ്യം പെണ്ണുക്കരയിൽ ഒരു Y.M.A രജിസ്റ്റർ ചെയ്തു.Y.M.A. യുടെ നേതൃത്വത്തിൽ വായനശാലയും തുടർന്ന് ഗ്രന്ഥശാലയും സ്ഥാപിച്ചു.Y.M.A.യുടെ നേതൃത്വത്തിൽ നാടകങ്ങൾ സാഹിത്യ സംസ്കാരിക സമ്മേളനങ്ങൾ, വിവിധ സ്പോർട്ട്സ് ഇനങ്ങൾ, നാടകങ്ങൾ, അവതരിപ്പിച്ചു. ബ്ലോക്ക്തലത്തിലും സംസ്ഥാനതലത്തിലും നടന്നമൽസരങ്ങളിൽ ഈY.M.A.പങ്കെടുക്കയും നിരവധി സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. പുരോഗമനേച്ഛുക്കളായ നിരവധി യുവക്കൾ ഈ യുവജനസമിതിയുമായും ഗ്രന്ഥശാലയുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുകയും അവരിൽപലരും കലാ-സാഹിത്യ-രാഷ്ട്രീയ-സംസ്കാരിക രംഗങ്ങളിൽ ശോഭിച്ചവരായുണ്ട്. 'പ്രചോദനം' എന്ന കയ്യെഴുത്ത് മാസികയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്രദ്ധേയങ്ങളായ നാടകങ്ങൾ എഴുതി സംവിധാനം ചെയ്തവതരിപ്പിച്ചിട്ടുള്ള നമ്മുടെ നാട്ടിലെ എഴുത്തുകാരിൽ പ്രമുഖനാണ് ശ്രീ. മുഴങ്ങത്തിൽ ശ്രീധരൻ.

കോടുകുളഞ്ഞിയിലും ഈ കാലയളവിൽ ഒരു യുവജനസമിതി രൂപീകരിച്ച് പ്രവർത്തനം നടത്തിയിരുന്നു. (ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ) കോടുകുളഞ്ഞി Y.M.C.A.യുടെ പ്രവർത്തനം ആരംഭിച്ചു. വിവിധ സാമൂഹ്യ- സാംസ്കാരിക പ്രവർത്തനങ്ങൾ Y.M.C.A നടത്തി വരുന്നു.

ഒട്ടേറെ അമച്വർ നാടകങ്ങൾ വിവിധ വേദികളിലായി അരങ്ങേറിയിട്ടുണ്ട്. കായിക വിനോദമത്സരങ്ങൾ വിശ്വഭാരതിയുടേയും മറ്റു സമിതികളുടേയും നേതൃത്വത്തിൽ ഓണക്കാലത്ത് നടത്തിവരുന്നു. കളിയരങ്ങ് എന്ന പേരിൽ ഒരു നാടക സമിതി പെണ്ണുക്കരയിൽ പ്രവർത്തിക്കുന്നുണ്ട്. പെണ്ണുക്കര Y.M.A.യുടെ നേതൃത്വത്തിൽ രൂപീകരിച്ച വിശ്വഭാരതി ഗ്രന്ഥ



ശാല ഇന്ന് 'A' ഗ്രേഡിൽ ഉള്ള പഞ്ചായത്തിലെ ഏറ്റവും വലിയ ഗ്രന്ഥശാലയായി ഉയർന്നു. കോടുകുളഞ്ഞി Y.M.A യുടെ നേതൃത്വത്തിൽ രൂപീകരിച്ച ഗ്രന്ഥശാല തുടർന്ന് പൗരസമിതി ഗ്രന്ഥശാലായെന്ന പേരിലാകുകയും ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഇതേകാലയളവിൽ തന്നെ നെടുംവരംകോട് ആരംഭിച്ച വായനശാലയും ഗ്രന്ഥശാലയും ഏതാനും വർഷം നല്ലനിലയിൽ പ്രവർത്തിച്ചു. തുടർന്ന് കുറേകാലത്തേക്ക് അവയുടെ പ്രവർത്തനം നിലച്ചുപോയിരുന്നു. ഇപ്പോൾ പീപ്പിൾസ് ലൈബ്രറി എന്ന പേരിൽ പ്രവർത്തിക്കുന്നുണ്ട്.

ഉമ്മാത്തിലെ ജനതാ ആർട്ട്സ് ക്ലബ്ബിനോടൊപ്പം Dr. അംബേദ്കർ മെമ്മോറിയൽ ക്ലബ് എന്ന പേരിൽ ഒരു കലാസാംസ്കാരിക സമിതിയ്ക്ക് രൂപംനൽകുകയും ഓണക്കാലത്ത് വിവിധ കലാപരിപാടികളും സാംസ്കാരിക സമ്മേളനങ്ങളും നടത്തിവന്നിരുന്നു. ഇന്ന് ജനതാ ആർട്ട്സും അംബേദ്കർ കലാസമിതിയും വേണ്ട വിധത്തിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ 80-ൽ രൂപംകൊണ്ട പൂമലച്ചാൽ പരിസരത്തു പ്രവർത്തിക്കുന്ന ഉദയാ ആർട്ട്സ് ഒരു വിധം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

ഈ പ്രദേശത്ത് വിവിധ പേരുകളിൽ കലാസമിതികൾ ഉണ്ടായിട്ടുണ്ടെങ്കിലും കുറഞ്ഞോരുകാലം പ്രവർത്തിച്ചതിനു ശേഷം നിന്നുപോകുകയാണ് ഉണ്ടായിട്ടുള്ളത്.


വിദ്യാഭ്യാസം

19- ാം നൂറ്റാണ്ടിന്റെ മദ്ധ്യഭാഗത്തോടുകൂടി ആരംഭിച്ച C.M.S U.P സ്ക്കൂളും അവസാനത്തോടുകൂടി ആരംഭിച്ച പെണ്ണുക്കര പ്രൈമറി സ്ക്കൂളും ആലാ ശങ്കര വിലാസം സർക്കാർ പ്രൈമറി സ്ക്കൂളും നാടിനെ വിദ്യാഭ്യാസപരമായി വളർത്തിയെടുക്കാൻ ഒട്ടേറെ സഹായിച്ചിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ആലാ ശങ്കരവിലാസം പ്രൈമറി സ്ക്കൂൾ ഒരു ഹൈസ്ക്കൂളാക്കി ഉയർത്തപ്പെട്ടു. ഏതാണ്ടിതിനു തെട്ടുമുമ്പ് കോടുകുളഞ്ഞിയിൽJ.M.H.S. എന്നപേരിൽ ഒരു സ്വകാര്യ വിദ്യാലയവും ആരംഭിച്ചു. ഒരു ഹൈസ്ക്കൂൾ ഉണ്ടാക്കുന്നതിനും അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിൽ പ്രോത്സാഹനം ഉണ്ടാകാനും നെടുവന്ത്രയിൽ ശ്രീമാൻ. സി. കെ കൃഷ്ണക്കുറുപ്പ് നൽകിയ സംഭാവന ആലായുടെ വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു രജതരേഖയാണ്. 60 കളുടെ ആരംഭത്തോടുകൂടി നെടുവരംകോട് S.N.D.P. ശാഖയുടെ നേതൃത്വത്തിൽ ഒരു പ്രൈമറി സ്ക്കൂൾ സ്ഥാപിക്കപ്പെട്ടു.

ആലായിലെ ഗവൺമെന്റ് എൽ.പി സ്ക്കൂളും മൂന്ന് യു.പി സ്ക്കൂളും രണ്ടു ഹൈസ്ക്കൂളും ഈ പഞ്ചായത്തിന് സാക്ഷരതയിലേക്കുയർത്താനും നിരവധി വിദ്യാസമ്പന്നരെ സൃഷ്ടിക്കുവാനും പ്രേരകമായിത്തീർന്നു.



1950 മുതൽ 75 വരെയുള്ള കാൽനൂറ്റാണ്ടുകാലം സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ, ഗതാഗതരംഗങ്ങളിൽ ഏറ്റക്കുറച്ചിലുകളോടെയാണെങ്കിലും പരസ്പര സഹകരണവും സേവന മനോഭാവവും പ്രകടിപ്പിച്ചുകൊണ്ട് സാമൂഹിക പങ്കാളിത്തത്തോടുകൂടി നടത്തിയ മാതൃകാപരമായ നിർമ്മാണപ്രവർത്തനങ്ങൾ വളരെയധികമാണ്. കാഞ്ഞിരത്തുംമൂടുമുതൽ കോടുകുളഞ്ഞിവഴി കെച്ചുതറപടിവരെയുള്ള P.W.D.റോഡ് ഒഴിച്ചാൽ ബഹുഭൂരിപക്ഷം റോഡുകളും ജനങ്ങൾ സംഘടിച്ച് ശ്രമദാനത്തിലൂടെ നിർമ്മിച്ചവയാണ്. റോഡുനിർമ്മാണത്തിൽ ഒട്ടേറെ എതിർപ്പുകളും സംഘർഷങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്. പോലീസ് കേസിന് വിധേയരായവരും മർദ്ദനത്തിന് വിധേയരായവരും ഉണ്ട്. ആലാ ഹൈസ്ക്കൂൾ പെണ്ണുക്കര യു. പി സ്ക്കൂൾ എന്നീ വിദ്യാലയങ്ങളുടെ ഉയർച്ചയ്ക്കുവേണ്ടി ഈ നാട്ടിലെ ജനങ്ങൾ നൽകിയ സംഭാവനകൾ എടുത്തുപറയേണ്ടവയാണ്. ഗവൺമെന്റ് ആയുർവ്വേദാശുപത്രിയ്ക്കും പബ്ലിക് ഹെൽത്ത് സെന്ററിനും സബ്സെന്ററുകൾക്കുമൊക്കെ സ്ഥലവും പണവും നൽകി ശക്തിപ്പെടുത്തുവാൻ ജനങ്ങൾ സഹായിച്ചിട്ടുണ്ട്. വിശ്വഭാരതി ഗ്രന്ഥശാലാ ഇന്നത്തെ നിലയിൽ എത്തുന്നതിനും കോടുകുളഞ്ഞി പൗരസമിതിഗ്രന്ഥശാലയുടെ പുരോഗതിയ്ക്കും ജനങ്ങൾ നൽകിയ സംഭാവന വളരെവലുതാണ്. ആലാപഞ്ചായത്തിനെ സമ്പൂർണ്ണ സാക്ഷ



രതയുള്ള പഞ്ചായാത്താക്കുന്നതിനും നടത്തിയ പ്രവർത്തനത്തിലും സാമൂഹ്യ സാംസ്കാരികരംഗത്ത് പ്രവർത്തിക്കുന്ന നിരവധിയാളുകളുടെ സേവനം സമർപ്പിതമായിട്ടുണ്ട്. ഇന്നുരണ്ടു ജനവിദ്യാകേന്ദ്രങ്ങളിൽ ഒന്ന് വിശ്വഭാരതീ ഗ്രന്ഥശാലയും മറ്റൊന്ന് ഉദയാക്ലബ്ബും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. ഈപഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിന്, ജനങ്ങൾ നൽകിയ നിർലോഭമായ സഹായസഹകരണങ്ങളും അവയ്ക്ക് നേതൃത്വം കൊടുക്കാൻ രംഗത്തു വന്നിട്ടുള്ള ഒരു പൈതൃകമായി നമ്മെ സ്വാധീനിക്കുമ്പോൾ 9-ാംപദ്ധതി ജനകീയപദ്ധതിയാക്കിയെടുക്കുവാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഈ പഞ്ചായത്തിന്റെ സാമൂഹ്യക്ഷേമരംഗത്ത് ഒട്ടൊക്കെ പുരോഗതിഉണ്ടായിട്ടും കാർഷികമേഖലയും വ്യാവസായിക മേഖലയും ആകെ മുരടിച്ചുനിൽക്കുന്നു ഗതാഗതമാർഗ്ഗങ്ങളിൽ മിക്കതും ഉപയോഗയോഗ്യമല്ല. സ്ത്രീകളുടെ സാമൂഹിക സാംസ്കാരിക പദവി വളരെ പിന്നിൽതന്നെ. കലാകായിക വികസനരംഗത്ത് നല്ല പ്രവർത്തനകേന്ദ്രങ്ങൾ ഇല്ലാത്തതുമൂലം യുവാക്കളുടെ സർഗ്ഗചേതന മുരടിച്ചു നിൽക്കുന്നു വിദ്യാസമ്പന്നരുടെ ഒരു നീണ്ടനിര തന്നെ തൊഴിലില്ലാതെ നിൽക്കുന്നു. ഇവ പരിഹരിക്കുന്നതിനുള്ള ഊർജ്ജം ഇന്നലെയുടെ സാമൂഹ്യബോധവും നാളെയുടെ പ്രവർത്തന പരിപാടികളും സംയോജിപ്പിച്ച് പുതിയ വികസന പ്രക്രിയയ്ക്ക് തുടക്കം കുറിക്കാം.

"ഗ്രാമ സ്വരാജ് ആയിരിക്കണം എല്ലാ വികസനപ്രവർത്തനങ്ങളുടെയും പരമലക്ഷ്യം.
എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും സഹകരണാടിസ്ഥാനത്തിൽ നടത്തണം.
ഭരണം വികേന്ദ്രീകരിക്കുമ്പോഴേ ജനാധിപത്യസ്വഭാവം ഉണ്ടാവുകയുള്ളൂ"

മഹാത്മാഗാന്ധി

കൃഷിയും ജലസേചനവും

ഭൂപ്രകൃതി അനുസരിച്ച് ആലാഗ്രാമപഞ്ചായത്തിലെ കൃഷി ഭൂമിയെ നാലായി തരം തിരിക്കാം


1. മണലും മണ്ണും കലർന്ന താഴ്ന്ന പ്രദേശം (വയലുൾപ്പടെ) ഇത് I, II, IV, V, VII വാർഡുകളിലായി കിടക്കുന്നു.
2. കളിമണ്ണോടുകൂടിയപ്രദേശങ്ങൾ (തറപുരയിടങ്ങളുൾപ്പെടെ)
3. വെട്ടുകല്ലും പാറകളും ചീങ്കയും മണ്ണും ഇടകലർന്ന മലമുകൾപ്രദേശം. III,VI, VII, V വാർഡുകളിൽപ്പെട്ട പ്രദേശങ്ങളാണ്.

ആകെയുള്ള കൃഷി ഭൂമികളിൽ $^1/_3$ഭാഗം നെൽവയലുകളാണ്, നാലുചാലുകളും ഒരു പുഴയുടെ ഭാഗവും ഉൾപ്പടെ ഏതാണ്ട് 50 ഹെക്ടർ വിസ്തീർണ്ണത്തിൽ ജലാശവും ഈ ജലാശയങ്ങളെ അന്യോന്യം ബന്ധിപ്പിക്കുന്ന തോടുകളുള്ള വിശാല നെൽ പാടങ്ങളോടുകൂടിയ ഒരു പഞ്ചായത്ത്, അച്ചൻകോവിലാറ്റിലും, പമ്പയാറ്റിലും വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ഇരു നദികളിലെയും വെള്ളം കയറിയിറങ്ങുന്ന പ്രദേശമാണ്. കാർഷിക വൃത്തികൊണ്ടുമാത്രം ജീവിതം നയിച്ചു വന്നിരുന്ന ജനങ്ങളാണ് ഇവിടെയുള്ളത്. കരഭൂമിയിലും നെൽവയലുകളിലും ഒരുപോലെ കൃഷിചെയ്തു വന്നിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യ കാലഘട്ടം വരെ ഭൂപ്രകൃതിക്കനുയോജ്യമായ കൃഷിരീതികളായിരുന്നു ചെയ്തുവന്നിരുന്നത്. താഴ്ന്ന പ്രദേശത്ത് നെല്ലും തകിടി പ്രദേശത്ത് തെങ്ങും കവുങ്ങും ഇടവിളയായി വാഴയും കിഴങ്ങുവർഗ്ഗങ്ങളും മലഞ്ചരിവുകളിൽ തെങ്ങ്, കവുങ്ങ്, കുരുമുളക് മലമ്പുരയിടങ്ങളിൽ മരച്ചീനിയുമായിരുന്നു കൃഷിചെയ്തിരുന്നത്.

ജനങ്ങളുടെ ജീവനോപാധികൃഷിയും, തൊഴിൽ മേഖല കൃഷിഭൂമിയുമായിരുന്നു. കർഷകത്തൊഴിലാളികൾ, ഇടത്തരകർഷകർ, കർഷകജന്മികൾ, ഇങ്ങനെ ജനങ്ങളെ മൂന്നായി തരം തിരിക്കാം നെല്ലും, തെങ്ങും, കരിമ്പും, വാഴയും, കിഴങ്ങുവർഗ്ഗങ്ങളും നല്ല നിലയിൽ വളർന്നിരുന്നു. കർഷകരും കർഷകത്തൊഴിലാളികളും തങ്ങളുടെ നിലം, പുരയിടം, വിള എന്നു മാത്രമേ പറഞ്ഞിരുന്നുള്ളു. വിളവിറക്കലും വിളവെടുക്കലും ഗ്രായമത്തിൽ ഒരു ഉത്സവപ്രതീതിയായിരുന്നു. കൃഷിയിറക്കൽ സമയത്ത് വയൽ വരമ്പത്തുനിന്നാൽ മൂളിപ്പാട്ടിന്റേയും ഞാറ്റുപ്പാട്ടിന്റേയും നിലമടിയുടെ ഏലാ വിളിയുടേയും താളാത്മകത അനുഭവപ്പെടുമായിരുന്നു. രാത്രിയിൽ ചക്രം ചവുട്ടുപാട്ടും ഒരു ചക്രത്തിൽനിന്ന് മറ്റുചക്രങ്ങളിലേക്ക് കൈമാറുന്ന ഓയ് ശബ്ദങ്ങളും കേൾക്കാമായിരുന്നു. എരുമകളും, പശുക്കളും, എരുത്തിലും (തൊഴുത്തും) തുറുവും (വൈക്കോൽ) ഇല്ലാത്ത കർഷകഭവനങ്ങളുണ്ടായിരുന്നില്ല. ജനുവരി മുതൽ ഏപ്രിൽ വരെ മരിച്ചീനി, ചേന, ചേമ്പ്, കാച്ചിൽ മുതലായവയുടെ വിളവെടുപ്പും കർഷക ഭവനങ്ങളിലെ പ്രധാനജോലിയായിരുന്നു.

1950 നു ശേഷം ഭൂവുടമാ സമ്പ്രദായത്തിലുണ്ടായ മാറ്റം, കർഷക കർഷകത്തൊഴിലാളി ബന്ധത്തിലുണ്ടായ പ്രശ്നങ്ങൾ, പാരമ്പര്യ കൃഷിരീതിയിൽ നിന്നുണ്ടായ വ്യതിയാനം, കാർഷിക മേഖലയിൽ നിന്നുള്ള യുവാക്കളുടെ പിൻമാറ്റം എന്നിവമൂലം കൃഷിയുടെ മേഖല



യിൽ മാന്ദ്യംസംഭവിച്ചു. എല്ലാരംഗത്തും പുതുമയ്ക്കുവേണ്ടിയുള്ള പ്രചാരണവും അതു സ്വീകരിക്കുവാനുള്ള അഭിവാഞ്ഛയും കാർഷിക രംഗത്താകെ വൻപിച്ച മാറ്റമുണ്ടാക്കി.


ശാസ്ത്രീയമെന്നും വിശേഷിപ്പിച്ച കൃഷിസമ്പ്രദായം കൊണ്ട് ആദ്യമൊക്കെ ഉല്പാദനക്ഷമതയിൽ വമ്പിച്ച മാറ്റമുണ്ടാക്കി. റബ്ബർ കൃഷി മലമുകളിലും മലഞ്ചരുവിലും സ്ഥാനംപിടിച്ചു. കരഭൂമിക്ക് നല്ല വില ലഭിക്കുമെന്നു വന്നതോടെ നിലം നികുത്തി കരഭൂമികളാക്കിത്തുടങ്ങി. റോഡുകൾ നെൽ വയലുകൾക്ക് കുറുകയും നെടുകയും വ്യാപകമായിത്തുടങ്ങി. ജലസ്രോതസ്സുകളും ജലനിർഗമമാർഗ്ഗങ്ങളും അടഞ്ഞുതുടങ്ങി. വളം, കീടനാശിനി എന്നിവയുടെ വിലവർദ്ധനവും തൊഴിലാളികളുടെ കൂലി വർദ്ധനവും മൂലം ഉൽപ്പാദനച്ചിലവും ഉൽപ്പന്ന വിലയും തമ്മിൽ പൊരുത്തപ്പെടാത്ത അവസ്ഥവന്നു. വിളവിറക്കലിലും വിളവെടുപ്പിലും ഉണ്ടായിരുന്ന കൂട്ടായ്മ അവസാനിക്കുകയും കാർഷിക രംഗത്ത് ഒറ്റയാൻ പ്രവർത്തനം ശക്തിപ്പെടുകയും ചെയ്തതുമൂലം ജലസേചനമാർഗ്ഗങ്ങൾ സംരക്ഷിക്കപ്പെടാതായി. കൃഷിയേതും വിശേഷിച്ച് നെൽകൃഷി നഷ്ടത്തിലാണെന്ന് കർഷകന് ബോദ്ധ്യപ്പെടാൻ തുടങ്ങിയപ്പോൾ കൃഷി ഒരു ഉപതൊഴിലായി മാറി. കെട്ടിടങ്ങൾ, റോഡുകൾ, റബ്ബർതോട്ടങ്ങൾ എന്നിവയ്ക്കായി കൃഷിഭൂമിയുടെ നല്ലൊരുപങ്കും മാറ്റികഴിഞ്ഞിരിക്കുന്നു. നെൽ കൃഷികളിൽ നല്ലൊരുഭാഗവും നീർക്കെട്ടുമൂലം തരിശിട്ടിരിക്കുന്നു. അങ്ങനെ നെൽകൃഷിയുടെ അളവ് വളരെ കുറഞ്ഞ തോതിലായിക്കൊണ്ടിരിക്കുന്നു. തൊഴിലാളികളുടെ ലഭ്യതക്കുറവുമൂലം കരകൃഷിയും സാരമായി കുറഞ്ഞുവരുന്നു. മുമ്പ് ഉല്പാദിപ്പിച്ചുകൊണ്ടിരുന്ന നാളികേരത്തിന്റെ 50% പോലും ഇപ്പോൾ ലഭ്യമാകുന്നില്ല. ഇതിനു പ്രധാനകാരണം തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളാണ്. ഇതുമൂലം തകിടി പ്രദേശങ്ങളിൽ റബ്ബർകൃഷി ആരംഭിച്ചിരിക്കുന്നു. ആലാ പഞ്ചായത്തിലെ പൂമല പിടിക്കയം, കരികുളം, പല്ലോന്നിൽ ഉത്തരപ്പള്ളി എന്നീ വൻ ജലാശയങ്ങളുടെ കർഷകർ ഫലപ്രദമായി ഉപയോഗിച്ചുവന്നിരുന്നു. ഇന്ന് ഇവകൊണ്ട് കർഷകർക്ക് പ്രയോജനമില്ലാത്ത അവസ്ഥയിലായി. ഒന്നു രണ്ടു സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ നിലവിൽ ഉണ്ടായിരുന്നു.

കാർഷിക വികസനത്തിന് വൻ സാദ്ധ്യതയായിക്കൊണ്ടുവന്ന പമ്പാ ഇറിഗേഷൻ കനാലുകളുടെ വ്യാപകമായ ചോർച്ച നെൽവയലുകളെ കൃഷിയോഗ്യമല്ലാതാക്കി തീർത്തിരിക്കുന്നു.

പഞ്ചായത്തിനകത്ത് കാർഷികോൽപ്പന്നങ്ങളുടെ വിപണനസൗകര്യങ്ങളില്ല. ബഹുഭൂരിപക്ഷം കർഷകരും തങ്ങളുടെ ഉൽപ്പന്നം ഇടത്തട്ടുകാർക്ക് നൽകുകയാണ്. ഒരു ന്യൂനപക്ഷം എട്ടുകിലോമീറ്റർ അകലെ ചെങ്ങന്നൂർ മാർക്കറ്റിൽ കൊണ്ടുപോയി വില്ക്കുന്നുണ്ട്. മാർക്കറ്റു വിലയും കർഷകനുകിട്ടുന്ന വിലയും തമ്മിൽ വലിയ അന്തരമുണ്ട്.

കൂലി, വേല, സമയം എന്നിവയിൽ സ്ത്രീതൊഴിലാളിക്കും പുരുഷതൊഴിലാളിക്കും വ്യത്യാസമുണ്ട്. ഓരോ ഇനം തൊഴിലിനും പുരുഷന് വ്യത്യസ്തമായ കൂലിയാണ്. ചുമട്, നെല്ലെടുപ്പ്, തെങ്ങുകയറ്റം റബ്ബർ ടാപ്പിംഗ് മൺപണികൾ എന്നിവയ്ക്ക് സാധാരണകൂലിയുടെ ഇരട്ടി ലഭിക്കുന്നു. സാധാരണ ജോലിക്കുമാത്രമേ ഏകീകൃത കൂലിനിരക്കുള്ളു. അതും പ്രഖ്യാപിത കൂലിയേക്കാൾ കൂടുതലാണ്. ഇതൊക്കെയാണെങ്കിലും കാർഷി കരംഗത്ത് തൊഴിലാളികളുടെ കുറവ് വളരെയാണ്.


കൃഷിഭവനിൽ നിന്നും കിട്ടികൊണ്ടിരിക്കുന്ന സേവനം കാർഷീക മേഖലകളുടെ മെച്ചപ്പെടലിന് സഹായകരമല്ലാ. ഗവൺമെന്റിൽ നിന്ന് കിട്ടുന്ന സാമ്പത്തിക ആനുകൂല്യങ്ങളും, വളം, കീടനാശിനി, നടീൽ വസ്തുക്കൾതുടങ്ങിയവയും വിതരണം ചെയ്യുന്ന ഒരു ഏജൻസി എന്നതിൽക്കവിഞ്ഞ് ഈ സ്ഥാപനത്തെ ആരും കാണുന്നില്ല. ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താവിന് അപൂർവ്വമായതിനാൽ വ്യാപകമായ പ്രതിഷേധവും അതൃപ്തിയുമാണ് കൃഷിഭവനെക്കുറിച്ച് ഗ്രാമസഭകളിൽ ഉയർന്നുവന്നത്. ടില്ലറുകളുടെ പ്രവർത്തനം കൃഷിക്കാർക്ക് പ്രയോജനപ്പെടുത്തുന്നില്ല. പാടശേഖരസമിതികൾ, കേര വികസനസമിതികൾ എന്നിവ സംഘടിക്കപ്പെട്ടിട്ടുണ്ടെങ്കിലും കർഷകർക്കോ കാർഷീക മേഖലക്കോ പ്രയോജനകരമായി പ്രവത്തിക്കുന്നില്ല. കീടനാശിനി പ്രയോഗം കുറയ്ക്കുന്നുണ്ടെങ്കിലും രാസവളപ്രയോഗം വർദ്ധിച്ചുതന്നെ



പട്ടിക

പഞ്ചായത്തിലെ ഭൂപ്രകൃതി, ജന പ്രകൃതി, ജലപ്രകൃതി, പൊതുസ്ഥിതിവിവരം


ഭൂപ്രകൃതി		ജനപ്രകൃതി		ജലപ്രകൃതി		
തരം	വിസ്തീർണ്ണം	ഇനം	എണ്ണം	തരം		വിസ്തീർണ്ണം(ഹെക്ടർ)
മലയോരപ്രദേശം (ചാൽ)	432.2	ജനസംഖ്യ	13087	ചാലുകൾ	9	64.36
സമതല പ്രദേശം	330	പുരുഷന്മാർ	6283	കുളങ്ങൾ	13	5.10
താഴ്ന്ന പ്രദേശം (വയൽ)	330	സ്ത്രീകൾ	6804	ആറ് (പുഴ)	1	17
		ഹിന്ദുക്കൾ	6611	മഴയുടെ അളവ്		
		ക്രിസ്ത്യാനികൾ	3562			
		മുസ്ലീം	ഇല്ല			
		പട്ടികജാതി	2911			



നിലനിൽക്കുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജൈവവള പ്രയോഗം വളരെക്കുറവാണ്. കർഷകരിൽ ബഹു ഭൂരിപക്ഷവും ദരിദ്രകർഷകരാണ്"; ഇവർ കർഷകത്തൊഴിലാളികളായിക്കൊണ്ടുമിരിക്കുകയും ചെയ്യുന്നു. ഇവരെ സഹായിക്കുവാൻ സാമ്പത്തിക സ്ഥാപനങ്ങൾ വിശേഷിച്ച് സഹകരണസ്ഥാപനങ്ങൾ തയ്യാറാകുന്നില്ല.

മുഖ്യ പ്രശ്നങ്ങൾ

- ഈ പഞ്ചായത്തിലെ കൃഷിക്ക് പരമ്പരാഗതമായി പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്ന (1) ചെറുവാതുക്കൽ ഇല്ലിമല, (2) കരികുളം പീടിക്കയംതോട് (3) പല്ലോന്നിച്ചാൽ പാറാത്തപ്പുള്ളിതോട്, എന്നീ ജലനിർഗമന മാർഗ്ഗങ്ങൾ തീർത്തും പ്രയോജന രഹിതമായിത്തീർന്നതുമൂലം വെള്ളംകയറ്റാനും ഇറക്കാനും കഴിയുന്നില്ല. അതുകൊണ്ട് ആലായിലെ വിശാല പാടശേഖരങ്ങൾ ഇരുപ്പൂവരെ കൃഷിയിറക്കിക്കൊണ്ടിരുന്ന പുഞ്ചപ്പാടങ്ങൾ വെള്ളക്കെട്ടു പ്രദേശങ്ങളായി മാറിയിരിക്കുന്നു.
- സ്ഥിരമായും ആർഭാടമായും കൃഷി ചെയ്യാറുണ്ടായിരുന്ന (ഇരുപ്പൂവരെ) കരിക്കകുളം പുഞ്ച, പെണ്ണുക്കരസ്കൂൾ പരിസരം മുതൽ തോട്ടക്കരവരെയുള്ള നിലങ്ങൾ ഏകദേശം നൂറ് നൂറ്റമ്പത് ഹെക്ടർ നിലങ്ങൾ കൃഷിയിറക്കാൻ കഴിയാതെ തരിശിട്ടിരിക്കുന്നു.
- റോഡു പരിസരത്തുള്ള നിലങ്ങൾ വ്യാപകമായി നികത്തപ്പെടുന്നു. നെൽവയലുകൾ നഷ്ടമാകുന്നതിനോടൊപ്പം ജലസ്രോതസ്സുകളും ജലനിർഗ്ഗമനമാർഗ്ഗങ്ങളുംഅടയുന്നു. പ്രകൃതിദത്ത പുറമ്പോക്കുതോടുകളും ചില വ്യക്തികൾ കൈവശപ്പെടുത്തുന്നതുമൂലം അടയുന്നു.
- പുതിയ കീടങ്ങളും എലികളും കൃഷിയെ നശിപ്പിക്കുന്നു.
- കൃഷിഭവനിൽ നിന്നോ മറ്റ്സ്വകാര്യ നേഴ്സറികളിൽ നിന്നോ കിട്ടുന്ന നടീൽവസ്തുക്കൾ ഗുണ നിലവാരം കുറഞ്ഞതാണ്. കിട്ടുന്നതോ സമയത്തിനല്ല, ആയതുകൊണ്ട് ഫലപ്രദമല്ല.
- ഒരു നിജവുമില്ലാത്ത കൂലി സമ്പ്രദായം, കൂലി വർദ്ധനവ് യഥാകാലം സ്വാഭാവികമായി ഉണ്ടാകുന്നുവെങ്കിലും ജോലിയുടെ അളവിലും ജോലി സമയത്തിനും കുറവുണ്ടായിക്കൊണ്ടിരിക്കുന്നു.
- പുതിയറോഡുകളുടെ നിർമ്മാണം മൂലം പാടശേഖരങ്ങളിലെ ജലം ഒഴിഞ്ഞുമാറുന്നില്ല.
- മണ്ണൊലിപ്പുമൂലം വാർഡ് 3,6,8 എന്നീ സ്ഥലങ്ങളിലെ കരത്തോടുകളും നിലങ്ങളും നികരുന്നു.
- തെങ്ങുകൃഷി വിവിധ രോഗങ്ങളാൽ നശിച്ചു കൊണ്ടിരിക്കുന്നു. കൂടുതലും, അത്യുല്പാദനശേഷിയുള്ളതും പുതുതായി നികത്തപ്പെട്ടിട്ടുള്ളസ്ഥലത്തു വെച്ചതുമായ തെങ്ങുകൾക്കാണ് സർവനാശം ഉണ്ടാകുന്നത്. തെങ്ങ് ഈ പ്രദേശത്തുനിന്ന് പൂർണ്ണമായും ഇല്ലാതായിത്തീരുകയാണെന്നുപോലും കർഷകർ ഭയപ്പെടുന്നു.
- പഞ്ചായത്തിന്റെ 1, 2,4, 5 വാർഡുകളിലെ ഇരുപ്പൂനിലങ്ങളിൽ അത്യാവശ്യ സമയത്ത് ജലം ലഭ്യമല്ല.
- കാർഷീക മേഖലിൽ പണിയെടുക്കാനുള്ള തൊഴിലാളികളുടെ കുറവ് ഇവിടെയുണ്ട്.
- ചാണകം, പച്ചില, തുടങ്ങിയ ജൈവവളപ്രയോഗം വളരെക്കുറവാണ്.
- നടീൽ യന്ത്രം മെതിയന്ത്രം, കൊയ്ത്ത് യന്ത്രം, ഒരുക്കെന്ത്രം തുടങ്ങിയവ പഞ്ചായത്തിലില്ല.



- വിളവും ഉല്പാദനചിലവുമായി പൊരുത്തുപ്പെട്ടു പോകുംവിധം ഉല്പന്നങ്ങൾക്കു വില കിട്ടുന്നില്ല.
- കാഷികോല്പാന്നങ്ങൾ വില്കാനുള്ള മാർക്കറ്റ് പഞ്ചായത്തിലില്ല.
- കർഷകർക്ക് അത്യാവശ്യ സമയത്ത് വായ്പ കിട്ടാനുള്ള സൗകര്യമില്ല.
- പമ്പാ ഇറിഗേഷന്റെ എല്ലാ കനാൽഭാഗവും ചോരുന്നതുമൂലം വേനൽക്കാലകത്തും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി നശിക്കുന്നു. യഥാസമയം കൃഷിയിറക്കാനും കൊയ്ത്തു നടത്താനും കഴിയാതെ വരുന്നു.
- പഴയ കാർഷീകോൽപ്പന്നങ്ങളുടെ കൃഷിവ്യാപകമായി കുറഞ്ഞുവന്നിരിക്കുന്നു. വിലക്കുറവുംഉല്പാദനച്ചെലവുമാണ് പ്രധാന കാരണം.
- വയലേലകൾ തുണ്ടുതുണ്ടായതും, കർഷകരുടെ ഐക്യമില്ലായ്മയും കാർഷിക തകർച്ചക്ക് ഇടയായി.

സാധ്യതകൾ

- ആലാ ഗ്രാമ പഞ്ചായത്തിലെ നെൽപ്പാടങ്ങൾ ഒന്നിനോടൊന്ന് ബന്ധപ്പെട്ടു കിടക്കുന്നതും എന്നാൽ ഓരോ പാടവും (വയൽ) പ്രകൃതിദത്തമായി വേർതിരിക്കപ്പെട്ടും കിടക്കുന്നതുകൊണ്ട് ഒരു ദീർഘകാല മാസ്റ്റർ പ്ലാനിലൂടെ കാർഷികമേഖലയുടെ വികസനം ആവേശകരമാക്കി എടുക്കുവാൻ കഴിയും.
- കർഷക സമിതികൾ പാടശേഖര അടിസ്ഥാനത്തിലുണ്ടാക്കി കർഷക സഹകരണത്തോടും നേതൃത്വത്തോടുംകൂടി പെട്ടെന്നു ചെയ്യു തീർക്കേണ്ട പ്രശ്നങ്ങൾക്കു പരിഹാരം കാണാവുന്നതാണ്.

നിർദ്ദേശങ്ങൾ

(A) ജലസേചനം

- കുതിരവട്ടം ചിറവാതുക്കൽ ഇല്ലിമരലത്തോട് കൃഷിക്കുപയുക്തമാക്കുക. വെൺമണി പഞ്ചായത്തിൽനിന്ന് ആരംഭിക്കുന്നതും ആലാ, പുലിയൂർ, പാണ്ടനാട് പ്രദേശങ്ങളിലൂടെ കടന്ന് പമ്പയാറ്റിൽ എത്തിച്ചേരുന്നു. മറ്റൊരുശാഖ ആലാ വടക്കുനിന്ന് ആരംഭിച്ച് കടന്തോട് പാലം ഇറപ്പുഴവഴി പമ്പയാറ്റിലെത്തിച്ചേരുന്നു. ഈ പ്രദേശങ്ങൾ പുലിയൂർ പഞ്ചായത്ത്, ചെങ്ങന്നൂർ മുൻസിപ്പാലിറ്റി എന്നിവയിൽഉൾപ്പെടുന്നു.

  ആലാപഞ്ചായത്തിലെ 1, 3, 4, 5, 6, 8 വാർഡുകളിലെ 95% നിലങ്ങളേയും ജലസേചനയോഗ്യമാക്കിത്തീർക്കാൻ കഴിയുന്ന പരമ്പരാഗതമായ തോട് വീതികുറഞ്ഞ് മണ്ണു നിറഞ്ഞ് ഇന്ന് ഉപയോഗശൂന്യമായിരിക്കുന്നു. മലഞ്ചരക്കുകൾ കെട്ടുവെള്ളത്തിൽ കൊണ്ടുപോയിക്കൊണ്ടിരുന്ന ചരിത്രപസിദ്ധമായ ഒരു തോടാണിത്. ഇതിനെ ശാസ്ത്രീയമായി സംവിധാനം ചെയ്താൽ ആലാ നെൽവയലുകൾ സമ്പന്ന യായിത്തീരും.

  (I) തോട് വീതികൂട്ടി, ആഴം കൂട്ടി ഇരു വശത്തുമുള്ള വരമ്പുകളെ ബണ്ടുകളാക്കുക.

  (II) തോടിന്റെ ഒരു വശം റോഡാക്കിയാൽ (ആവശ്യമുള്ള സ്ഥലത്ത്) കാർഷീക വൃത്തി കൂടുതൽ സുഗമമാക്കും

(III) തോട്ടങ്കര, പിലാന്തോട്ടത്തറ പുല്ലാംതാഴെ ഉതുംകുഴി എന്നീ സ്ഥലത്ത് ചീർപ്പു നിർമ്മിക്കുക.

(IV) സൗകര്യപ്രദമായ സ്ഥലത്ത് ഹൈപവർ മോട്ടോർ സ്ഥാപിക്കുക.

(V) തോടിന്റെ ഇരുവശമുള്ള നെൽവയലുകളിലേക്ക് ജലസേചനം നടത്താനും ജലനിർഗമനം നടത്തുവാനും പ്രധാന ഭാഗങ്ങളിൽ കൈത്തോടുകൾ നിർമ്മിക്കുകയും കൈത്തോട് വന്നുചേരുന്ന സ്ഥാനത്ത് ഔട്ട്ലറ്റ് സ്ഥാപിക്കുകയും ചെയ്യുക.

(VI) മറ്റു പാടശേഖരങ്ങളെ ഈ തോടുമായി ബന്ധിപ്പിക്കുന്ന കൈത്തോടുകൾ ഉണ്ടാകണം.

(VII) മെയിൻകനാലായി തോടും അതിന്റെ സബ്ബ്രാഞ്ചുകൾ എന്ന നിലയിൽ മറ്റു കൈതോടുകളും എന്ന രീതിയിൽ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യുക.

ചിറവാതുക്കൽ ഇവല്ലിമലത്തോട് നാല് പഞ്ചായത്തിലൂടെ കടന്നുപോകുന്നതുകൊണ്ട് ബ്ലോക്കു പഞ്ചായത്തിന്റെയോ, ജില്ലാപഞ്ചായത്തിന്റെയോ പദ്ധതിയായി അംഗീകരിക്കേണ്ടതാണ്.

✍ പല്ലോന്നിച്ചാൽ മുതൽ ഉത്തരപള്ളി ആറു വരെയുള്ള തോട് കൃഷിക്ക് ഉപയുക്തമാക്കുക

വെണ്മണിപഞ്ചായത്തിൽനിന്ന് ആരംഭിക്കുന്ന തോട് ആലാ പഞ്ചായത്തത്തിലെ 6,7,5,4,2,1 വാർഡുകളിൽ നിലങ്ങളിലൂടെ കടന്നുപോകുന്നു.

1. പല്ലോന്നിചാലിനു സമീപം ചിറകെട്ടിവെള്ളം ശേഖരിച്ചു നിർത്തുക.
II. താഴോട്ട് ആഴവും വീതിയും കൂട്ടുക.
III ഈ തോട്ടിൽ കുന്നത്തറപടി, പുളിഞ്ചിമൂട്ടിൽപടി, കീടായ്ക്കുഴിപടി, പ്ലാന്തോട്ടത്തിൽ പടി, മൂഴേത്ര പടി, തെക്കുംതറപടി എന്നീ സ്ഥലത്ത് ശാസ്ത്രീയമായി ചീപ്പു നിർമ്മിക്കുക. (മിക്കഭാഗത്തും ചീപ്പ്ഉണ്ടായിരുന്നു)
IV ഈ തോടിന് അനുബന്ധമായി കൈതോട് നിർമ്മിക്കുക./ ഈ തോട് ബ്ലോക്കു പഞ്ചായത്തിന്റെയോ ജില്ലാപഞ്ചായത്തിന്റെയോ പദ്ധതിയായി അംഗീകരിക്കുക.

✍ കരിക്കുളം പിടിക്കയം റോഡ് ആഴവും വീതിയും കൂട്ടിവെട്ടുക.

I കരിക്കുളംചാൽ ആഴം കൂട്ടി ചിറ ബലവത്താക്കുക.
II കരിക്കുളം പുഞ്ചയിൽനിന്ന് തോട് ആരംഭിക്കുന്ന സ്ഥാനത്ത് മോട്ടോർ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകുക.
III ഈ തോട്ടിൽ ചെറുവത്ര വെല്യത്തറ പടിഞ്ഞാറുവശം എന്നിവിടങ്ങളിൽ ഓരോ ചീപ്പു സ്ഥാപിക്കുക.
IV മാമ്പ്രപാടം കൃഷിയോഗ്യമാക്കുവാൻ കല്ലുവാതുക്കലിൽ ഭാഗത്തുനിന്നും ചിറയിൽ കുഴിയിൽക്കൂടി (ഉത്തരപള്ളി) വരട്ടാറിലേക്ക് ഒരു കനാൽ നിർമ്മിക്കുക. കനാലിന്റെ ഒരു സൈഡ് റോഡാക്കുകയും ചെയ്താൽ കൂടുതൽ പ്രയോജനപ്രദമാക്കും.

ഈകനാൽ ചെറിയനാട് പഞ്ചായത്തിലെ പാടശേഖരങ്ങൾക്കും പ്രയോജനപ്രദമാകുന്നതുകൊണ്ട് ബ്ലോക്കുതലത്തിൽ ചെയ്യേണ്ട ഒരു പദ്ധതിയായി കണക്കാക്കേണ്ടതാണ്.

V ചാലും പാട് പാടശേഖരത്തിലേക്ക് വെള്ളം കയറ്റാനും ഇറക്കാനും ആലാക്കാവിൽപടി മുതൽ പായലിപ്പുറം പടിവരെയുള്ള തോട് പൂർവ്വസ്ഥിതിയിലാക്കി പാർശ്വഭിത്തികെട്ടിച്ച് പായലിപ്പുറത്ത് ഒരു ചീപ്പുനിർമ്മിക്കുക.

VI വരട്ടാറിൽ നിന്നും കണ്ണമ്പള്ളി പാടത്തേക്കും ആലാപാടത്തേക്കും പോകുന്ന തോടുകൾ വീതികൂട്ടി (ആഴവും) പാർശ്വഭിത്തികെട്ടി ജലസേചനം സൗകര്യപ്രദമാക്കി മേക്കരപടിക്കൽ ചീപ്പു നിർമ്മിക്കുക.

VII പിടിക്കയം ചാലിൽ നിന്ന് ചിറവാതുക്കൽ തോട്ടങ്കര തോടിനോടു ബന്ധിപ്പിക്കുന്ന തോട് ആഴവും വീതിയും കൂട്ടുക.

VIII ചെറുവത്തറ പടിക്കൽ കരിക്കുളം പിടിക്കയം തോടിന്റെ കരഭാഗത്ത് ചേർത്ത് ഒരു ഔട്ട്ലറ്റ് നിർമ്മിച്ച് കിഴക്കോട്ട് കര ചേർത്ത് ഒരു ചെറുകനാൽ ആലോംതറപടി വരെ നിർമ്മിച്ച് കിഴക്കുഭാഗത്തുകൂടി കോളോംതറ പുരയിടത്തിനു സമീപം വരെയും ആലാംതറ വടക്കുവശത്തുനിന്ന് മറ്റൊരു കനാൽ നെടുമ്പോത്തറ പടിഞ്ഞാറുവശത്തുകൂടി ഞാറ്റോട്ടിപടിക്കലൂടെ പോകുന്ന വലിയ കനാലിലേക്കു ബന്ധിപ്പിക്കുക. ആലോംതറ കിഴക്കുവശത്തുകൂടി മറ്റൊരു കനാൽ നെടുമ്പോത്തറ കിഴക്കു വശത്തുകൂടി നിർമ്മിച്ച് മെയിൻകനാലിനോട് ബന്ധിപ്പിക്കുക.

പൂത്തറപടിക്കൽ ഉണ്ടായിരുന്ന തുമ്പ് പുനർനിർമ്മിച്ച് വടക്കോട്ട് വെട്ടി ഈ തോടിനോടു ബന്ധിപ്പിക്കുക.

IX പ്ലാന്തോട്ടത്തിൽ തെക്കുവശം ചീപ്പിട്ട് തെക്കും തറപടി മാമ്പ്രപാടം തോട് ആഴംകൂട്ടി വൃത്തിയാക്കുക.

X നെടുവന്തറ പടിക്കൽനിന്ന് പടിഞ്ഞാറോട്ടുള്ള തോട് വൃത്തിയാക്കുക.

XI മാങ്കരി കുളക്കാട് നിലം കൃഷിയോഗ്യമാക്കുവാൻ അതുവഴി കടന്നുപോകുന്ന തോടിന്റെ കാഞ്ഞിരിക്കപ്പടിയിലുള്ള തുമ്പ് വൃത്തിയാക്കുകയും തോടിന് ആഴംകൂട്ടി പാർശ്വഭിത്തികെട്ടുക.

XII പുളിഞ്ചിമൂട്ടിൽ പടിക്കൽ നിന്ന് മാമ്പ്രപാടത്തേക്കുള്ള തോടിന്റെ ഭാഗത്ത് ഒരു ചീപ്പു സ്ഥാപിച്ച് തോടിന്റെ മുകളിലും മുന്നൂറുമീറ്റർ സ്ലാബിട്ട് സഞ്ചാരയോഗ്യമാക്കുക.

XIII പുലിപ്പാറമോടിത്തോടിന്റെ വശങ്ങൾകെട്ടി പുലിപ്പാറമോടിയുമായ് യോജി ക്കുന്ന ഭാഗത്ത് കലുങ്കും ബണ്ടും നിർമ്മിക്കുക.


XIV പണിക്കശ്ശേരിപടി മണലേൽപടിതോടിന്റെ സൈഡ് കെട്ടി ചീർപ്പുകൾ സ്ഥാപിക്കുകയും പണിക്കശ്ശേരി പടിക്കു കലുങ്കു നിർമ്മിക്കുകയും ചെയ്യുക.

XV ചിറമേൽപടി, പൂത്തറപടിവരെയുള്ള തോട് സൈഡ്കെട്ടി ജലസേചനം ഉണ്ടാക്കുക. ചിറമേൽ പടിക്ക് കലുങ്ക് നിർമ്മിക്കുക.

XVI തോട്ടങ്കരമുതൽ വാക്കയിൽപടിവരെകരത്തോടു നിർമ്മിക്കുക.

XVIIമരുവന്തറപടിക്കലുള്ള തോട് വൃത്തിയാക്കി തറയിൽ കിഴക്കുവശത്തുകൂടി ഒരു ചീപ്പു നിർമ്മിക്കുക. തോട് വടക്കോട്ടുവെട്ടി മാമ്പള്ളി പടവുവഴി ചെങ്കിലാത്ത് വഴി പോകുന്ന തോടിനോടു ബന്ധിപ്പിക്കുക.

XVIII നാലുകണ്ടത്തിൽ പടിക്കൽ വരെയുള്ള തോട് തകിടി കിഴക്കും വശത്തുകൂടി പൂങ്ങാംതറ, ഞക്കമ്പത്തറ പടിഞ്ഞാറ് പാടശേഖരങ്ങളിൽ കൂടി ചെങ്കിലാത്തുപടി തോടിനോടു ബന്ധിപ്പിക്കുക.



XIX ഓഴാട്ടുമൂലനിലങ്ങളിലൂടെയുള്ള തോട് വൃത്തിയാക്കി വെട്ടി കോളനിയുടെ കിഴക്കുവശത്തുള്ള കൂടി മെയിൻതോടിനോടു ബന്ധിപ്പിക്കുക. തോടിന് ആഴവും വീതിയും കൂട്ടണം തോടുസൈഡ് ബണ്ടുകെട്ടി സംരക്ഷിക്കുക.

XX കുതിരവട്ടംചിറ പുന:സ്ഥാപിച്ച് വെള്ളം ശേഖരിച്ചു നിർത്തുക

XXI മാങ്കരിയിൽനിന്ന് ആരംഭിക്കുന്ന നീരൊഴുക്കുതോട് പുനൻനിർമ്മാണം നടത്തുക.

XXIIവായനശാലമുതൽ തെങ്ങിൽ പടിവരെയുള്ള നിലത്തിന്റെ കരതോട് കെട്ടുക.

XXIIIകാവക്കോട് നിലത്തിന്റെ പടിഞ്ഞാറുവശത്തുള്ള കരത്തോട് ആഴവും വീതിയും കൂട്ടുക.

XXIIIIപാറാത്തപള്ളി വരട്ടാറിൽനിന്ന് മണത്തറപടിക്കൽ കൂടി ചെങ്കിലാത്തു പടിക്കൽകൂടി മെയിൻതോടിനോടു ബന്ധിപ്പിച്ചിരുന്ന കൈതോട് പുനർനിർമ്മിക്കുക.

XXVപമ്പാ ഇറിഗേഷൻകനാലിന്റെ ചോർച്ച അവസാനിപ്പിക്കുക.

XXVIമൂഴോത്തറപടിക്കലുള്ള ബ്രാഞ്ചുകനാൽ ശാസ്ത്രീയമായി പുനരാവിഷ്ക രിക്കുക.

XXVIIആലാക്കാവിന്റെ വടക്കുഭാഗത്ത് കരത്തോടു നിർമ്മിക്കുക.

വെള്ളക്കെട്ട് ഒഴിവാക്കാൻ പാലം / കലുങ്ക് / തൂമ്പ് സ്ഥാപിക്കാൻ


- ❑ മാന്തറപടിക്കൽ പാലം നിർമ്മിച്ച്പരിസരത്തുള്ള നെൽ വയലുകളുടെ വെള്ളക്കെട്ട് ഒഴിവാക്കുക.
- ❑ പായലിപ്പുറത്തു പടിക്കൽ കലുങ്ക് നിർമ്മിക്കുക.
- ❑ ആലാ പെണ്ണുക്കര പള്ളിമുക്കു റോഡിൽ വേഴാമ്പ്രപടി നീലുകണ്ടത്തിൽപടി പൂത്തറപടി എന്നിവിടങ്ങളിൽ തൂമ്പു പുന: സ്ഥാപിക്കുക.
- ❑ കരിമ്പിൽപടി അകത്തുരേത്ത്പടി റോഡിന്റെ പടിഞ്ഞാറും കിഴക്കും തൂമ്പു സ്ഥാപിക്കുക.
- ❑ ചിറക്കുഴിയിൽ നിലവിലുള്ള കലുങ്കുമാറ്റി പാലം നിർമ്മിക്കുക.
- ❑ കൊച്ചുതറ പടിയിലെ തൂമ്പുമാറ്റി കലുങ്കോ പാലമോ നിർമ്മിക്കുക
- ❑ കരിമ്പിൻമുറ്റം കുരിശിൻമൂട് ബണ്ടും കലുങ്കും നിർമ്മിക്കുക.
- ❑ മുടന്തിയാരിക്കൽ ബണ്ടും കലുങ്കും നിർമ്മിക്കുക.

മോട്ടോർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ


കാട്ടുങ്കൽപടി, അത്തലക്കടവ്, ആലാക്കാവ്, തോട്ടംകര, പിലാംതോട്ടത്തറ, കരികുളം

സമയബന്ധിതമായി നടത്തേണ്ട മറ്റു നിർദ്ദേശങ്ങൾ

- ❑ ട്രാക്ടർ, നടീൽയന്ത്രം, കൊയ്ത്തുയന്ത്രം മെതിയന്ത്രം, സ്പ്രയർ, ഒരുക്കുയന്ത്രം സബ്സിഡി നിരക്കിൽ കർഷകന് നല്കണം
- ❑ പാടശേഖരങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്തണം
- ❑ ഉല്പാദന ക്ഷമത കൂടിയതും നല്ല നടീൽ വസ്തുക്കൾക്കും കൃഷിഭവന്റെ നേതൃത്വത്തിൽ പഞ്ചായത്തിൽതന്നെ വിത്തുല്പാദനം നടത്തി വിതരണം ചെയ്യുക.
- ❑ കാലാകാലങ്ങളിൽ മണ്ണു പരിശോധന നടത്തി കർഷകർക്ക് മാർഗ്ഗ നിർദ്ദേശം നല്കുക
- ❑ തെങ്ങു രോഗത്തിന് വർഷത്തിൽ രണ്ടുതവണയെങ്കിലും മരുന്നു തളി ഏർപ്പെടുത്തുക.



- കേടുവന്ന തെങ്ങ് വെട്ടി മാറ്റി പുതിയവ വെച്ചു പിടിപ്പിക്കുന്നതിന് സാമ്പത്തിക സഹായവും നല്ല തെങ്ങിൻ തൈകളും വിതരണം ചെയ്യുക.
- തെങ്ങു കർഷകർക്ക് റബ്ബർ, കാപ്പി, തുടങ്ങിയ കർഷകർക്ക് നല്കുന്ന ആനുകൂല്യങ്ങൾ നൽകുക.
- പാടശേഖര സമിതി, കേര സമിതി, കുരുമുളകു സമിതി എന്നിവ പുനസംഘടിപ്പിച്ച് കാര്യക്ഷമമാക്കുക.
- പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് വീട്ടമ്മമാർ വിദ്യാർത്ഥികൾ എന്നിവർക്ക് ബോധവൽക്കരണവും ഒരു വീട്ടിൽ കുറഞ്ഞത് അഞ്ചിനം പച്ചക്കറികൾ എങ്കിലും ഉല്പാദിപ്പിക്കവണ്ണം പദ്ധതി ആവിഷ്കരിക്കുക.
- പഞ്ചായത്തിലെ പശ്ചിമരാശി മൺപ്രദേശത്ത് വെറ്റില കൃഷി പ്രോൽസാഹിപ്പിക്കുക.
- അന്യംനിന്നുകൊണ്ടിരിക്കുന്ന കുരുമുളക്, കമുക്, ചേമ്പ്, കാച്ചിൽ ഇഞ്ചി എന്നിവയുടെ കൃഷി വ്യാപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ഔഷധകൃഷി, ഉദ്യാനകൃഷി, ഇടവിളയായി ചെയ്യാവുന്ന തോട്ടങ്ങൾ തെരെഞ്ഞെടുത്ത് പ്രോൽസാഹിപ്പിക്കുക
- പഞ്ചായത്തിൽ സംഘടിപ്പിക്കപ്പെട്ടിരുന്ന സെറികൾച്ചറൽ സൊസൈറ്റി പുന:സംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കുക .
- കൃഷിഭവൻ ഉദ്യോഗസ്ഥർ, കർഷകരുമായി നിരന്തരം ബന്ധം പുലർത്തുന്നതിന് പരിപാടി തയ്യാറാക്കുക.
- പച്ചക്കറി കൃഷി ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
- ഒരു വീടിന് അഞ്ച് ഏത്തവാഴ എന്ന പദ്ധതി വീട്ടമ്മമാരിലൂടെ നടത്താവുന്നതാണ്.
- പച്ചക്കറി കിറ്റുകൾ നൽകുക.
- പച്ചക്കറി, ഏത്തവാഴ തുടങ്ങിയവ വ്യവസായ അടിസ്ഥാനത്തിൽ കൃഷി ചെയ്യാനുള്ള പ്രോൽസാഹനവും നല്കുകയും അവരുടെ ഉല്പന്നം മാവേലി ചന്തയ്ക്കായി ഏറ്റെടുക്കുകയും ചെയ്യുക.
- നെൽകൃഷിക്കാരുടെ സബ്സിഡി വർദ്ധിപ്പിക്കുക.
- കൃഷി ഭവനുകളെ കാർഷിക ക്ലിനിക്കുകളാക്കുക.
- പ്രധാന വിളവുകൾക്ക് താങ്ങുവില ഉയർത്തി പ്രഖ്യാപിക്കുക
- സുഗന്ധവിള കൃഷി പ്രോൽസാഹിപ്പിക്കുക.
- കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കുക.
- വാർഡ് അടിസ്ഥാനത്തിലും കാർഷിക വികസന സമിതി രൂപീകരിക്കുക
- എലി നശീകരണം സംഘടിതമായും വ്യാപകമായും നടത്തുക.
- വിളവെടുപ്പിലൂടെ തിരിച്ചു പിടിക്കുന്ന ഉല്പന്നമായും കാർഷികകടാശ്വാസ പദ്ധതിയിലും ആവിഷ്കരിക്കാൻ പ്രാദേശിക സാമ്പത്തിക സ്ഥാപനങ്ങളുടെ മേൽ പഞ്ചായത്തു സമിതിയുടെ ഇടപെടൽ ഉണ്ടാവുക
- വാർഡടിസ്ഥാനത്തിൽ നല്ല കൃഷിക്കാരൻ എന്ന ബഹുമതി സമ്മാനപരിപാടിയും വിളവെടുപ്പ് ഉൽസവവും സംഘടിപ്പിക്കുക.
- കർഷക തൊഴിലാളികൾക്ക് ഒരു പൊതുകൂലി നിരക്ക് ഓരോ തൊഴിലിനും പ്രത്യേകമായി തൊഴിൽനോംസ് ഉണ്ടാക്കി കർഷകപ്രതിനിധികളും കർഷകതൊഴിലാളി പ്രതിനിധികളും പഞ്ചായത്തു സമിതിയും ചേർന്നുകൊണ്ട് വർഷ ത്തിലൊരിക്കൽ പരസ്യമായി പ്രഖ്യാപിക്കുക.



- കൃഷിക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുക.
- കർഷകർക്കുള്ള ആനുകൂല്യങ്ങൾ കർഷകരുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ കർഷക വാർത്താബോർഡുകൾ പഞ്ചായത്തിന്റെ ശ്രദ്ധാ കേന്ദ്രങ്ങളിൽ സ്ഥാപിക്കുക.
- വിള ഇൻഷ്വറൻസ് പദ്ധതി വ്യാപകമായി നടപ്പിലാക്കുക.
- കർഷകരും കർഷകതൊഴിലാളികളും തമ്മിൽ ഐക്യവും ധാരണയും ഉണ്ടാക്കാൻ സംയുക്ത സെമിനാറുകൾ സംഘടിപ്പിക്കുക.
- മൈനർ ഇറിഗേഷൻ, വൈദ്യുതി, കൃഷിഭവൻ, സോയിൽ കൺസർവേഷൻ, റവന്യൂ എന്നീ വകുപ്പുകളുടെ കൃഷിക്കാരുമായി നേരിട്ടു ബന്ധിപ്പിക്കുന്നതിന് പരിപാടി തയ്യാറാക്കുക.
- ചെങ്ങന്നൂർ റഗുലേറ്റഡ് മാർക്കറ്റായി ഉയർത്തുക.
- ചൊവ്വ, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം ആലാ ഗ്രാമപഞ്ചായത്തിൽ ഒരു മാർക്കറ്റ് പ്രവർത്തിപ്പിച്ച് ചെങ്ങന്നൂർ റഗുലേറ്റഡ് മാർക്കറ്റുമായി ബന്ധിപ്പിക്കുക.
- കാർഷികോല്പന്ന വിപണനത്തിനായി നെടുവരംകോട് ചന്ത പുന:സംഘടിപ്പിക്കുക
- വേലികൾ, ജൈവവളസമ്പത്ത് എന്ന തത്വത്തിൽ പച്ചിലവള പ്രോൽസാഹന പരിപാടി തയ്യാറാക്കുക.
- ഉയർന്ന പാടങ്ങളിൽ മൂന്നാം വിളയായി പച്ചക്കറി കൃഷി പുന:സംഘടിപ്പിക്കുക.

മണ്ണൊലിപ്പ് തടയൽ

പഞ്ചായത്തിലെ 3,8,6 വാർഡുകൾ മുഴുവനായും മറ്റുവാർഡുകൾ ഭാഗികമായും മലയോരപ്രദേശങ്ങളാണ്. അതുകോണ്ട് ദീർഘകാല പദ്ധതിയിലൂടെ മണ്ണൊലിപ്പ് പൂർണ്ണമായി അവസാനിപ്പിച്ചെങ്കിലേ ഈ പ്രദേശത്ത് നെൽ വയലുകളുടെ പ്രശ്നങ്ങൾ ഉർപ്പടെ പരിഹാരിക്കാനാവൂ.

- പുല്ലാം താഴെ പാലം മലയിൽ തെക്കുഭാഗം വരെയുള്ള നിലങ്ങളുടെ സൈഡ് കെട്ടുക.
- മലകളുടെ അടിവാരത്തിലായി കിടക്കുന്ന നെൽ വയലുകളുടെയെല്ലാം സൈഡു കെട്ടി സംരക്ഷിക്കുക.

പ്രത്യേക ശ്രദ്ധയ്ക്ക്.

പഞ്ചായത്തുവക ചാലുകൾ, കുളങ്ങൾ, സംരക്ഷിച്ച് അതു ജലസേചനത്തിനും ശുദ്ധജലവിതരണത്തിനും മത്സ്യബന്ധനത്തിനും അടിസ്ഥാന ഉപയോഗപ്രദമാക്കാ നുള്ള പ്ലാനിംഗ് ഉണ്ടാക്കണം [പൂമല, പല്ലോന്നി, പാറാത്തപ്പള്ളി, പിടിക്കയം കരിക്കുളം, പച്ചംവേലി എന്നീ ജലാശയങ്ങൾ]

ഈ ജലാശയങ്ങളേ അന്യോന്യം ബന്ധിപ്പിക്കുന്ന പ്രധാന തോടുകളും ഉപതോടു കളും ഷട്ടറുകളും ചീർപ്പുകളും ഔട്ട്ലൈറ്റുകളും തടയണകളും സ്ഥാപിച്ച് ജലസംവിധാനം ശാസ്ത്രീയമാക്കാം മലമൂകളിലെ കൃഷിയ്ക്ക് ആവശ്യം വേണ്ടസ്ഥലത്ത് ലിഫ്ട് ഇറിഗേഷൻ സ്ഥാപിക്കുക. [വാർഡ് 8, 3, 7]

(P.T.O)

ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ കൈവശ ഭൂമി വിവരം

ഇനം	വിസ്തീർണ്ണം ഹെക്ടറിൽ	നാമമാത്രകർഷകർ 1 ഹെ.താഴെ	ചെറുകിട കർഷകർ 1മു2 ഹെ.	വൻകിട കർഷകർ 2 ഹെ.മുകളിൽ
നിലം	42.5	585 ഹെക്ടർ	392 ഹെക്ടർ	75.24 ഹെക്ടർ
പുരയിടം	667.2	4794 കർഷകർ	318 കർഷകർ	32
കൃഷിക്കാർ				
പുറംപോക്ക്				
കൃഷിയോഗ്യ തരിശ്	110			
കൃഷിയോഗ്യമല്ലാത്ത തരിശ്	ഇല്ല			
ആകെ				

വിസ്തീർണ്ണവും ഉത്പാദനവും

വിള	വിസ്തീർണ്ണം ഹെക്ടറിൽ	മൊത്തം ഉത്പ്പാദനം	ഉദ്പ്പാദനക്ഷമത ഹെക്ടറിൽ ടൺ	പ്രധാനപ്പെട്ട നെൽവിത്ത്
നെല്ല് ഒന്നാംവിള	200 ഹെ	475	2.28 /ഹെക്.	ത്രിവേണി
,, രണ്ടാം വിള	120 ഹെ.	151 ഹെ.	1.26 /ഹെ	കർത്തിക(M.O7)
,, മൂന്നാം വിള	105 ഹെ	294 ഹെ	2.80 /ഹെ	പവിഴം (MO5)
തെങ്ങ്	230 ഹെ	9 ലക്ഷം	3900 /ഹെ.	ജ്യോതി
പച്ചക്കറികൾ	20 ഹെ	105 ടൺ	5.25 /ഹെ	അരുണ
മരച്ചീനി	28 ഹെ	504 ടൺ	.18 /ഹെ	ഭദ്ര
കശുമാവ്	14 ഹെ	12 ടൺ	.85 /ഹെ	121
വാഴ	35 ഹെ	227 ഹെ	6.5 /ഹെ	
കുരുമുളക്	20 ഹെ	4.8 ടൺ	.24 /ഹെ	
പ്ലാവ്	16 ഹെ	24800 എണ്ണം	1550 /ഹെ	
മാവ്	4 ഹെ	8.92 ടൺ	.69 /ഹെ	
കവുങ്ങ്	8 ഹെ	320000 എണ്ണം	40000 /ഹെ	
റബ്ബർ	115 ഹെ	80 ടൺ	.69/ഹെ	

കിട്ടിയ രേഖയിൽ നിന്ന് ഈ കണക്ക് വസ്തുതാപരമല്ല.

രാസവള കീടനാശിനി വിനിയോഗം

വർഷം	രാസവളം കി. ഗ്രാം	കീടനാശിനി	
		ദ്രവം	ഖരം
1993-94	80140 kg	178 Lit.	1195 kg
1994-95	91200 kg	154 Lit.	902 kg
1995-96	100500 kg	128 Lit.	700 kg

നടീൽ വസ്തു വിവരം


ഇനം	1993-94	1994-95	1995-96
തെങ്ങ്	300 Nos.	150 Nos.	850 Nos.
കശുമാവ്	160 Nos	200 Nos	-
കുരുമുളക്	750 Nos	3000 Nos.	13500
കുമുക്	500 Nos	675	-


തെങ്ങ് കൃഷി സംബന്ധിച്ച വിവരം

തെങ്ങ്കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബ്രഡ്റോട്ട്	സ്റ്റെംബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
230 ഹെക്ടർ	13800 Nos	27600	41400	3450	650	325	200	-	4625

നിലം കിളച്ച് കൃഷിചെയ്തുജീവിക്കുന്ന
കർഷകന്റെ ജീവിതമാണ് ഏറ്റവും അഭികാമ്യമായിട്ടുള്ളത്.

— ഗാന്ധിജി





മൃഗസംരക്ഷണം

ആമുഖം, പ്രശ്നങ്ങൾ, സാധ്യതകൾ

കേരളത്തിന്റെ വികസനത്തിൽ വളരെയേറെ പ്രസക്തിയുള്ള ഒന്നാണ്. മൃഗ സംരക്ഷണം. ക്ഷീരവികസന മേഖല. 1986-87ൽ കേരളത്തിലെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 5.95% ആയിരുന്നു മൃഗസംരക്ഷണമേഖലയുടെ സംഭാവന. 1995-96 ആയപ്പോഴേക്കും ഇത് 10.26 ശതമാനമായി വളർന്നു. ഈ കണക്കുകൾ തന്നെ കേരളത്തിൽ ഈ മേഖലയുടെ പ്രാധാന്യത്തെ എടുത്തു കാട്ടുന്നു. കേരളത്തിലെ ഗ്രാമീണ മേഖലയിൽ, പ്രത്യേകിച്ച് സ്ത്രീകൾക്കിടയിൽ വളരെയേറെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നരംഗം എന്ന നിലയിലും മൃഗസംരക്ഷണമേഖലയ്ക്ക് വളരെ പ്രാധാന്യമുണ്ട്. ഏറ്റവും ചുരുങ്ങിയ കാലംകൊണ്ട് കുറഞ്ഞ മുതൽ മുടക്കിൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കാവുന്ന മേഖലയെന്നതിലുപരി ഏറ്റവും കൂടുതൽ തൊഴിൽരഹിതർക്ക് തൊഴിലും, നാമമാത്ര തൊഴിലുള്ളവർക്കും കർഷക കുടുംബങ്ങൾക്കുമെല്ലാംതന്നെ വരുമാനവർധനവിന്റെ സ്രോതസും തുറക്കുന്ന മേഖലയാണ് മൃഗസംരക്ഷണ മേഖല.

ഭൂമിയും, ജലസേചനവും കഴിഞ്ഞാൽ കേരളത്തിലെ ഗ്രാമീണ കർഷകന്റെ സമ്പത്ത് കാലികളും കോഴികളുമാണ്. ആലാ ഗ്രാമപഞ്ചായത്തിലെ വളരെയധികം കർഷകരും ഒരു ഉപതൊഴിലായിട്ടാണ് ക്ഷീരമേഖലയെക്കാണുന്നത്. പഞ്ചായത്തിലെ എട്ടുവാർഡുകളിലും ക്ഷീര കർഷകർ വളർത്തുന്ന കന്നുകാലികൾ കൂടുതലും നാടൻ ഇനത്തിൽപ്പെട്ടവയും, ഉത്പാദനക്ഷമതകുറഞ്ഞതുമാണ്. ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ ഒരു വെറ്റിനറി സർജന്റെ നേതൃത്വത്തിൽ മൃഗാശുപത്രിയും, ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പ്ക്ടറുടെ നേതൃത്വത്തിൽ ഒരു കൃത്രിമ ബീജസങ്കലന ഉപകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

ആലാ ഗ്രാമപഞ്ചായത്തിലെ ഗ്രാമീണജനതക്ക് കൂടുതൽ തൊഴിലവസരങ്ങൾ, ദൈനംദിന വരുമാനവർദ്ധന, ഗ്രാമീണ വനിതക്ക് ഒരു സമ്പാദ്യ സ്രോതസ്, പോഷകപ്രധാന ഭക്ഷ്യ വസ്തുക്കളായ പാൽ, മുട്ട, മാംസം, ബയോഗ്യാസ്, (ഗോബർ ഗ്യാസ്) പോലെയുള്ള പാരമ്പര്യേതര ഊർജ്ജസ്രോതസ്, പിരസ്ഥിതിക്കിണങ്ങുന്ന മൃഗശക്തി നിയന്ത്രണം എന്നിവ മൃഗസംരക്ഷണ മേഖലനൽകുന്ന സേവനങ്ങളാണ്. എന്നാൽ മൃഗസംരക്ഷണ മേഖലയിലേക്ക് കടന്നുവരാനാഗ്രഹിക്കുന്നവരോട് സാമ്പത്തിക സ്ഥാപനങ്ങൾ കാണിക്കുന്ന താൽപര്യക്കുറവ്. മേച്ചിൽ സ്ഥലങ്ങൾ, പെരുകുന്ന ഉല്പാദനച്ചെലവ്, അത്യുൽപാദന ശേഷിയുള്ള ജനുസ്സുകളുടെ ദൗർലഭ്യം. തുടങ്ങിയ പ്രശ്നങ്ങൾ ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയും അഭിമുഖീകരിക്കുന്നുവെങ്കിലും, ഈ പഞ്ചായത്തിലെ ലഭ്യമായ വിഭവസ്രോതസുകൾ പരമാവധി പ്രയോജനപ്പെടുത്തിയും ദിശാബോധമുള്ള ആസൂത്രണത്തിലൂടേയും, ഈ അവസ്ഥ തരണംചെയ്യാനും ഗ്രാമപഞ്ചായത്തിലെ ഗ്രാമീണരുടെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിക്ക് മൃഗസംരക്ഷണ മേഖലയിലെ വികസനത്തിലൂടെ കഴിയും എന്നത് നിസ്തർക്കമായ ഒരു വസ്തുതയാണ്. അധികാര വികേന്ദ്രീകരണം അതിന്റെ എല്ലാ അർത്ഥത്തിലും പൂർണ്ണമാകുമ്പോൾ മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിലുണ്ടാകുന്ന വികസനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സമ്പദ്ഘടനതന്നെ മാറ്റിമറിക്കും എന്ന് തീർച്ചയാണ്.

മൃഗസംരക്ഷണ മേഖലയിലെ ഉത്പാദന തൊഴിൽദാന പദ്ധതികൾ.

ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ആദായം ലഭ്യമാകുന്ന അപൂർവ്വം ചില തൊഴിൽ മേഖലകളിൽ ഒന്നാണ് മൃഗസംരക്ഷണ മേഖല. ആലാ ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിക്കപ്പെട്ട എട്ടുഗ്രാമസഭകളിൽ പങ്കെടുത്ത ഗ്രാമീണ കർഷകരുടെ ആവശ്യങ്ങളിലൂടെയും, താഴെപ്പറയുന്ന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ വേണ്ടിയും, ഗ്രാമതലത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നതാണ്, മൃഗസംരക്ഷണ മേഖലയിലിവിടെ പ്രതിപാദിച്ചിരിക്കുന്ന വിവിധ പദ്ധതികൾ.

പദ്ധതി-ലക്ഷ്യങ്ങൾ

1. പാൽ, മുട്ട, മാംസം, എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുക.
2. ഉത്പാദനക്ഷമതയും ഗുണമേന്മയും, വർദ്ധിപ്പിക്കാൻ അനുയോജ്യമായ സങ്കേതിക വിദ്യകളും, പരിപാലനമുറകളും പ്രാബല്യത്തിൽ വരുത്തുക.
3. മൃഗസംരക്ഷണ മേഖലയിൽ മുഴുവൻ സമയതൊഴിലും, ഉപതൊഴിലും സ്വീകരിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുക. ദരിദ്രജന വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിൽ ഈ മേഖലയിലെ തൊഴിൽ സാദ്ധ്യത പ്രയോജനപ്പെടുത്തണം.
4. പഞ്ചായത്തിലെ വിവിധ ധന കാര്യസ്ഥാപനങ്ങളുമായി മൃഗസംരക്ഷണ മേഖലയിൽ തൊഴിൽ തേടുന്നവരെ നിരന്തരം ബന്ധപ്പെടുത്തുകയ പരാമാവധി സേവനം ഈ സ്ഥാപനങ്ങളിൽ നിന്നും അവർക്ക് ലഭ്യമാക്കുക, ഉപ്പാദനത്തിന് വിപണി കണ്ടെത്തുന്നതിൽ സഹായിക്കുക.
5. ആലാ ഗ്രമാപഞ്ചായത്തിലെ ഗ്രാമീണ വനിതകൻക്ക് സ്വന്തം വരുമാന മുണ്ടാക്കുവാൻ പ്രാപ്തരാക്കുന്ന വിധത്തിൽ അവരെ പിരശീലിപ്പിക്കുന്നതിന്, പ്രത്യേക പരിഗണന നൽകുക.
6. പഞ്ചായത്തിലെ സ്ക്കൂൾ കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക, ആവരെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസവുമായി പരിചയപ്പെടുത്തുക.
7. ക്ഷീരകർഷകർ, ഏറ്റവുമധികം ഭീഷണിനേരിടുന്ന, വിവിധ പകർച്ചവ്യാധികൾക്കെതിരെ സമഗ്രമായ രോഗപ്രതിരോധ നടപടികൾ ഊർജിതപ്പെടുത്തുക. പെട്ടെന്നുണ്ടാകുന്ന കഷ്ടനഷ്ടങ്ങളിൽ ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിലേക്കായി കന്നുകാലികൾക്ക് സൗജന്യനിരക്കിലുള്ള ഇൻഷ്വറൻസ് സഹായം ലഭ്യമാക്കുക.
8. വർദ്ധിച്ചുവരുന്ന ഉത്പാദനച്ചെലവ് നേരിടുന്നതിലേക്കായി വ്യാപകമായ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുക.
9. ജന്തു ജന്യരോഗങ്ങളിൽ ഏറ്റവും പ്രധാനമായ പേവിഷബാധക്കെതിരെ ബോധവൽക്കരണ ശ്രമങ്ങൾ നടത്തുക, സമ്പൂർണ്ണ പേവിഷ നിർമ്മാർജ്ജന പദ്ധതിനടപ്പിലാക്കുക.

വിവിധ പദ്ധതികൾ


അടിസ്ഥാന പദ്ധതി

1. *മൃഗചികിത്സാ കേന്ദ്രത്തിന്റെ ശക്തിപ്പെടുത്തൽ*

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ മൃഗാശുപത്രിയും, ആലാ കൃത്രിമ ബീജങ്കലന ഉപകേന്ദ്രവും, വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

ആലാ മൃഗാശുപത്രി പെണ്ണുക്കര.

ആലാ മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലം വാങ്ങി ഇതോടൊപ്പം ചേർത്തിരിക്കുന്ന മാതൃകയിലുള്ള ഒരു കെട്ടിടം പണിയേണ്ടിരിക്കുന്നു. കൂടാതെ മൃഗാശുപത്രിയിൽ



താഴെപ്പറയുന്ന അടിസ്ഥാന സാങ്കേതിക സൗകര്യങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്.

1. മേൽക്കൂരയുള്ള ട്രെവിസ് (കന്നുകാലികളെ പരിശോധിക്കുന്നതിനുള്ള കൂട്)
2. റെഫ്രിജറേറ്റർ.
3. മൈക്രോസ്കോപ്പ് (ഓയിൽ ഇമേർഷൻ)
4. പോർട്ടബിൾ റെഫ്രിജറേറ്റർ
5. ഇലക്ട്രിക് സ്റ്റെറി ലൈസർ
6. രോഗപരിശോധനാ സാമഗ്രികളും രാസവസ്തുക്കളും ലഭ്യമായ ലാബറട്ടറി.
7. വിവിധതരത്തിലുള്ള മൃഗചികിത്സാ ഔഷധങ്ങൾ.

B. ആലാ കൃത്രിമ ബീജസങ്കലന ഉപകേന്ദ്രം.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആലാ കൃത്രിമ ബീജസങ്കലന കേന്ദ്രത്തിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കേണ്ടതാവശ്യമാണ്.

മൃഗസംരക്ഷണ മേഖലയിൽ ലക്ഷ്യമിടുന്ന ഉല്പാദന തൊഴിൽദാന പദ്ധതികൾ

1.ക്ഷീരോല്പാദന മേഖല. (കന്നുകാലിവളർത്തൽ)

ആമുഖം.

പാലിന്റെ ഉപയോഗത്തിലുണ്ടായിരിക്കുന്ന വർദ്ധനവ് കണക്കിലെടുത്താൽ ഈ മേഖലയിൽ കൂടുതൽ മുതൽ മുടക്കിനുള്ള സാധ്യതകൾ ഉണ്ടെന്ന് മനസ്സിലാക്കാം. ആലാ ഗ്രാമ പഞ്ചായത്തിലെ ഗ്രാമീണ ജനതക്കും ഒരു മുഖ്യതൊഴിലായോ, കൃഷിയോടൊപ്പമുള്ളതായ ഉപതൊഴിലായോ എന്തുകൊണ്ടും സ്വീകരിക്കാവുന്ന മേഖലയാണ് കാലിവളർത്തൽ ചെറുകിട കർഷകരെയും കർഷകത്തൊഴിലാളികളെയും ഈ മേഖലയിലേക്ക് ഒരു ഉപതൊഴിലെന്ന നിലയിൽ ആകർഷിക്കാൻ കഴിയും. കൂടാതെ വീട്ടമ്മമാരുടെയും, വിദ്യാർത്ഥികളുടെയും ഒഴിവുസമയം ഫലപ്രദമായി വിനിയോഗിക്കാനാവും. രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്നലോകാരോഗ്യ സംഘടനയുടെ ലക്ഷ്യം ആലാ പഞ്ചായത്തിൽ സാക്ഷാത്ക്കരിക്കുന്നതായി ഒരു സമ്പൂർണ്ണ ആഹാരമായ പാലിന്റെ ഉത്പാദനവർദ്ധനവിലൂടെയും ഉപഭോഗത്തിലൂടെയുംകഴിയും. ജൈവവള ലഭ്യതയും ഇതിലൂടെ വർദ്ധിപ്പിക്കാനാവും.

1.ഒരു വീട്ടിൽ ഒരു പശുപദ്ധതി

പണ്ടൊക്കെ കേരളത്തിൽ മിക്കവാറും എല്ലാവീട്ടുകളിലും ഒരു പശുവിനെയെങ്കിലും വളർത്തിയിരുന്നു. പശുവളർത്തൽ ഒരു തൊഴിലെന്നതിലുപരി ഒരു ജീവിത ശീലമാണെന്ന ബോധം ഇളംതലമുറയിൽ ഉണ്ടാക്കുന്നതിനും കുടുംബാവശ്യത്തിനുള്ള പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത ഉറപ്പുവരുത്തുന്നതിനും ജൈവ വള പ്രയോഗത്തിലൂടെ ഭൂമിയുടെ ഫലഭൂയിഷ്ഠത മെച്ചപ്പെടുത്തുന്നതിനും ഇതിലൂടെ സാധിക്കുന്നു. ആലാ ഗ്രാമപഞ്ചായത്തിലെ പശുവളർത്തലിൽ താൽപര്യമുള്ള ചെറുകിട കർഷകർക്കും ഈ പദ്ധതി സഹായം നൽകാവുന്നതാണ്.

ഒരു വാർഡിൽ100 കർഷകർക്ക് വീതം 8 വാർഡുകളിലായി 800 കർഷകർക്ക് ഈ പദ്ധതി സഹായം നൽകാൻ ലക്ഷ്യമിടുന്നു.

പദ്ധതിയുടെ ആകെ ചെലവിന്റെ (മൂലധനച്ചെലവിന്റെ) മൂന്നിലൊന്ന് ശതമാനം മതിയായ ഈടിന്മേൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയായും പദ്ധതിയിൽ ലക്ഷ്യമിടുന്നു.

2.മൂന്ന് പശുക്കളുടെ യൂണിറ്റ്. (മിനിഡയറി യൂണിറ്റ്)

ആലാ ഗ്രാമപഞ്ചായത്തിലെ ആഭ്യസ്തവിദ്യരും, തൊഴിൽരഹിതരും കന്നുകാലി വളർത്തലിൽ താത്പര്യമുള്ള യുവാക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതിയാണിത്. പദ്ധതിച്ചെലവിന്റെ മൂന്നിലൊന്ന് സബ്സിഡിയായി അനുവദിക്കാവുന്നതാണ്. ബാക്കിഭാഗം ബാങ്ക്വായ്പയായും, ഒരു വാർഡിൽ പത്ത് യുവാക്കൾവീതം 8വാർഡിലായി 80 പേർക്ക് ഈ പദ്ധതി സഹായം നൽകേണ്ടതാകുന്നു. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു മിനി ഡയറിയും തുടങ്ങണം.

3.ഗ്രാമ പഞ്ചായത്തിലെ വനിതകൾക്ക് പശു വളർത്തൽ പദ്ധതി.

ഗ്രാമീണ വനിതകളിൽ സാമ്പത്തികമായി പിന്നോക്കം നിൽകുന്നവർക്ക് ഉപതൊഴിൽ എന്ന നിലയിൽ ക്ഷീരോല്പാദന മേഖലയിലേക്ക് ആകർഷിച്ച് സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്ന പദ്ധതിയാണിത്. ഇത് മൂലം സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവു സമയം ഫലപ്രദമായി ഉപയോഗിക്കുന്നതിന് പുറമേ സാമ്പത്തിക നിലയും വർധിപ്പിക്കാൻ കഴിയും. പഞ്ചായത്തിലെ ഓരോ വാർഡിലേയും തെരഞ്ഞെടുക്കപ്പെട്ട 15 വനിതകളുടെ സംഘമായിരിക്കണം ഈ പദ്ധതിയുടെ ഗുണഭോക്ത്താക്കൾ. ഈ സംഘത്തിലെ ഒരാൾ കൺവീനർ ആയിരിക്കും.

D.W.C.R.A മോഡലിലുള്ള ഈ പദ്ധതിക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും അവശ്യമായ ധനസഹായം ലഭിക്കാൻ സാധ്യത വളരെ കൂടുതലാണ്. പഞ്ചായത്തിലെ ഓരോ വാർഡിലും ഒരു സംഘം എന്ന കണക്കിൽ 8 വാർഡിലായി 8 സംഘങ്ങൾ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

പദ്ധതി സഹായമായി മൂലധനച്ചെലവിന്റെ മൂന്നിലൊന്ന് സബ്സിഡിയായി നൽകേണ്ടതാണ്.

4. കന്നുകുട്ടി പരിപാലന പദ്ധതി / കിടാവ് വളർത്തൽ

ഗ്രാമപഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ക്ഷീര കർഷകരുടെ 4 മാസത്തിനും 9 മാസത്തിനും ഇടക്കുള്ള മേൽത്തരം സങ്കരവർഗ്ഗ കന്നുകുട്ടികളെ തിരഞ്ഞെടുത്ത് അവക്ക് ഒന്നുകിൽ 32 മാസം വരെ അല്ലെങ്കിൽ ആദ്യപ്രസവം വരെ ആവശ്യമായ കാലിത്തീറ്റ (കോൺസൺട്രേറ്റ് മിക്ചർ) 50% സബ്സിഡിയോടെ നൽകുന്ന പദ്ധതിയാണിത്.

പഞ്ചായത്തിലെ ഓരോ വാർഡിലും 100 കർഷകർക്കുവീതം ആകെ 800 കർഷകരെ ഈ പദ്ധതിയിലൂടെ സഹായിക്കാനാവും. കാലിത്തീറ്റയുടെ വിതരണം ഗ്രാമ പഞ്ചായത്തിലൂടെയോ മിൽമ സൊസൈറ്റികളിലൂടെയോ, വെറ്റിനറിസർജന്റെ മേൽനോട്ടത്തിൽ മടത്താവുന്നതാണ്. ഈ പദ്ധതിയിലൂടെ സങ്കരയിനം കന്നുകുട്ടികൾക്ക് മതിയായ അളവിൽ സമീകൃതാഹാരം ലഭ്യമാക്കുവാനും, അവയുടെ ഉല്പാദനക്ഷമത പൂർണ്ണമായും ചൂഷണണം ചെയ്യാനും കഴിയുന്നു.

5.ശാസ്ത്രീയമായ തൊഴുത്ത് നിർമ്മാണം.

അശാസ്ത്രീയവും, വൃത്തിഹീനവുമായ തൊഴുത്തുകൾ അകിടു വീക്കത്തിനും, മറ്റു പല രോഗങ്ങൾക്കും കാരണമാകുന്നു. അകിട് വീക്കം നിമിത്തം കുറഞ്ഞത് 5 ശതമാനം ഉത്പാദന നഷ്ടം സംഭവിക്കുന്നു. വൃത്തിയുള്ള കോൺക്രീറ്റ് തറയോടുകൂടിയ തൊഴുത്ത് നിർമ്മിക്കുന്നതിന് വേണ്ടി സഹായം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

6.സമഗ്രകന്നുകാലി ഇൻഷ്വറൻസ് പദ്ധതി.

കന്നുകാലികളുടെ രോഗം, അപ്രതിക്ഷിതമായ അപകടങ്ങൾ, മരണം എന്നിവ നിമിത്തം കർഷകർക്കുണ്ടാകുന്ന നഷ്ടം ഒഴിവാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതി സഹായം ആലാ ഗ്രാമപഞ്ചായത്തിലെ എല്ലാ ക്ഷീരകർഷകർക്കും ലഭ്യമാക്കേണ്ടതാകുന്നു.



ഒരു കറവപ്പശുവിന് വേണ്ടി വരുന്ന 3.1% പ്രീമിയം ഒരു വർഷത്തേക്ക് അമ്പത് ശത മാനം സബ്സിഡിയോടെ നൽകി മാസ്റ്റർ പോളിസ്സിയിൽ കീഴിൽ എല്ലാ കറവപ്പശുക്കളേയും ഇൻഷ്വർ ചെയ്യേണ്ടതാകുന്നു.

7.ശാസ്ത്രീയമായ കറവപരിശീലനപദ്ധതി/മിൽക്ക് വെങ്ങർ പദ്ധതി.

ക്ഷീര കർഷകർക്ക് ഏറ്റവുമധികം സാമ്പത്തിക നഷ്ടംമു ണ്ടാക്കുന്ന അകിടുവീക്കത്തിന് ഒരു പ്രധാനകാരണം അശാസ്ത്രീയമായ കറവയാണ്. ശാസ്ത്രീയമായ കറവകൊണ്ട് ലഭ്യമായ മുഴുവൻപാലും കറന്നെടുക്കാൻ സാധിക്കും. ശാസ്ത്രീയമായ കറവ പരിശീലനംകൊണ്ട് കറവ മെച്ചപ്പെടുത്താം എന്നതിന് പുറമേ, കുറേ പേർക്ക് തൊഴിലവസരം നൽകുന്നതിനും സഹായി ക്കുന്നു. ഈ പഞ്ചായത്തിലെ ക്ഷീര കർഷകർ ഇന്നുനേരിടുന്ന ഒരു പ്രധാന പ്രശ്നം പാലിന്റെ വിൽപനയാണ്. പ്രത്യേകിച്ചും വനിതാ ക്ഷീരകർഷകർ. പരിശീലനം ലഭിച്ച കറവക്കാരെ കൊണ്ട് തൊട്ടടുത്ത മൂനിസിപ്പാലിറ്റിയിൽ കൊണ്ടുപോയി ആവശ്യക്കാർക്ക് പാൽ വിൽപന നടത്തുന്നതിനും ഉപയോഗിക്കാവുന്നതാണ്.

ആലാ ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും മൂന്ന് മിൽക്ക് വെണ്ടുർ വീതം ആകെ24 മിൽക്ക് വെണ്ടർമാരെ ഈ പദ്ധതിയിൽ കീഴിൽ പരിശീലിപ്പിക്കാവുന്നതാണ്.

പരിശീലനം ലഭിച്ച കറവക്കാർ ഒരു വർഷത്തേക്ക് ന്യായമായ കൂലി അടിസ്ഥാനങ്ങളിൽ ക്ഷീര കർഷകരുടെ ആവശ്യപ്രകാരം ജോലി ചെയ്യാമെന്ന് സമ്മതപത്രം നൽകേണ്ടതുമാകുന്നു.

പരിശീലനം പൂർണ്ണമായും സൗജന്യമായിരിക്കണം. വിദ്യാഭ്യാസ യോഗ്യതയുടെയും, സാമ്പ ത്തികാടിസ്ഥനത്തിലുമായിരിക്കണം. പരിശീലനത്തിന് യുവാക്കളെ തെരഞ്ഞെടുക്കേണ്ടാതാണ്.

8.എരുമ വളർത്തൽ പദ്ധതി.

സാധ്യതകൾ:-

ആലാ ഗ്രാമപഞ്ചായത്തിനെപ്പോലെ നീർക്കെട്ടുള്ള പ്രദേശങ്ങൾക്ക് വളരെയേറെ അനു യോജ്യമാണ് എരുമവളർത്തൽ പദ്ധതി. നാരുകൾ ഏറെയുള്ള പരുഷാഹാരങ്ങൾ ഏറെ ഫലപ്രദമായി ദഹിക്കുവാനുള്ള കഴിവ് എരുമക്കുള്ളതിനാൽ കൂടുതൽ ചാണകലഭ്യതയും എടുത്തുപറയാവുന്നതാണ്. എരുമപ്പാലിൽ കൊഴുപ്പും മറ്റ് ഖരപദാർത്ഥങ്ങളും കൂടുതലുള്ളതി നാൽ കൂടുതൽ വിലയും പാലിന് ലഭിക്കുന്നു. എരുമ, പശുവിനേക്കാൾ കൂടുതൽ മോശമായ സാധനങ്ങൾ കഴിക്കുന്നതിനാൽ തീറ്റച്ചെലവ് കുറക്കാൻ സാധിക്കുന്നു. എരുമകൾക്ക് പശു വിനെ അപേക്ഷിച്ച് രോഗ പ്രതിരോധശക്തി കൂടുതലായിനാൽ ചികിത്സാച്ചെലവും വളരെ ക്കുറച്ചുമതി.


ഈ ഗ്രാമപഞ്ചായത്തിലെ 8 നീർക്കെട്ടുള്ള വാർഡുകളിലും 2 എരുമകൾ വീതം അട ങ്ങുന്ന 25 എരുമ വളർത്തൽ യൂണിറ്റുകൾ വീതം ആരംഭിക്കാവുന്നതാണ്. പദ്ധതിസഹായം 200 യൂണിറ്റ്.

മൂലധനച്ചെലവിന്റെ മൂന്നിലൊന്ന് സബ്സിഡിയായി അനുവദിക്കേണ്ടതാണ്. ഇടത്തരം ചെറുകിട കർഷകരെ പദ്ധതി ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാവുന്നതാണ്.

9.തീറ്റപ്പുൽ കൃഷി പദ്ധതി.

ആലാ ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കാലിത്തിറ്റ യുടെ ക്രമാതീതമായ വിലവർദ്ധനവും, തീറ്റപ്പുല്ലിന്റെ കുറവുമാണ്. ആളോഹരി ഭൂമിയുടെ ലഭ്യതയും കുറഞ്ഞുവരുന്നു. ഇതിനെ ചെറുക്കാനും ക്ഷീര കർഷകർക്ക് ഒരു ആശ്വാസം നൽകുവാനുമായി വ്യാപകമായ തീറ്റപ്പുല്ല് കൃഷിചെയ്യുന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു.

ഓരോ വാർഡിലും 250 കർഷകർക്കുവീതം ആകെ 200 ക്ഷീരകർഷകർക്ക് ഈ പദ്ധ തിയിൽ കീഴിൽ സഹായം നൽകേണ്ടതാകുന്നു. ഓരോരുത്തർക്കും കുറഞ്ഞത് 10 സെന്റ്



മുതൽ 25 സെന്റ് വരെ തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിന് ആകെച്ചിലവിന്റെ $^{2}/_{3}$ സബ്സിഡിയായി അനുവദിക്കേണ്ടതാണ്. കൂടാതെ ഒരോവർഡിലുമുള്ള കുറഞ്ഞത് 10 ഏക്കർ സ്ഥലത്തെങ്കിലും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ തരിശുഭൂമിയിൽ വ്യാപകവും ശാസ്ത്രീയവുമായ തീറ്റപ്പുൽ കൃഷി, ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടത്തി ന്യായമായവിലക്ക് കർഷകർക്ക് തീറ്റപ്പുല്ല് ലഭ്യമാക്കാവുന്നതാണ്.

10.ഗോബർ ഗ്യാസ് പ്ലാന്റ് (ബയോഗ്യാസ് പ്ലാന്റ്)

ഇന്നുലഭ്യമായ ഏറ്റവും ചിലവുകുറഞ്ഞതും ഫലപ്രദവുമായ പാരമ്പര്യേതര ഊർജ്ജസ്രോതസ്സാണ് ബയോഗ്യാസ് പ്ലാന്റ്. വ്യാപകമായ ഊർജ്ജപ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ ബയോ ഗ്യാസ് പ്ലാന്റിന്റെ പ്രസക്തി വളരെയേറെയാണ്.

പഞ്ചായത്തിൽ ഒരു വാർഡിൽ 100 വീതം ആകെ 800 .യൂണിറ്റുകൾ അനുവദിക്കാവുന്നതാണ്. പദ്ധതി സഹായത്തിന്റെ ഗുണഭോക്താക്കൾ ചെറുകിട / ഇടത്തരം കർഷകരാണ്. പദ്ധതിച്ചെലവിന്റെ 2/3 സബ്സിഡിയായി അനുവദിക്കേണ്ടതാണ്.

B.ആട് വളർത്തൽ പദ്ധതി

സാധ്യതകൾ:

ഇടത്തരം/ചെറുകിട കർഷകരുടെ പരിമിതികൾക്ക് അനുയോന്യമായതു കൊണ്ടും, വൈവിധ്യമാർന്ന പരിതസ്ഥിതികളോട് വേഗം ഇണങ്ങിച്ചേരാനുള്ള കഴിവുള്ളതുകൊണ്ടും ആടുവളർത്തൽ ഈ ഗ്രാമപഞ്ചായത്തിന് എന്തുകൊണ്ടും അനുയോജ്യമാണ്. ആടിന്റെ മുഖ്യ തീറ്റയായ പ്ലാവില യഥേഷ്ടം ലഭിക്കുന്ന പ്രദേശമാണ് ആലാ പഞ്ചായത്ത്.

പകൽ തുറന്നുവിട്ടും, രാത്രിയിൽ വീടിനോട് ചേർന്നുള്ള ചായ്പിലുമായി ആടുവളർത്തൽ വളരെ കുറഞ്ഞ ചെലവിലും വിജയകരമായും നടത്താനാവും. വീട്ടാവശ്യത്തിന്വേണ്ട പാലും ആടുവളർത്തിലൂടെ ലഭ്യമാണ്. ഉയർന്ന പ്രജനനശേഷിയും, പാലിലെ ഉയർന്ന തോതിലുള്ള പോഷകമൂല്യവും ആടുവളർത്തൽ കൂടുതൽ ആകർഷകമാകുന്നു. ആടിനെ 'പാവപ്പെട്ടവന്റെ പശു' എന്നാണ് മഹാത്മഗാന്ധി വിളിച്ചിരുന്നത്. ആട്ടിറച്ചിയുടെ കുതിച്ചുവരുന്ന ആവശ്യം ആടുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സുസ്ഥിരമായ സാമ്പത്തിക ഭദ്രതയും നൽകുന്നു. ആടുവളർത്തൽ ഒരു മുഖ്യതൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കാവുന്നതാണ്.

വിഭാവനം ചെയ്യുന്ന ആടുവളർത്തൽ പദ്ധതി.

1.1 പെണ്ണാടുകളും, ഒരു മുട്ടനും ഉൾപ്പെടുന്ന യൂണിറ്റ്.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരേയും വനിതകളേയും ലക്ഷ്യമാക്കിയാണി പദ്ധതി. പദ്ധതി സഹായമായി ആകെ മൂലധനച്ചെലവിന്റെ $^{1}/_{3}$ സബ്സിഡിയായി നൽകേണ്ടതാണ്. ഒരോ വാർഡിലും 50 യൂണിറ്റുകൾ വീതം ആകെ 500 യൂണിറ്റ്.


2.രണ്ട് പെണ്ണാടുകൾ വീതമുള്ള യൂണിറ്റ്.

ഈ പഞ്ചായത്തിലെ വീട്ടമ്മമാരുടെ ഒഴിവുസമയം ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട്, അവർക്ക് ഒരു സമ്പാദ്യം നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണിത്.

ഒരു വാർഡിൽ 100 പേർക്കുവീതം ആകെ 500 യൂണിറ്റാണ് ഇതിന് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ 1/3 സബ്സിഡിയായി നൽകേണ്ടതാണ്.

C.മുയൽ വളർത്തൽ പദ്ധതി.

കുറഞ്ഞ മുതൽമുടക്കിൽ സ്ത്രീകൾക്കും, സ്ക്കൂൾ കുട്ടികൾക്കും ഒഴിവുസമയം ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാവുന്ന തൊഴിലായി മുയൽ വളർത്തൽ വളർന്നിരിക്കുകയാണ്.



എല്ലായിടത്തും സുലഭമായ പച്ചിലകളും കുറഞ്ഞ അളവിൽ ഗുരുതാഹാരവും നൽകി മുയലുകളെ സംരക്ഷിക്കാവുന്നതാണ്. വിശിഷ്ടമായ മാംസമെന്നതിലുപരി മുയലിന്റെ തുകലും ഇന്ന് കമ്പോളത്തിൽ വിലയേറിയതാണ്. ഉയർന്ന പ്രജനനശേഷി മുയലിന്റെ പ്രത്യേകതയാണ്.

1.സ്ക്കൂൾ കുട്ടികൾക്കായുള്ള മുയൽ വളർത്തൽ പദ്ധതി,.

കുടുംബ വരുമാന വർദ്ധനവിന് പുറമേ വീദ്യാർത്ഥികളിൽ വളർത്തു മൃഗങ്ങളെ പരിപാലിക്കുന്നതിനുള്ള താല്പര്യവും, മുയൽ വളർവളർത്തന്നതിലുടെ സാധ്യമാണ്. ഈ പഞ്ചായത്തിലെ 8-ാം ക്ലാസ്സിൽ പഠിക്കുന്ന 150 സ്ക്കൂൾ വിദ്യാർത്ഥികളെ വീതം പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോരുത്തർക്കും ഒരു പെൺമുയലും ഒരു ആൺമുയലും വീതം നല്കാനുദ്ദേശിക്കുന്ന പദ്ധതിയാണിത്. ഇവർ 9- ലും10-ലും എത്തുമ്പോൾ ഒരു ജോഡി മുയൽ കുഞ്ഞുങ്ങളെ വീതം പഞ്ചായത്തിന് തിരിച്ചുനൽകും. ഇതിനുള്ള സമ്മതപത്രം വിദ്യാർത്ഥിയുടെ രക്ഷിതാവ് പഞ്ചായത്തിന് നൽകേണ്ടതാണ്. വിദ്യാർഥികൾ തിരിച്ചുനൽകുന്ന മുയൽ കുഞ്ഞുങ്ങളെ വീണ്ടും എട്ടാം ക്ലാസ്സിലെ പുതിയ വിദ്യർത്ഥികൾക്ക് തന്നെ നൽകുന്നു. അങ്ങനെ പഞ്ചായത്തിന് ചിലവാകുന്നത് ആദ്യം നൽകുന്ന മുയലിന്റെ വില മാത്രമാണ്. ഇത് ഒരു തുടർ പദ്ധതിയായി വിജയകരമായി നടപ്പിലാക്കുകയും ചെയ്യാം.

പദ്ധതിയിലുൾപ്പെടുത്തേണ്ടത് ഏറ്റവും സമർഥരായ സ്ക്കൂൾ വിദ്യാർത്ഥികളെ മാത്രമാണ്.

പദ്ധതി സഹായം പൂർണ്ണമായും സൗജന്യമായിരിക്കും. കൂട് നിർമ്മിക്കേണ്ടത് വിദ്യാർഥിയുടെ രക്ഷിതാവിന്റെ ചുമതലയാണ്.

2.വീട്ടമ്മമാർക്കുള്ള മുയൽ വളർത്തൽ പദ്ധതി.


ഓരോ വാർഡിലേയും തെരഞ്ഞെടുക്കപ്പെട്ട 10 വനിതകൾക്കുവീതം ആകെ80 യൂണിറ്റ് ആരംഭിക്കാവുന്നതാണ്. ഓരോ യൂണിറ്റിലും 10 പെൺ മുയലും ഒരു ആൺമുയലും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീട്ടമ്മമാരെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കാവുന്നതാണ്. പദ്ധതിച്ചെലവിന്റെ 1/3 സബ്സിഡിയായി നൽകാവുന്നതുമാണ്. ഈ യൂണിറ്റുകളിൽ വളർത്തുന്ന മുയലുകളെ സ്ക്കൂൾറാബിക്ക് ക്ലബ്ബിന് വിതരണം ചെയ്യുകയും ചെയ്യാം.

D.കോഴി വളർത്തൽ മേഖല

ആലാഗ്രാമപഞ്ചായത്തിലെ മിക്കവാറും എല്ലാവീടുകളിലും മുട്ടകോഴികളുണ്ടെങ്കിലും അവയുടെ ജനിതകഗുണം കുറവായതിനാൽ മുട്ട ഉത്പാദനം വളരെ കുറവാണ്. വളരെയേറെ ആഭ്യന്തരഉപഭോഗം വർദ്ധിച്ചുവരുന്ന വസ്തുക്കളാണ കോഴിയിറച്ചിയും, കോഴിമുട്ടയും. അടുക്കള മുറ്റത്തെ കോഴിഎന്ന ആശയം ഏറ്റവുംഅധികം പ്രാവർത്തികമാക്കിയ സംസ്ഥാനമായ കേരളത്തിൽ നല്ലയിനം കോളിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം വളരെയുണ്ട്.

1. എഗ്ഗർ നഴ്സറി

ഗുണമേന്മയുള്ള ജനുസ്സുകളിൽപ്പെട്ട കോഴികുഞ്ഞുകളുടെ ദൗർലഭ്യമാണ് ഈ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രശ്നം. ഇതിന് ഒരു പരിഹാരം എന്ന നിലയിൽ പഞ്ചായത്തടി സ്ഥാനത്തിൽത്തന്നെ മുട്ടക്കോഴികളെ ലഭ്യമാക്കുകയാണ്. ഈപദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഈ പദ്ധതി ഗുണഭോക്താക്കൾ വളർത്തുന്ന കോഴികളെ സ്ക്കൂൾ പൗൾടീ ക്ലബ്ബ് ഗുണ ഭോക്താക്കൾക്കും, വീട്ടുമുറ്റത്തെ കോഴിവളർത്തൽ പദ്ധതി ഗുണഭോക്താക്കൾക്കും നൽകി പഞ്ചായത്തിലെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുവാൻ സഹായിക്കും. ഈപഞ്ചായത്തിലേ അഭ്യ സ്തവിദ്യരായ യുവതീയുവാക്കളെ ലക്ഷ്യമാക്കിയുള്ളതാണീ ഈ പദ്ധതി. ഒരു ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ ഹാച്ചറിയിൽനിന്നും വാങ്ങി 60 ദിവസംവരെ വളർത്തിയശേഷം ഒരു നിശ്ചിത തുകയ്ക്ക് മേൽത്തരം കോഴികളെ പഞ്ചായത്തിലെ ഗ്രാമീണരായ പാവപ്പെട്ടവർക്ക് നൽകാൻ ഈ പദ്ധതിയിലൂടെ സാധിക്കും.



ആ പഞ്ചായത്തിലെ ഓരോ വാർഡിലും ഒരു എഗ്ഗർ നഴ്സറിവീതം സ്ഥാപിക്കാവുന്നതാണ്. ആകെ മൂലധനച്ചെലവിന്റെ $^1/_3$ സബ്സിഡിയും ബാക്കി ധനകാര്യസ്ഥാപനത്തിൽ നിന്നും വായ്പയായും ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കാവുന്നതാണ്.

എല്ലാ എഗ്ഗർ നഴ്സറികൾക്കും പരിപൂർണ്ണമായ സൗജന്യ ഇൻഷ്വറൻസ് പദ്ധതിസഹായവും പദ്ധതി ലക്ഷ്യമിടുന്നു.

2. വീട്ടമുറ്റത്തെ കോഴിവളർത്തൽപദ്ധതി

ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകളിൽത്തന്നെ മുട്ടയുൽപ്പാദിക്കാൻ കഴിയുന്ന പദ്ധതിയാണിത്. ഗാർഹികമായ ഉത്പാദനവും ഉപഭോഗവും വർദ്ധിക്കുന്നതുമൂലം ഭഷണത്തിൽ മാംസ്യത്തിന്റെ ലഭ്യത ഉയർത്തുന്നതുതിനും, വീട്ടമ്മമാർക്ക് ഒരു വരുമാന മാർഗ്ഗമായും വിജയകരമായി നടപ്പാക്കാവുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതിയനുസരിച്ച് 10 മുട്ടകോഴിക്കുഞ്ഞുങ്ങളെവീതം ആലാ പഞ്ചായത്തിലെ എല്ലാ വീടുകളിലും അൻപതുശതമാനം സബ്സിഡിയോടെ നൽകണം

അടുക്കളയിലെ ആഹാരവശിഷ്ടങ്ങൾ പ്രധാനമായും നൽകി ഈ കോഴികളെ വളർത്തുകയുമാകാം

60 ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെയാണ് പദ്ധതിയിൽ നൽകാൻ ലക്ഷ്യമിടുന്നത്. ഈ പഞ്ചായത്തിലെ എല്ലാവർക്കും നൽകാൻ കഴിയുന്ന ഒരു സഹായപദ്ധതിയെന്ന നിലയിലും വീട്ടുമുറ്റത്തെ കോഴിവളർത്തൽ പദ്ധതിയ്ക്ക് പ്രാധാന്യമുണ്ട്.

3. സ്ക്കൂൾ പൗൾട്രി ക്ലബ്

സ്ക്കൂൾ കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും, കോഴിവളർത്തലിൽ താല്പര്യവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. കുട്ടികളിലെ ഭക്ഷണത്തിന്റെ പ്രോട്ടീനിന്റെ കമ്മികുറയ്ക്കുന്നതിനും ഇത് സഹായിക്കും. ഒരു അധ്യാപകന്റെ നേതൃത്വത്തിൽ ഈ പഞ്ചായത്തിന്റെ എല്ലാ സ്ക്കൂളുകളിലെയും 5 മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയും 5 രൂപ അംഗത്വഫീസ് വാങ്ങി സ്ക്കൂൾ പൗൾട്രി ക്ലബ്ബ് തുടങ്ങും


60 ദിവസം പ്രായമായ മൂന്ന് കോഴികുഞ്ഞുങ്ങളെ വീതം ഓരോരുത്തർക്കും സൗജന്യമായി നൽകാവുന്ന പദ്ധതിയാണിത്. ഒരോസ്ക്കൂളിനും കുറഞ്ഞത് 50 വിദ്യാർത്ഥികളെവീതം ഇതിൽ അംഗങ്ങളായി ചേർക്കാവുന്നതാണ്

4 ഇറച്ചിക്കോഴി വളർത്തൽ പദ്ധതി

ഈപഞ്ചായത്തിൽ ഇറച്ചികോഴികളെ വളർത്തുന്ന 4 പേരുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് എന്തുകൊണ്ടുംസ്വീകരിക്കാൻ പറ്റുന്ന ഒരു തൊഴിലാണ് ബ്രോയിലർ കോഴി വളർത്തൽ. കുറഞ്ഞത് 250 ഇറച്ചിക്കോഴികളെയെങ്കിലും ഷെഡ്ഡിലിട്ട് വളർത്തി 8 ആഴ്ച പ്രായമുള്ളപ്പോൾ മാംസത്തിനായി വിൽക്കുന്ന പദ്ധതിയാണിത്. ഇറച്ചിക്കോഴി വളർത്തലിലൂടെ മാംസോല്പാദനം വർദ്ധിപ്പിക്കാനും പഞ്ചായത്തിലെ തൊഴിൽ ലഭിക്കുന്ന പദ്ധതിച്ചെലവിന്റെ ആകെച്ചിലവിന്റെ $^1/_3$ സബ്സിഡി നൽകേണ്ടതാണ്. ബാക്കി ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയായും സഹായമായി ലഭ്യമാക്കാവുന്നതാണ്.

5 വീട്ടുമുറ്റത്തെ താറാവുവളർത്തൽ പദ്ധതി

നീർക്കെട്ടുള്ള പ്രദേശങ്ങൾ നിറഞ്ഞ ആലാപഞ്ചായത്തിൽ താറാവുവളർത്തൽ വളരെയേറെ അനുയോജ്യമാണ്. ഈ പദ്ധതിയനുസരിച്ച് ആലാഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും 50 പേർക്കുവീതം ആകെ400 യൂണീറ്റ് എന്ന കണക്കിൽ ഓരോരുത്തർക്കും 10 താറാവിൻ കുഞ്ഞുങ്ങളെ (ഒരു മാസം പ്രായമായവ) 50% സബ്സിഡിയിൽ നൽകാവുന്നതാണ്. നിലവിലുള്ള താറാവ് കർഷകർക്കും സാമ്പത്തികമായ സഹായം നൽകേണ്ടതുണ്ട്. (താറാവിനെ വളർത്തി ജീവിക്കുന്ന അഞ്ചു കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്



മൃഗസംരക്ഷണവും കൃഷിയും- സമ്മിശ്ര പദ്ധതി

ജലാശയങ്ങളും ജലപ്രദേശങ്ങളും ധാരാളമുള്ള ആലാ പഞ്ചായത്തിൽ ഈ പദ്ധതിക്ക് പ്രസക്തിയുണ്ട്. മൃഗപരിപാലനത്തോടൊപ്പം കൃഷി മത്സ്യം വളർത്തൽ, കോഴിവളർത്തൽ , താറാവുവളർത്തൽ എന്നിവസംയോജിപ്പിച്ച് ലഭ്യമായ കൃഷിസ്ഥലം പൂർണ്ണമായി ഉപയോഗിച്ച് മുതൽ കൂട്ടുക എന്നതാണീ പദ്ധതിയുടെ ലക്ഷ്യം ചെറുകിടകർഷകർക്കും, കൂട്ടുകുടുംബങ്ങൾക്കും ഈ സമ്പ്രദായം പ്രാവർത്തികമാക്കാം.

പദ്ധതി പ്രവർത്തനരീതി

നിലവിലുള്ള കാർഷികവിളകൾക്കൊപ്പം മൂന്നു പശുക്കൾ, മൂന്ന് ആട്ടിൻകുട്ടികൾ, അഞ്ച് പെൺപന്നി, ഒരു ആൺ പന്നി, ഇരുപത്തിയഞ്ചു കോഴികൾ, എന്നിവ വളർത്തുകയും പുല്ലു കൃഷിചെയ്യുകയുമാണീരീതി കോഴികളുടെ കാഷ്ഠം പന്നിയ്ക്ക് തീറ്റയായും പന്നികാഷ്ഠം കുളത്തിലെ മത്സ്യം വളർത്തുന്നതിനും ഉപയോഗപ്പെടുത്താം. ചാണകം ഉപയോഗിച്ച് ഗോബർ ഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കാം. അതിൽനിന്നുള്ള സ്ലറി (മട്ട്) കാർഷികവിളകൾക്കും, പുൽ കൃഷിയ്ക്കും ജൈവവളമായി ഉപയോഗിക്കാവുന്നതാണ്.

ഉഴവുമാടുകളെ വളർത്തുന്ന പദ്ധതി

ഈ പദ്ധതിയിൽ കീഴിൽ ഈ പഞ്ചായത്തിലെ ഓരോ വാർഡിലും ഓരോ ഗുണഭോക്താവിന് വീതം രണ്ട് ഉഴവുമാടുകളെ വാങ്ങുന്നതിന് സഹായംനൽകുന്ന പദ്ധതിയാണിത്. $^2/_3$ സബ്സിഡിയും $^1/_3$ ഭാഗം ബാങ്ക് വായ്പയും നൽകണം. ആകെ 8 യൂണിറ്റുകൾ. ഈ പദ്ധതിയിൽ തൊഴിൽസഹായം ലഭിക്കുന്നവർ, പഞ്ചായത്തുനിർദ്ദേശിക്കുന്ന രീതിയിൽ മാത്രമേ പ്രതിഫലം ഈടാക്കാവൂ.

പ്രീമിയം ബുൾസെമൺ പദ്ധതി.


ഈ ഗ്രാമപഞ്ചായത്തിലെ ഉല്പാദനക്ഷമത കുറഞ്ഞ കന്നുകാലികളുടെ ജനിതക ഗുണം വർദ്ധിപ്പിക്കുന്നതിനായി മേൽത്തരം പ്രീമിയം ബുൾസെമൺ ഉപയോഗപ്പെടുത്തി കൃത്രിമ ബീജസങ്കലനം നടത്തുന്ന പദ്ധതിയാണിത്. ഇതിലൂടെ ലഭിക്കുന്ന കന്നുകുട്ടികൾക്ക് ജനിതക ഗുണം വളരെ കൂടുതലായിരിക്കും ആലാ പഞ്ചായത്തിലെ എല്ലാ ക്ഷീരകർഷകർക്കും 10% സബ്സിഡിയോടെ നടപ്പാക്കുന്നതാണീ പദ്ധതി. ഇതിലൂടെ പഞ്ചായത്തിലെ ക്ഷീരോത്പാദനം വളരെയേറെ വർദ്ധിപ്പിക്കാനാകും.

മിൽക്ക് സൊസൈറ്റി നവീകരണ പദ്ധതി.

ഈ പഞ്ചായത്തിലെ ഏക പാൽസൊസൈറ്റി സ്ഥിതി ചെയ്യുന്നത് പഞ്ചായത്തിന്റെ ഒരു അതിർത്തി പ്രദേശത്തായതിനാൽ മറ്റു പ്രദേശങ്ങളിലുള്ളവർക്ക് തങ്ങളുടെ പാൽ വിറ്റഴിക്കാൻ പ്രയാസം നേരിടുന്നുണ്ട് ആയതിനാൽ ഈ ഗ്രാമപഞ്ചായത്തിലെ കോടുകുളഞ്ഞി പെണ്ണുക്കര എന്നീ സ്ഥലങ്ങളിൽ ആപ്കോസ് മാതൃകയിൽ രണ്ടുപാൽ സൊസൈറ്റികൂടി സ്ഥാപിക്കണം.

പേവിഷ നിയന്ത്രണ പദ്ധതി.

മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരാവുന്ന മാരകമായ വൈറസ് രോഗമാണ് പേവിഷബാധ. ഈ പഞ്ചായത്തിലെ മിക്കവീടുകളിലും വളർത്തുനായ്ക്കളുണ്ടെങ്കിലും ഒരു ന്യൂന പക്ഷം മാത്രമേ പട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തുവാൻ തയ്യറാകുന്നുള്ളൂ. ഈ അടുത്തകാലത്തായി ആലാഗ്രാമപഞ്ചായത്തിന്റേയും ആലാമൃഗാശുപത്രിയുടേയും ശ്രമഫലമായി വളരെയേറെ നായ്ക്കളെ പ്രതിരോധകുത്തിവയ്പ് നടത്താൻ സാധിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ എല്ലാവളർത്തുനായ്ക്കളും പേവിഷ ബാധയെക്കെതിരെ സൗജന്യ നിരക്കിൽ പ്രതിരോധകുത്തിവയ്പ്പ് നടത്തുന്നതിനും, ആവശ്യമായ ലൈസൻസ് നൽകുന്നതിനും തെരുവുനായ്ക്കളെ ഇല്ലാഴ്മ ചെയ്യുന്നതിനും അതിലൂടെ പഞ്ചായത്തിന് ഒരു സമ്പൂർണ്ണ പേവിഷബാധ നിർമ്മാർജ്ജന പഞ്ചായത്തായിപ്രഖ്യാപിക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണീ പദ്ധതി.



വളർത്തുനായ്ക്കളെ വളർത്തുന്ന എല്ലാവരും ഗ്രാമപഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാകുന്നു. ഓരോ വർഷവും മൃഗാശുപത്രി വെറ്റിനറി സർജന്റെ നേതൃത്വത്തിൽ സൗജന്യ നിരക്കിലുള്ള പേവിഷബാധപ്രതിരോധക്യാമ്പുകൾ എല്ലാ വാർഡിലും നടത്തണം പ്രതിരോധ വാക്സിന്റേ വിലയിൽ $^{1}/_{3}$ ശതമാനം സബ്സിഡിയായും $^{2}/_{3}$ ശതമാനം നായ്ക്കളുടെ ഉടമസ്ഥനും വഹിക്കേണ്ടതാണ് പ്രതിരോധകുത്തിവയ്പിനെ വിധേയരാകുന്ന നായ്ക്കൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകുകയും പ്രതിരോധ കുത്തിവയ്പിനുവിധേയരാക്കാത്ത നായ്ക്കൾക്കളുടെ ഉടമസ്ഥർക്ക് പഞ്ചായത്ത് പിഴ ഈടാക്കുകയും ചെയ്യണം കൂടാതെ തെരുവു നായ്ക്കളെ നശിപ്പിക്കുന്നതിന് പഞ്ചായത്ത് നേതൃത്വം നൽകേണ്ടതുമാണ് ജനകീയ ബോധവൽക്കരണവും ഈ പദ്ധതി ലക്ഷ്യമിടുന്നു.

കന്നുകാലികളുടെ പ്രതിരോധ കുത്തിവയ്പ്, ഗോരക്ഷ ക്യാമ്പ്, കന്നുകാലിപ്രദർശനം

കന്നുകാലികളെ ബാധിക്കുന്ന മാരകരോഗങ്ങളായ കുളമ്പുരോഗം, കുരലടയൽ, അടപ്പൻ, കാലിപ്ലേഗ്, എന്നിവയ്ക്കെതിരേ സൗജന്യ പ്രതിരോധ കുത്തിവയ്പ്കാലാകാലങ്ങളിൽ നടത്തുന്ന പദ്ധതിയാണിത്. അതുപോലെ കോഴികൾക്ക് കോഴി വസന്ത, കോഴി വസൂരി എന്നിവയ്ക്കെതിരെയും സൗജന്യ പ്രതിരോധ കുത്തിവെയ്പ് ഗ്രാമ പഞ്ചായത്തിലെ എല്ലാ കർഷകർക്കും ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണിത്. കന്നു കാലികളുടെ വന്ധ്യതാ പരിശോധന, പ്രതിരോധകുത്തിവെയ്പുകൾ എന്നവയോടെ നടത്തപ്പെടുന്ന രോഗരക്ഷാക്യാമ്പ് ഒരു വർഷം രണ്ട് പ്രാവശ്യമെന്നതോതിൽ പഞ്ചായത്ത് തലത്തിൽ സൗജന്യമായി നടത്തുവാനും പദ്ധതി ലക്ഷ്യമിടുന്നു. കന്നുകാലി പ്രദർശന മത്സരം പേവിഷബാധ ബോധവൽക്കരണ ക്ലാസുകൾ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഓരോ വർഷവും മൃഗസംരക്ഷണമേഖലയിലെ ഏറ്റവും മികച്ച അഞ്ച് ക്ഷീരകർഷകർക്ക് അംഗീകാരവും സമ്മാനവും നൽകാവുന്നതാണ്. കാലിത്തീറ്റ നിർമ്മാണയൂണിറ്റും സ്വകാര്യ സംരക്ഷണവും സൊസൈറ്റി അടിസ്ഥാനത്തിലും നടത്താവുന്ന പദ്ധതി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ ആറുചാലുകളും ഒരു വരട്ടാറും കരിങ്കൽ എടുത്തു കുഴിയായ നാലുജലാശയങ്ങളും ഉണ്ട്. അതുപോലെ മൂന്ന് മലകളുടെ അടിവാരങ്ങൾ -വെള്ളക്കെട്ട്- പഞ്ചായത്തിൽ ഉണ്ട്. ശാസ്ത്രീയ സംവിധാനം ചെയ്താൽ വൻ തോതിൽ നാടൻ മത്സ്യങ്ങളും, ആറ്റുകൊഞ്ചും വളർത്താൻ കഴിയും പ്രദേശത്ത്കാണുന്ന മത്സ്യങ്ങൾ വരാൽ, കാരി, പരൽ മുതലായവയാണ്. ഇവ പോലും വൻ സമ്പത്തായിരുന്നു. അടുത്തകാലത്തുണ്ടായ മത്സ്യരോഗം മൂലം ഗ്രാമപ്രദേശത്തെ മത്സ്യ സമ്പത്തിന് വൻനാശം സംഭവിച്ചു. അതിന്റെ പ്രശ്നം പരിഹൃതമായി കൊണ്ടിരിക്കുന്നു. പഞ്ചായത്തതിർത്തിയിൽ മത്സ്യബന്ധനം മാത്രം തൊഴിലാക്കിയ ആരും തന്നെയില്ല. എന്നാൽ ഭാഗീകമായ രീതിയിൽ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർ ഉണ്ട്.

നാട്ടിൽ വിൽപനയക് വരുന്ന മത്സ്യങ്ങൾ ഏറെയും കടൽ മത്സ്യങ്ങളാണ് കൊഞ്ച് ഒഴികെയുള്ള മിക്കമത്സ്യങ്ങളും വിൽപനയ്കായി എത്തുന്നു. കടൽ മത്സ്യക്കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന എതാനും പേർ പഞ്ചായത്തിലുണ്ട്. മത്സ്യവിപണന സ്ഥാപനങ്ങളോ മത്സ്യ സംസ്കരണ സ്ഥാപനങ്ങളോ ഇല്ല. പഞ്ചായത്ത് റോഡരികിലാണ് മത്സ്യക്കച്ചവടം ഏറെയും. കൊണ്ടുനടന്ന് വിൽപനയും ഉണ്ട്. പഞ്ചായത്തിൽ ഒരു സ്വകാര്യ മത്സ്യം വളർത്തൽ കേന്ദ്രം ഉണ്ട്.


പ്രശ്നങ്ങൾ


1. പ്രകൃതിദത്ത ജലാശയങ്ങളിലെ നാടൻ മത്സ്യങ്ങൾ വെള്ളപ്പൊക്കത്തോടുകൂടി കയറിയും ഇറങ്ങിയും പോവുകയും, തങ്ങുകയും ചെയ്യുന്നു.

2. തങ്ങിക്കിടക്കുന്ന മത്സ്യങ്ങളെ ലേലം ചെയ്യുന്നവർ കോരുവലയിട്ട് പിടിച്ച് മിക്കവാറും തൻ വർഷത്തിൽ തന്നെ തീർക്കുന്നു.
3. മത്സ്യം വളർത്തുവാനുള്ള സാങ്കേതികവിദ്യയോ, ധനസഹായമോ, പ്രോത്സാഹനമോ ഇല്ല.

സാദ്ധ്യതകൾ

1. പഞ്ചായത്ത് ജലാശയങ്ങളിൽ മത്സ്യം വളർത്തുന്നതിന് സന്നദ്ധത പ്രകടിപ്പിട്ടുള്ളവർ ഉണ്ട്. ആവശ്യമായ ധനസഹായവും സാങ്കെതിക ജ്ഞാനവും ഉണ്ടാകണം.
2. സ്വകാര്യ കുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് സന്നദ്ധതപ്രകടിപ്പിട്ടുള്ളവർ ഉണ്ട്. ആവശ്യമായ ധന സഹായവും സാങ്കേതിക ജ്ഞാനവും ഉണ്ടാകണം.
3. മത്സ്യം വളർത്തുന്നതിന് പഞ്ചായത്ത് സ്ഥലം പാട്ടത്തിനെടുക്കാൻ തയ്യാറായി മുന്നോട്ടു വന്നവർ ഉണ്ട്.
4. നെൽകൃഷിചെയ്തുവരുന്നതും, എന്നാൽ മത്സ്യം വളർത്തുന്നതിന് ഏറ്റവും യോജിച്ച സ്ഥലത്ത് മത്സ്യകൃഷി ചെയ്യാവുന്നാണ്.
5. സ്വകാര്യ മത്സ്യകൃഷിക്ക് പുല്ലാംതാഴെ, പാറക്കുഴി, കുളത്തിപ്പാറക്കുഴി, പുത്താത്തിക്കുഴി, കാവിക്കോട് നിലം പഴുക്കാമോടി, കരികുളം ഇവിടങ്ങൾ ഇതിന് യോജിച്ചതാണ്.
6. പൂമല, പല്ലോന്നി, പാറാത്തപ്പള്ളി, പിടിക്കയം, കരികുളം, പച്ചം വേലിച്ചാലുകളെ മത്സ്യകൃഷിക്കും ജല സേചനത്തിനും സൗകര്യ പ്രദമായ രീതിയിൽ സംവിധാനം ചെയ്യാൻ കഴിയുന്ന ജലാശയങ്ങളാണ്.
7. പുല്ലാംതാഴെ, P.I.P കനാൽ ജംഗ്ഷൻ, അത്തലക്കടവ് ജംഗ്ഷൻ, നെടുവരംകോട് കോടുകുളഞ്ഞി, പഞ്ചായത്ത് മാർക്കറ്റ് പ്രദേശം എന്നിവിടങ്ങളിൽ ഓരോ മത്സ്യവില്പന ഷോപ്പ് തുറക്കണം.
8. പൂമലച്ചാൽ എന്ന ജലാശയത്തെ ആധുനിക ശാസ്ത്ര സാങ്കെതികത ഉപയോഗിച്ച് സംവിധാനം ചെയ്താൽ മത്സ്യകൃഷി, ടൂറിസ്റ്റ് കേന്ദ്രം, ജലസേചനം എന്നിവ സംയുക്തമായി സംഘടിപ്പിക്കാം.
9. പഞ്ചായത്ത് പ്രദേത്ത് പരമ്പരാഗത കുളങ്ങൾ ഉണ്ട്. അവയെ മത്സ്യം വളർത്തുന്നതിന് ഉപയോഗപ്രദമാക്കാൻ കുളം ഉടമയെ പ്രോരിപ്പിക്കാൻ ആവശ്യമായ ധനസഹായവും, സാങ്കേതിക ജ്ഞാനവും നൽകുക.
10. മത്സ്യ സഹകരണ സംഘമോ, മത്സ്യ ഭവനോ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുവാൻ പദ്ധതികൾ ആരംഭിച്ചാൽ പഞ്ചായത്തിൽ മത്സ്യകൃഷി വൻതോതിൽ സംഘടിപ്പിക്കുവാൻ കഴിയും.





വ്യവസായം

വ്യവസായ പുരോഗതി തൊഴിലില്ലായ്മക്കൊരു പരിഹാരം എന്നതിലുപരി പഞ്ചായത്തിന്റെ വരുമാന വർദ്ധനവിന് ഒരു മാർഗ്ഗം കൂടിയാണ്. വ്യാപാര വ്യവസായ സ്ഥാപനങ്ങൾ വളർന്നുവന്നാൽ ജനങ്ങളുടെ മൊത്തത്തിലുള്ള ഉന്നമനത്തിനും അത് വഴിതെളിക്കും.

ആവശ്യഘടകങ്ങളായ സ്ഥലം, ജലം വൈദ്യുതി തൊഴിലാളികൾ എന്നിവ ഈ പഞ്ചായത്തിൽ സുലഭമാണെങ്കിലും വ്യാവസായികമായി വളരെ പിന്നോക്കംനില്ക്കുന്നു എന്ന വസ്തുത ഖേദകരമാണ്. വ്യവസായിക വളർച്ച വെറും ഒരു ശതമാനം പോലുമില്ലന്നത് ഒരു നഗ്നസത്യ മാത്രമാണ് പാരമ്പര്യ കൈത്തൊഴിലുമായി ബന്ധപ്പെട്ട ചില നിർമ്മാണ പ്രവർത്തനങ്ങളും വ്യപാരസ്ഥാപനങ്ങളുമാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നതിലധികവും.


ഈ സ്ഥിതിവിശേഷത്തിന്റെ കാരണങ്ങൾ താഴെ പറയുന്നവയാണ്.

പ്രശ്നങ്ങൾ

1. വ്യവസായിക വളർച്ചയുടെ ആവശ്യതകയെക്കുറിച്ചുള്ള അറിവില്ലായ്മ.
2. വ്യവസായ ബോധവത്ക്കരണത്തിന്റെ അഭാവം.
3. സർക്കാരിന്റെ പരിപാടികളെക്കുറിച്ചുള്ള അറിവില്ലായ്മ.
4. മൂലധനത്തിന്റെ ലഭ്യതക്കുറവ്.
5. ലൈസൻസുകൾ, വായ്പമുതലായവ ലഭിക്കുന്നതിനുള്ള കാലതാമസം.
6. സർക്കാർ ഓഫീസുകളിലെ ചുവപ്പു നാടകൾ.
7. വൈദ്യുതി പ്രതിസന്ധി.

സാധ്യതകൾ

പ്രാദേശിക കാലാവസ്ഥയുടെയും ലഭ്യമായ അസംസ്കൃത സാധനങ്ങളുടെയും അടിസ്ഥാനത്തിൽ പല വ്യവസായങ്ങളും തുടങ്ങുന്നതിനുള്ള സാധ്യതകൾ വളരെയധികമാണ്. തോടുകളും, കുളങ്ങളും ഉള്ളതിനാൽ മത്സ്യകൃഷി, ചെമ്മീൻ കെട്ട് തുടങ്ങിയവ, തെങ്ങ്ധാരാളമായുള്ളതിനാൽ വെളിച്ചെണ്ണ, കരിക്കുംവെള്ളം പ്രോസ്സസ്സിംഗ് ആന്റ് പാക്കിംഗ് അങ്ങനെ പലതും തുടങ്ങുവാൻ സാധ്യതകൾ ഏറെയാണ്. സെറി കൾച്ചർ ഡവലപ്പ്മെന്റ് സെന്റർ നടത്തിയ പഠനം മൾബറികൃഷി, പട്ടുനൂൽ പുഴുവളർത്തൽ തുടങ്ങിയ വ്യവസായങ്ങൾക്ക്അനുയോജ്യമായ സ്ഥലമാണിതെന്ന് വെളിപ്പെടുത്തുന്നു. പൂമലച്ചാൽ വികസിപ്പിച്ചെടുത്താൽ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റിയെടുക്കുവാനും സാധിക്കും.



തൊഴിൽ രഹിതരായ വനിതകൾ ധാരളമായി ഉള്ളതിനാൽ കൂണ്, പച്ചക്കറി, പഴച്ചാറുകൾ, അച്ചാറുകൾ, കറിപൗഡർ, പലഹാരങ്ങൾ, റെഡിമെയ്ഡ് ഗാർമെന്റ്സ്, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ തുടങ്ങിയവയും ഉല്പാദിപ്പിക്കാവുന്നതാണ്. വ്യവസായവളർച്ചക്ക് അടിസ്ഥാനമായ സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിലേക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ വെച്ചു കൊള്ളുന്നു.

നിർദ്ദേശങ്ങൾ

നല്ല മൂലധനമുള്ള രണ്ട് സർവീസ് സഹകരണ ബാങ്ക് പഞ്ചായത്തിലുണ്ട്. ഈ സ്ഥാപനത്തെ വ്യവസായമൂലധന നിക്ഷേപത്തിലേക്ക് ആകർഷിക്കാൻ കഴിയും.


1. വ്യവസായ വളർച്ചയുടെ ആവശ്യകതയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസുകൾ വാർഡടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
2. വ്യവസായ സംരംഭകരെ യോജിപ്പിച്ച് സർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ചും, ആവശ്യമായ ലൈസൻസുകൾ, അവ ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ അവ വായ്പാ പദ്ധതികൾ, സബ്സിഡി തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുന്നതിലേക്ക് ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ സെമിനാറുകൾ നടത്തുക.
3. വിദേശമലയാളികളുടെയും ഉയർന്ന വരുമാനക്കാരുടെയും സഹായത്തോടെ സഹകരണ സംഘങ്ങൾ ഉണ്ടാക്കി കുറഞ്ഞ പലിശനിരക്കിൽ മൂലധനം ലഭ്യമാക്കുക.
4. ആലാ സഹകരണ സംഘം വക സ്ഥലം, പുറംമ്പോക്കുകൾ, മിച്ചഭൂമിയായി മാറ്റിയിട്ടിരിക്കുന്ന സ്ഥലങ്ങൾ തുടങ്ങിയവ ഏറ്റെടുത്ത് വ്യവസായ എസ്റ്റേറ്റ്, വ്യവസായ ഷെഡ്ഡുകൾ തുടങ്ങിയവ നിർമ്മിച്ച് വ്യവസായസംരംഭകർക്ക് വാടകയ്ക്ക് നല്കുക.
5. കൂൺകൃഷി, പട്ടുനൂൽ കൃഷി, പാൽ അധിഷ്ഠിത ഉല്പന്നം, മത്സ്യകൃഷി, ചെമ്മീൻ കെട്ട് മറ്റു വനിതാ വ്യവസായങ്ങൾ മുതലായവ തുടങ്ങുനതിലേക്ക് അനുബന്ധ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ ക്ലാസ്സുകളും സെമിനാറുകളുംസംഘടിപ്പിക്കുക.
6. ഇപ്പോൾ നിലവിലുള്ള വ്യവസായ സംരംഭകർക്ക് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് ഉല്പാദനക്ഷമത കൈവരിക്കുന്നതിനും ഉള്ള സ്റ്റഡിക്ലാസ്സുകൾ നടത്തുകയും അവരെ ബോധവാന്മാരാക്കുകയും ചെയ്യുക.
7. മാർക്കറ്റിംഗ് സൊസൈറ്റികൾ രൂപവത്ക്കരിച്ച് ഉത്പന്നങ്ങൾക്ക് വിപണന സൗകര്യം ഉണ്ടാക്കി കൊടുക്കുക.
8. പഞ്ചായത്ത് അധീനതയിലുള്ള കുളങ്ങൾ, തോടുകൾ തുടങ്ങിയവ വൃത്തിയാക്കി മത്സ്യകൃഷിക്ക് താല്പര്യമുള്ളവർക്ക് ഹ്രസ്വകാല പാട്ടത്തിന് കൊടുക്കുക.
9. ഇൻഡസ്ട്രീസ് വകുപ്പിൽനിന്നും ഒരു എക്സ്റ്റൻഷൻ ഓഫീസറുടെ സേവനം ലഭ്യമാക്കുക.
10. വ്യവസായ ഗൈഡൻസ് സെൽ രൂപീകരിക്കുക.

പദ്ധതികൾ

II. പൂമലച്ചാൽ ടൂറിസം സെന്റർ. (മിനിടൂറിസ്റ്റ് കേന്ദ്രം സ്ഥാപിക്കൽ)

i പൂമലച്ചാലിനു ചുറ്റും ബണ്ടുകൾ നിർമ്മിച്ച് വൃത്തിയാക്കുക.

ii. പ്രകൃതിരമണീയത നഷ്ടപ്പെടുത്താതെ പൂച്ചെടിയും മറ്റുംവെച്ച് പിടിപ്പിച്ച് മനോഹാരിത കൂട്ടുക.



iii. ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുക.

iv. നല്ലയിനം മത്സ്യങ്ങളെ വളർത്തുന്നപക്ഷം മത്സ്യലേലം വഴി പഞ്ചായത്തിന് വരുമാനം ഉണ്ടാവുന്നതാണ്.

v. പാണ്ഡവൻപാറ, നൂറ്റവൻ പാറ തുടങ്ങിയവയുടെ സാമിപ്യം ഉപയോഗപ്പെടുത്തി പൂമലച്ചാൽ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുവാൻ സാധിക്കും.

XII. വനിതാ സഹകരണസംഘം.

i. സഹകരണ സംഘങ്ങൾ ഉണ്ടാക്കി താഴെപറയുന്ന വ്യവസായങ്ങൾ ആരംഭിക്കുക.

a. അച്ചാറുകൾ, പഴച്ചാറുകൾ, പലഹാരങ്ങൾ, കറിപൗഡർ, മിനറൽ വാട്ടർ, സ്ക്വാഷ്, ജാം.

b. ബുക്ക് ബൈൻഡിംഗ്.

c. റെഡിമെയ്ഡ് ഗാർമെൻസ്.

d. മെഴുകുതിരി.

e. സോപ്പ്.

f. ബോൾപെൻ റിഫീൽസ്.

ii. വനിതാസഹകരണ സംഘങ്ങൾ വഴി വിത്തുകൾ, അസംസ്കൃത സാധനങ്ങൾ തുടങ്ങിയവ നല്കി വീടുകളിൽ താഴെ പറയുന്ന ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുക.

a. കൂൺ, മൾബറി, പച്ചക്കറി,

b. കാലിവളർത്തൽവഴി പാല്, കോഴി വളർത്തൽവഴി മുട്ട തുടങ്ങിയവ.

c. കുട്ട, വട്ടി, പായ്.

d. ഗൃഹാലങ്കാര വസ്തുക്കൾ.

e. അച്ചാറുകൾ പലഹാരങ്ങൾ.


XIII. സഹകരണടിസ്ഥാനത്തിൽ മോബൈൽ കാന്റീൻ ഉണ്ടാക്കി ചെങ്ങന്നൂർ എൻജിനിയറിംഗ് കോളജ് വിദ്യാർത്ഥികൾ, ബസ്സ്, ട്രെയിൻ യാത്രക്കാർ തുടങ്ങിയ ഉപഭോക്താക്കൾക്ക് ആഹാര പാനീയങ്ങൾ ലഭ്യമാക്കുക.

XIV. പട്ടുനൂൽ പുഴു സംസ്കരണ കേന്ദ്രം തുടങ്ങി സിൽക്ക് തറികൾ നിർമ്മിച്ചുകൊടുക്കുക. ഇതിലേക്ക് സെറികൾച്ചർ സൊസൈറ്റിക്ക് വ്യവസായ വകുപ്പ് സാങ്കേതിക സഹകരണം നൽകാമെന്ന് സമ്മതിച്ചിട്ടുള്ളതാണ്.

XV. പൊതുസഹകരണ സംഘങ്ങൾ

പൊതു സഹകരണമേഖലയിൽ പാൽ സംസ്കരണ കേന്ദ്രം തുടങ്ങുകയും (മാവേലിക്കരയിൽ പ്രവർത്തിച്ചുവരുന്ന മഹിമാ പായ്ക്കറ്റു പാൽ ശ്രദ്ധേയമാണ്) വിപണനം നടത്തുക.

XVI. വിദേശ മലയാളി മൂലധനമുടക്കോടെ കരിക്കിൻ വെള്ളം സംസ്കരിച്ച് കുപ്പിയിലാക്കി വിപണനം നടത്തുന്ന വ്യവസായം തുടങ്ങുക. ഇതിന് ആവശ്യമായ സാങ്കേതിക



വിദ്യ കോക്കനട്ട് റിസേർച്ച് സെന്ററിൽ ലഭ്യമാണ്. ഇതോടൊപ്പം തേങ്ങയിൽനിന്നും വിവിധ തരത്തിലുള്ള ബ്രഷ് നിർമ്മാണം, ചകിരി കൈതത്തണ്ട്, തുടങ്ങിയ പ്രകൃതി ദത്ത നാരുകളും മൃഗരോമങ്ങളും സുലഭമായി കിട്ടുന്ന പ്രദേശമാണ്. പ്രത്യേകതരം ബ്രഷുകളുള്ള നാരുകൾ മാത്രം ഇറക്കുമതി ചെയ്താൽ മതി. ഒരു സഹകരണ സംഘം രൂപീകരിച്ച് വനിതകൾക്ക് തൊഴിൽ പ്രാധാന്യം നൽകി ഈ വ്യവസായം തുടങ്ങാവുന്നതാണ്. സ്വകാര്യ വ്യക്തികളും ഈ വ്യവസായം തുടങ്ങുവാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. വേണ്ട പ്രോത്സാഹനവും നേതൃത്തവും കൊടുക്കുക.

XVIII.ഏറ്റവും നല്ല കളിമൺ പ്രദേശമാണ്. ഓട്, കളിമൺ പാത്രങ്ങൾ എന്നിവ നിർമ്മിക്കുന്ന വ്യവസായം തുടങ്ങുവാനുള്ള സാദ്ധ്യതയുണ്ട്. നൂറ്റാണ്ടിനുമുമ്പ് ഇവിടെയടുത്ത് ഒരു ഓട് നിർമ്മാണ ഫാക്ടറി പ്രവർത്തിച്ചിരുന്നു. ആ പ്രദേശത്തിന് ഇപ്പോഴും 'ഓട്ടാഫീസ്' എന്നാണ് വിളിക്കുന്നത്. ഇവിടുത്തെ ഓടാണ് ഇന്നാട്ടിലെ പഴയ വീടുകളുടെ മേൽക്കൂരയിൽ കിടക്കുന്നത്. 'പൊട്ടാത്ത ഓട്' നിർമ്മാണം നഷ്ടത്തിലാണ് കണ്ട വ്യവസായി സ്ഥലം ഉപേക്ഷിച്ചു പോവുകയായിരുന്നു എന്നും അതുപോലെ കളിമൺ പാത്രനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നവരും ഉപേക്ഷിച്ചുപോയിഎന്നും പറയപ്പെടുന്നു.

XVIII.റബ്ബർ കൃഷി വ്യാപകമായികൊണ്ടിരിക്കുന്നു. പരിസരപ്രദേശത്തേക്കാൾ റബ്ബർ ഷീറ്റ് എന്നിവ കൊണ്ട് വിവിധ വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്നവരുമുണ്ട് ആവശ്യമായ സഹായങ്ങളും പരിശീലനവും നൽകുക.

XIX താഴെ പറയുന്ന വ്യവസായങ്ങൾ തുടങ്ങുവാൻ താൽപര്യപ്പെട്ടുകൊണ്ടുള്ള റിപ്പോർട്ട് ഗ്രാമ സഭകളിൽ നിന്നുണ്ടായിട്ടുണ്ട്. ധനസഹായം, സാങ്കേതിക പരിശീലനം, നടപടി എളുപ്പമാക്കൽ തുടങ്ങിയവയാണ് പ്രശ്നമായി ഉയർന്നു വന്നിട്ടുള്ളത്. ഇതിന് പരിഹാരം കണ്ട് വ്യവസായ പ്രോത്സാഹനം ഉണ്ടാക്കണം.

1. കോർക്ക് സോഡാ നിർമ്മാണം 2. പി. വി. സി. പൈപ്പ് നിർമ്മാണം 3. ഇരുമ്പ് സാധനങ്ങൾ 4. കേരവസ്തുക്കളെകൊണ്ടുള്ള കൗതുകവസ്തുക്കൾ, 5. ചെരുപ്പ് നിർമ്മാണം. 6. മധുര പലഹാരങ്ങൾ.

XX സഹകരണ അടിസ്ഥാനത്തിലോ അല്ലാതെയോ തേങ്ങാപ്പീര, തേങ്ങാപ്പാൽ സംസ്കരിച്ച് പായ്ക്കറ്റിലാക്കി വിപണനം നടത്തുക.


XXI പഞ്ചായത്ത് അധീനതയിലുള്ള ജലാശയങ്ങളും കുളങ്ങളും ശുദ്ധീകരിച്ച് മത്സ്യ കൃഷിക്ക് അനുയോജ്യമാക്കി മത്സ്യസഹകരണ സംഘങ്ങൾ ഉണ്ടാക്കി മത്സ്യ കൃഷി നടപ്പിലാക്കുകയും മത്സ്യവിപണനം നടത്തുകയും ചെയ്യുക.

ഉപസംഹാരം

17. പാറപൊട്ടിച്ച് മെറ്റൽ നിർമ്മാണം (വനിതാസഹകരണസംഘം)


മേൽപ്പറഞ്ഞ പട്ടിക കാണുമ്പോൾ എത്രമാത്രം ശോചനീയമായ അവസ്ഥയിലാണ് ഇവടെ വ്യവസായവൽക്കരണം പുരോഗമിക്കുന്നതെന്ന് മനസ്സിലാക്കുവാൻ സാധിക്കും. മുകളിൽ വിവരിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതു വഴി, ജനങ്ങളുടെ വ്യവസായങ്ങളോടുള്ള സമീപനം തന്നെ മാറ്റിയെടുക്കുവാനും അതോടൊപ്പം പദ്ധതികൾ നടപ്പിലാക്കുന്നതിന്വേണ്ട ഒരു അന്തരീക്ഷം സൃഷ്ടിക്കുവാനും സാധിക്കും.


വ്യവസായങ്ങൾ നടത്തുവാൻ മുമ്പോട്ടു വന്നിട്ടുള്ള വ്യക്തികൾക്ക് ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതു വഴി പുതിയ വ്യവസായങ്ങൾ തുടങ്ങുവാൻ വഴിയൊരുക്കും. അതിനാൽ അത് ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല.





ഇപ്പോൾ പഞ്ചായത്തിലുള്ള വ്യവസായങ്ങളുടെ വിവരം

	പേര്	നമ്പർ
1.	ഫൈബർഗ്ലാസ്	1
2.	സോപ്പ്പൊടി നിർമ്മാണം	1
3.	കിണർ, കക്കൂസ്, തൊടി, നിർമ്മിച്ചു കൊടുക്കൽ	2
4.	കൊപ്രാ ആട്ടുമിൽ രണ്ട് ചക്ക് വീതം	3
5.	ഫർണ്ണിച്ചർ നിർമ്മാണം	1
6.	അലക്കുസോപ്പു നിർമ്മാണം	1
7.	പുളിക്കുരു പൊടിച്ചു വില്പന	2
8.	പലഹാരം നിർമ്മിച്ച് വില്പന	1
9.	ഗേറ്റ്, ഗ്രിൽ, ഷട്ടർ, നിർമ്മിക്കൽ	2
10.	സോഡാ നിർമ്മാണം	2
11.	കേബിൾ റ്റി. വി.	3
12.	ബേക്കറി	3
13.	വാഹനം വാടകയ്ക്ക് കൊടുക്കുകയും റിപ്പയറിംഗും	2
14.	മൊസേക്ക് നിർമ്മാണം	1
15.	തടിമിൽ	1
16.	റൈസ്മിൽ	5









ഗതാഗതം

ഏതാണ്ട് നാല് പതിറ്റാണ്ടുകൾക്ക്മുൻപ് ആലാ പഞ്ചായത്ത്ഉൾപ്പെടുന്ന ആലാ - പെണ്ണുക്കര-കോടുകുളഞ്ഞി പ്രദേശത്ത് നാമമാത്രമായ റോഡുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ചെങ്ങന്നൂർ-കായംകുളം ഗ്രാവൽ റോഡ്, മാത്രമേ ഉണ്ടായിരുന്നുള്ളൂ. നെൽസൺ മോട്ടോർ സർവ്വീസിന്റെ ഒന്നുരണ്ടു ബസ്സുകൾ ഈ റോഡിലൂടെ ഓടിയിരുന്നു.

പ്രഥമ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് അന്നുണ്ടായിരുന്ന ആറ് വാർഡുകളിലും ജനകീയയോഗങ്ങൾ വിളിച്ച് റോഡുകൾ വെട്ടുന്നതിനുള്ള ശ്രമം ആരംഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഇന്ന് ബസ്സ് റൂട്ടായി മാറിയ മഠത്തുംപടി ഓട്ടാഫീസ് റോഡും ആലാ അത്തലക്കടവ് പെണ്ണുക്കര പള്ളിമുക്ക് റോഡും ഒട്ടേറെ ചെറിയ റോഡുകളും ഈ പ്രദേശത്ത് ജനകീയ മുന്നേറ്റത്തിലൂടെ ഉണ്ടായി. തുടർന്നുള്ള കാലം റോഡ്വെട്ട് ഉത്സവങ്ങളായിമാറി


ഇന്ന് 86കി.മീ റോഡുകളാണ് ഈ പഞ്ചായത്തിലുള്ളത്. അതിനാൽ 22കി.മീ ജില്ലാ റോഡുകളുമാണ്. പഞ്ചായത്ത് റോഡുകളിൽ 49 കി.മീ ഗ്രാവൽ റോഡുകളും 3കി.മീ മൺ റോഡുകളും 12 കി.മീ ടാർറോഡുകളുമാണ്. സംസ്ഥാന റോഡുകൾ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നില്ല. ഈ കണക്കിൽ പ്രകാരം ഏറ്റവും കൂടുതൽ പഞ്ചായത്ത് റോഡുകളും ഗ്രാവൽ റോഡുകളുമാണെന്ന് മനസ്സിലാകും.


ജനകീയ പ്രവർത്തനഫലമായി രൂപംകൊണ്ട ഗ്രാമറോഡുകൾ പഞ്ചായത്ത് റോഡുകൾ ആകുകയും പഞ്ചായത്തിന്റെ സാമ്പത്തികപരിധിക്കുള്ളിൽനിന്ന് കാലാകാലങ്ങളിൽ മെയിന്റനൻസ് ചെയ്തും വരുന്നു വരുമാനം ഏറ്റവും കുറഞ്ഞ ഈ പഞ്ചായത്തിന് കിട്ടുന്ന നാമമാത്രമായ സർക്കാർ ഗ്രാന്റ് ഓരോ വാർഡിലെയും റോഡുകളുടെ അതിദയനീയവസ്ഥ കണക്കിലെടുത്ത് തുല്യവീതത്തിലൂടെയുള്ള മെയിന്റനൻസ് നടന്നുവരുന്നു. വർഷംതോറും മെയിന്റനൻസ് നടക്കാത്തവയാണ് ഏറെയും.

കാലാകാലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട വാർഡ് മെമ്പറുമാരുടെ രാഷ്ട്രീയ സ്വാധീനത്തിൽ (Minister, M.P., M.L.A. സഹായം ചിലവാർഡ് റോഡുകൾ പൂർണ്ണമായും ചിലത് ഭാഗികമായും ടാർ റോഡുകളായി അവയുടെ വിവരം പട്ടിക 4 ൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിലെ വിവിധ വാർഡുകളിലൂടെ കടന്നുപോകുന്നതും പ്രധാനപ്പെട്ട ബസ്റൂട്ടുകളെ ബന്ധിപ്പിക്കുന്നതും ദീർഘദൂര ബസ് റൂട്ടിന് സാധ്യതയുള്ളതുമായ പലറോഡുകളും ജില്ലാറോഡുകളാക്കണമെന്നും ടാറിംഗ് നടത്തണമെന്നും പഞ്ചായത്ത് സമിതിയും ജനങ്ങളും നിരന്തരം ആവശ്യപ്പെട്ടിരുന്നു. പരിസര പഞ്ചായത്തുകളെ അപേക്ഷിച്ച് ജില്ലാ റോഡുകൾ വളരെകുറച്ചു ദൂരം മാത്രമേ ഈ പഞ്ചായത്തിൽ നിലവിലുള്ളു എന്ന് കണക്കുകൾ ബോദ്ധ്യപ്പെടുത്തിട്ടുണ്ട്. ആയതിനാൽ റോഡിന്റെ വികസനം അപര്യാപ്തമായ ഈ പഞ്ചായത്തിലെ പ്രധാന റോഡുകൾ ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് ടാർചെയ്ത് ബസ് റൂട്ടിന് പര്യാപ്തമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും റോഡ് സൗകര്യമില്ലാത്ത പ്രദേശങ്ങളുണ്ട്. മുമ്പ് റോഡുവെട്ട് ജനകീയ പരിപാടിയായിരുന്നു എങ്കിൽ ഇന്ന് പഞ്ചായത്തിൽനിന്ന് റോഡുവെട്ടികൊടുക്കണമെന്ന മാനസികാവസ്ഥയിലാണ്. ജനങ്ങൾ. അതോടൊപ്പം റോഡ് ആവശ്യമുള്ള സ്ഥലത്തെ സ്ഥലമുടമകളിൽ ഭൂരിപക്ഷവും റോഡ് സൗകര്യമുള്ളവരായതുകൊണ്ട് റോഡുവെട്ടുന്നതിന് സ്ഥലം നൽകാതെ തടസ്സം നിൽക്കുന്നു.






അത്യാവശ്യം വേണ്ട പുതിയ റോഡുകളുടെ സ്ഥിതി വിവരം പട്ടികയിൽ വിവരിക്കുന്നു. ഗ്രാവൽ റോഡുകൾ എല്ലാം തന്നെ കാലാകാലങ്ങളിലുണ്ടാകുന്ന വെള്ളപ്പൊക്കം മൂലവും തുടർച്ചയായിട്ടുള്ള കാലവർഷവുംകൊണ്ട് താറുമാറാവുക ഈ പ്രദേശത്തിന്റെ പ്രത്യേകത യാണ്. അതുകൊണ്ട് റോഡ് ഉയർത്തി ആവശ്യമായ സ്ഥലങ്ങളിൽ കൾവേർട്ടുകൾ നിർമ്മിച്ചും സംരക്ഷണഭിത്തികൾ കെട്ടി ബലപ്പെടുത്തേണ്ടതും ടാർ ചെയ്ത് നല്ല റോഡുകൾ ആക്കേണ്ടതിന് ഈ പഞ്ചായത്തിന്റെ പ്രഥമ പരിഗണനാ വിഷയമാണ്. അല്ലാത്തപക്ഷം മെയിൻന്റനൻസിനായി ചെലവിടുന്ന പണം പാഴ്ചെലവായി തുടർന്നുകൊണ്ടിരിക്കും., ഈ പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറെ അതിർത്തിയിലൂടെ ഏതാണ്ട് മുക്കാൽ കി:മി തീവണ്ടിപ്പാതയുണ്ട്. ജലഗതാഗതമില്ല. വാഹനഗതാഗതമുള്ള മഠത്തുംപടി-ഓട്ടാഫീസ് റോഡിലൂടെ, ചെങ്ങന്നൂർ-മാവേലിക്കര ബന്ധിപ്പിക്കുന്ന റോഡിൽക്കൂടെ ഓടുന്ന കേരളാ സ്റ്റേറ്റ് ട്രാസ്പോർട്ട് ബസ്സുകൾ ഇടയ്ക്കിടെ നിർത്തൽ ചെയ്യലും, ബസ്സിന്റെ എണ്ണത്തിലുള്ള കുറവും യാത്രാക്ലേശം വളരെ സൃഷ്ടിക്കുന്നുണ്ട്. പൊതുവിൽ റോഡുകളുടെയും ഗതാഗത സൗകര്യത്തിന്റേയും കാര്യത്തിൽ തീരെ വികസനമുണ്ടാക്കാത്ത ഒരു പഞ്ചായത്ത് ആയതിനാൽ വരുംകാല പദ്ധതി പ്രവർത്തനത്തിൽ കൂടുതൽ പരിഗണനയുണ്ടാകേണ്ടതുണ്ട്.


പ്രശ്നങ്ങളും സാദ്ധ്യതകളും

- ടാർ ചെയ്ത പല റോഡുകളും സഞ്ചാര യോഗ്യമല്ലാതെ തകർന്നു കിടക്കുന്നു. ടാറിംഗിന്റെ ഗുണമേന്മയില്ലായ്മയും, കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്താത്തതുമാണ് പ്രധാന കാരണം.
- ഗ്രാവൽ റോഡുകൾക്ക് പലതിനും ആവശ്യത്തിന് വീതിയില്ല.
- മിക്കറോഡുകളും താണ പ്രദേശത്തുകൂടി പോകുന്നതിനാൽ വെള്ളം കയറുന്നു.
- പുതിയതായി നിർമ്മിച്ച റോഡുകളിൽ ആവശ്യമായ സ്ഥലത്ത് കലുങ്കുകൾ/പൈപ്പ്/പാലം ഇവ നിർമ്മിക്കാത്തതുമൂലം ഉണ്ടാകുന്ന വെള്ളക്കെട്ട് റോഡുകളെ താറുമാറാക്കുന്നു.
- മിക്കറോഡുകൾക്കും ഓടകൾ ഇല്ലാത്തതുകൊണ്ട് റോഡിൽ വെള്ളം കെട്ടിനിന്ന് നാശം ഉണ്ടാകുന്നു.
- വർഷത്തിൽ ഒരിക്കൽ പോലും മെയിന്റനൻസ് നടത്താറില്ലത്ത റോഡുകളും ഉണ്ട്.
- ബസ്റൂട്ടിൽ ബസ് കാത്തു നിൽക്കാനും, മഴക്കാലത്ത് കയറി നിൽക്കാനും വെയിറ്റിംഗ് ഷെഡ്ഡുകൾ ഇല്ല. സർക്കാർ /പഞ്ചായത്ത് മുടക്കുന്ന പണം, പൂർണ്ണമായും താഴെ എത്താൻ നോമിനികൾ / കോൺട്രാക്ടുമാർ ഒഴിവാക്കാനുള്ള സംവിധാനം ഉണ്ടാകണം.

b.
- റോഡ് കയ്യേറ്റം നടക്കുന്ന റോഡ് സൈഡ് കയ്യേറികടകൾ സ്ഥാപിക്കുന്നു. റോഡിനുവേണ്ടി ചെലവഴിക്കാൻ കിട്ടുന്ന പഞ്ചായത്ത് ഫണ്ട് എല്ലാവാർഡിനും തുല്യമായി പങ്കിടുന്നതുമൂലം റേഡിന്റെ അറ്റകുറ്റപ്പണി വ്യത്തിയായി നടക്കുന്നില്ല.പഞ്ചായത്തിന്റെ തനതു ധനസ്ഥിതി റോഡ്ടാർചെയ്യുന്നതിനോ വർഷാവർഷം മെയിന്റനൻസ് നടത്തുന്നതിനോ സഹായകമല്ല. മറ്റ് ധനാഗമമാർഗ്ഗങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു
- റോഡ് സൗകര്യമില്ലാത്ത പല പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്.
- റോഡ് സംരക്ഷണത്തിൽ ജനങ്ങൾ തയ്യാറാണ്. നേതൃത്വവും, വസ്തു ഉടമകളുടെ സമ്മതവും ഉണ്ടാകണം.
- പുതിയ റോഡുകൾക്ക് സ്ഥലംനൽകാൻ കുറെ ആളുകൾ തയ്യാറായിട്ടുണ്ടെങ്കിലും കുറച്ച് ആളുകൾ സ്ഥലം നൽകാൻ തടസ്സമായി നിൽക്കുന്നു.



- പുതിയ റോഡുകൾ ആവശ്യമുള്ള സ്ഥാനത്ത് സ്ഥലത്തെ ഗുണഭോക്താക്കളെ സംഘടിപ്പിച്ചു റോഡ് നിർമ്മിക്കാൻ കഴിയും, സ്ഥലം ഗവൺമെന്റ് അക്വയർ ചെയ്യണം.
- ഇന്ന് നടക്കുന്ന നോമിനിവർക്കിനുപകരം വാർഡുതലജനകീയ സമിതികൾ നിർമ്മാണവും മെയിന്റനൻസും ഏറ്റെടുത്ത് നടത്താൻ തയ്യാറാണ്.



- ഓടകൾ നിർമ്മിക്കുന്നതിനുള്ള സന്നദ്ധപ്രവർത്തനം സംഘടിപ്പിക്കാൻ കഴിയും വിധം റോഡ്തല സംരക്ഷണസമിതികൾ ഉണ്ടാക്കാൻ കഴിയും.

നിർദ്ദേശങ്ങൾ:-

A


- പട്ടികയിൽ പറഞ്ഞിരിക്കുന്ന പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് പരിസരവാസികളുടെ യോഗംവിളിച്ച് റോഡ് നിർമ്മാണ സമിതികൾ പഞ്ചായത്ത് നേതൃത്വത്തിൽ സംഘടി പ്പിക്കുക.
- പുതിയറോഡ് ഉണ്ടാക്കേണ്ട സ്ഥലത്തെ വസ്തു ഉടമകൾ ശത്രുതാപരമായ നിലപാട് സ്വീകരിക്കുന്നുവെങ്കിൽ ജനങ്ങൾക്കുവേണ്ടി ആവശ്യമായ സ്ഥലം അക്വയർ ചെയത് കൊടുക്കുക.
- പുതിയ റോഡ് നിർമ്മിക്കുന്നതിന് വേണ്ടിവരുന്നമൊത്തം ചെലവിന്റെ ഒരംശം പഞ്ചായ ത്തിൽനിന്നും ധനസഹായം ചെയ്യുക.

B

- താഴെപറയുന്ന റോഡുകൾ പഞ്ചായത്തിൽ ദീർഘമേറിയതും ഏറ്റവും പ്രധാനപ്പെട്ടതും ദീർഘദൂര ബസ്റൂട്ടിന് സാധ്യതയുള്ളതുമാകയാൽ പ്രസ്തുത റോഡുകൾ ജില്ലാ പഞ്ചായ ത്ത് അംഗീകരിച്ചു വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
- പെണ്ണുക്കര പള്ളിമുക്ക്- ആലാ അത്തലക്കടവ് 2½ km നീളം 8മീ. വീതി. പഞ്ചായത്തു് നിലവിൽവരുന്നതിന് മുൻപ് ഉണ്ടായത്. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത്കൂടി കടന്നുപോ കുന്നു. പഞ്ചായത്ത് ഓഫീസും, മറ്റ് സ്ഥാപനങ്ങളും ഈ റോഡിന്റെ അരികിലാണ് രണ്ട് PWD റോഡുകളെയും ബസ്റൂട്ടുകളെയും തമ്മിൽ യോജിപ്പിക്കുന്നു.
- മാമ്പറ്റപ്പടി- മലയിൽപടി റോഡ്. 2 വാർഡുകളിൽകൂടി കടന്നുപോകുന്നു 2 PWD റോഡു കളെ തമ്മിൽ യോജിപ്പിക്കുന്നു രണ്ട് പട്ടികജാതി കോളനി / പട്ടികജാതി ജനവിഭാഗം തിങ്ങിപ്പാർക്കുന്ന പ്രദേശം / രണ്ട് ബസ് റൂട്ടുകളെ തമ്മിൽ ബന്ധിപ്പിക്കുന്നു. ആലാ H.S.S. അങ്ങാടിക്കൽതെക്ക് H.S വിദ്യർത്ഥികളുടെ പ്രധാനസഞ്ചാരമാർഗ്ഗം നീളം 3 കി. മിറ്റർ- വീതി 8മീറ്റർ / കുറെ ഭാഗം ടാർ ചെയ്തതും ബാക്കി ഗ്രാവൽ റോഡും.ആണ്.
- പണിപ്പുരപ്പടി-ശ്രീരംഗം- ആലാ റോഡും 1½ കി.മീ. നീളവും 6 മീ വീതി. രണ്ട് ബസ് റൂട്ടു കളെ തമ്മിൽ ബന്ധിപ്പിക്കുന്നു 3 വാർഡുകളിൽ കൂടികടന്ന് പോകുന്നു ആലാ H.S.S ലേക്കുള്ള വിദ്യാർത്ഥികളുടെ പ്രധാന സഞ്ചാരമാർഗ്ഗം. ഗ്രാവൽ റോഡ് ആലാ, പുലിയൂർ ബ്ലോക്ക്, ക്ഷേത്രം, മുതലായ സ്ഥലത്തേക്കുള്ള കുറഞ്ഞ ദൈർഘ്യവഴി.
- പെണ്ണുക്കരക്ഷേത്രം-തയ്യിൽപടി- കോടുകുളഞ്ഞി പോസ്റ്റ് ഓഫീസ്. 2 കി. മി. നീളം 8 മീറ്റർ വീതി 3 വാർഡുകളിൽകൂടി കടന്ന് പോകുന്നു. കോടുകുളഞ്ഞി B.J.S.M ആശു പത്രി JMHS എന്നീ സ്ഥാപനങ്ങളിലേക്കുള്ള പ്രധാന സഞ്ചാരമാർഗ്ഗം.
- നെടുവരംകോട് SNDP-UPS ജംഗ്ഷൻ - തുരുത്തിമേൽ റോഡ് 1½ കി.മി നീളം 8മീ. വീതി രണ്ട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നു S.N. കോളേജിലേക്കുള്ള പ്രധാന സഞ്ചാരമാർഗ്ഗം.
- ആലാ ഇലക്ട്രിസ്റ്റിഓഫീസ് പുലിയൂർ ബ്ലോക്ക് റോഡ്, രണ്ട് പഞ്ചായത്തകളെ ബന്ധിപ്പി ക്കുന്നു.

C

- പഞ്ചായത്ത് രൂപീകരണത്തിനുശേഷം നിർമ്മിക്കപ്പെട്ടതും ഗ്രാവൽറോഡുകളും വികസന പ്രവർത്തനം വിവിധ തലങ്ങളിൽ നടത്തേണ്ടതുമായ ഗ്രാമീണ റോഡുകൾ താഴെ വിവരിക്കു ന്നു. ഇവ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കേണ്ടതുണ്ട്, പഞ്ചയാത്തിലെ പ്രധാന റോഡുകളും ആണ്.





+ പുലിയൂർ പഞ്ചായത്തിലെ UP School പെരിന്തോട്ടതറ റോഡും ഉതുങ്കുഴി കണ്ണാട്ട് പടി റോഡും തമ്മിൽ ബന്ധിപ്പിക്കുക ഏകദേശം 100 നീളം വരും.


ജനറൽ.

പേരിശ്ശേരി മഠത്തിൽ പടിലവൽ ക്രോസിന് തെക്കുനിന്നും റയിൽവേസ്റ്റേഷനു പാരലൽ ആയി ചെങ്ങന്നൂർ ഓവർബ്രിഡ്ജിന് സമീപം വരെ ഒരു റോഡ് നിർമ്മിച്ചാൽഈ പ്രദേശത്തിന്റെ വികസനത്തിന് വളരെയധികം പ്രയോജനം ചെയ്യും.

വാർഡ് 1

പട്ടിക 1

	റോഡിന്റെ പേര്	നീളം	റോഡിന്റെ പൊതുസ്വഭാവവും നടത്തേണ്ട പ്രവണതയും
1	K.S.E.B ജംഗ്ഷൻ മണലേൽപടി പുലിയൂർ റോഡ്	750 m	രണ്ടു പഞ്ചായത്തിലൂടെ (ആലാ, പുലിയൂർ) കടന്നു പോകുന്ന റോഡ് വളരെ താഴ്ന്നതാണ്.
2	മാമ്പറ്റപടി മലയിൽപടി റോഡ്	1,000	പകുതിടാർ ചെയ്തിട്ടുണ്ട് അറ്റകുറ്റപണികൾ ചെയ്തിട്ടില്ല.
3	പുല്ലംപ്ലാവിൽ പടി പുലിയൂർ റോഡ്	570	രണ്ടു പഞ്ചായത്തിലൂടെ കടന്നു പോകുന്ന (ആലാ,പുലിയർ) താഴ്ന്ന റോഡാണ് മണ്ണിട്ട് ഉയർത്തി സൈഡിലൂടെ ടാർ ചെയ്യണം.
4	കാടുങ്കൽപടി റോഡ് വെളിയത്ത് മുക്ക് റോഡ്	325	രണ്ടു പഞ്ചായത്തിലൂടെ കടന്നു പോകുന്ന (ആലാ, വെളിയത്ത് മുക്ക് റോഡ് പുലിയർ) താഴന്ന് റോഡാണ് മണ്ണിട്ട് ഉയർത്തി, ഓടവെട്ടി സൈഡുകെട്ടി ടാർ ചെയ്യണം.
5.	കിഴക്കേക്കര പടി ഇടയിനേത്ത് പടി വലിയവീട്ടിൽ പടി റോഡ്	1.000	രണ്ട് മെയിൻ റോഡുകളിൽ ബന്ധിപ്പിക്കുന്ന സൈഡ് കെട്ടി മണ്ണിട്ട് ഉയർത്തി ടാർ ചെയ്യണം.
6	ഉതുങ്കുഴിപാലം കണ്ണാട്ട് പടികളത്രപടി റോഡ്	0.2125	ചാലുംപാട് പാടശേഖരത്തിലേക്ക് പോകുന്നവഴിയാണ് മണ്ണിട്ട് ഉയർത്തി സൈഡ് കെട്ടി ടാർ ചെയ്യുക.
7	പാണ്ടിപ്പുറത്ത് പടി വാഴത്തറപ്പടി റോഡ്	6.800	ചാലുംപാട് പാടശേഖരത്തിലേക്ക് പോകുന്ന വഴിയാണ് ഇല്ലിമലതോടിന്റെ സൈഡ് കെട്ടി മണ്ണിട്ട് ഉയർത്തി- ടാർ ചെയ്യുക.
8	കണ്ണം പള്ളിപാടം L P School വലിയകാലാ റോഡ്	0.520	ഓടകെട്ടി ടാർചെയ്യണം
9	വാലത്ത് പടി മണലേൽപടി റോഡ്	400	തോട് സൈഡും കെട്ടി മണ്ണിട്ട് ഉയർത്തി ടാർ ചെയ്യുക
10	പടിയത്ത്പടി മണലേൽപടി റോഡ്	1.000	മണ്ണിട്ട് ഉയർത്തി ടാർ ചെയ്യുക.



പുതിയ റോഡുകൾ

1 മാണിക്കശ്ശേരിൽ പടി -വാക്കയിൽപടി റോഡ്
2 കുരിശുമൂട്-കറുകത്തറപ്പടി.

വാർഡ് 2

ക്രമനമ്പർ	റോഡിന്റെ പേര്	നീളം	റോഡിന്റെ പ്രാധാന്യവും പൊതുസ്വഭാവവും നടത്തേണ്ട പ്രവർത്തനങ്ങളും.
1.	നല്ലേത്ത് കിഴക്കേതിൽപടിയത്ത് പടി	1	ജനങ്ങൾ തിങ്ങിപാർക്കുന്നു, ഭാഗികമായി ടാർ ചെയ്തു.
2.	നെടുവനംകോട് തയ്യിൽപ്പടി.	0.5	ദീർഘദൂര റോഡിന്റെ ഭാഗം ചരൽ റോഡ്.
3.	നെടുവരംകോട് ജംഗ്ഷൻപെണ്ണുക്കരക്ഷേത്രം	0.3	പട്ടികജാതി ഭവനങ്ങൾ ചരൽ റോഡ്.
4.	പൂത്തരപ്പടി (ആലാ വില്ലേജ് ഓഫീസ്) ആലാപ്പാടം		ജനങ്ങൾ തിങ്ങിപാർക്കുന്നു. മെയിൻ റോഡിലേക്കുള്ള വഴി.
5.	നല്ലേത്ത് കിഴക്കേതിൽ പാറാത്തപ്പള്ളി		ചരൽ റോഡ്
6.	മണക്കണ്ടത്തിൽ പടി ആലാക്കാവ് ക്ഷേത്രം റോഡ്		ചരൽ റോഡ്.

പുതുതായി വെട്ടേണ്ട റോഡുകൾ

1. ആലാക്കാവിൽ ക്ഷേത്രം -മണ്ണാരേത്ത് പടി ½ കി.മീ
2 കുരുമ്പോലിൽ പടി- ചിറയിൽപടി ½ കി.മീ
3 തയ്യിൽപടി-പെരുമ്പോത്തറപടി ½ കി.മീ

വാർഡ്.3

പട്ടികNo-1

SL:NO	റോഡിന്റെ പേര്	നീളംK.M	പ്രാധാന്യവും പൊതുസ്വഭാവവും നടത്തേണ്ട പ്രവർത്തനങ്ങളും
1.	കീപ്പാട് - തോട്ടംകര - ഉമ്മാത്തിൽ	1	ഗ്രാവൽറോഡ്, H.S.Sലേക്കുള്ള സഞ്ചാരമാർഗ്ഗം ടാർ ചെയ്യണം
2.	വലിയകാലാപടി ആലാ L.P.S. കോണത്തേത്ത്S.N.D.P മന്ദിരം-കല്ലുവരമ്പ്	1.5	H.S.S, L.P.S പരിസരത്തുകൂടി പോകുന്നു. ചരൽറോഡ് ടാർചെയ്യണം
3.	കല്ലുവരമ്പ് കുരിശുംമുക്ക്-സർപ്പത്തിൽപടി (മുട്ടാറ്റിൻ കര - കരിമ്പിൻ മുറ്റം)	1.5	ചരൽറോഡ്, പട്ടികജാതിവിഭാഗം തിങ്ങിപ്പാർക്കുന്ന പ്രദേശം ടാർ ചെയ്യണം
4.	തോട്ടംകര-തിങ്കളാമുറ്റം(കാവക്കോട്)	1	മത്സ്യവളർത്തൽ കേന്ദ്രം



5.	കല്ലുവരമ്പ്-പ്ലാനക്കാട് കുരിശും മുക്ക്	1.25	മലഞ്ചരിവ്-പട്ടികജാതി പ്രദേശം ടാർ ചെയ്യണം
6.	കീപ്പാട്ടുപടി-തോട്ടംകര	1	മത്സ്യവളർത്തൽ കേന്ദ്രം
7	തോട്ടംകര-തിങ്കളാമുറ്റം	0.5	മത്സ്യവളർത്തൽ കേന്ദ്രം
8	കീപ്പാട്ടുപടി-തോട്ടംകര	1	മത്സ്യവളർത്തൽ കേന്ദ്രം
9.	ഉമ്മാത്തിൽ തോട്ടംകര	1	പട്ടികജാതി പ്രദേശം
10	ചെങ്കിലാത്ത്പടി തടത്തിൽ പടി	0.5	പട്ടികജാതി പ്രദേശം

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. കല്ലേപറമ്പ് -വടക്കുഭാഗത്തേക്ക്
2. മാണിക്കശ്ശേരിപടി തെറ്റലിക്കൽ
3. മോടിയിൽ കളയ്ക്കാട്ടു ലക്ഷം വീട് കോളനി


വാർഡ്-4

പട്ടിക No- 1

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	റോഡിന്റെ പ്രാധാന്യവും പൊതുസ്വഭാവവും നടത്തേണ്ട പ്രവർത്തനങ്ങളും
1	കരിമ്പിൻ പടി-അകത്തൂരേത്തുപടി	1	വയലിൽകൂടി കടന്നുപോകുന്നു താണറോഡ് ഉയർത്തി side കെട്ടണം. ബണ്ട് റോഡ്.
2	പെരുമ്പട്ടിപടി- ഇലവുംചുവട്	0.5	പെണ്ണുക്കര. U.P.S.ലേക്കുള്ള സഞ്ചാര മാർഗ്ഗം
3	കരിമ്പിൻപടി- ചെങ്കിലാത്തിൽ പടി	0.5	ആലാ-പെണ്ണുക്കര റോഡിന്റേയും ആലാ-ശ്രീരംഗം റോഡിനെയും ബന്ധിപ്പിക്കണം ഉയർത്തണം.
4	കരിമ്പിൻ പടി മുതൽ പ്ലാക്കാട്ടുപടി പരുത്തിപള്ളി	0.5	ഗ്രാവൽ റോഡ്
5	പെണ്ണുക്കര U.P.S. പടി വാളാപ്പുഴ റോഡ്	0.5	ടാർ, മെയിന്റനൻസ്
6	പെണ്ണുക്കര നെടുവരംകോട് റോഡിൽ ഇല്ലത്തു കിഴക്കേതിൽപടി മുതൽ ചരുത്തിപ്പള്ളിയാർ	0.5	ഗ്രാവൽ റോഡ്
7.	കാടാശ്ശേരിപടി മണത്തറപടി		ഗ്രാവൽ റോഡ്
8.	പഞ്ചായത്ത് ഓഫീസ് ഞക്കംമ്പത്തറപടി	0.75	ഗ്രാവൽ റോഡ്
9.	ഓതിരേത്തുപടി താനഞ്ചേരിപടി	0.5	ഗ്രാവൽ റോഡ്
10	കാവനാമണ്ണിൽപടി പൂത്തോത്തറപടി		ഗ്രാവൽ റോഡ്
11.	കൊച്ചുതെങ്ങിൽപടി വില്ലേജ് ഓഫീസ്പടി		ഗ്രാവൽ റോഡ്
12.	പള്ളിമുക്ക് അകത്തൂരേത്ത് പടി	0.35	ഗ്രാവൽ റോഡ്

പുതുതായി വെട്ടേണ്ട റോഡുകൾ

1. താനഞ്ചേരി പടി മുതൽ കുളഞ്ഞിമലയിൽ കൂടി കോവൂർപടി വരെ
2. പ്ലാക്കാട്ടുപടി മുതൽ പരുത്തിപള്ളിൽ വരെ



വാർഡ്-5
പട്ടികNo- 1

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി. മി.	റോഡിന്റെ പ്രാധാന്യവും പൊതുസ്വഭാവവും നടത്തേണ്ട പ്രവർത്തനങ്ങളും
1	കനാൽ ജംഗ്ഷൻ -പുത്താത്തുകുഴി റോഡ്	0.5	ജനനിബിഡമായ പ്രദേശം ഗ്രാവൽറോഡ് ടാർ ചെയ്യണം
2.	വയ്പയിൽപടിവേടൂരേത്ത്കോളനി	0.5	പട്ടികജാതി കോളനി ഗ്രാവൽറോഡ് ടാർ ചെയ്യണം
3.	പാട്ടത്തിൽപടി ചുട്ടിമലറോഡ്	0.75	ഹോസ്പിറ്റൽഗ്രാവൽറോഡ് ടാർ ചെയ്യണം
4.	ചമ്മത്തുംമുക്ക് കരിക്കുളം	0.3	ജനങ്ങൾ തിങ്ങി പാർക്കുന്നു ഗ്രാവൽറോഡ് ടാർ ചെയ്യണം
5.	N.S.Sകരയോഗമന്ദിരം നെടിയത്തുപടിറോഡ്	0.3	ജനങ്ങൾ തിങ്ങി പാർക്കുന്നു ഗ്രാവൽറോഡ് ടാർ ചെയ്യണം
6.	കനാൽ ജംഗ്ഷൻപന്തപാത്രയിൽ പടി	0.4	ജനങ്ങൾ തിങ്ങി പാർക്കുന്നു ഗ്രാവൽറോഡ് ടാർ ചെയ്യണം
7.	പിരളശ്ശേരിപടി കമ്മാറപടി	0.25	ജനങ്ങൾ തിങ്ങി പാർക്കുന്നു ഗ്രാവൽറോഡ് ടാർ ചെയ്യണം
8	മാടമ്പുറത്തുമോടി റോഡ്	0.25	ജനങ്ങൾ തിങ്ങി പാർക്കുന്നു ഗ്രാവൽറോഡ് ടാർ ചെയ്യണം
9.	തട്ടുപുരയ്ക്കൽ മാമ്പറപ്പാടം	0.3	ജനങ്ങൾ തിങ്ങി പാർക്കുന്നു ഗ്രാവൽറോഡ് ടാർ ചെയ്യണം
10	P.I.P Inspection Road (അകവഡേറ്റ്) കനാൽ ജംഗ്ഷൻ നെടുവരംകോട്	1.5	ജനങ്ങൾ തിങ്ങി പാർക്കുന്നു റോഡ് റീടാർ ചെയ്യണം
11	തെക്കേച്ചേരിൽ(അകവഡേറ്റ്)മുക്ക് വാളാപ്പുഴ	0.5	ജനങ്ങൾ തിങ്ങി പാർക്കുന്നു ഗ്രാവൽറോഡ് ടാർ ചെയ്യണം
12	ടാർ റോഡുകൾ റീടാർ ചെയ്യുകയോ റിപ്പയർ ചെയ്യുകയോ വേണം	3	

പുതിയതായി വെട്ടേണ്ട റോഡുകൾ

1. മാടമ്പൂറത്ത് മോടി (വടക്കെയറ്റം)
2. തട്ടുപുരയ്ക്കൽ-മാമ്പറപ്പാടം
3. കരിക്കുളം റോഡിന്റെ അവസ്സാനം
4. പന്തപ്പാത്തറപടി - മഠത്തിൽ പടി
5. സജൻവില്ലപടി- കരിക്കുളം
6. കണ്ടത്തിൽ- കുഴിവേലി
7. പന്തപ്പാത്തറ പടി- പൂത്തറപ്പടി
8. നെടുവന്തറപടി-വാലടിഭാഗം
9. മൈക്കാന്തറപടി- പാറാത്തുപള്ളി
10. ചുട്ടിമല ഗുരു മന്ദിരം
11. കക്കാട്ടുപടി- കരിക്കുളത്തിലേക്കുള്ള വഴി



വാർഡ് 6

പട്ടികNo1


ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി. മി.	റോഡിന്റെ പ്രാധാന്യവും പൊതുസ്വഭാവവും നടത്തേണ്ട പ്രവർത്തനങ്ങളും
1	കോടുകുളഞ്ഞി പോസ്റ്റാഫീസ്പടി ഉളിയന്തററോഡ്	1.5	ജനങ്ങൾ തിങ്ങിപാർക്കുന്നു.
2	ആലുനിൽക്കുംപടി എതിരേപ്പിൻമോടി കോളനി	0.75	കോളനിറോഡ് ചരൽറോഡ്
3	തേവരക്കോട് കളത്തിൽപ്പടി	0.75	കുതിരവട്ടംക്ഷേത്രത്തിലേക്കുള്ളവഴി
4	തേവരക്കാട്- കുതിരവട്ടം ചിറ കോളനി റോഡ്	0.75	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു
5	തേവരക്കോട്- മൈക്രോവേവ്	0.5	പട്ടികജാതി കോളനി
6	B.J.S.M.ആശുപത്രിയുടെ തെക്കുവശം പുത്തൻപുരപ്പടി J.M.H.S. സ്ക്കൂൾ	1.5	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു
7	B.J.S.M ആശുപത്രി പുറകുവശം മാങ്കൂട്ടത്തിൽപടി ചരുവിൽ	0.5	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു
8	മാങ്കരി കനാലിന്റെ സൈഡിൽഉള്ളറോഡ്	0.5	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു
9	പിരളച്ചിത്രപ്പടി പഴയപോസ്റ്റാഫീസ്	1.0	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു
10	മൈക്രോവേവ് കുതിരവട്ടംചിറ	0.75	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു
11	B.J.S.M C.S.I ആശുപത്രിയുടെ വടക്കുവശം- C.S.I പള്ളി ദിൽക്കുഷ്Jn.	1	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു
12	കുതിരവട്ടം- മായാഭവൻ	66 m	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു

പുതിയതായി വെട്ടേണ്ട റോഡുകൾ

1	കളത്തിൽപ്പടി- മുടന്തിയാരിക്കൽ-	200 മീറ്റർ
2	B.J.S.M ആശുപത്രി- സെമിത്തേരി-	½KM
3	അയിന്തിപ്പടി-J.M.H. സ്ക്കൂൾ	

വാർഡ് 7

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി. മി.	റോഡിന്റെ പ്രാധാന്യവും പൊതുസ്വഭാവവും നടത്തേണ്ട പ്രവർത്തനങ്ങളും
1	തച്ചനാട്ടുപടി മാമ്പ്രപ്പാടം	1	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു.
2	ചക്കാലപൊയ്ക- ആറാട്ടുകുളം	0.5	കുതിരവട്ടം ആറാട്ടുനട ക്കുന്ന സ്ഥലം
3	ഇല്ലത്തുപടി- കുന്നത്തുതറചീപ്പ്	1	ബണ്ട് റോഡ്, സൈഡ് കെട്ടണം
4	കണ്ടത്തിൽപടി- കുന്നത്തു ചീപ്പ്	0.75	കാർഷകർക്ക് പ്രയോജനം



5	കുന്നത്തുതറചീപ്പ് എണ്ണമ്പി കോളനി	0.5	പട്ടികജാതികോളനി
6	എണ്ണമ്പി കോളനി തറയിൽപടി	0.5	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു.
7	പള്ളത്തുപടി-തറയിൽപടി	1	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു.
8	ചക്കാലപൊയ്ക പവ്വത്തുപടി	0.75	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു.
9	പൂവപ്പള്ളിൽപടി പനങ്ങാട്ടുപടി	0.75	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു.
10	കിടങ്ങന്നൂർപടി- തയ്യിൽപടി	0.5	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു.
11	കൊച്ചുതറപ്പടി-വരമ്പൂർ	1.5	രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു.

പുതിയ റോഡുകൾ വെട്ടേണ്ടത്

1	കുന്നത്തുതറചീപ്പ്- പള്ളത്തുപടി
2	കരിക്കുളം പാടശേഖരത്തിലേക്ക്
3	പുളിഞ്ചിമൂട്ടിൽപടി- മാമ്പ്രപ്പാടം-മുകളിൽ slab ഇട്ട് റോഡ് ഉണ്ടാക്കുകയോ sideൽ കൂടി റോഡ് നിർമ്മിക്കുകയോ ചെയ്യണം
4	മാമ്പ്രുപ്പാടം-പൂവപ്പള്ളി റോഡ്
5	മാമ്പ്രപ്പാടം പൊയ്ക-കരിക്കുളംവരെ P .I.P റോഡ് വീതികൂട്ടണം
6	പുളിഞ്ചുവട്ടിൽ പടി-കണ്ടത്തിൽപടി ½ കി.മീ

വാർഡ് -8
പട്ടിക No 1

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി. മി.	റോഡിന്റെ പ്രാധാന്യവും പൊതുസ്വഭാവവും നടത്തേണ്ട പ്രവർത്തനങ്ങളും
1.	പുല്ലാം താഴേ പാലത്തിന്റെ മുക്ക്-തെങ്ങിൻപ്പടി ചമ്മം-പാലത്തടത്തിൽ പുൽപ്പാറക്കാട്-കുറ്റി ജംഗ്ഷൻ	2.7	2 പട്ടികജാതി കോളനികൾ മലമോടി ക്ഷേത്രം മണ്ണിട്ട് ഉയർത്തി sideകെട്ടി താർ ചെയ്യണം. രണ്ട് പഞ്ചായത്തുകളെ തമ്മിൽ യോജിപ്പിക്കുന്നു. ഗ്രാവൽറോഡ്
2.	നെല്ലിക്കാട്ടിൽപ്പടി -മുടന്തിയാരിക്കൽ നെടിയകാലാപ്പടി മോടിപ്പറമ്പിൽ കിണറുവിള കോളനി	2.75	പട്ടികജാതികോളനി തൊഴിലാളികളുടെ പാറമട ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. രണ്ട് പഞ്ചായത്തുകളെ തമ്മിൽ യോജിപ്പിക്കുന്നു. ഗ്രാവൽറോഡ് side കെട്ടി താർ ചേയ്യണം
3.	നെടിയ കാലാപ്പടി ചാന്തുരത്തിൽ	1	കോളനി റോഡ് ഗ്രാവൽറോഡ് side കെട്ടി മണ്ണിട്ട് കിളത്തി താർ ചെയ്യണം.
4.	നെല്ലിക്കാട്ടിൽപടി കല്ലുമാടി മലഭാഗം	0.3	ജനങ്ങൾ തിങ്ങി പാർക്കുന്നു ഗ്രാവൽ റോഡ് താർ ചെയ്യണം
5.	മലമോടി പഴയടത്ത് ജംഗ്ഷൻ	0.6	ജനങ്ങൾ തിങ്ങിപ്പാർക്കുന്നു കോളനി ഗ്രാവൽ റോഡ് താർചെയ്യണം
6.	മലമോടി -പൊയ്കയിൽ	0.5	കോളനി റോഡ് ഗ്രാവൽ താർ ചെയ്യണം




7.	മലമോടി-കൊയ്പ്പള്ളിൽ	0.3	ജനങ്ങൾ തിങ്ങി പാർക്കുന്നു ഗ്രാവൽ റോഡ് താർ ചെയ്യണം
8.	പഴുക്കാമോടി തെക്കേച്ചെരുവ്-പണിപ്പുരപ്പടി	0.8	ഗ്രാവൽ റോഡ് മണ്ണിട്ടുയർത്തി സൈഡ് കെട്ടി താർ ചെയ്യണം.
9.	മലമോടി- പഴുക്കാമോടി	2.00	ടാർ, മെയിന്റനൻസ്
10.	വായനശാല- വാളാപ്പുഴ P.I.P InspectionRoad(അകഡേറ്റ്)	1.25	ഗ്രാവൽറോഡ് രണ്ടു പഞ്ചായത്തുകളായി ബന്ധിപ്പിക്കുന്നു ടാർ ചെയ്യണം.
11.	കരിമ്പിൻമുറ്റം - കുരിശും മൂട്	0.3	ബണ്ടുറോഡ് മണ്ണിട്ടുയർത്തി കലുങ്ക് പണിത് സൈഡു കെട്ടി ടാർ ചെയ്യണം
13.	മുടന്തിയാരിക്കൽ- കളത്തിൽപ്പടി	0.3	ബണ്ടുറോഡ് മണ്ണിട്ടുയർത്തി പാലം പണിത് സൈഡു കെട്ടി ടാർ ചെയ്യണം

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1.	പുല്ലാംതാഴപ്പാലം- കരിമ്പിൻമുറ്റം-	3/4 KM
2.	പണിപ്പുരപ്പടി- മലമോടി വടക്കേച്ചെരുവ്-പാങ്കോട്ട്	1KM
3.	പ്ലാമൂട്ടിൽപ്പടി- പ്ലാനക്കാട്	3/4 കി. മീ.
4.	ചാന്തുരത്തിൽതെക്ക്- നെടിയകാലാ കിഴക്കേമുക്ക്	0.3 കി.മീ.
5.	പനയ്ക്കപൊയ്ക- ചാന്തുരത്തിൽ റോഡ് മുക്ക്	0.5 കി.മീ.
6	ചർച്ച് ഓഫ് ഗോഡ് ചാപ്പൽ- കരിമ്പിൽമുറ്റം	0.6 കിമീ

റോഡുകൾ നിർമ്മിച്ചതുമൂലം വയലുകൾ വെള്ളക്കെട്ടുപ്രദേശങ്ങളായി. വെള്ളംകെട്ടിനിന്നു റോഡിലേക്കു കയറുന്നതുമൂലം റോഡു താറുമാറാകുന്നു. വെള്ളം ഒഴിഞ്ഞുപോകാൻ കലുങ്കുകൾ, പൈപ്പ്, ചെറുപാലം, നിർമ്മിക്കേണ്ടസ്ഥലങ്ങൾ

ക്രമനമ്പർ	വാർഡ്	റോഡിന്റെ പേര്	നിർമ്മാണം നടക്കേണ്ട സ്ഥലം	നിർമ്മിക്കേണ്ടവ
1	I	നെടിയത്തുപടി- കാട്ടങ്കപടി	മാന്ത്രപടി	ചെറിയപാലം
	I	ഉതുങ്കുഴിപാലം- കണ്ണാട്ടുപടി	പായലിപ്പുറത്തുപടി	കലുങ്ക്
2	I	പടിയത്തുപടി-മണലേൽപടി	പണിക്കശ്ശേരിപടി	കലുങ്ക്
3	I	പാണ്ടിപ്പുറത്തുപടി-കളരിത്തറപടി	ചിറമേൽപടി	കലുങ്ക്
4	II	മണ്ണാരേത്തുപടി-പടിയത്തുപടി	ആലാക്കാവ് ക്ഷേത്രപരിസരം	കലുങ്ക്
5	II	നല്ലേത്തു കിഴക്കേതിൽ-പടിയത്തുപടി	വേഴാന്തറപടി	കലുങ്ക്
6	II	പൂത്തറപ്പടി-ആലാപ്പാടം	തേച്ചക്കൽപടി	ചെറിയപാലം
7	III	മാമ്പറ്റപ്പടി- മലയിൽപ്പടി	കല്ലുവരമ്പ്	ചെറിയപാലം
8	III	കരിമ്പിൻമുറ്റം- മൂലപ്പറമ്പ്	പിടിക്കയതോട്	പാലം
9	IV	ആലാശ്രീരംഗം റോഡ്	ചെറുമാലേൽപടി	പൈപ്പ്
10	IV	ആലാ- പെണ്ണുക്കര	ഓമശ്ശേരിപടി	പൈപ്പ്
11	IV	കരിമ്പിൽപടി- അകത്തൂരേത്ത്	പൂങ്കാത്തറപടിഞ്ഞാറു കിഴക്കും	പൈപ്പുകൾ
12	IV	കരിമ്പിൽപടി-ചെങ്കിലാത്തുപടി	മദ്ധ്യഭാഗം	കലുങ്ക്
13	V	വേടൂരേത്ത് കോളനി, ചുട്ടിമല	ആദ്യഭാഗം	കലുങ്ക്
14	V	മല്ലപ്പള്ളി തയ്യിൽപ്പടി	തെക്കുംതറപടി കണ്ടത്തിൽപടി	കലുങ്കുകൾ
15	V	കരിക്കുളം റോഡിൽ	ഓലിയാംമൂട്ടിൽപടി	കലുങ്ക്
16	V	ആലാപെണ്ണുക്കര പൂത്രപ്പടി	റോഡ്വശം	കലുങ്ക്
17	IV	ആലാ പെണ്ണുക്കര	തകിടിപ്പടി	പൈപ്പ്



18	V	ചമ്മത്തിൻമുക്ക് കരിക്കുളം	കനാലിന് കുറുകെ	കലുങ്ക്
19	VI	കോടുകുളഞ്ഞി വെൺമണി	പൂന്തറപടി	കലുങ്ക്
20	VI	എതിരേപ്പിൻമോടി	നിലവിലുളളത് സ്ഥാനത്ത്	പുതുക്കണം
21	VI	തേവരക്കോട് കുതിരവട്ടംചിറ		കലുങ്ക്
22	VI	മുടന്തിയാരിക്കൽപടി- കളത്തിൽ പടി	തോട്ടിൽ	slab മാറ്റി കലുങ്ക്
23	VII	കൊല്ലകടവ് 'കോടുകുളഞ്ഞി	കൊച്ചുതറപടി ചപ്പാത്ത്	ചെറുപാലം
24	VIII	ചർച്ച് ഓഫ് ഗോഡ് പഴുക്കാമോടി	ചർച്ചിന് സമീപം	കലുങ്ക്
25	VIII	തെങ്ങിൽപടി പഴുക്കാമോടി	തെങ്ങിൽപടി	ചെറിയപാലം
26	VIII	തെങ്ങിൽപടി പഴുക്കാമോടി	തെങ്ങിൽപടിക്ക് പടിഞ്ഞാറ്	സ്ലാബ്
27	VIII	പാലചുവട് പഴുക്കാമോടി	പുല്ലാംതാഴേ കിഴക്ക് 2 കലുങ്ക്	കലുങ്കുകൾ
28	VIII	പഴുക്കാമോടി കിഴക്കേചെരീവ്	ചമ്മം നിലം	കലുങ്ക്
29	VIII	നെല്ലിക്കാട്ടിൽ മുടന്തിയാരിക്കൽ	കുളത്തിയേത്ത്	കലുങ്ക്
30	I	ആലാഹൈസ്ക്കൂളിന് സമീപംപാലം വീതി കൂട്ടണം		

മെയിന്റനൻസ് നടത്തേണ്ട ടാർറോഡുകൾ

പട്ടിക 4 ജില്ലാറോഡുകൾ

1	മഠത്തുംപടി-ഓട്ടോഫീസ് റോഡ്	3 കി.മീ ദൂരം	ജില്ലാറോഡ്
2	കോടുകുളഞ്ഞിഇളിയന്തറ	½ കി.മീ	ജില്ലാറോഡ്
3	ചമ്മത്തും മുക്ക്- കുതിരവട്ടം	¾ കി.മീ.	ജില്ലാറോഡ്
4	കാഞ്ഞിരത്തുംമൂട്-കോടുകുളഞ്ഞി കൊച്ചുതറപ്പടി	3 കി.മീ.	ജില്ലാറോഡ്
5	കാഞ്ഞിരത്തുംമൂട്-വായനശാല	1½ കി.മീ.	ജില്ലാറോഡ്
6	മാമ്പ്രപ്പാടം- തയ്യിൽപ്പടി	1½ കി.മീ.	ജില്ലാറോഡ്
7	ആലാ അത്തലക്കടവ് - പുളിഞ്ചുവട്	1¼ കി.മീ.	ജില്ലാറോഡ്
8	സർപ്പപ്പടി-മലയിൽപ്പടി	1¼ കി.മീ.	ജില്ലാറോഡ്
9	പെണ്ണുക്കരകനാൽ ജംഗ്ഷൻ-ആലിൻചുവട്വായനാശാല	2½ കി.മീ.	ജില്ലാറോഡ്

പഞ്ചായത്ത് റോഡുകൾ

1	പുല്ലാംതാഴെ-വാളാപ്പുഴ	¾ കി.മീ.
2	പെണ്ണുക്കരക്ഷേത്രം-തയ്യിൽപ്പടി	¾ കി.മീ.
3	ഗുരുമന്ദിരം-എസ്.എൻകോളേജ്	¾ കി.മീ.
4	പെണ്ണുക്കര ക്ഷേത്രം -പ്ലാപ്പള്ളിത്തറപടി	¾ കി.മീ.
5.	ആയുർവ്വേദാശുപത്രിറൊഡ്	½ കി.മീ.
6	ഇലവിൻചുവട്- കുതിരവട്ടം-മയൂത്രമുക്ക്-ചമ്മത്തുംമുക്ക്	1 കി.മീ.
7.	പഴുക്കാമോടി- മലമ്മോടി കോളനി	2½ കി.മീ.
8.	മാമ്പറ്റപ്പടി- ഉമ്മാത്തിൽ	1കി.മീ.
9	ആലാ ഇലക്ട്രിസിറ്റി- പു ിയൂർ ബ്ലോക്ക്	½ കി.മീ.
10	കൊച്ചുതറപ്പടി-കല്ലുവാതിൽക്കൽ	¾ കി.മീ
11	കൊച്ചുതറപ്പടി-തയ്യിൽപ്പടി	½ കി.മീ



12.	കുന്നത്തുതറ ചീപ്പ്	3/4 കി.മീ
13	മാമ്പറ്റപ്പടി- കാട്ടിൽപടി	3/4 കി.മീ
14	പഞ്ചായത്താഫീസ് റോഡ്	½ കി.മീ
15	പെണ്ണുക്കര പള്ളിമുക്ക്- ആലാ	2 കിമീ
16	പെണ്ണുക്കര പള്ളിമുക്ക്-മാടംമ്പുറത്ത്മോടി	1കി.മീ
17	മയൂത്രപ്പടി-തേവരക്കോട്	0.6 കി.മീ
18	കോടുകുളഞ്ഞി ഹോസ്പിറ്റൽ റോഡ്	0.5

H. ടാറിംഗോടുകൂടിയ നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടതിന് വാർഡുറോഡുകൾ ഏറ്റവും കൂടുതൽ(നീളം) മെറ്റൽ/ ഗ്രാവൽ വാർഡിലെ റോഡുകർക്കായിരിക്കണം ആദ്യപരിഗണന നൽകേണ്ടത്

I ഒന്നിൽകൂടുതൽ വാർഡുകളെ ബന്ധിപ്പിക്കുന്ന റോഡുകൾ ആദ്യം ടാർചെയ്യുന്ന സമീപനം സ്വീകരിക്കണം.

J ബസ്സ്റൂട്ടുണ്ടാകാൻ സാദ്ധ്യതയുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്ന നയം സ്വീകരിക്കേണ്ടതാണ്

K റോഡു മെയിന്റനൻസ് പൂർണ്ണമായും വാർഡ് വികസനസമിതി / റോഡു വികസന സമിതിയെ ഏൽപ്പിക്കേണ്ടതാണ്.

L കൊല്ലകടവ്-ചെങ്ങന്നൂർ റോഡ് വീതി വർദ്ധിപ്പിക്കണം.

M. ചെങ്ങന്നൂർ- കായംകുളം ബസ്സ്റൂട്ടിലെ കാഞ്ഞിരത്തും മൂട് മുതൽ കൊച്ചുതറപ്പടി വരെയുള്ള ഭാഗത്തുംചെങ്ങന്നൂർ- ഓട്ടാഫീസ് വഴി മാവേലിക്കരെക്കുള്ള റൂട്ടിൽ ആലാ നെടുംവരംകോട് ഭാഗത്തുമായി താഴെപ്പറയുന്ന സ്ഥലത്ത് വെയിറ്റിംഗ് ഷെഡും ഉണ്ടാകേണ്ടതാണ്.

1 ആലാ അത്തലക്കടവ് ജംഗ്ഷൻ(പഞ്ചായത്തുസ്ഥലമുണ്ട്)

2. നെടുവരംകോട്(റോഡുപുറമ്പോക്കുണ്ട്)

3 S.Nകോളേജ് ജംഗ്ഷൻ

4. പെണ്ണുക്കര പണിപ്പുരപ്പടി

5 പെണ്ണുക്കര യു.പി സ്ക്കൂൾ പരിസരം


6 പെണ്ണുക്കരപള്ളിമുക്ക്


7 പെണ്ണുക്കരെകനാൽ ജംഗ്ഷൻ

8 ചമ്മത്തുംമുക്ക്

9 ചക്കാലപൊയ്ക







ഊർജ്ജം

നമ്മുടെ പഞ്ചായത്തിലുള്ള 2884 കുടുംബങ്ങളിൽ 85% വും പാചകാവശ്യങ്ങൾക്കായി വിറകുമാത്രം ഇന്ധനമായി ഉപയോഗിച്ചുവരുന്നു. ബാക്കി വരുന്ന 15% കുടുംബങ്ങൾ മാത്രമാണ് പാചകവാതകം, വൈദ്യുതി, മണ്ണെണ്ണ, ബയോഗ്യാസ് എന്നിവ ഉപയോഗിക്കുന്നത്. പഞ്ചായത്ത് പ്രദേശത്ത് ഒൻപത് കുടുംബങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റുണ്ട്. പാചകവാതക കണക്ഷനുള്ള10% വിടുകളുണ്ട്. 1985 മുതലാണ് ഈ പ്രദേശത്ത് പാചകവാതക കണക്ഷനുകൾ ആരംഭിച്ചത്. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുംതന്നെ വൈദ്യുതി എത്തിയിട്ടുണ്ട്. ഇന്ധനക്ഷത കൂടിയവിറക് അടുപ്പുകൾ പ്രചാരത്തിലുണ്ടെങ്കിലും അത് ഉപയോഗിക്കുന്നവരുടെ എണ്ണം കുറവാണ്. ഇന്ധനക്ഷമതയുള്ള മണ്ണെണ്ണ സ്റ്റൗ പ്രചാരത്തിലും പ്രവർത്തനത്തിലും ഉണ്ട്. വെളിച്ചത്തിനും ഗൃഹോപകരണങ്ങളുടെ പ്രവർത്തനത്തിനും, കൃഷിആവശ്യങ്ങൾക്കുമായി വൈദ്യുതി ഒഴിച്ചുമാറ്റാൻ പറ്റാത്ത അവസ്ഥയിലാണ്. വൈദ്യുതി വോൾട്ടേജ്ക്ഷാമം പഞ്ചായത്ത് പ്രദേശം മുഴുവനായി ഇല്ലെങ്കിലും വോൾട്ടേജ്നില പര്യാപ്തമല്ല. പരമ്പരാഗത വിറകടുപ്പുകൾ ആരോഗ്യപരമായി നന്നല്ലെങ്കിലും ഒഴിവാക്കുന്നതിനെപ്പറ്റി ജനങ്ങൾ ചിന്തിക്കുന്നില്ല. വിറക് പാവപ്പെട്ടവന്റെ ഇന്ധനമാണെന്നാണ് വയ്പ്. അടുപ്പുകളുടെ ക്ഷമത കുറവും, വിറകിന്റെ വിലയും കണക്കാക്കിയാൽ പാചകവാതകം ഉപയോഗിക്കുന്നതിനേക്കാൾ ചെലവേറിയതാണെന്നു കാണുന്നു.

പ്രശ്നങ്ങൾ

- ജലവൈദ്യുതിയല്ലാതെ മറ്റ് ഊർജ്ജസ്രോതസുകൾ ലഭ്യമല്ല.
- വോൾട്ടേജ് ക്ഷാമം, കറന്റുകട്ടുകൾ പ്രഖ്യാപിതവും, അല്ലാത്തതും.
- വ്യാപകമായി വോൾട്ടേജുസ്റ്റെബിലൈസറുകൾ ഉപയോഗിക്കുന്നതതിലൂടെ സൃഷ്ടിക്കുന്ന വോൾട്ടേജ് പ്രശ്നങ്ങൾ.
- വൈദ്യുതി ലൈനുകൾ വൈദ്യുതി ബോർഡിന്റെ സമ്പത്താണ്. മുൻകാലങ്ങളിൽ ലൈനുകൾ സ്ഥാപിക്കുന്നത് വൈദ്യുതിബോർഡിന്റെ മുടക്കിൽ സ്വന്തം ആസ്തിവർദ്ധിപ്പിച്ചു കണക്ഷനുകൾനൽകി വരുമാനം ഉണ്ടാക്കിയിരുന്നു. എന്നാൽ ഇന്ന് വൈദ്യുതി ലൈനുകൾ പുതുതായി (വൈദ്യുതിബോർഡിന്റേതായി) പട്ടികജാതി പദ്ധതിയിലല്ലാതെ സ്ഥാപിക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ നിന്നോ നട്ടുകാരിൽനിന്നോ തുകസ്വരൂപിച്ചു വൈദ്യുതി ബോർഡിൽ അടച്ച് ലൈൻവലിക്കുകയും കറന്റ്ചാർജ് ബോർഡു കൃത്യമായി പിരിക്കുകയും ചെയ്യുന്ന അവസ്ഥ.
- ഗ്രാമപഞ്ചായത്തിൽനിന്നും നിശ്ചിതനിരക്കിൽ (ബൾബുകളുടെയും ട്യൂബുകളുടെയും എണ്ണത്തിനനുസരണമായി) തുക സ്ഥിരകറന്റ് ചാർജായി അടക്കുന്നുവെങ്കിലും തെരുവുവിളക്കുകൾ കത്താതിരിക്കുക.
- ഇനിയും 10% കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കേണ്ടതുണ്ട്.
- വൈദ്യുതിലൈനുകളിൽ വൃക്ഷലതാദികൾ വീണുകിടക്കുന്നതുമൂലം പ്രസരണനഷ്ടം സംഭവിക്കുന്നു.
- വൈദ്യുതി ബോർഡിന്റെ പ്രവർത്തനം തൃപ്തികരമല്ല, വൈദ്യുതി തടസങ്ങളുണ്ടായാൽ കൃത്യസമയത്ത് പരിഹരിക്കപ്പെടുന്നില്ല.
- വിറകിന്റെ ലഭ്യതകുറവ്, ഭാരിച്ചവില, എന്നിവ സാധാരണക്കാരനെ വളരെയേറെ ക്ലേശപ്പെടുത്തുന്നു.
- പാചകവാതക കണക്ഷനുകൾക്ക് വർഷങ്ങളോളം കാത്തിരിക്കേണ്ടിവരുന്നു.

- തെരുവുവിളക്കുകൾ കൂടുതൽ ദിവസങ്ങളിലും പ്രകാശിക്കുന്നില്ല, പ്രധാന ജംഗ്ഷനുകളിൽ പോലും വെളിച്ചമില്ലാത്ത അവസ്ഥ.
- വൈദ്യുതി ഉപഭോക്താക്കൾ വൈദ്യുതി ദുർവിനിയോഗം നടത്തുന്നു.
- കറന്റ് ഉപയോഗിച്ചാലും ഇല്ലെങ്കിലും ചാർജ് അടക്കണമെന്ന അവസ്ഥ. തന്മൂലം പ്രവർത്തിക്കാത്ത മീറ്ററുകൾ പലയിത്തും കാണാം-ഇത് മാറണം.
- ആവശ്യങ്ങളുടെ പട്ടിക (അന്യത്ര ചേർത്തിരിക്കുന്നു)
- വൈദ്യുതി കണക്ഷനുകൾ ഇല്ലാത്തവരായി 1- ാംവാർഡിൽ 44 ഉം 2-ാം വാർഡിൽ 45-ഉം 5-ാംവാർഡിൽ 75-ഉം 6-ാംവാർഡിൽ 25-ഉം 8-ാം വാർഡിൽ 303-ഉം ഉൾപ്പെടെ 639 കുടുംബങ്ങളുണ്ട്.
- പഞ്ചായത്ത്മേഖല ചെങ്ങന്നൂർ,മുളക്കുഴ,കൊല്ലകടവ് സെക്ഷനുകളിലായി ചിതറിക്കിടക്കുന്നു.


നിർദ്ദേശങ്ങൾ

- ഇനിയും വൈദ്യുതി ലഭ്യമാകാത്ത സ്ഥലങ്ങളിലേക്ക് ലൈൻ വലിക്കണം.
- ദുർബല / പട്ടികജാതി കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കാൻ തീവ്രയത്നപരിപാടി ഉണ്ടാകണം, സമയബന്ധിതമാകണം.
- വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ചെങ്കിലാത്തിൽപടി കുരുമ്പോലിൽപടി, വില്ലേജാഫിസുപടി, കനാൽ ജംഗ്ഷൻ കടമ്മതറപടി, ആറാട്ടുകുളം എന്നിവിടങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
- സന്നദ്ധ സേവനത്തിലൂടെ ലൈനുകളിൽ വീണുകിടക്കുന്ന വൃക്ഷക്കൊമ്പുകൾ വെട്ടിമാറ്റി പ്രസരണനഷ്ടം ഒഴിവാക്കുക.
- പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളിൽ ട്യൂബുലൈറ്റുകളും സോഡിയം വേപ്പർലാമ്പുകളും സ്ഥാപിക്കുക. (പട്ടിക കാണുക)
- സൗജന്യമായി വയറിംഗുനടത്തിയ വീടുകൾക്ക് സമയബന്ധിതമായി കറന്റ്കണക്ഷൻനൽകുക.
- തെരുവുവിളക്കുകൾ പ്രത്യേക മീറ്റർവച്ച് കറന്റ് ചാർജ് അടക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
- ആവശ്യമായ സ്ഥലങ്ങളിൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നുതന്നെ മുതൻ മുടക്കി ലൈൻവലിച്ചു കണക്ഷൻ നൽകുന്ന സംപ്രദായം കർശനമാക്കുക.
- "എല്ലാ വീട്ടുകാർക്കും വെളിച്ചം" എന്നപരിപാടി നിശ്ചിത സമയപരിധി നിശ്ചയിച്ച് നടപ്പിലാക്കുക.
- തെരുവു വിളക്കുകളുടെ നിയന്ത്രണവും മെയിന്റനൻസും പഞ്ചായത്തിൻ കീഴിൽ ഇലക്ട്രിസിറ്റി ബോർഡിലെ തൊഴിലാളികളെ കൊണ്ട് ചെയ്യിക്കുക.
- പഞ്ചായത്ത്, റവന്യു, P.W.D, P.I.P റയിൽവേ പുറംപോക്കുകളിൽ വിറകുമരങ്ങൾ വച്ചുപിടിപ്പിച്ച് വിറക് മിതവിലയ്ക്ക് ലഭ്യമാക്കുക. ഇത് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ നടപ്പാക്കുക.
- ഗോബർ ഗ്യാസ് പ്ലാന്റുകൾ, കൂടുതൽ സബ്സിഡിയോടുകൂടി പ്രചരിപ്പിക്കുക.
- സൗരോർജം പരമാവധി ഉപയോഗപ്രദമാക്കാൻ സൗരോർജ റാന്തലുകൾ സൗരോർജ മോട്ടറുകൾ കോസാക്റ്റ് ഫ്ലൂറസന്റ് ലാമ്പുകൾ എന്നിവ കൂടുതൽ സബ്സിഡിയോടുകൂടി പഞ്ചായത്ത് പ്രദേശത്ത് വ്യാപിപ്പിക്കുക.
- ക്ഷമതകൂടിയ വിറക് അടുപ്പുകൾ, സ്റ്റൗകൾ, ഇല്ട്രോൺ ബൾബുകൾ എന്നിവ ഗ്രാമപ്രദേശത്ത് പ്രചരിപ്പിക്കുക.
- വ്യാപകമായി ഫ്ലൂറസന്റ് ട്യൂബുകൾ പ്രചരിപ്പിക്കുക.
- പഞ്ചായത്തിൽ ഇലക്ട്രിക്കൽ സെക്ഷൻ ആഫിസ് സ്ഥാപിക്കുക.

പട്ടിക

പുതുതായി ഇലക്ട്രിക്‌ലൈൻ വലിക്കേണ്ടുന്നസ്ഥലങ്ങൾ		വാർഡ്
1.	കാവക്കോട്ട് ഭാഗം	3
2.	മാമ്പറ്റപടി തോട്ടംകര റോഡ്	3
3.	കരിമ്പിൽപടി അകത്തുരേത്ത്പടി റോഡ്	4
4.	കരിമ്പിൽപടിപൂവ്വണ്ണേത്ത് പടി ലൈൻ കൂട്ടിയോരജിപ്പിക്കുക	4
5.	കുളത്തിമല ലൈൻ	4
6.	കുഴിവേലിഭാഗം ലൈൻ	5
7.	തിനങ്കാലാ ഭാഗം	,,
8.	പോസ്റ്റാഫീസ് പടിഇളിയന്തിറ ലൈൻ	6
9.	തേവരക്കോട് കുളഞ്ഞിയിൽ ഭാഗം	6
10.	എതിരേപ്പിൽ മോടി പൊയ്കയിൽ	6
11.	കൊച്ചുതറപ്പടി കല്ലോംവാതുക്കൽ	7
12.	കണ്ടത്തിൽ പടികുന്നത്തുതാറ ചീപ്പ്	7
13.	കല്ലോം വാതുക്കൽ തറയിൽ	7
14.	കല്ലോം വാതുക്കൽകമ്മന്തറ	7
15.	വേടരത്ത് കോളനി റോഡ്	5
16.	ഹരിജൻ ക്ഷേത്രം-ചമ്മത്ത് മുരുറോഡ്	5
17.	കനാൽ ജംഗ്ഷൻ-പന്തപ്പാത്തറ റോഡ്	5
18.	കിഴക്കേക്കര പടി വലിയവീട്ടിൽപടി റോഡ്	1
19.	കണ്ണാട്ടുപടി കളരിത്തറ പടി റോഡ്	1
20.	നെടിയത്ത് പടി, പൂഴിച്ചെറ റോഡ്	1
21.	പുല്ലാംപ്ലാവിൽ പടി. പുലിയൂർ റോഡ്	1
22.	മാമ്പറ്റപടി ഗവ: L. P സ്ക്കൂൾ ലൈൻ ബന്ധിപ്പിക്കുക.	1
23.	കോടഞ്ചരിവ് പടി തെക്കേച്ചരിവ് കനാൽ റോഡ്	3
24.	ആഞ്ഞിലിമൂട്ടിൽ, വാലുപറമ്പിൽ റോഡ്	3
25.	തോണ്ടതറ to മൂലേപ്പറമ്പിൽ ലൈൻ ബന്ധിപ്പിക്കുക.	3
26.	അകവഡക്റ്റ് റോഡ്	5

തെരുവിളക്കുകൾ വേണ്ട സ്ഥലങ്ങൾ		വാർഡ്
1.	വില്ലേജാഫീസ് - ആലാപ്പാടം റോഡ്	1
2.	നല്ലത്തുകിഴക്കേതിൽ - പടിയത്തു പടി റോഡ്	2
3.	നെടുവരം കോട് - തയ്യിൽ പടി റോഡ്	2
4.	നല്ലത്തു കിഴക്കേതിൽ - പാറാത്തുപ്പള്ളി റോഡ്	2
5.	മണക്കണ്ടത്തിൽ പടി - കുരുമ്പോലിൽ റോഡ്	2
6.	മലയിൽ പടി - മാമ്പറ്റപ്പടി റോഡ്	3
7.	മാമ്പറ്റപടി - തോട്ടംകര റോഡ്	3
8.	ഉമ്മാത്തിൽ - തോട്ടംകര റോഡ്	3




9.	കല്ലുവരമ്പ് - മുട്ടാറ്റിൻകര	3
10.	ആലാശ്രീരംഗംറോഡ്	3
11.	പെരുമ്പെട്ടി - താനംചേരിൽ റോഡ്	8
12.	ഓതിരേത്ത് പടി - താനംചേരിൽ റോഡ്	4
13.	നാലുകണ്ടത്തിൽ പടി - പാറാത്തപ്പള്ളി റോഡ്	4
14.	കരിമ്പിൽ പടി - പ്ലാക്കാട്ടുപടി റോഡ്	4
15.	കരിമ്പിൽ പടി - ചെങ്കിലാത്തിൽ പടി റോഡ്	3+4
16.	കരിമ്പിൽ പടി - പൂത്തോത്തറ പടി റോഡ്	4
17.	കരിമ്പിൽ പടി - അകത്തുരേത്ത് റോഡ്	4
18.	പുത്താത്തുകുഴി - ഇലവിൻ ചുവടു റോഡ്	5
19.	ആയൂർവേദാശുപത്രി റോഡ്	5
20.	കമ്മതറപ്പടി - പിരളശ്ശേരി റോഡ്	5
21.	വേടരത്ത് കോളനി റോഡ്	5
22.	N.S.S. കരയോഗം നെടിയത്ത് പടി റോഡ്	5
23.	തട്ടുപുരക്കൽ പടി റോഡ്	5
24.	മണലേൽ പടി - പള്ളിമോടി റോഡ്	5
25.	B.J.S.M ആശുപത്രി - J.M.H.S റോഡ്	6
26.	ഹോസ്റ്റാഫീസ് പടി - ഉളിയന്തറ പടി റോഡ്	6
27.	കല്ലുവരമ്പ് - കുരിശു പടി പ്ലാനക്കട്ട് റോഡ്	3
28.	ചക്കാലപൊയ്ക - ചമ്മത്ത് മുക്കു റോഡ്	6
29.	ചക്കാലപൊയ്ക - പൗവ്വത്ത് പടി	6
30.	തച്ചനാട്ടു പടി - മാസമ്പ്രപ്പാടം ,,	7
31.	അക്വഡറ്റ് റോഡ്	5
32.	ഹരിജൻ ക്ഷേത്രം - ചമ്മത്ത് മുകക്ക്	5
33.	ചന്തപ്പാത്തറ പടി - കനാൽ ജംഗ്ഷൻ	5
34.	വായനശാല - പാലത്തടത്തിൽ റോഡ്	8
35.	വായനശാല - കുനംമോടി - പഴുക്കാമോടി റോഡ്	8
36.	പുന്നമൂട്ടിൽ - നെടിയകാലാ റോഡ്	8
37.	കിണറുവിള കോളനി റോഡ്	8
38.	നെല്ലിക്കാട്ടിൽ പടി - മുടന്തിയാതിക്കൽ റോഡ്	8
39.	പണിപ്പുരപ്പടി - കരിമ്പിൻ മുറ്റം റോഡ്	8
40.	പുല്ലാംതാഴെ - തെങ്ങിൽ പടി റോഡ്	8
41.	കുറ്റിയിൽ മുക്ക് - പുലിപ്പാറ റോഡ്	8
42.	കൊച്ചുതറപ്പടി - കല്ലോം വാതുക്കൽ റോഡ്	7
43.	കുന്നത്തു തറപടി - കുന്നത്തു തറ ചീപ്പ് റോഡ്	7
44.	പെണ്ണുക്കര ക്ഷേത്രം - തയ്യിൽ പടി റോഡ്	5

ട്യൂബുലൈറ്റ് / സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്ന സ്ഥലം

1.	S.N. കോളേജ് ജംഗ്ഷൻ	2
2.	സെന്റ് ജോർജ് പള്ളിപ്പടി	2
3.	മണക്കണ്ടത്തിൽ പടി	1-2
4.	S.N.D.P U.P.S ജംഗ്ഷൻ	2
5.	ഉമ്മാത്തിൽ	3
6.	ചെങ്കിലാത്തിൽ	3
7.	സർപ്പത്തിൽ പടി	3
8.	റോസ് വില്ല ജംഗ്ഷൻ	5

9.	പഞ്ചായത്താഫീസ് ജംഗ്ഷൻ	4
10.	ശ്രീരംഗം റോഡിന്റെ തുടക്കം	4
11.	പെണ്ണുക്കര U.P.S മുൻവശം	4
12.	പെണ്ണുക്കര ക്ഷേത്രം തെക്കേ ജംഗ്ഷൻ	4
13.	പെണ്ണുക്കര മാർത്തോമ പള്ളി ജംഗ്ഷൻ	4
14.	കനാൽ ജംഗ്ഷൻ	5
15.	വേടരത്ത് കോളനി	5
16.	വൈപ്പയിൻ പടി	5
17.	P.H സെന്റർ സ്ഥലം	5
18.	തുണ്ടിയിൽ പടി	5
19.	മല്ലപ്പുള്ളിപ്പടി	5
20.	കമ്മതറ പടി	7
21.	പള്ളിമുക്ക്	6
22.	B.J.S.M ആശുപത്രിമുക്ക്	6
23.	തേവരക്കോട്ട് ജംഗ്ഷൻ	8
24.	കല്ലുമാടി ജംഗ്ഷൻ	6
25.	എതിരേപ്പ് മോടിജംഗ്ഷൻ	6
26.	ഉളിയന്ത്ര ജംഗ്ഷൻ	7
27.	പണിപ്പുരപ്പടി	8
28.	മലമോടി ക്ഷേത്രമുക്ക്	8
29.	തോട്ടം മുക്ക്	8
30.	പഴുക്കാമോടി കോളനി	8
31.	നെല്ലിക്കാട്ടിൽ പടി	8
32.	കിണറുവിള കോളനി	8
33.	പഴുക്കാമോടി TVസെന്റർ	8
34.	പനക്കാപൊയ്ക മുക്ക്	8
35.	കുറ്റിയിൽ ജംഗ്ഷൻ	8
36.	പുല്ലകരിമ്പിൻ മുറ്റംFW സെന്റർ ജംഗ്ഷൻ	8
37.	കൊച്ചുതറപ്പടി	7
38.	എണ്ണമ്പി കോളനി	7
39.	തയ്യിൽ പടി	5
40.	ആയൂർ വേദാശുപത്രി	5
41.	N.S.S. കരയോഗം	5
42.	ഹരിജൻ ക്ഷേത്ര ജംഗ്ഷൻ	1
43.	ആലാവടക്ക് S.N.D.P മന്ദിരം	1
44.	തടത്തിൽ പടി	3
45.	കോരേ ത്ത്	3
46.	പാണ്ടിപ്പുറത്ത് പടി	1
47.	കാട്ടുങ്കൽ പടി	1
48.	ആലാ ഗവ LPS	1
49.	തെങ്ങും തറപ്പടി	1
50.	അത്തലക്കടവ്	1



ആലാ ഗ്രാമപഞ്ചായത്ത് വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

	തെരുവുവിളക്കുകളുടെ	എണ്ണം
1.	ബൾബ്	443
2.	ട്യൂബ്	16
3	മെർക്കുറി വേപ്പർ	ഇല്ല
4	സോഡിയം വേപ്പർ	ഇല്ല

2. തെരുവുവിളക്കിനുവേണ്ടി പ്രതിമാസം അടക്കേണ്ട തുക....6270 രൂപ

3.ആകെ വൈദ്യുതീകരിച്ച കോളനികളുടെ എണ്ണം

1. ഉമ്മാത്തിൽ കോളനി
2. കളുക്കാട്ട് കോളനി (OLHS)
3. വേടരത്ത് കോളനി (OLHS)
4. തേവരക്കോട്ട് കോളനി
5. മാടം പുറത്ത് മോടി കോളനി
6. എണ്ണമ്പി കോളനി
7. ചഴുക്കാമോടി 9H DP
8. സർപ്പത്തിൽ കോളനി
9. മലമോടി ലക്ഷം വീട്
10. നെടിയകാല

4. വൈദ്യുതികരിക്കാത്ത കോളനികളുടെ എണ്ണം

1. കിന്നറുവിള കോളനി
2. കല്ലേപ്പറമ്പിൽ കോളനി
3. ചാന്തുരുത്തി നെടിയകാല പുന്നമൂട്ടിൽ
4. പള്ളിപ്പറമ്പിൽ കോളനി
5. കമംതറ കോളനി

വൈദ്യുതി സംബന്ധമായ ആവശ്യകതയും ലഭ്യതയും

ഇനം	ആവശ്യകത	ലഭ്യത	വൈദ്യുതികരിച്ച കോളനികൾ
1. ട്രാൻസ്ഫോമറുകലുടെ എണ്ണം	6	11	1 പഴുക്കാ മോടി
2. ബൾബുകളുടെ എണ്ണം	280	443	2. മലമോടി
3. ട്യൂബുകളുടെ എണ്ണം	51	16	3 തേവരക്കോട്
4. പഞ്ചായത്തിലെ വീടുകൾ 96-97 വരെ	3166	2527	4. മാടം പുറത്ത്
5. വൈദ്യുതി ലൈനിന്റെ നീളം കി. മി	2.64 k m	36 km	5. നെടിയകാല
6. വേപ്പർ ലാമ്പുകൾ	16	ഇല്ല	6. കിണർവിള
7. ട്യൂബുകളുടെ എണ്ണം	75	27	7. മുട്ടത്തിൽ കര 8. കളുക്കാട് 9. ഉമ്മാത്തിൽ 10. വേടരത്ത്



വനം

ഈ പഞ്ചായത്തിലെ ഭൂപ്രദേശത്തിന്റെ $^1/_3$ ഭാഗം മലപ്രദേശങ്ങളും $^1/_3$ ഭാഗം സമതല പ്രദേശങ്ങളും ആണ്. ബാക്കി നീർതടപ്രദേശങ്ങളുമാണ്. ഈ രണ്ട് പ്രദേശത്തും മാവ്, പ്ലാവ്, ആയിനി (ആഞ്ഞിലി) തെങ്ങ്, കമുങ്ങ്, പൂവണ്ണ്, പുളി, കശുമാവ്, ശീലാന്തി തുടങ്ങിയ വൃക്ഷങ്ങളും അല്ലാത്ത കുറ്റിച്ചെടികളുംകൊണ്ട് നിബി ഡമായിരുന്നു. കെട്ടിടനിർമ്മാണത്തിന്റേയും, ഫർണ്ണീച്ചർ നിർമ്മാണത്തിന്റേയും വ്യാപനവും, വിറകിന്റെ അമിത ഉപയോഗവും ഇഷ്ടികച്ചൂളകളുടെ ആവശ്യവുംമൂലം വൃക്ഷങ്ങൾ വെട്ടിനീക്കപ്പെട്ടുകൊ ണ്ടിരിക്കുന്നു. എന്നാൽ പകരം അതേ വൃക്ഷങ്ങൾവെച്ചു പിടിപ്പിക്കാനോ വളർത്തുവാനോ ശ്രമിച്ചില്ല. ഇതുമൂലം മണ്ണൊലിപ്പ് വർദ്ധിപ്പിച്ചു. ഭൂമിയുടെ ഫലഭൂയിഷ്ഠതയും കുറഞ്ഞു വരു ന്നു. ഈ അടുത്തകാലത്തായി മലഞ്ചരിവുകളിലും മലമുകൾ പ്രദേശത്തിലും റബ്ബർകൃഷി വ്യാപിച്ചിട്ടുണ്ട്.


പഞ്ചായത്തിന്റെ അംഗീകൃത - റിസർവ്വ്- വനപ്രദേശങ്ങളുണ്ടായിരുന്നില്ല. ഇടതൂർന്ന് വളർന്നവൃക്ഷങ്ങളിൽ നിബിഡമായ കാവുകൾ അങ്ങിങ്ങായി ഉണ്ടായിരുന്നു. കാവുകളുടെ എണ്ണവും വിസ്തൃതിയും കുറഞ്ഞു. കാവുകളും കുളങ്ങളും പ്രദേശത്തെ ഭൂപ്രകൃതിയുടെ സമതുലിതാവസ്ഥ നിലനിർത്താൻ സഹായിച്ചിരുന്നുവെന്ന ശാസ്ത്രസത്യം വിസ്മരിക്കപ്പെട്ടു. ഇന്ന് കാവുകളുടെ വിസ്തൃതി സംബന്ധമായകണക്കുകൾ എങ്ങുനിന്നും കിട്ടാനില്ല.

സംസ്ഥാന സർക്കാരിന്റെ വനവൽക്കരണ പരിപാടിയുടെ ഭാഗമായി ഈ അടുത്ത കാലത്തായി വൃക്ഷത്തൈകൾ വിതരണം ചെയ്തതിന്റെ ഫലമായി അങ്ങിങ്ങായി അക്കേഷ്യ, മഹാഗണി, മാഞ്ചിയം, എന്നിവ സ്വകാര്യ വ്യക്തികളുടെ പറമ്പുകളിലും കനാൽ പുറമ്പോക്കു കളിലും വച്ചുപിടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഗൃഹനിർമ്മാണത്തിന് യോജിച്ച പ്ലാവ്, ആയിനി തുടങ്ങിയ മരങ്ങൾ ഇല്ലാതായി ത്തീർന്നിരിക്കുന്നതുമൂലം ഗൃഹനിർമ്മാണത്തിനും ഫർണീച്ചർ നിർമ്മാണത്തിനുമുള്ള തടിയുടെ വില ഭീമമായി വർദ്ധിച്ചിരിക്കുന്നു.

ചാൽ, തോട് തുടങ്ങിയവയുടെ കരകളിൽ ഇടതൂർന്ന് വളർന്നിരിക്കുന്ന കാടുകളും വെട്ടിനശിപ്പിക്കപ്പെട്ടിരിക്കുന്നു. അതുമൂലം ജല സ്രോതസ്സുകളെല്ലാം മണ്ണൊലിച്ച് നികന്ന് ജലസേചന യോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. അതുപോലെ പറമ്പുകളുടെ വൃക്ഷ നിബിഡ മായിരിന്നഅതിരുകൾ മതിലുകളായിക്കൊണ്ടിരിക്കുന്നതിനാൽ അതിര് വൃക്ഷങ്ങളും ചെറു വൃക്ഷങ്ങളും ഇല്ലാതായി. നാട്ടിൻ പുറത്ത് സുലഭമായി കിട്ടിയിരുന്ന ജൈവവളവും ആടുമാടു കളുടെ തീറ്റയുമായിരുന്ന പച്ചില വർഗ്ഗവും ഇന്ന് കിട്ടാനില്ലാത്ത അവസ്ഥയാണ്. ഒരു കാ ലത്ത് ഈ പ്രദേശത്തെ പ്രത്യേകിച്ച് നെൽവയലുകളിൽ പുഞ്ചകൃഷിക്കും, ചിങ്ങകൃഷിക്കും പച്ചിലചേർക്കൽ നിർബ്ബന്ധമായിരുന്നത് ഇന്ന്തീരെ ഇല്ലാതായിരിക്കുന്നു.

പ്രശ്നങ്ങൾ

- ❑ മണ്ണൊലിപ്പുമൂലം കാർഷിക ഭൂമി ഊഷരമായിരിക്കുന്നു.
- ❑ ഗൃഹോപകരണങ്ങൾക്കുള്ള തടി കിട്ടാനില്ലാത്ത അവസ്ഥ
- ❑ പച്ചില വളപ്രയോഗം തീരെ ഇല്ലാതായി.
- ❑ അതിരുവൃക്ഷങ്ങൾക്കുപകരം മതിലുകൾ സ്ഥാനം പിടിച്ചിരിക്കുന്നു.





- കന്നു കാലിത്തീറ്റകൾ, വിശേഷിച്ച്, ആടുകളുടെ തീറ്റ കുറയുന്നു.
- പരമ്പരാഗത കൈത്തൊഴിൽ വസ്തുക്കളായിരുന്ന ഈറ്റ, കരിയിലാഞ്ഞി, മുള അപ്രത്യക്ഷമായി.
- കാവുകളുടെ വിസ്തൃതി കുറഞ്ഞ് വൃക്ഷനിബിഡത ഇല്ലാതായി.
- ഫലവൃക്ഷങ്ങളിൽനിന്നു കിട്ടിക്കൊണ്ടിരുന്ന നാടൽ പഴവർഗ്ഗങ്ങൾ-ചക്ക, മാങ്ങ തുടങ്ങിയവ കുറഞ്ഞുകൊണ്ടിരിക്കുന്നു. അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന പഴവർഗ്ഗങ്ങൾ അധിക വിലകൊടുത്തു വാങ്ങേണ്ട സ്ഥിതിയാണ്.
- തെങ്ങ് രോഗവും അടയ്ക്കയുടെ വിലയിടിവും അവയുടെ വെട്ടിനശിപ്പിക്കലിന് ഇടയാക്കി.

സാധ്യതകൾ

- വന നശീകരണത്തിനെതിരെയുള്ള ബോധവൽക്കരണപ്രവർത്തനങ്ങൾ
- സ്ക്കൂൾ കേന്ദ്രമാക്കിയും ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ചും സെമിനാറുകൾ, ചർച്ചകൾ സംഘടിപ്പിച്ചും ബോധവൽക്കരണം നടത്താം.
- ഗ്രന്ഥശാലകളിൽ വന പുസ്തക കോർണറുകൾ സംഘടിപ്പിക്കുക.
- ഗ്രന്ഥശാലകളിൽവന സംബന്ധമായ അറിവുകൾ നൽകുന്ന പുസ്തകങ്ങൾ ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്യാം. ഒപ്പം സ്ലൈഡുകളുടെ പ്രദർശനവും നടത്താവുന്നതാണ്.
- കനാൽപുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നീസ്ഥലങ്ങളിൽ പ്ലാവ്, തേക്ക്, മഹാഗണി, അയിനി, മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാം.
- കാവുകൾ സംരക്ഷിക്കേണ്ട സാമൂഹ്യ ബാദ്ധ്യതയിൽ ഊന്നിയ ബോധവൽക്കരണം ഉടമസ്ഥരുടെമേൽ നടത്തേണ്ടതാണ്.
- അതിരുകളിൽ ജൈവവേലി പദ്ധതികൾ ആസൂത്രണം ചെയ്യാം
- മണ്ണൊലിപ്പ് തടയുന്നതിന് പൂർവ്വീകർ ഉപയോഗിച്ചു വന്നിരുന്ന പറ്റുവേരുകളുള്ള ചെടികൾ വെച്ചു പിടിപ്പിക്കാം.
- പറമ്പുകളുടെ സമീപത്തുള്ള തോട്ടുകരകൾ, മലയോര അടിവാരങ്ങൾ, തറപ്പുരയിട അതിർത്തികൾ എന്നിവിടങ്ങളിൽ കമുകുകൾ വെച്ചുപിടിപ്പിക്കുക.

ഈവിധത്തിൽ ഗ്രാമീണ പ്രദേശത്തിന്റെ ശാലീനതയും പ്രകൃതി ഭംഗിയും ശക്തിപ്പെടുത്തുന്നതോടൊപ്പം പ്രകൃതിയുടെ സമതുലിതാവസ്ഥയും വിവധോപയോഗ്യമായ ഒരു സാമൂഹ്യഅന്തരീക്ഷം സൃഷ്ടിക്കാൻ കഴിയുന്നവിധം ഒൻപതാം പദ്ധതിയിലെ വനപരിപാലന നടപടി നമ്മുടെ ഗ്രാമത്തിലും പ്രാവർത്തികമാക്കാം






പാർപ്പിടം

രണ്ടായിരമാണ്ടിന്റെ ആരംഭം വരെ ബ്രാഹ്മണമഠങ്ങൾക്കും നായർ ജന്മികുടുംബങ്ങൾക്കുമേ ഈ പ്രദേശത്ത് നല്ല വീടുകൾ ഉണ്ടായിരുന്നുള്ളു. അതിനുശേഷം ഇടത്തരം നായർകർഷക കുടുംബങ്ങൾക്കും ക്രിസ്ത്യാനികളിൽ ഒരു ന്യൂനപക്ഷത്തിനും കെട്ടിടമുണ്ടായിതുടങ്ങി. തെങ്ങോല മെടഞ്ഞായിരുന്നു മേച്ചിൽ നടത്തിയിരുന്നത്. ഓട്ടാഫീസിലെ ഓടു ഫാക്ടറി വന്നതിനു ശേഷമാണ് ഈ നാട്ടിൽ ഓടുമേഞ്ഞ വീടുകൾ ഉണ്ടായിതുടങ്ങിയത്. ദരിദ്രശൂദ്രന്മാർക്ക് വെട്ടികെട്ടും കുടിലുമായിരുന്നു. ഈ പ്രദേശത്തിന് വെളിയിൽ തൊഴിൽ തേടിപ്പോയവർ തിരികെവന്ന് വീട് നിർമ്മിക്കാൻ തുടങ്ങിയതുമുതലാണ് ടെറസ്സ് വീടുകളുണ്ടാകുന്നത്. 50 കൾവരെ ഇന്നത്തെ പട്ടികജാതി കുടിൽകെട്ടി താമസിക്കുകയും ജന്മിയുടെ കൃഷിത്തൊഴിലാളികളായായും, അടിയാളരായും കഴിഞ്ഞുവന്നു. താമസിക്കുന്ന പറമ്പ് കൃഷിയോഗ്യമാക്കി കൊടുക്കുകയും അക്കൂട്ടരുടെ കടമയിൽപെട്ടിരുന്നു.

ആലാ ഗ്രാമപഞ്ചായത്തിന്റെ ആളോഹരി വരുമാനം കേരളത്തിന്റെ ആളോഹരി വരുമാനത്തോടൊപ്പം നിൽക്കുന്നു. വിവിധമേഖലകളിൽ തൊഴിൽ ലഭിച്ചിട്ടുള്ളവരും വിദേശരാജ്യങ്ങളിൽ തൊഴിൽ എടുക്കുന്നവരും നല്ലൊരു വിഭാഗം ഉണ്ട്. കാർഷികമേഖലയിലും അത്രമോശമല്ല. ഇതെല്ലാം ബഹുഭൂരിപക്ഷം വരുന്ന മധ്യവർഗ്ഗ വിഭാഗം മുതൽ മുകളിലോട്ടുള്ളവരാണ്. ഈഴവരൊഴികെയുള്ള പട്ടികജാതിയിലും പിന്നോക്കജാതിയിൽപ്പെട്ടവരും ബഹുഭൂരിപക്ഷത്തിനും നിശ്ചിത വരുമാനമാർഗ്ഗമില്ലാത്തവരാണ്. കാർഷിക വൃത്തികൊണ്ടുമാത്രം ജീവിതം പുലർത്തുന്ന മുന്നോക്ക സമുദായക്കാർ അവരുടെ ഭൂസ്വത്ത് തലമുറകൾക്ക് വീതംവച്ച് കൈമാറിവന്ന് പരിമിതമായ ഭൂമിക്ക് ഉടമയായിട്ടുള്ള ദരിദ്രകർഷകർ ഇന്നത്തെ സാഹചര്യത്തിൽ നിത്യജീവിതം തള്ളിനീക്കാൻ വിഷമിക്കുന്നു. ഇവരിൽ ഭൂരിഭാഗവും കർഷകരും കർഷകത്തൊഴിലാളികളും വെറും കൂലിപ്പണിക്കാരുമാണ്. ഇവരിൽ നല്ലൊരു വിഭാഗത്തിനും അതുപോലെ പട്ടികജാതി ജനവിഭാഗത്തിനും ആണ് ഒരു വീട്വച്ച് ജീവിതം കഴിക്കാൻ നിവൃത്തിയില്ലാതായിരിക്കുന്നത്.

91ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ 2878 കുടുംബങ്ങളിലായി13087 പേർ ജീവിക്കുന്നു ഇതിൽ 351 കുടുംബങ്ങൾക്ക് മിനിമം സൗകര്യങ്ങളോടുകൂടിയ പാർപ്പിടം ഇല്ല. മിക്കവരും കുടിലുകളിൽ തന്നെ കഴിയുന്നു. പട്ടിക 1 ശ്രദ്ധിക്കുക.

വാർഡ്നമ്പർ	കുടിൽ	ഓടിട്ടത്	ടെറസ്സ്	പള്ളി	അമ്പലം	ഗുരുമന്ദിരം
1	32	168	93	1	0	1
2	27	229	134	2	2	1
3	74	226	54	0	0	0
4	28	222	165	1	1	1
5	48	303	139	1	1	1
6	36	175	129	6	0	0
7	12	197	84	1	1	0
8	94	271	102	2	1	0
ആകെ	**351**	**189**	**900**	**14**	**6**	**4**



ചില കുടിലുകളിൽ ഒന്നിൽക്കൂടുതൽ കുടുംബങ്ങളും കഴിയുന്നു. ജനനവും മരണവും പാചകവും ഒരേ ചെറ്റയ്ക്കുള്ളിൽ അഥവാ ഒരേ മൺഭിത്തയ്ക്കുള്ളിൽ കക്കൂസില്ല, വെളിച്ച മില്ല, കിണറില്ല. പട്ടിക 1ൽ പറഞ്ഞിരിക്കുന്ന 9351 കുടിലുകളിൽ അധികവും പട്ടികജാതി യിൽ പ്പെട്ടവരാണ്. വീടില്ലാത്ത മുഴുവൻ കുടുംബത്തിനും ഇന്നത്തെസാഹചര്യത്തിൽ ഒരു വീട് സ്വന്തമായി നിർമ്മിക്കാൻ കഴിവില്ലാത്തവരാണ് പുറമ്പോക്കുകളിൽ കുടിൽകെട്ടി താമ സിക്കുന്നവരും മറ്റു സംസ്ഥാലനങ്ങളിൽനിന്ന് തൊഴിൽതേടി കുടിയേറിപ്പാർത്തവരുമായ 20 ഓളം കുടുംബങ്ങൾക്ക് വീടും സ്ഥലവും ഇല്ലാത്തവരാണ്


വിദേശപണം വൻകിട കെട്ടിടങ്ങൾക്ക് ചിലവഴിക്കുന്നു. ആധുനിക മോഡലുകളായ കെട്ടിടങ്ങൾ വിദേശപണസ്വാധീനമായി ധാരാളം ഉണ്ടാകുന്നു. വസ്തുവില്പന രംഗത്ത് ഒരു പുതിയമാനം കൈവരിച്ചിരിക്കുന്നു. പണ്ടുള്ളവർ ഭൂഉടമയുടെ മഹിമയ്ക്കൊത്ത് ദീർഘനാൾ നീണ്ടുനിൽക്കുന്ന ആലങ്കാരികനിർമ്മാണം നടത്തിയിരുന്നതുപൊലെ ഇന്ന് വിദേശപണം ആധുനിക സങ്കേതങ്ങളെല്ലാം ഉപയോഗപ്പെടുത്തിയാണ് കെട്ടിടനിർമ്മാണം നടത്തുന്നത്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ആഡംബര വസ്തുക്കൾ നേരിട്ട് ഇറക്കുമതി ചെയ്തുകൊണ്ടാണ് നിർമ്മാണം നടക്കുന്നത്.

സമ്പന്നരുടെ കെട്ടിടനിർമ്മാണരീതിയും ചിലവഴിക്കുന്ന സമീപനത്തിലുമാണ് എല്ലാ കെട്ടിട നിർമ്മാണത്തേയും തൊഴിലാളികൾ കാണുന്നത്. ഇക്കൂട്ടർ അനാവശ്യമായി സാധനസാമഗ്രി കൾ ഉപയോഗിക്കുന്നു. ആവശ്യപ്പെടുന്ന കൂലിലഭിക്കുന്നു. അടിക്കടി കൂലി വർദ്ധിപ്പിക്കുന്നു ഒരു നിശ്ചിത സമയത്തിനുള്ളിൽ പണി തീർത്തുപോകാൻ വന്ന വിദേശമലയാളി എന്തും ചിലവഴിക്കുന്നു. അതുകൊണ്ട് സാധാരണക്കാർ, ദരിദ്രർ ഒരു ചെറിയവീട് വയ്ക്കാൻ ശ്രമിക്കു മ്പോൾ ആളെക്കിട്ടായ്ക, കിട്ടിയാൽതന്നെ അവൻ ചോദിക്കുന്ന കൂലി കൊടുക്കണം, സാധന സാമഗ്രികൾ പണിക്കാരന്റെ നിർമ്മാണത്തിനനുസരിച്ച് ദുർവ്യയം ചെയ്യുന്നു. അതുകൊണ്ട് സാധാരണക്കാർക്ക് ഉദ്ദേശിച്ച ചിലവിൽ വീട് തീർക്കാൻ കഴിയാതെ വരുന്നു.

കെട്ടിടനിർമ്മാണ സാമഗ്രികളായ വെട്ടുകല്ല്, ഇഷ്ടിക, റബിൾ, മെറ്റൽ തുടങ്ങിയവ ഈ പഞ്ചായത്തിൽ തന്നെ ലഭ്യമാണ്. പക്ഷേ ദരിദ്രജനവിഭാഗത്തിന് താങ്ങാൻ പറ്റാത്ത വിലയാ ണ്. അതുപോലെതന്നെ വ്യവസായിക ഉല്പന്നങ്ങൾക്കും. അതുകൊണ്ട് വേണ്ടിയിരുന്ന തുക യുടെ പതിന്മടങ്ങ് തുകയുണ്ടെങ്കിലെ ഒരു ചെറിയവീട് തീർക്കാൻപറ്റൂ എന്ന സ്ഥിതിയിലാ യിരിക്കു ന്നു.

കെട്ടിടനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ആശാരിപ്പണി മേസ്തിരിപ്പണി, മൈക്കാട് എന്നി വയുടെ കൂലിനിരക്ക് മറ്റ് തൊഴിലുകളേക്കാൾ 30 ശതമാനമെങ്കിലും വർദ്ധനവുണ്ട്. ഒരു ആശാരിതച്ചന് 135 രൂപയും മൈക്കാടിന് 100രൂപയുമാക്കി. സ്ത്രീയും പുരുഷനും കൂലി നിര ക്കിൽ അല്പം വ്യത്യാസമുണ്ട്. സമ്പന്നവർഗ്ഗവീടുകളെല്ലാം പൂർണ്ണമായോഘട്ടം ഘട്ടമായോ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് ചെയ്യിക്കുന്നത്. തമിഴ്നാട്ടിൽ നിന്ന് വന്നിട്ടുള്ള മേസ്തി രിമാരും മൈക്കാടുകാരുമാണ് കൂടുതൽ ഈ രംഗത്ത് ഇന്നാട്ടിലെ ആളുകൾ കുറവാണ്. ഗൃഹനിർമ്മാണ രംഗത്ത് 1985 ലെ കൂലി നിരക്കിനേക്കാൾ ഇന്ന് 5 മടങ്ങ് വർദ്ധിച്ചിരിക്കു ന്നു. തൊഴിൽ വൈദഗ്ധ്യ കാര്യത്തിൽനിലവാരം കുറഞ്ഞിരിക്കുന്നു. മാത്രമല്ല ജോലിയുടെ അളവിലും ജോലി സമയത്തിന്റെ കാര്യത്തിലും കുറവും ഉണ്ടായിട്ടുണ്ട്.

ഏതാനും വർഷങ്ങളായി ദരിദ്രവിഭാഗങ്ങൾക്ക് വിവിധ സ്കീമുകളിലായി ധാരാളം വീടു കൾ ഈ പഞ്ചായത്തിൽ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. ലക്ഷം വീട് പദ്ധതി രാജീവ് ഗാന്ധി ദശലക്ഷം പദ്ധതി JRY, അൺടൈഡ് തുടങ്ങിയ ഇനത്തിലൂടെ പട്ടികവർഗ്ഗത്തിനും ദുർബല വിഭാഗങ്ങൾക്കും വീടുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്.



പട്ടിക 2

വിവിധ വീട് നിർമ്മാണ പദ്ധതിയിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം

95-96 പഞ്ചായത്തിലെ മൊത്തംകെട്ടിടങ്ങളുടെ എണ്ണം	പദ്ധതിഇനം	വീടുകളുടെ എണ്ണം					
		1991-92	92-93	93-94	94-95	95-96	ആകെ
3490	JRY	21	8	12	16	20	77
	UNTIED	8	-	-	11	5	16
	പുനരധിവാസപദ്ധതി	-	-	-	9	-	9


ഇനിയും ഈ പഞ്ചായത്തിലെ 351 കുടുംബങ്ങൾക്ക് മിനിമം സൗകര്യങ്ങളോടുകൂടിയ വീട് ഉണ്ടാക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

- ലക്ഷം വീട് കോളനിപദ്ധതിയനുസരിച്ച് തീർത്ത വീടുകൾ വാർഷിക മെയിന്റൻസു ഇല്ലാത്തതുമൂലം ഇടിഞ്ഞ് പൊളിഞ്ഞുകൊണ്ടിരിക്കുന്നു. ഒരു വീട്ടിൽ രണ്ട് കുടുംബം വീതം താമസിക്കുന്നവർക്ക് അത്യാവശ്യ സൗകര്യങ്ങളില്ല. കോളനി നിവാസികൾക്ക് ഭാഗികമായി കക്കൂസില്ല.
- JRY രാജീവ് ദശലക്ഷം വീട് പദ്ധതി അൺടൈഡ് മുതലായ സ്കീമുകളിലൂടെ നിർമ്മിച്ചവീടുകളും പൂർണ്ണമായി ത്തീർന്നിട്ടില്ല. മിക്കവീടുകളിലും കക്കൂസില്ല, വെളിച്ചം കിട്ടാത്ത വീടുകളുമുണ്ട്.
- കെട്ടിട നിർമ്മാണ സാമഗ്രികളുടേയും ഭൂമിയുടെയും വിലക്കയറ്റം മൂലം ദരിദ്രജന വിഭാഗത്തിന് ഒരു വിധത്തിലും വീടിനെക്കുറിച്ചു ആലോചിക്കാൻപോലും കഴിയുന്നില്ല.
- ദുർവ്യയം ഒഴിവാക്കി വീട് നിർമ്മിക്കുന്നതിന് വിദഗ്ധരെ കിട്ടാനില്ല.
- ദുർബല സമ്പന്ന ജനവിഭാഗങ്ങളുടെ വീട് നിർമ്മാണം ഒരുപോലെകാണുന്ന തൊഴിലാളി മനോഭാവം സാമ്പത്തികചിലവ് അധികരിക്കുന്നു.
- ദുർബലർ തിരിച്ചടക്കേണ്ട വായ്പാ സംഖ്യ തിരിച്ചടക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുമൂലം കഴിയുന്നില്ല.
- സാമ്പത്തിക സഹായത്തോടുകൂടി മെച്ചപ്പെട്ട വീട് നിർമ്മിക്കാനാഗ്രഹിക്കുന്നവർക്ക് വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് വായ്പയിലൂടെ വീട് നിർമ്മിക്കാനാഗ്രഹിക്കുന്നവർക്കും വായ്പ ലഭിക്കാനുള്ള അനുകൂലസാഹചര്യം ഇല്ല.
- ഹൗസിംഗ് സൊസൈറ്റി പഞ്ചായത്തിലില്ലാത്തതുമൂലം വീട് വയ്ക്കാനുള്ള സൗകര്യക്കുറവ്. ഒരു ഘട്ടം തീർന്നുകഴിഞ്ഞ് ഗഡു സഹായം ലഭിക്കുന്നുള്ളു എന്നു വരുന്നതുമൂലം വീട് നിർമ്മിക്കാനുള്ള താൽപ്പര്യക്കുറവ്.
- ഒരു വീടുനിർമ്മിക്കാൻ കിട്ടുന്ന ധനസഹായംകൊണ്ട് പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥ.
- സഹായ ഏജൻസികളുടെ മനോഭാവമില്ലായ്മ.
- ഉപഭോക്താക്കൾക്ക് എല്ലാം സൗജന്യമായി ചെയ്തുകിട്ടണമെന്നാണ് മനോഭാവം അവരുടെ സംഭാവലനയായി യാതൊന്നും ചെയ്യാൻ താല്പര്യം ഇല്ല. അധ്വാനശേഷിപോലും.

പദ്ധതി നിർദ്ദേശങ്ങൾ

- ഭവനരഹിതരെ രണ്ടോ മൂന്നോ ഗ്രേഡായി തരംതിരിച്ച് വീടു നിർമ്മാണം സംഘടിപ്പിക്കുക



പൂർണ്ണമായും സൗജന്യം വേണ്ടവർ, പകുതി സൗജന്യംവേണ്ടവർ, മുഴുവനും സംഖ്യയും പലിശയോടുകൂടി തിരിച്ചടക്കേണ്ട കടാശ്വാസ പദ്ധതി എന്നീ നിലയിൽ സഹായം നൽകി വീട് നിർമ്മാണം നടത്താവുന്നതാണ്.

ഭൂ രഹിതർക്കും നിർദ്ധനർക്കും ഉള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതി.

ഭൂരഹിതരുടെ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുക. പഞ്ചായത്തിൽനിന്ന് ഓരോവാർഡിലും ഒരുവീടിന്10സെന്റ് ഭൂമി എന്നകണക്കിൽ വസ്തുമൊത്തമായിസമ്പാദിക്കുകമിച്ച ഭൂമിയായിക്കിടക്കുന്ന പഞ്ചായത്തിലുള്ള ഭൂമി ഈവിഭാഗത്തിന് വീട്വച്ച് കൊടുക്കാൻ സർക്കാരിൽനിന്ന് അനുവദിപ്പിക്കാവുന്നതാണ്.) അവിടെ അത്യാവശ്യംവേണ്ട സൗകര്യങ്ങളോടുകൂടി വീട് നിർമ്മിക്കുക ഇതിന് സന്മനസ്സുള്ളവരിൽനിന്ന് സ്പോൺസർ ചെയ്യിക്കാവുന്നതാണ്

- പഞ്ചായത്തിൽ നിന്ന്/ബ്ലോക്കിൽനിന്ന് നിർമ്മിച്ചുകൊടുത്ത വീടുകളിൽ പശ്ചാത്തല സൗകര്യമില്ലാത്തവർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.
- വീട് ഇല്ലാത്ത കുടുംബങ്ങൾ കൂടുതലുള്ള വാർഡുകൾക്ക് മുൻഗണന നൽകി ആനുപാതികമായി വീട് നിർമ്മാണം ഘട്ടം ഘട്ടമായി പൂർത്തീകരിക്കുകയും സമയത്തിനധീനമായി മുഴുവൻ കുടുംബങ്ങൾക്കും വീടുള്ള പഞ്ചായത്തായി പ്രഖ്യാപിക്കുക. ഇത് യുദ്ധകാലാടിസ്ഥാനത്തിൽ പ്ലാൻ ചെയ്യാം
- അപേക്ഷകരുടെ അപേക്ഷാസ്വീകരണവും അംഗീകാരവും പൂർണ്ണമായും ഗ്രാമപഞ്ചായത്ത് നൽകുകയും സ്റ്റേജ് സർട്ടിഫിക്കേറ്റ് നൽകാനുള്ള അധികാരം പഞ്ചായത്ത് മെമ്പർക്കു നൽകുക.
- ഗൃഹനിർമ്മാണതൊഴിലാളികളെ പഞ്ചായത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യിച്ച് ദുർബലവിഭാഗങ്ങൾക്കായി നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണം കുറഞ്ഞനിരക്കിൽ ചെയ്യിക്കാം.
- രജിസ്റ്റർചെയ്യുന്ന തൊഴിലാളികളെ ഇൻഷ്വറൻസ് പരിധിയിൽകൊണ്ടുവരിക
- രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ സാമ്പത്തികസഹായം ചെയ്യുന്ന പദ്ധതി ആവിഷ്കരിക്കുക.
- ഭവന നിർമ്മാണ സഹകരണസംഘം പഞ്ചായത്തിൽ ഒന്ന്, അഥവാ രണ്ടോ മൂന്നോ പഞ്ചായത്തിൽ പ്രവർത്തനപരിധി ആക്കിയോ സംഘടിപ്പിക്കാവുന്നതാണ്.
- ഭവനനിർമ്മാണ സാനമഗ്രികളുടെ വിലവർദ്ധനവ് പരിഹരിക്കാൻ പുതിയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുക. നിർമ്മാണത്തൊഴിലാളികൾക്കും വീട് നിർമ്മിക്കുന്നവർക്കും പരിശീലനവും ബോധവൽക്കരണവും നടത്തുക. (പച്ചമണ്ണിഷ്ടികകൊണ്ട് രണ്ടുനിലമാളികനിർമ്മിച്ച മലബാർ രീതി കാലങ്ങൾക്ക് മുമ്പ് കൽപ്പൊടിയും മണലും കുമ്മായവും ചേർന്നുള്ള ഭിത്തികെട്ട് ചാന്ത് പ്ലാസ്റ്ററിംഗ് തുടങ്ങിയ മാർഗ്ഗം.)
- നിർമ്മിക്കുന്ന വീടിന് കക്കൂസ് നിർബന്ധമാക്കുക
- ഉപഭോക്താക്കളുടെ യോഗം വിളിച്ചുചേർത്ത് അവരിൽനിന്ന് ഒരു നിർമ്മാണം കമ്മിറ്റി രൂപീകരിച്ച് നിർമ്മാണ ജോലിയുടെ നേതൃത്വം ഏൽപ്പിക്കുക.
- ഇരട്ട കുടുംബം താമസിക്കുന്ന ലക്ഷം വീട് കോളനിയിലെ വീടുകളിൽ നിന്നോ ഒരു കുടുബത്തെ മാറ്റി താമസിപ്പിക്കാൻ പ്രത്യേകം വീടു നിർമ്മിച്ചുകൊടുക്കുക.
- പരമ്പരാഗതമായ വാസ്തു ശില്പ മാതൃകകളുടെ സംരക്ഷണത്തിന് പുതിയ വീടുകൾ പഴയ വാസ്തു ശില്പവും പുതിയ സാങ്കേതികതകയും സമ്മേളിപ്പിച്ച് നമ്മുടെ കാലാവസ്ഥക്കനുസൃതമായ വീട് നിർമ്മാണ ശൈലി സ്വീകരിക്കുക. കേരളീയ വാസ്തു ശില്പ രീതിയിലുള്ള കെട്ടിടങ്ങൾ സംരക്ഷിക്കാനും നില നിർത്താനുമുള്ള പ്രേരണ ഉണ്ടാക്കുക.
- പുതുതായി വീടും സ്ഥലവും വേണ്ട കുടുംബങ്ങൾക്ക് ഹൗസിംഗ് കോളനി സമ്പ്രദായത്തിൽ ശാസ്ത്രീയമായി സംവിധാനം ചെയ്യുക. അങ്ങനെ ചെയ്താൽ ശുദ്ധജലം ഡ്രയിനേജ്, പൊതുവെളിച്ചം, പൊതുകക്കൂസ്, പൊതു മലിനവസ്തു നിക്ഷേപം തുടങ്ങിയ വികസന പ്രവർത്തനങ്ങളുടെ ചിലവ് കുറയ്ക്കാൻ കഴിയുന്നതോടൊപ്പം കൃഷിഭൂമിയുടെ വിസ്തൃതി കുറയാതെയുമിരിക്കും.

സാമൂഹ്യക്ഷേമം

ആലാ ഗ്രാമപഞ്ചായത്തിലുള്ള ഇന്നുള്ള 3490 കുടുംബങ്ങളിൽ 91-92 ലെ ഐ. ആർ. ഡി. പി. ലിസ്റ്റ് അനുസരിച്ച് 917 കുടുംബങ്ങൾ ദാരിദ്ര രേഖയ്ക്ക് താഴെ കഴിയുന്നവരാണ്. പട്ടികവർഗ്ഗത്തിപെട്ട കുടുംബങ്ങൾ ഈ പഞ്ചായത്തിലില്ല. 256 കുടുംബങ്ങൾ പട്ടികജാതിടിൽ പെട്ടവരാണ്. 661 കുടുംബങ്ങൾ മറ്റു സമുദായത്തിൽ ഉള്ളവരാണ്.

ഇവരിൽ ഐ. ആർ. ഡി. പി ലിസ്റ്റിലുള്ള കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിലൂടെ എട്ടാം പദ്ധതി കാലത്ത് വിവിധ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. (പട്ടിക1) കാണുക. ട്രൈസം പദ്ധതിയിലൂടെ 8 പേർക്ക് പ്രിന്റിംഗ് ടെക്നോളജി, വീവിംഗ്, ഇലക്ട്രീഷ്യൻ എന്നീവിഷയങ്ങളിൽ പരിശീലനം നൽകി പരിശീലനം നൽകിയവരിൽ 4 പേർക്ക് റൂറൽ ആർട്ടിസാൻസ് പ്രോഗ്രാമിൽ സഹായം ലഭിച്ചിട്ടുണ്ട്. (പട്ടിക2). എന്നാൽ കിണർ അനുവദിച്ചു കിട്ടിയവരിൽ 14 ഉം, കിണർ ലഭിച്ചവരിൽ 6-ഉം ERSP കക്കൂസ് ലഭിച്ചവരിൽ 16-ഉം പൂർത്തീകരിക്കാനുണ്ട്. തൊഴിൽമേഖലയിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് മെച്ചപ്പെട്ട സാമ്പത്തികനേട്ടം ഉണ്ടായിട്ടില്ല. ആവശ്യമായ ധനസഹായം ലഭിക്കാത്തതുമൂലം ട്രൈസം പരിശീലനം ലഭിച്ച മറ്റ് 4 പേർ യാതൊരു തൊഴിലും ഇല്ലാതെ കഴിയുന്നു.

സാമൂഹ്യക്ഷേമ വകുപ്പ് വഴിയുള്ള വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നവർ ഉണ്ട്. കർഷകത്തോഴിലാളിപെൻഷൻ, തൊഴിലില്ലില്ലായ്മവേതനം എന്നിവയിലൂടെ ലഭിക്കുന്നവയാണ് പ്രധാനപ്പെട്ടത് 53 പേർക്ക് വിധവാപെൻഷനും 13 പേർക്ക് വാർദ്ധക്യകാലപെൻഷനും, 11 പേർക്ക് വികലാംഗ പെൻഷനുംലഭിക്കുന്നു. 4 കുടുംബങ്ങളിൽ വിവാഹാനുകൂല്യം ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള നിരവധിപേർ അപേക്ഷകരായുണ്ട്. അപേക്ഷിക്കാനും ധാരാളംപേർ ഈപഞ്ചായത്തിലുണ്ട്. അറിവില്ലായ്മ, ബോധവൽക്കരണക്കുറവ്, ഉദ്യോഗസ്ഥ സമീപനം, നടപടികളുടെ നൂലാമാലകൾ എന്നിവമൂലമാണ് അപേക്ഷിക്കാതിരിക്കുന്നതിനുള്ള പ്രധാന കാരണം.

പട്ടികജാതി വികസന കോർപറേഷന്റെ ആനുകൂല്യങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. വനിതാ വികസന കേർപറേഷന്റെപദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ല. സാമൂഹ്യക്ഷേമ പരിപാടികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള കോർപറേഷനുകളുടെ പ്രവർത്തനം ഈപഞ്ചായത്തിൽ നടക്കുന്നില്ലെന്നുതന്നെ പറയേണ്ടി വരുന്നു. ക്ഷേമപദ്ധതികളിലൂടെ കിട്ടുന്ന ധനസഹായവും യഥാർഹം കിട്ടുന്നില്ല. സാമൂഹ്യക്ഷേമ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾ, ബാലവാടികൾ എന്നിവയുടെ പ്രവർത്തനവും കാര്യക്ഷമമല്ല. പഞ്ചായത്തിൽ അംഗനവാടികൾ പ്രവർത്തിക്കുന്നില്ല. 9 ഫീഡിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു ണ്ടെങ്കിലും അതിന്റെ പ്രവർത്തനവും ഫലപ്രദമാകുന്നില്ല. കർഷകതെഴിലാളിക്ഷേമനിധി, കെട്ടിടതൊഴിലാളിക്ഷേമനിധി, ആഭരണ തെഴിലാളിക്ഷേമനിധി, തെങ്ങുകയറ്റ തൊഴിലാളി ക്ഷേമനിധി എന്നിവയിൽ ചേർന്നവർ ഉണ്ടെങ്കിലും അർഹതയുള്ള ധാരാളം ആളുകൾ ഇനിയും ചേരാനുണ്ട്. ക്ഷേമനിധിയിൽ ചേരുന്നതിനെ സംബന്ധിച്ച അറിവില്ലായ്മയാണ് പ്രധാനകാരണം. ഈപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും സാമൂഹ്യപ്രവർത്തകർ വേണ്ടത്ര മുന്നോട്ടു വരുന്നില്ല.

മറ്റൊരു സാമൂഹ്യക്ഷേമ പ്രവർത്തനരംഗമാണ് ഭക്ഷ്യവസ്തുക്കളുടെ പൊതുവിതരണമേഖല. പഞ്ചായത്തിൽ 14 റേഷൻകടകളുണ്ട്. 95-96വർഷം 2617കാർഡ് ഉടമകൾ ഈ പഞ്ചായത്തി

ലുണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തെ ശരാശരി വിതരണം 4040 കിലൊഗ്രാം അരിയും 74571 ലിറ്റർ മണ്ണെണ്ണയുമാണ്. എല്ലാറേഷൻ കടകളെ സംബന്ധിച്ചും പരാതികളേ ജനങ്ങൾക്ക് പറയാനുള്ളു റേഷൻ വിതരണ രംഗത്ത് വമ്പിച്ച ചൂഷണമാണ് നിലനിൽക്കുന്നത്. കാർഡ് ഉടമകൾക്ക് യഥാസമയം ആനുകൂല്യം (ഭക്ഷ്യവസ്തുക്കൾ) ലഭിക്കാത്ത പരാതിയും റേഷൻ കട ഉടമകൾക്ക് ആവശ്യമായ ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരാതിയും ഉണ്ട്. പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നു. ഈവർഷം മുതൽ മാവേലി സ്റ്റോറിലൂടെ ഭക്ഷ്യവസ്തുക്കളുടെ വിതരണം ഉണ്ട്. എന്നാൽ വിതരണ കാര്യങ്ങളിൽ ഒട്ടേറെ ആക്ഷേപങ്ങൾ ഉണ്ട്.

പെൻഷൻ പദ്ധതികളിലൂടെ കിട്ടുന്ന സാമ്പത്തീക സഹായം ജീവിത നിലവാരവുമായി ബന്ധപ്പെട്ടു പോകുന്നില്ല. കിട്ടുന്നതൊന്നും യഥാസമയത്തു കിട്ടുന്നതുമില്ല. കാലാനുസൃതമായ വർദ്ധനവും, യഥാസമയത്തു കിട്ടുകയെന്നതുമാണ് പ്രധാനം. ഈ വർഷം 500 രൂപയാണ് പട്ടികജാതി വിഭാഗത്തിന് പുരകെട്ടി മേയാൻ അനുവദിച്ചുകിട്ടിയത്. മറ്റ് ദരിദ്ര ജനവിഭാഗത്തിന് പുരകെട്ടിമേയാനുള്ള ധനസഹായം മുൻവർഷങ്ങളിലൊന്നും നടന്നിട്ടില്ല ഈ വർഷം 400 രൂപവീതം 50 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

മഹിളാസമാജം ഫീഡിംഗ് സെന്ററുകളിൽ ഭക്ഷണം പാകം ചെയ്യുന്നതിന് ദിവസം 2 രൂപാവീതം പഞ്ചായത്തിൽനിന്ന് ധനസഹായം നൽകുന്നുണ്ട്. സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണത്തെ സഹായിക്കുവാൻ ഒരു കുട്ടിക്ക് 10 പൈസാനിരക്കിൽ വർഷത്തിലൊരിക്കൽ ഗ്രാന്റു നൽകുന്നു. 3 കോളനികളിലേക്ക് പഞ്ചായത്തിൽനിന്നനുവദിച്ച റ്റി.വി. സെറ്റിൽ രണ്ടെണ്ണം സ്ഥാപിച്ചിട്ടുണ്ട്. വിശ്വഭാരതി ഗ്രന്ഥശാലയിൽ റ്റി. വി സ്ഥാപിക്കുവാൻ 10,000 രൂപാ ഗ്രാന്റും നൽകി. കോളനിയിൽ സ്ഥാപിക്കേണ്ട ആവശ്യം ഗ്രാമസഭാ റിപ്പോർട്ടി ലൂടെ പ്രകടിപ്പിച്ചിട്ടുണ്ട്.

ദുർബ്ബല ജനവിഭാഗത്തിന് വർഷങ്ങളായി അനുവദിച്ചുവരുന്ന കക്കൂസ് നിർമ്മാണം വിവിധ ആക്ഷേപങ്ങൾക്ക് ഇടയായിട്ടുണ്ട്. നൽകിയ റിംഗുകൾ പലയിടത്തും കാഴ്ചവസ്തുക്കളായികിടക്കുന്നു. ചിലർ താഴ്ത്തിയിട്ടിട്ടുണ്ടെങ്കിലും ഉപയോഗപ്രദമാക്കിയിട്ടില്ല. ഇറക്കിയവർ തന്നെ വൃത്തിയായി ഉപയോഗിക്കുന്നില്ല. ഗുണഭോക്താക്കൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് തയ്യാറാകുന്നില്ല.

കൃഷി ആഫീസിൽ നിന്ന്ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി വളരെയധികം ജീവനോപാധികൾ വിതരണം ചെയ്തിട്ടുണ്ട് (കുടം, നെൽസംഭരണി, തൂമ്പ, മൺവെട്ടി തുടങ്ങിയവ) ഇവയിൽ നല്ലൊരു ശതമാനം മറ്റുള്ളവർക്ക്കൈമാറിയിട്ടുണ്ട് അതുപോലെ ദരിദ്ര കർഷകർക്ക് കിണർ, തൊഴുത്ത് എന്നിവയുടെ നിർമ്മാണത്തിനും, പശുവിനെ വാങ്ങാനും ധനസഹായം ചെയ്തിട്ടുണ്ട്.

വൃദ്ധസദനം പഞ്ചായത്തിലില്ല. അതുപോലെ പട്ടികജാതി വിഭാഗത്തിനും മറ്റ് ഭൂരഹിത ദരിദ്രവിഭാഗത്തിനും സ്വന്തംപറമ്പിൽ ശവം മറവുചെയ്യുവാനുള്ള സൗകര്യമില്ല. ഈ വിഷയത്തിൽ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങൾ ഇവിടെയുണ്ട്.

വളരെയധികം ആനുകൂല്യങ്ങൾ വിവിധ തലങ്ങളിലൂടെദരിദ്ര ജനവിഭാഗത്തിന് കിട്ടാനുള്ള സാധ്യതയുണ്ടെങ്കിലും ഈ പഞ്ചായത്തിൽ അതിന്റെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല. കിട്ടുന്ന ആനുകൂല്യങ്ങളെ, ജീവിതം മെച്ചപ്പെടുത്താൻ ബോധപൂർവ്വമായ പ്രവർത്തനം നടത്തുന്നില്ല. ഓരോ മേഖലയെ സംബന്ധിച്ചുമുള്ള സ്ഥിതിവിവരങ്ങൾ അറിയാനുള്ള ബുദ്ധിമുട്ടും നേരിടുന്നു.

പ്രശ്നങ്ങൾ

- ട്രൈസം പരിശീലനം നേടിയവർ വളരെകുറവ്. പരിശീലനം നേടിയവർക്കോ, തൊഴിൽസാദ്ധ്യത ഉണ്ടായിട്ടില്ല.
- DWCRA പദ്ധതി ധനസഹായം ലഭിക്കുന്നില്ല.
- ക്ഷേമനിധി പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.
- വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയ പെൻഷൻ ആനുകൂല്യങ്ങൾക്ക് അപേക്ഷിച്ച അർഹരായവർക്ക് ധനസഹായം ലഭിക്കുന്നില്ല.

- വിവിധക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച അറിവില്ലായ്മ.
- ക്ഷേമപ്രവർത്തനങ്ങളുടെ വിവിധ പദ്ധതികൾ മനസ്സിലാക്കിക്കൊടുക്കുവാനും അർഹർക്ക് നേടികൊടുക്കുവാനുമുള്ള നേതൃത്വമില്ലായ്മ.
- സാമ്പത്തിക സഹായം കിട്ടുന്നതിനുള്ള നടപടിക്രമങ്ങളുടെ പ്രയാസങ്ങൾ.
- ആനുകൂല്യങ്ങൾ പരമാവധി കൊടുക്കുന്നതിനു പകരം, ലഭിക്കാതിരിക്കുന്നതിനുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കൽ
- വില്ലേജ് എക്സ്റ്റൻഷൻ ആഫീസിൽ നിന്ന് വിവരങ്ങൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
- IRDPപോലുള്ള ക്ഷേമ പ്രവർത്തന പദ്ധതികളെ വരുമാനദായകമാക്കാതിരിക്കൽ.
- പൊതുവിതരണ രംഗത്ത് വിവിധ പ്രശ്നങ്ങൾ ജനങ്ങൾ അനുഭവിക്കുന്നു.
- ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നില്ല, കിട്ടുന്നതോ വളരെപരിമിതം. വേണ്ടവിധം ഉപയോഗപ്പെടുത്താതിരിക്കൽ.
- ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ കിട്ടുന്നതിനുള്ള കാലതാമസം.
- ക്ഷേമപ്രവർത്തന രംഗത്ത് പഞ്ചായത്തിന്റെ തനത് പദ്ധതികൾ ഉണ്ടാകുന്നില്ല.
- അടിയന്തിര പരിതസ്ഥിതിയിൽ ദരിദ്രജനവിഭാഗത്തെ സഹായിക്കാനുള്ള അധികാരം പഞ്ചായത്ത് സമിതിക്ക് പരിമിതമാണ്
- മദ്യപാനത്തിന്റെ വിപത്ത് വർദ്ധിക്കുന്നു. വ്യാജചാരായ വില്പന നടക്കുന്നു. യുവജനങ്ങളുടെയിടയിൽ മദ്യപാനവും, മറ്റ് ലഹരി ഉപയോഗവും കൂടുന്നു.

നിർദ്ദേശങ്ങൾ

- വിവിധ പെൻഷനുകൾ ക്ഷേമനിധികൾ, സ്കോളർഷിപ്പുകൾ, IRDPപദ്ധതികൾ, DWCRA തുടങ്ങിയവയുടെ ആനുകൂല്യംലഭിച്ചവരെ സംബന്ധിച്ചും ഇനിയും അർഹതയുള്ളവരെ സംബന്ധിച്ചും പഠിക്കുന്നതിന് ഒരു സർവ്വേ നടക്കണം ഓരോ ഈആളുടേയും പ്രത്യേക ലിസ്റ്റ് പഞ്ചായത്തിലുണ്ടാകണം. ഇത്VEOയോയുടെ നേതൃത്വത്തിൽ മഹിളാസമാജ പ്രവർത്തകർ, സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ, യുവജന സംഘടനകൾ എന്നിവർ കൂട്ടായിചേർന്ന് വാർഡ് അടിസ്ഥാനത്തിൽ സ്കാഡ് നിശ്ചയിച്ച് ഒരു നിശ്ചിത പീരിയഡിനുള്ളിൽ ശേഖരിക്കാവുന്നതാണ്.
- ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ പ്രതിമാസം കിട്ടാനുള്ള നടപടിയുണ്ടാകണം, സഹായധനം കാലാനുസൃതമായി വർദ്ധിപ്പിക്കണം. തൊഴിലില്ലായ്മാ വേതനം, കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയവ പഞ്ചായത്ത് ആഫീസിലൂടെയോ, ഏകാംഗ ട്രഷറി വഴിയോ വിതരണം ചെയ്യണം. ഇതിന് തീയതി നിശ്ചയിച്ച് പ്രഖ്യാപിക്കണം.
- **പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി സംഘടിപ്പിക്കൽ**
  ആവശ്യക്കാർ ധാരാളമുണ്ട്. വളരെ അപൂർവം വീടുകളിലേ ഉള്ളൂ. ഒരു സ്കീം ശാസ്ത്രസാഹിത്യ പരിഷത്ത് മുഖാന്തരമോ മറ്റ് ഏജൻസികൾ മുഖാന്തരമോ തയ്യാറാക്കി ഒരു സർവ്വേയിലൂടെ ആവശ്യക്കാരെ കണ്ടെത്തി ഒരു സമയ പരിധിയിൽ നടത്താവുന്നതാണ്.
- **ഒരു വൃദ്ധമന്ദിരം പഞ്ചായത്തിൽ സ്ഥാപിക്കുക:-**
  നിർദ്ധനർക്ക് സൗജന്യവും മറ്റുള്ളവരുടെ സംരക്ഷകരിൽനിന്ന് ആവശ്യം വരുന്ന പ്രതിമാസ ചെലവ് ഈടാക്കിയും സംഘടിപ്പിക്കേണ്ടതാണ്. ഒരു സന്നദ്ധ സംഘടനക്ക് രൂപം നൽകി പഞ്ചായത്ത് മേൽനോട്ടത്തിൽ സംഘടിപ്പിക്കാവുന്നതാണ്.
- റേഷൻ കടകളിലൂടെയുള്ള ഭക്ഷ്യവസ്തുക്കളുടെ വിതരണം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ചൂഷണം ഒഴിവാക്കാൻ പഞ്ചായത്ത് സമിതികളുടെ പരിശോധന കൂടെക്കൂടെ നടത്തുക അഴിമതി നടത്തുന്ന കടയുടമയുടെ മേൽ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഇടപെടണം.

- വിവാഹം, രോഗം, മരണം, അപകടങ്ങൾ മുതലായ സന്ദർഭങ്ങളിൽ ദുർബലജനവിഭാഗത്തെ പെട്ടെന്ന് സഹായിക്കാൻ പഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ ഒരു ഫണ്ട് ഏർപ്പെടുത്തണം. പഞ്ചായത്ത് ഫണ്ടിൽനിന്ന് ഒരു വിഹിതം, വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്നവരിൽനിന്നും ജോലി കഴിഞ്ഞ് തിരികെ വന്നവരിൽനിന്നും ഫണ്ട് ശേഖരിക്കാം. സാമ്പത്തിക ശേഷിയുള്ള സന്മനസ്സുള്ളവരിൽനിന്ന് ഫണ്ട് സമാഹരിക്കാം. പൊതുകളക്ഷൻ ഏർപ്പെടുത്താം. കൂടാതെ വിദേശ ഏജൻസികളിൽനിന്ന് ധനസഹായമാർഇഇക്കാം. മത ജാതി സംഘടനകളിൽനിന്ന് സ്വീകരിക്കാം. അതിനുള്ള വിപുലമായ പ്രചരണ പ്രവർത്തനം സംഘടിപ്പിക്കണം.
- മാവേലിസ്റ്റോറിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തണം. പഞ്ചായത്ത് സമിതി മാവേലിസ്റ്റോർ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തണം.
- അംഗൻവാടികൾ 1000 ജനങ്ങൾക്ക് ഒന്നെന്ന കണക്കിൽ സ്ഥാപിക്കണം.
- 10000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാ കുടുംബങ്ങളേയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണം.
- ഒരു വിദ്യാഭ്യാസ നിധി രൂപീകരിച്ച് ദുർബല ജനവിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികളെ പഞ്ചായത്ത് ദത്ത് എടുത്ത് പഞ്ചായത്ത് ചെലവിൽ വിദ്യാഭ്യാസം ചെയ്യിക്കുന്ന പദ്ധതി തയ്യാറാക്കാവുന്നതാണ്. വിദ്യാഭ്യാസ സ്കോളർഷിപ്പും ഏർപ്പെടുത്താവുന്നതാണ്.
- സർക്കാർ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും തൊഴിലവസരം കണ്ടെത്താനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം തെരഞ്ഞെടുക്കാനും ക്ഷേമ പ്രവർത്തനങ്ങളിലൂടെയുള്ള ആനുകൂല്യങ്ങൾ ബോധ്യപ്പെടാനും പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ ഉണ്ടാകണം.
- ചാരായ വിൽപ്പന പൂർണ്ണമായി ഇല്ലാതാക്കാൻ വാർഡ് അടിസ്ഥാനത്തിൽ ജനകീയ സമിതികൾ സംഘടിപ്പിക്കണം. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം ഉണ്ടാകണം.
- അത്യാവശ്യം വേണ്ട സന്ദർഭങ്ങളിൽ രോഗികളെ സഹായിക്കുന്നതിന് ഒരു രക്തദാന സേന പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം.
- പൊതുകക്കൂസും മൂത്രപ്പുരയും പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങൾക്കു സമീപം സ്ഥാപിക്കുക.
- III, VIII വാർഡുകളിൽ പ്രത്യേകം പ്രത്യേകമായും അഞ്ചും ആറും വാർഡുകൾ കേന്ദ്രീകരിച്ചും ഓരോ പൊതു ശ്മശാനം സംഘടിപ്പിക്കണം.
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കു വേണ്ടി ഗ്രൂപ്പ് അടിസ്ഥാനത്തിലൊ വ്യക്തിഗതമായോ വരുമാനദായക പദ്ധതി ആസൂത്രണം ചെയ്യുകയും വിവിധ എജൻസികളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നതിന് സൗകര്യം ചെയ്തു കൊടുക്കുകയും ചെയ്യുക.(IRDP, അൺടൈയിഡ്, JRY, DWCRA, CDS,വനിതാ വികസന കോർപ്പറേഷൻ, ഖാദി വില്ലേജ് ഇൻഡസ്ട്രി, ഫണ്ടിംഗ് ഏജൻസി, യൂണിസഫ്, വേൾഡ് വുമൺ ഓർഗനൈസേഷൻ തുടങ്ങിയവയിൽ നിന്ന്)
- തൊഴിൽ വൈദഗ്ധ്യ പരിശീലനം പഞ്ചായത്തിൽ സംഘടിപ്പിക്കുക.
- **ദരിദ്ര ജനവിഭാഗങ്ങൾ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ക്ഷേമപ്രവർത്തനങ്ങൾക്ക് സ്കീം തയ്യാറാക്കണം.**
- സൊസൈറ്റി അടിസ്ഥാനത്തിലുള്ള ഉൽപ്പാദന യൂണിറ്റ്.
- എല്ലാ വീടുകളിലുമുള്ള സ്ത്രീകളുടെ വിശ്രമാവസരങ്ങളെ സമ്പത്തുൽപ്പാദന പ്രക്രിയയിൽ ഏർപ്പെടുന്നവിധം ഒരു കൈത്തൊഴിൽ.
- അസംസ്കൃത സാധനങ്ങളുടെ വിതരണവും, ഉത്പന്നങ്ങളുടെ ശേഖരണവും, വില്പനയും സൊസൈറ്റി വഴിയാവാം.
- JRY, അൺടൈഡ് പദ്ധതികൾക്കായി അനുവദിക്കുന്ന സംഖ്യയിൽ 50% ദരിദ്ര ജനവിഭാഗത്തിന്റെ വരുമാന വർദ്ധനവിന് ഉപകരിക്കുന്ന സ്കീമുകൾക്കായി വിനിയോഗിക്കുക
- ഗ്രാമീണബാങ്കിംഗ് മാതൃകയിൽ വനിതകളെ സംഘടിപ്പിച്ച് ഒരു പൊതുഫണ്ട് രൂപീകരിക്കുകയും ആ ഫണ്ട് ആവശ്യമുള്ള അംഗങ്ങൾക്ക് മിതയായപലിശയിൽ ഉത്പാദനയൂണിറ്റ് അനുവദിക്കാൻ നൽകുക. തിരിച്ചടക്കൽ പ്രതിമാസമോ, പ്രതിവാരമോ ആക്കാവുന്നതാണ്.

- പെൻഷൻ നിശ്ചയിക്കാനുള്ള അവകാശം പഞ്ചായത്ത് സമിതിക്ക് നൽകുകയും അവയുടെ മുൻഗണനാക്രമവും അർഹതയും നിശ്ചയിക്കാൻ ഗ്രാമസഭകൾക്ക് നൽകുകയും ചെയ്യുക.
- ജാതി ചിന്തയും, ജാതി മത്സരവും അടുത്ത കാലത്തായി വർദ്ധിച്ചു വരുന്നതിനെതിരേയുള്ള ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക.
- ക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളെ ഗ്രാമസഭകൾ കണ്ടെത്തണം. മുൻകൂട്ടി ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിന് നൽകണം. ആ ലിസ്റ്റിൽനിന്ന് പഞ്ചായത്ത് ആനുകൂല്യം വിതരണം ചെയ്യണം.
- VEO യുടെ സേവനം പഞ്ചായത്ത് ആഫീസിൽ നിന്ന് കിട്ടുന്നതിന് അതിന്റെ പ്രവർത്തന കേന്ദ്രം പഞ്ചായത്തിഫീസിലേക്ക് മാറ്റുക.

പട്ടിക 2 പ്രതിമാസം ട്രെയിനിംഗ് ലഭിച്ചവരുടെ വിവരം

വർഷം	ട്രെയിനിംഗ് നേടിയവരുടെ എണ്ണം	പരിശീലന വിവരം	നമ്പർ	റിമാർക്സ്
91-92	1	പ്രിന്റിംഗ് ടെക്നോളജി	1	റൂറൽ ആർട്ടിസാൻ
92-93	1	ഖാദി വീവിംഗ്	1	പ്രോഗ്രാമിൽ 4 പേർക്ക് സഹായം ലഭിച്ചു.
93-94	ഇല്ല	ഇല്ല		
94-95	2	ഓട്ടോമെക്കാനിസം	2	
95-96	4	കാർപ്പെന്ററി വർക്സ്	1	
		ടെയിലറിംഗ്	2	
		ഇലക്ട്രീഷ്യൻസ്	1	

പട്ടിക 2

പ്രതിമാസ ധനസഹായം ലഭിക്കുന്നതിനുള്ള വിവരം

നമ്പർ	ധനസഹായ ഇനം	ആനുകൂല്യം ലഭിച്ചവരുടെ എണ്ണം	തുക	അപേക്ഷിച്ചവരിൽ തീരുമാനമാകാത്തവരുടെ എണ്ണം	ഈ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളവർ
1	വിധവാ പെൻഷൻ (അഗതി)	53	4240	ഇല്ല	51
2	വികലാംഗപെൻഷൻ	11	1100	79	7
3	കർഷകത്തൊഴിലാളി പെൻഷൻ	196	15680	110	75
4	തൊഴിലില്ലായ്മ വേതനം	115	5750	20	80
5	വാർദ്ധക്യകാല പെൻഷൻ	13	1300	175	45
6	വിവാഹാനുകൂല്യം	4	800	-	-

പട്ടിക 1 സാമൂഹ്യക്ഷേമ പദ്ധതി

IRDP ലിസ്റ്റ് , ലോൺ, വീട്, കിണർ, കക്കൂസ്, DWCRA, പമ്പുസെറ്റ് ലഭിച്ചവരുടെ വിവരം

IRDP സർവ്വേ (1991-92)				വിവിധ ആനുകൂല്യം ലഭിച്ചവർ													
				ലോൺ		വീട് ലഭിച്ചത്			കിണർ			CRSP കക്കൂസ്				DWCRA	
വാർഡ്	ആകെ	പട്ടികജാതി	വർഷം	ആകെ	SC	ആകെ	പൂർത്തീ അനുവദിച്ചത്	SC കരിച്ചത്	ആകെ	പൂർത്തീ അനുവദിച്ചത്	SC കരിച്ചത്	ആകെ	പൂർത്തീ കരിച്ചത്	SC	പമ്പുസെറ്റ്	No.	ആനുകൂല്യം ലഭിച്ചവരുടെ വിവരം
I	65	11	91-92	24	8	4	4	4	4	2	2	-	-	-	5	1	അശ്വതി മെറ്റൽ
II	90	7	92-93	25	12	6	6	6	7	7	7	-	-	-	-	-	ക്രഷിംഗ് യൂണിറ്റ്
III	149	61	93-94	38	33	14	11	14	-	-	-	6	6	-	-	-	വാർഡ് എട്ട്
IV	105	3	94-95	38	22	16	10	12	5	3	5	31	18	-	-	-	12 അംഗങ്ങൾ (SC)
VI	114	47															
VII	70	8															
VIII	187	97															
Total	917	256	-	159	94	57	43	51	18	12	16	58	42	-	5	1	



ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

ആലാ ഗ്രാമ പഞ്ചായത്തിലെ ജനവിഭാഗങ്ങളിൽ സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർ മൊത്തം ജനസംഖ്യയുടെ അഞ്ചിൽ ഒന്ന് വരുമെങ്കിലും ജീവിത നിലവാരത്തിൽ ശരാശരിയിൽ ഉയർന്നതാണ്. അതുകൊണ്ടുതന്നെ ആരോഗ്യ-ശുചിത്വകാര്യങ്ങളിൽ പഞ്ചായത്തിലാകെ പരിശോധിച്ചാൽ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു.

ഈ പഞ്ചായത്തിലെ മരണനിരക്ക് 6.46 ശതമാനവും ജനനനിരക്ക് 12.3 ശതമാനവുമാണ്. ശിശുമരണം അപൂർവ്വമാണ്. ജനനനിരക്ക് കേരളത്തിലെ നിരക്കിനേക്കാൾ കുറഞ്ഞു നില്ക്കുന്നു. മരണനിരക്ക് കൂടുതലാണ്. ഈ കണക്കിലൂടെതന്നെ ഈ പ്രദേശത്തെ ജനങ്ങൾ ചികിത്സാകാര്യങ്ങളിൽ പിന്നോക്കമാണെന്നു കാണാം.


അറുപതുവയസ്സിന് മുകളിലുള്ളവരുടെ എണ്ണം പരിശോധിച്ചാൽ ഈ പഞ്ചായത്തിൽ ഏതാണ്ട് മുന്നോക്ക രാജ്യങ്ങളുടെ നിലവാരം ഉള്ളതായി കാണുന്നു. വൈകല്യം ബാധിച്ചവരുടെ എണ്ണത്തിലും വളരെ കുറവുണ്ട്.

രോഗാതുരർ

ക്ഷയരോഗം ബാധിച്ചവർ ഏതാണ്ട് ഒരു ശതമാനം ഉണ്ടെന്ന് ആരോഗ്യകേന്ദ്രങ്ങളിൽ നിന്നുള്ള സ്ഥിതിവിവരങ്ങളിൽ നിന്നു മനസ്സിലാക്കുന്നു. എന്നാൽ മലമ്പനി, കോളറ, വസൂരി തുടങ്ങിയ രോഗങ്ങൾ ബാധിച്ചവർ ആരും തന്നെയില്ലെന്ന് പറയാം. എന്നാൽ കുഷ്ഠം ബാധിച്ച ഒരാൾ നൂറനാട് കുഷ്ഠരോഗാശുപത്രിയിൽ കഴിയുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ജോലിക്ക് പോയവരിൽ മലമ്പനി ചില സമയങ്ങളിൽ ഉണ്ടായിട്ടുണ്ടെങ്കിലും ചികിത്സകൊണ്ട് പൂർണ്ണമായും സുഖപ്പെട്ടിട്ടുണ്ട്. തിമിരരോഗം ബാധിച്ചവർ അറുപത് വയസ്സിൽ കൂടുതലുള്ളവരിൽ ആയിരത്തിന് അൻപത് എന്ന കണക്കിന് ഉണ്ടെന്ന് ആശുപത്രി രേഖയിൽ കാണുന്നു. എയ്ഡ്സ്, എലിപ്പനി, ജപ്പാൻജ്വരം തുടങ്ങിയ പുതിയ രോഗങ്ങൾ ഈ പഞ്ചായത്തിൽ ആർക്കും തന്നെ ഉള്ളതായി അറിവില്ല. എന്നാൽ കാലാവസ്ഥാഭേദമില്ലാതെ ചിക്കൻ പോക്സ് സാധാരണയായി കണ്ടുവരുന്നു. മാരകരോഗങ്ങളിൽ അർബുദം ബാധിച്ച് മരണപ്പെടുന്നവർ നിരവധിയാണ്. ഏതാണ്ട് അൻപതു കുടുംബങ്ങളിൽ ഒന്നെന്ന കണക്കിൽ ഈ രോഗം ബാധിച്ചിട്ടുണ്ട്. മറ്റു രോഗങ്ങളിൽ പ്രധാനമായും, 'വയറുകടി' കാലാവസ്ഥാമാറ്റത്തിനനുസരിച്ചുള്ള 'ഫ്ലൂ' എന്നിവ സർവ്വസാധാരണമാണ്. ഹൃദയസ്തംഭനവും വിവിധതരത്തിലുള്ള പരാലിസിസും അങ്ങിങ്ങായുണ്ടാകുന്നു.

കുട്ടികളുടെ പോഷണ നിലവാരവും തീരെമോശമല്ല. എല്ലാ വിദ്യാലയങ്ങളിലും ഉച്ചഭക്ഷണ പരിപാടി മുടക്കമില്ലാതെ നടക്കുന്നുണ്ട്. സമീകൃതാഹാരമായ 'പാൽ' കിട്ടുന്ന കുട്ടികളിൽ ഭൂരിപക്ഷവും സാമ്പത്തികശേഷിയുള്ള കുടുംബങ്ങളിലെ അംഗങ്ങളാണ്. എന്നാൽ എല്ലാ രക്ഷിതാക്കളും തങ്ങളുടെ കുട്ടികളെ സ്ക്കൂളിൽ അയക്കുന്നതിനും വൃത്തിയായി വിടുന്നതിലും ശ്രദ്ധിക്കുന്നു. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ് യഥായോഗ്യം നടക്കുന്നുണ്ട്. ആയിരത്തിന് ഒന്ന് എന്നതോതിൽ അംഗവൈകല്യം ബാധിച്ചവരുണ്ട്.

ഈ പഞ്ചായത്തിൽ ഒരു പ്രൈമറിഹെൽത്ത് സെന്ററും ഒരു ആയുർവേദാശുപത്രിയും രണ്ട് പ്രൈമറി ഹെൽത്ത് സബ്സെന്ററുകളും സർക്കാർവകയുണ്ട്. നൂറോളം കിടക്കകളുള്ള



ഒരു മേജർ ഹോസ്പിറ്റൽ സി. എസ്സ്. ഐ. സഭയുടെ വകയായും വ്യക്തികളുടെ വകയായി ഒരു ക്ലിനിക്കും ഒരു ഹോമിയോ ഡിസ്പൻസറിയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആലായിൽ ഒരു ദിവസം ഡോക്ടറുടെ സേവനമുള്ള ഒരു ആയുർവേദ മെഡിക്കൽഷോപ്പും പ്രൈവറ്റായുണ്ട്. മുമ്പ് പാരമ്പര്യമായി ചികിത്സ നടത്തിയിരുന്ന വൈദ്യന്മാരുണ്ടായിരുന്നു. 3 പേർക്ക് പഞ്ചായത്ത് ഗ്രാന്റ് നൽകിയിരുന്നു. ഇപ്പോൾ ഒന്നുമില്ല.

1975 ൽ ഒരു ഡോക്ടറും ഒരു ഫാർമസിസ്റ്റും ഉള്ള ആയുവേദാശുപത്രി ഈ പഞ്ചായത്തിന് അനുവദിച്ചുകിട്ടി. അഞ്ചാം വാർഡിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ സമ്പാദിച്ച 25 സെന്റ് സ്ഥലത്ത് 1984 ൽ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ച് 1989 ൽ അവിടേക്ക് മാറ്റി പ്രവർത്തിച്ച് വരുന്നു. എല്ലാ ദിവസവും ഡോക്ടറുടെ സേവനമുണ്ട്. മരുന്നിന്റെ ദൗർലഭ്യം ഇടക്കിടെ ഉണ്ടാകാറുണ്ട്. കാര്യമായി ഫർണിച്ചറൊന്നിമില്ല. കിടക്കകൾ അനുവദിക്കാത്തതു കൊണ്ട് പ്രായാധിക്യ രോഗചികിത്സ ഫലപ്രദമാകുന്നില്ല.

1988 ൽ പഞ്ചായത്തിന് ഒരു PH സെന്റർ അനുവദിച്ചുകിട്ടുകയും അത് അഞ്ചാം വാർഡിൽ 8.6.1990 ൽ വാടകക്കെട്ടിടത്തിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഒരേക്കർ സ്ഥലം മുൻകൂറായി നൽകണമായിരുന്നു. അതുനൽകാൻ കഴിയാഞ്ഞതുകൊണ്ട് അനുവാദം ലഭിച്ചിട്ടും തുടങ്ങാൻ കഴിയാതിരുന്നു. അഞ്ചാം വാർഡുമെമ്പർ ശ്രീ. കെ. എം. ചന്ദ്രശർമ്മയുടെ നേതൃത്വത്തിൽ നാട്ടുകാരെ സംഘടിപ്പിച്ച് ഒരു പ്രയോജക കമ്മിറ്റിയുടെ ചുമതലയിലാണ് സ്ഥലം നൽകിയത്. ചുട്ടിമലയിലുള്ള നാല് സാധാരണക്കാരാണ് ഒരേക്കർ സ്ഥലം മുൻകൂറായി സർക്കാരിലേക്ക് നൽകിയത്. അവിടെ പഞ്ചായത്ത് ഫണ്ടും നാട്ടുകാരുടെ സംഭാവനയും കൊണ്ട് സെന്ററിനു വേണ്ടി കെട്ടിടം നിർമ്മിച്ചു വരുന്നു. ഒരു ഡോക്ടറും പതിമൂന്ന് ജീവനക്കാരും ഈ സെന്ററിൽ സേവനമനുഷ്ഠിക്കുന്നു. അൻപതോളം രോഗികൾ പ്രതിദിനം ചികിത്സക്കായി ഇവിടെ എത്തുന്നുണ്ട്. മരുന്നിന്റെയും ഫർണിച്ചറിന്റെയും ദൗർലഭ്യം ഉണ്ട്.

ആറാം വാർഡിൽ ചമ്മത്തുംമുക്ക് എന്നസ്ഥലത്തും എട്ടാം വാർഡിന്റെ പടിഞ്ഞാറ്റത്തും നടുവത്തറയിൽ ശ്രീ. ജാനകിയമ്മയും പണിപ്പുരയിൽ ശ്രീ. കൃഷ്ണപിളയും സംഭാവന ചെയ്ത സ്ഥലത്ത് സർക്കാർ നിർമ്മിച്ച സ്വന്തം കെട്ടിടത്തിൽ ഓരോ പ്രൈമറി സബ് സെന്റർ പ്രവർത്തിക്കുന്നു. രണ്ട് കേന്ദ്രങ്ങളിലുമായി രണ്ട് ജൂനിയർപബ്ലിക് ഹെൽത്ത് നഴ്സ്സ് സേവനമനുഷ്ഠിക്കുന്നു. ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല. (പട്ടിക 2 കാണുക)

പ്രശ്നങ്ങൾ

- ☹ ഈ പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തനകേന്ദ്രങ്ങളായ ആയുർവേദാശുപത്രി, പ്രൈമറി ഹെൽത്ത് സെന്റർ, പി.എം ക്ലിനിക്, B.J.S.M ഹോസ്പിറ്റൽ എന്നിവ അരകിലോമിറ്റർ ചുറ്റളവിലായി കിടക്കുന്നു. മറ്റ് വാർഡിലെ ജനങ്ങൾക്ക് ഏതെങ്കിലും കേന്ദ്രത്തിലെത്താൻ 3 കി. മീറ്റർ വരെ സഞ്ചരിക്കേണ്ടി വരുന്നു.
- ☹ കിടക്കകളോടു കൂടിയ ആശുപത്രി പഞ്ചായത്തിൽ ഇല്ലാത്തതിനാൽ ദരിദ്ര ജനവിഭാഗത്തിന് സ്വകാര്യ ആശുപത്രിയെ സമീപിക്കേണ്ടിവരുന്നു. അവിടുത്തെ ചികിത്സാ ച്ചെലവ് താങ്ങാനാവാത്തതാണ്. അതുകൊണ്ട് നിർമ്മാണത്തിലിരിക്കുന്ന കെട്ടിടം അടിയന്തിരമായി പൂർത്തികരിച്ച് 25 കിടക്കകളും ആധുനിക സൗകര്യങ്ങളോടുമുള്ള മേജർ ആശുപത്രിയാവേണ്ടത്.
- ☹. കൊതുക് വ്യാപകമായി പെരുകിയിരിക്കുന്നു.
- ☹ പ്രൈമറി ഹെൽത്ത് സബ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഹെൽത്ത് വിസിറ്റേഴ്സിന്റെ വീടുസന്ദർശനം കാര്യക്ഷമമായി നടക്കുന്നില്ല.
- ☹ സ്ക്കൂൾ ഹെൽത്ത് പ്രോഗ്രാം മുൻ വർഷങ്ങളിൽ സർക്കാർ ചടങ്ങായിരുന്നു. ഈ വർഷം കാര്യക്ഷമമായി നടന്നുവെങ്കിലും തുടർനടപടി ഉണ്ടാകുന്നില്ല.



☹ ഗവ: ആയുർവേദ ആശുപത്രിയിലും പ്രൈമറിഹെൽത്ത് സെന്ററിലും ആവശ്യത്തിന് മരുന്നു കിട്ടുന്നില്ല. കിടക്ക സൗകര്യമില്ല. ഫർണിച്ചറുകൾ ഇല്ല.

☹ അംഗൻവാടികൾ ഇല്ല. രണ്ട് ബാലവാടികൾ ഉണ്ട്. അംഗൻ വാടികളുടെ നേതൃത്വത്തിലുള്ള ആരോഗ്യപ്രവർത്തനം അതുകൊണ്ട് പഞ്ചായത്തിന് കിട്ടുന്നില്ല. ആയുർവേദാശുപത്രി കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിച്ച് 10 കിടക്കകളുള്ള ആശുപത്രിയാക്കി കെട്ടിടത്തിന് ചുറ്റുമതിൽ കെട്ടുക. കിണറിന് ആഴം കൂട്ടി മോട്ടോർ സ്ഥാപിക്കുക.

നിർദ്ദേശങ്ങൾ

☺ 1,2,3 വാർഡുകൾ കേന്ദ്രമാക്കി ഒരു പ്രൈമറി ഹെത്ത് സെന്ററും ഒരു ഹോമിയോ ആശുപത്രിയും സ്ഥാപിക്കുക.

☺ 6-ാം വാർഡിലെ പ്രൈമറി ഹെൽത്ത് സബ് സെന്റർ 6,7 വാർഡിലെ ജനങ്ങൾക്ക് ഒരുപോലെ പ്രയോജനപ്പെടത്തക്കവിധം ഈ വാർഡിന്റെ മദ്ധ്യഭാഗത്തായി മാറ്റി സ്ഥാപിക്കുക.

☺ ഹെൽത്ത് വിസിറ്റേഴ്സ് മാസത്തിലൊരിക്കലെങ്കിലും വീടുകൾ സന്ദർശിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

☺ സ്ത്രീകൾ, ഗർഭിണികൾ, ശിശുക്കൾ, വൃദ്ധർ, എന്നിവരുടെ ആരോഗ്യകാര്യത്തിലുള്ള നിരീക്ഷണം പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിന്നുണ്ടാവുകയും അവരുടെ ബയോഡേറ്റ ശേഖരിച്ച് വിലയിരുത്തുകയും വേണം.

☺ പഞ്ചായത്ത് തലത്തിൽ ഒരു ആരോഗ്യ സംരക്ഷണ ഉപദേശ സമിതി രൂപികരിക്കുകയും സമിതിയിൽ പഞ്ചായത്തംഗങ്ങൾ, അദ്ധ്യാപക പ്രതിനിധി ഡോക്ടേഴ്സ്, വനിതാ സംഘടനാ പ്രതിനിധികൾ സാംസ്ക്കാരിക സംഘടനാ പ്രതിനിധികൾ എന്നിവർ അംഗങ്ങൾ ആയിരിക്കുകയും വേണം.

- 😐 ഈ ഉപദേശക സമിതി കൂടെ കൂടെ ആരോഗ്യരക്ഷാസ്ഥാപനം സന്ദർശനം നടത്തി പ്രവർത്തനങ്ങൾ നിരീക്ഷിച്ച് പഞ്ചായത്ത് സമിതിക്ക് റിപ്പോർട്ട് ചെയ്യണം.
- 😐 ബോധ വൽക്കരണ പരിപാടികൾ പഞ്ചായത്തടിസ്ഥാനത്തിൽ ഈ സമിതിയുടെ നേതൃത്വത്തിൽ വാർഡു തലത്തിൽ സംഘടിപ്പിക്കുക.
- 😐 ഈ സമിതിയുടെ വിലയിരുത്തലോടുകൂടി പഞ്ചായത്ത് ദുരിതാശ്വാസ ഫണ്ടിൽനിന്ന് അടിയന്തിര സഹായം നൽകേണ്ടവർക്ക് നൽകുക.
- 😐 ശുചിത്വ പരിപാലന കാര്യത്തിൽ പൊതുസ്ഥലങ്ങൾ (വിശേഷിച്ച് കോളനി പ്രദേശം), ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്ന സ്ഥലങ്ങൾ, ഇറച്ചിക്കടകൾ തുടങ്ങിയവ സന്ദർശനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ പഞ്ചായത്ത് സമിതിക്ക് നൽകുകയും ആവശ്യം വരുന്ന പരിഹാര നടപടി ഉണ്ടാവുകയും ചെയ്യുക.
- 😐 ഈ ഉപദേശക സമിതിയുടെ നേതൃത്വത്തിൽ ഒരു രക്തദാന സേനയെ രൂപീകരിക്കാവുന്നതാണ്.

☺ ഓരോ ഹെൽത്ത് സെന്റർ കേന്ദ്രികരിച്ചും ഉപദേശക സമിതിയോ, വികസന സമിതിയോ രൂപീകരിച്ച് അതാതു സ്ഥാപനത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.

☺ കാലാകാലങ്ങളിൽ ലൈസൻസ് ഇല്ലാത്ത നായ്ക്കളെ നശിപ്പിക്കുക.

കുടിവെള്ളം, ശുചിത്വം.

ആരോഗ്യ പ്രവർത്തനത്തിന്റെ ഒരു മുഖ്യ ഘടകമാണ് ശുദ്ധജലവും ശുചിത്വവും. ഏറ്റവും നല്ല നിലയിൽ ജലസ്രോതസുള്ള ഒരു പഞ്ചായത്താണ് ഇത്. മഴലഭ്യതയും കുറവല്ല. എന്നാൽ പഞ്ചായത്തിലെ 5, 6, 8, 3, 2, വാർഡുകളിലെ ഉയൾന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് ശുദ്ധജലക്ഷാമമുണ്ട്. കിണറാണ് പ്രധാന ശുദ്ധജലലഭ്യമാർഗ്ഗം. പഞ്ചായത്തിൽ നിന്ന് 12 പൊതുകിണറും 12 കുഴൽ കിണറുകളും വിവിധസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ പൊതുശുദ്ധജലലഭ്യതാ മാർഗ്ഗങ്ങളിൽ പല കിണറുകളും വേനൽക്കാലത്ത് വറ്റിപ്പോകുന്നു. കുഴൽക്കിണറുകളിൽ ഏതാനും എണ്ണം കേടായിക്കിടക്കുന്നു. കിണറുകൾ വർഷാവർഷം മെയിന്റനൻസ് ചെയ്യാത്തതുമൂലം അതിലെ ജലം മലിനമായിത്തിരുന്നു. (പട്ടിക കാണുക).മിക്ക വീടുകളിലും കിണർ ഉണ്ട്. എന്നാൽ ദരിദ്രജന വിഭാഗത്തിലുള്ളവർക്ക് കിണർ സൗകര്യമില്ലാത്തവരുണ്ട്. കിണർ ഉണ്ടെങ്കിൽതന്നെയും മേൽഭാഗം കെട്ടി വൃത്തിയാക്കി ഉപയോഗിക്കാത്ത ഒട്ടേറെ കിണറുകൾ ഉണ്ട്.

വളരെയധികം കക്കൂസുകൾ വിവിധ സ്ക്കീമുകളിലായി ദരിദ്രജന വിഭാഗത്തിന് നൽകിയിട്ടുണ്ട്. എന്നാൽ അതിൽ ഒരു വിഭാഗം കിട്ടിയ തൊടി വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താതെ പൊതുസ്ഥലം മലമൂത്രവിസർജ്ജനത്തിനായി ഉപയോഗിക്കുന്നു.

പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള താല്പര്യമില്ലായ്മ പൊതുവിൽ കാണുന്നു. വിദ്യാലയ പരിസരം റോഡ് സൈഡുകൾ, പുറമ്പോക്കുസ്ഥലങ്ങൾ, തരിശായിക്കിടക്കുന്ന സ്വകാര്യ വസ്തുക്കൾ എന്നിവിടങ്ങൾ മലമൂത്ര വിസർജ്ജന സ്ഥലങ്ങളായി ഉപയോഗപ്പെടുത്തുന്ന സ്വഭാവം നിലനില്ക്കുന്നു. വെള്ളം കെട്ടിക്കിടക്കുന്ന സ്ഥങ്ങൾ, വെള്ളത്തോടുകൂടികിടക്കുന്ന ചാണകക്കുഴികൾ, വൃത്തിയായി സൂക്ഷിക്കാത്ത കക്കൂസുകൾ മുതലായവയിൽ നിന്ന് വ്യാപകമായി കൊതുക് ഉണ്ടാകുന്നു. കൊതുകിന്റെ വർദ്ധനവ് ഒരു പ്രശ്നം തന്നെയായിരിക്കുന്നു. പരസ്യമായ ഇറച്ചിവെട്ടും അവശിഷ്ടങ്ങൾ പൊതുസ്ഥലത്ത് നിക്ഷേപിക്കലും സർവ്വ സാധാരണമായിരിക്കുന്നു. ചിലർ പൊതു സ്ഥലങ്ങളിലോ, ചാലുകളിലോകൊണ്ട് തള്ളുകയും ചെയ്യുന്നു. ഇടതിങ്ങി താമസിക്കുന്ന കോളനികളിൽ ഓരോന്നിനും കക്കുസുകൾ പ്രത്രേകം മായതുകൊണ്ടും അടുത്തടുത്ത് സ്ഥാപിച്ചിരിക്കുന്നതുകൊണ്ടും ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നു. പരിസര കിണറുകളിലെ ജലം ശുദ്ധമാണോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. കെട്ടികിളത്താത്തത് മൂലം മഴക്കാലത്ത് മലിനജലം കിണറുകളിലേക്ക് ഒഴുകിയിറങ്ങുന്നു.

പൊതു ശ്മശാനങ്ങൾ ഇല്ലാത്തത് മൂലം ഭൂരിഹിത കുടുംബങ്ങളിലെ ശവങ്ങൾ വീടിനടുത്തുതന്നെ മറവുചെയ്യുവരുന്നു. (കുഴിച്ചിയുന്ന ആചാരത്തിൽ വിശ്വസിക്കുന്നവർ)

കോളനികൾ, കോളനിപോലെ തൊട്ടുതൊട്ടു താമസിക്കുന്ന മറ്റുപ്രദേശങ്ങൾ എന്നിവിടങ്ങളിലെ ജനവിഭാഗത്തിന് കുളിക്കാനുള്ള പൊതുസ്ഥലം ഇല്ലാത്തതുമൂലം പൊതുകിണർ പരിസരമോ തോടുകളോ ആണ് ഉപയോഗപ്പെടുത്തുന്നത്.

പരിഹാര നിർദ്ദേശങ്ങൾ

- ✉ അംഗീകരിച്ച തയ്യാറാക്കിയിട്ടുള്ള ജലവിതരണ പദ്ധതി ഉടൻ നടപ്പിലാക്കുക. (ആലാ-പുലിയൂർ-ബുധനൂർ-വെണ്മണി പഞ്ചായത്തുകളെ ബന്ധിപ്പിച്ച് നടത്താൻ ഉദ്ദേശിച്ച ശുദ്ധജല വിതരണ പദ്ധതി)
- ✉ I- ൽ സൂചിപ്പിച്ച പദ്ധതി ഉണ്ടാകുന്നില്ലെങ്കിൽ അഥവാ ആ പദ്ധതി നടപ്പിലാകാതെ വരുന്ന പ്രദേശങ്ങളിൽ മിനി ശുദ്ധജല പദ്ധതി നടപ്പിലാക്കാവുന്നാണ്.

  10 മുടൽ 50 വരെ വീടുകളെ കേന്ദ്രീകരിച്ച് ഇരുമ്പു കാലിലോ കോൺക്രീറ്റ് കാലിലോ ഉയർത്താവുന്ന ചെറിയ കോൺക്രീറ്റ് ടാങ്ക് അഥവാ ഫൈബർ ടാങ്ക് സ്ഥാപിച്ച് ഒരു പൊതുകിണറോ പരിസരത്തുള്ള ഏതെങ്കിലും ജലാശയ പരിസര കിണറോ സ്ഥാപിച്ച് പമ്പ് ചെയ്ത് ശുദ്ധജലവിതരണം നടത്താവുന്നതാണ്. ഈ

പദ്ധതി ആസൂത്രണം ചെയ്യാൽ ഓരോ വീടിനും കക്കൂസ്, കിണർ, കുളിസ്ഥലം എന്നിവക്കുപകരം പൊതുസ്ഥലങ്ങൾ സംവിധാനം ചെയ്യാം. ഓരോ വ്യക്തിക്കും കൊടുക്കുന്നതിന് വരുന്നത്ര ചിലവ് വരുന്നില്ലെന്ന മാത്രമല്ല, ശുചിത്വകാര്യം കൂടുതൽ നന്നായി നടക്കുകയും ചെയ്യും. ഇവ സംരക്ഷിക്കാൻ ഉപഭോക്താക്കളുടെ ഒരു സമിതിയും ഉണ്ടാകണം.

- പട്ടികയിൽ പറഞ്ഞിരിക്കുന്ന കക്കൂസ്, കിണർ, എന്നിവ സമയബന്ധിതമായി നൽകുക. ഇവ പൂർണ്ണമായും തീരുന്ന നിലയിൽ ആസൂത്രണം ചെയ്യുക. ഉപഭോക്താക്കളുടെ വിഹിതം മുൻകൂട്ടി ശേഖരിച്ചോ നടപ്പിലായതിനു ശേഷമോ, ധനസഹായം ചെയ്യുകയോ, നിർമ്മിച്ചു കൊടുക്കുകയോ ചെയ്യുക.
- കേടായിക്കിടക്കുന്ന കുഴൽ കിണറുകൾ റിപ്പയർ ചെയ്യുക. ഇപ്പോൾ എല്ലാ കുഴൽ കിണറുകളിലും ഇരുമ്പ് പൈപ്പ് ഇട്ടിരിക്കുന്നതുമൂലം അരുചിയുള്ള ജലമാണ് ലഭിക്കുന്നത്. ഇവ മാറ്റി പകരം P.V.C പൈപ്പ് സ്ഥാപിക്കുക.
- വേനൽക്കാലത്ത് വറ്റിപ്പോകുന്ന പൊതുകിണറുകൾ ആഴം കൂട്ടുക.
- ദുർബല വിഭാഗത്തിന്റെ കിണർ കെട്ടി വൃത്തിയാക്കുന്നതിന് ധനസഹായം ചെയ്യുക.
- പഞ്ചായത്തിൽ രണ്ടോ മൂന്നോ സ്ലോട്ടർ ഹൗസ് സ്ഥാപിക്കുക.
- പൊതു കിണർ വർഷാവർഷം മെയിന്റനൻസ് നടത്തേണ്ടതുണ്ടെങ്കിൽ അവ ഉൾപ്പെടെ ചെയ്തു കൊണ്ട് ശുദ്ധീകരിക്കുക,
- കൊതുക് നിർമ്മാജന പരിപാടി വർഷത്തിലോരിക്കലെങ്കിലും നിർബന്ധമായും നടപ്പിലാക്കുക. അത് എല്ലാവീടുകളിലും നടന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- ജലസ്രോതസ്സുകളും ജലശേഖരങ്ങളും പൂർണ്ണമായി ഒഴുകി നഷ്ടപ്പെടാതിരിക്കാൻ വേണ്ട പദ്ധതി തയ്യാറാക്കുക, വേനൽക്കാലത്ത് കിണറുകൾ വറ്റിപ്പോകാതിരിക്കാൻ ഇത് സഹായിക്കും.
- പഞ്ചായത്തിലെ പ്രധാന ജലാശയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന് സംവിധാനം ചെയ്തകൊണ്ട് അത്യാവശ്യം വേണ്ട സ്ഥലത്ത് പൊതുകുളിക്കടവ് നിർമ്മിക്കുക. അലക്ക്, കാലിയെ കുളിപ്പിക്കൽ തുടങ്ങിയ കുളിക്കടവുള്ള സ്ഥലത്ത് നിരോധിക്കുക.
- പ്രൈമറി ഹെൽത്ത് വിസിറ്റേഴ്സ് പൊതു സ്ഥലങ്ങളിലേയും ഭവനങ്ങളിലേയും ശുചീകരണ സംവിധാനത്തെക്കുറിച്ചും പോരായ്മകളെക്കുറിച്ചും ഒരു വിലയിരുത്തൽ റിപ്പോർട്ട് 3 മാസത്തിലൊരിക്കൽ പഞ്ചായത്തിന് നൽകുന്നതിനുള്ള നിർദേശം ഉണ്ടാക്കുക. അവരുടെ നിർദേശങ്ങൾക്ക് ഉടൻതന്നെ പരിഹാരങ്ങൾ കണ്ടെത്തുകയും നടപ്പിലാക്കുകയും ചെയ്യുക.



- ജനങ്ങളെ ആരോഗ്യ ശുചീകരണ പ്രവർത്തനത്തിൽ ബോധവാന്മാരാക്കുന്നതിന് വാർഡടിസ്ഥാനത്തിൽ ആരോഗ്യരക്ഷാവിദഗ്ധരെ പങ്കെടുപിച്ചുകൊണ്ട് സെമിനാറുകൾ സംഘടിപ്പിക്കുക.
- വിദ്യാലയങ്ങളിൽ ഓരോ ഹെൽത്ത് കോർണർ സംഘടിപ്പിക്കുക. അതിന് തെരഞ്ഞെടുക്കുന്ന അധ്യാപകർക്ക് പരിശീലനം നല്കുക.
- വാർഡ് സാനിറ്റേഷൻ കമ്മിറ്റി രൂപീകരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക.
- പഞ്ചായത്തിൽ ഒരു പൊതുശ്മശാനം സ്ഥാപിക്കുക.

പട്ടിക പൊതു ജനാരോഗ്യം

ശുദ്ധജലസ്രോതസ്സുകളുടെ വിവരം കക്കൂസ്

വാർഡ് നമ്പർ	വീടുകളുടെ എണ്ണം	പൊതുകിണർ		സ്വകാര്യകിണർ		കുഴൽകിണർ			കക്കൂസുകൾ	
		വെള്ളം ഉള്ളത്	വെള്ളം ഇല്ല	വെള്ളം ഉള്ളത്	വെള്ളം ഇല്ല	വെള്ളം ഉള്ളത്	വെള്ളം ഉല്ല	കിണർ ആവശ്യം	ഉള്ള വീടുകൾ	ഇല്ലാത്ത വീടുകൾ
I	350	1	1	230	6	1	-	45	267	38
II	395	1	-	271	5	-	-	31	368	27
III	486	1	-	387	25	1	-	58	399	87
IV	418	-	-	370	6	1	-	12	390	28
V	482	5	2	413	9	2	1	35	471	11
VI	395	5	2	347	15	2	1	48	328	67
VII	295	-	-	279	14	-	-	21	280	15
VIII	480	1	1	380	19	2	2	110	428	52

ആരോഗ്യ സ്ഥാപനങ്ങളുടെ സ്ഥിതിവിവരം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം	കെട്ടിടവിവരം	റിമാർക്സ്
1	P.H സെന്റൻ ആലാ	V	1990	14	വാടക	കെട്ടിടംപണിതു കൊണ്ടിരിക്കുന്നു.
2	ഗവ: ആയുർവേദാശു പത്രി ആലാ	V	1975	3	സ്വന്തം	കിടക്കകളില്ല
3	ഗവ: പ്രൈമറി ഹെൽത്ത് സബ് സെന്റർ ആലാ	VI	1970	1	സ്വന്തംകെട്ടിടം	—
4	ഗവ:പ്രൈമറി ഹെൽത്ത് സബ് സെന്റർ ആലാ	VIII	1971	1	സ്വന്തംകെട്ടിടം	—
5	B.J.S.M ആശുപത്രി കോടുകുളഞ്ഞി	VI	1951	22	സ്വന്തംകെട്ടിടം	100 കിടക്കകളുള്ള ആശുപത്രി
6	P.M. ക്ലിനിക്ക് പെണ്ണുക്കര	V	1978	4	സ്വന്തംകെട്ടിടം	15 കിടക്കകളുള്ള ആശുപത്രി

പട്ടിക 1

പഞ്ചായത്ത് ജനന മരണ വിവരം

വർഷം	ജനനം	മരണം	ചാവിള്ളജനനം	ശരാശരി ജനനനിരക്ക്	റിമാർക്സ്
1993-94	162	92	2	ജനനനിരക്ക് 12.3 മരണ നിരക്ക് 6.46	മരണനിരക്ക് സംസ്ഥാന നിരക്കിനേക്കാൾ കൂടുതൽ ജനന നിരക്ക് സംസ്ഥാന നിരക്കിനേക്കാൾ കുറവ്
94-95	153	79	1		
95-96	167	81	1		

പട്ടിക 2

പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യരോഗം	വായുജന്യരോഗം	പ്രാണിജന്യരോഗം	മറ്റുള്ളവ
1993-94	288	984	25	275
1994-95	312	1034	20	350
1995-96	533	1389	11	230


മരണ നിരക്ക്

പട്ടിക 3

രോഗം സംബന്ധിച്ച വിവരം ചികിത്സ വേണ്ടി വന്നവർ

വർഷം	ഇൻ പേഷ്യന്റ്	ഔട്ട് പേഷ്യന്റ്	ത്വക്ക് രോഗം	വാത രോഗം	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റുള്ളവ
93-94	647	12879	435	206	1572	13	13649
94-95	765	12890	405	220	1716	17	10532
95-96	846	12575	322	379	2165	9	11217






വിദ്യാഭ്യാസം

കാർഷിക സംസ്കാരം പൂർണ്ണമായും നിലനിന്നിരുന്ന പ്രദേശമാണ് ആലാവില്ലേജ്. അച്ചൻ കോവിലാറിന്റെ തലോടലിൽ മയങ്ങിക്കിടന്ന ഗ്രാമം കാർഷിക സമൃദ്ധിയുടെയും ഫലസമ്പന്നതയുടെയും നാടു ജന്മികൂടിയാൻ ബന്ധങ്ങളിൽ ഉറച്ച് നിന്ന സാമൂഹ്യബന്ധങ്ങൾ. കൂട്ടുകുടുബ സമ്പ്രദായമായിരുന്നു ജന്മിവിഭാഗത്തിലെ വ്യവസ്ഥ ബ്രാഹ്മണ വിഭാഗത്തിൽനിന്നും ജന്മിത്തം ശൂദ്രവിഭാഗത്തിലെ നായർ വിഭാഗത്തിലെയും ക്രിസ്ത്യൻ വിഭാഗത്തിലെ അപൂർവ്വം ചിലരിലേക്ക് കുറേശ്ശെ കൈമാറ്റം ചെയ്യപ്പെട്ടു. വിദ്യലഭി ക്കാനുള്ള അവകാശം ബ്രാമണർക്ക് മാത്രം എന്ന സ്ഥിതിയിൽ നിന്നും ഇതോടെ ക്രമേണ മാറ്റംവന്നു അക്ഷരങ്ങളുടെ മാസ്മരവിദ്യ പുതിയ ജന്മി വിഭാഗത്തിനു കൈവശപ്പെടുത്തേണ്ടത് സാമൂഹ്യാവശ്യമായി തീർന്നു.

മൂത്തേടത്ത് ഇല്ലത്ത് പേരിശ്ശേരിമഠത്തിലും പോയി സംസ്കൃതവും മലയാളവും പഠിക്കാൻ കുറച്ച്പേർ അങ്ങനെശ്രമിച്ചു അതിനു മുൻപ് ബ്രാമണ ജന്മിമാരുമായി ബന്ധപ്പെട്ടുനിന്നിരുന്ന അപൂർവ്വം ചിലർക്ക് മാത്രമാണ് അതിനവസരം ലഭിച്ചിരുന്നത്. ആളോഹരിവീതാർത്ഥമനുസരിച്ച് ഭൂമി പങ്കുവെയ്ക്കുകയും കുടുബങ്ങളുടെ എണ്ണം വർദ്ധിക്കുകയും കുടുബങ്ങൾ കേന്ദ്രീകരിക്കപ്പെടുകയും ചെയ്തപ്പോൾ, കാർഷിക വിനിമയബന്ധങ്ങളിലും ഉൽപ്പാദനബന്ധങ്ങളിലും മാറ്റം വന്നപ്പോൾ അക്ഷരവും കണക്കും കൂടുതൽ കൂടുതൽ ആവശ്യമായിതീർന്നു. അപ്പോൾ വായനയും കണക്കും അറിയാവുന്ന ചിലർ പ്രാദേശികമായി കുടിപ്പള്ളിക്കുടങ്ങൾ ആശാൻ പ്പള്ളിക്കുടങ്ങൾ എന്നറിയപ്പെടുന്ന വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് നിയോഗിച്ചു പിന്നീട് ചിലർ സ്വമേധയാ ഇത്തരം വിദ്യാലയങ്ങളാരംഭിച്ചു. കുടിലിൽ നടത്തുന്ന പള്ളിക്കുടം ആശാൻനടത്തുന്ന പള്ളിക്കുടം എന്നൊക്കെയാണീ ഏകാദ്ധ്യാപക സ്ഥാപനങ്ങളുടെ പേരിന്റെ വിശകലനം. ഈ വിദ്യാലയങ്ങളിലെ അദ്യാപകനാണ് ആശാൻ നിലത്ത് മണ്ണിലെഴുതി പഠിപ്പിച്ചിരുന്നു. എഴുത്ത് പഠിപ്പിക്കുന്ന ആശാൻ ആയതുകൊണ്ട് എഴുത്താശാൻ എന്നും നിലത്ത് എഴുതി പഠിപ്പിച്ചതുകൊണ്ട് നിലത്തെഴുത്താശാൻ എന്നും ഇവർ അറിയപ്പെട്ടിരുന്നു. പനയോലയിൽ നാരായം കൊണ്ടെഴുതി ആശാൻ നല്കുന്ന ഓലകളാണ് പാഠപുസ്തകങ്ങൾ ഇവരുടെ പിന്തുടർച്ചക്കാർ ഇനിയും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട് ഈ ഘട്ടത്തിലും വിദ്യാലയങ്ങളിൽ ഒന്ന് പെണ്ണുക്കരയിൽ വിശ്വഭാരതിഗ്രന്ഥശാല നിൽക്കുന്ന സ്ഥലത്ത് വട്ടക്കാട്ടാശാൻ എന്നറിയപ്പെട്ടിരുന്ന അദ്ധ്യാപകനാരംഭിച്ചു പെണ്ണുക്കരയിൽ കുറിയിടത്താശാൻ പിന്നീട് ക്ഷേത്രത്തിന്റെ കളത്തട്ടിൽ പെണ്ണുക്കര സ്ക്കൂളിൽനിന്നും പെൻഷൻ പറ്റിയ ഹെഡ്മാസ്റ്റർ മാധവൻപിള്ളസാർ ആലായിൽ കണിയാന്റയ്ത്ത്, ചെറുവേലിൽ, കീപ്പാട്ട് ആശാൻമാർ കോടുകുളഞ്ഞിയിൽ അങ്ങനെ ഇനിയും എത്ര വിദ്യാലയങ്ങൾ ഇതുപേലെതുടങ്ങി എന്നതിന് കണക്കുകൾ ലഭ്യമല്ല. ഇപ്പോൾ പഞ്ചായത്തിൽ പതിമൂന്ന് ആശാൻമാരുണ്ട് ഇവരിൽ 11 പേർ സ്ത്രീകളാണ്.

തിരുവതാംകൂറിൽ ബ്രിട്ടീഷ് മേൽക്കോയ്മയംഗികാരിക്കപ്പെട്ടതിനു ശേഷം മലയാളം സ്ക്കൂളുകളും ഇംഗ്ലീഷ് സ്ക്കൂളുകളും നിലവിൽ വന്നു ഒന്നു മുതൽ നാലു വരെ മലയാളം പ്രൈമറി. അഞ്ച് മുതൽ ഏഴുവരെ മലയാളം മിഡിൽ എന്നിങ്ങനെയും മലയാളം പ്രൈമറിക്കു ശേഷം ചേരാവുന്ന പ്രിപ്പറേറ്ററി ഫസ്റ്റ് മുതൽ തേർഡ് വരെ ഫോറങ്ങളുള്ള ഇംഗ്ലീഷ് മിഡിൽ സ്ക്കൂൾ, ഫോർത്ത് മുതൽ സിക്സ്ത്ത് വരെയുള്ള ഇംഗ്ലീഷ് ഹൈസ്ക്കൂൾ എന്നിങ്ങനെയും സ്ക്കൂളുകൾ നിലന്നിരുന്നു ചില സംസ്കൃത വിദ്യാലയങ്ങളും ഉണ്ടായിരുന്നു. ആലാവില്ലേജിലുള്ളവർ തഴക്കരയിലുണ്ടായിരുന്ന സംസ്കൃത സ്ക്കൂളിലും പിൽക്കാലത്ത് പോയി



കോടുകുളഞ്ഞികാരോട് സംസ്കൃത കോളേജിലും പഠിച്ചിരുന്നു. സക്കൂളിൽ ഔദ്യോഗികമായി പഠിക്കാൻ വേണ്ടി തിരുവല്ലാവരെ ദിവസേന നടന്നുപോയി പഠിച്ചവർ ഇവിടെയുണ്ട് (പേരിശ്ശേരി പാണ്ടനാട്, തിരുവൻവണ്ടൂർ വെമ്പാലമതിൽഭാഗം വഴി ഇടക്ക് നദികൾകടന്ന്) മാവേലിക്കരയിൽ പോയിപഠിച്ചിരുന്നവരും ഉണ്ട് ഇങ്ങനെ വിദൂരെ സ്ഥലങ്ങളിൽപോയി പഠിക്കുക എന്നതായി രുന്നു വിദ്യാഭ്യാസം ആവശ്യമെന്ന് തോന്നിയവരുടെരീതി. ഇതുതഥാ ഒരു ചെറിയ ന്യൂനപക്ഷം മാത്രം പ്രധാനമായും നായർ, കൃസ്തൃൻ കുടുബത്തിൽ നിന്നുള്ളവർ നവോത്ഥാന കാലഘട്ട ത്തിന്റെ സന്ദേശവും വിദ്യകൊണ്ട് ശക്തരാവിൻ എന്ന ആഹ്വാനവും വളരെ താമസിച്ചേ ഇവിടെ എത്തിയുള്ളു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പാദം വരെ ഇതായിരുന്നു സ്ഥിതി നമ്മുടെ വില്ലേ ജിലും ക്രൈസ്തവ സഭയുടെ മിഷണറിമാരാണ്. പൊതുവിദ്യാഭ്യാസം പ്രചരിപ്പിച്ചത് കോടു കുളഞ്ഞികേന്ദ്രീകരിച്ചാണ് ഈപ്രവർത്തനം തുടങ്ങിയ 1845ൽ കോടുകുളഞ്ഞിയിൽ സി. എം. എസ് വകയായി ഒരു പള്ളിസ്ഥാപിക്കപ്പെട്ടു. പള്ളിയോടനുബന്ധിച്ച് മണലേൽ കുടു ബം നൽകിയ സ്ഥലത്ത് പീറ്റ് സായിപ്പിന്റെ നിർദ്ദേശത്തിലും അനുവാദത്തിലും 1862ൽ നാ ലാം ക്ലാസ്വരെയുള്ള പ്രൈമറി വിദ്യാലയം ആരംഭിച്ചു പള്ളിക്കുടം എന്നപദം തന്നെ മിഷന റിമാരുടെയും ക്രൈസ്തവ സഭയുടെയും സൂചനയാണ്. പെൺകുട്ടികൾക്ക്വേണ്ടി രണ്ടാം ക്ലാസുവരെയുള്ള ഒരു പ്രത്യേക സ്ക്കൂൾ പ്രവർത്തിച്ചിരുന്നു. ആൺക്കുട്ടികളെയും പെൺക്കുട്ടി കളെയും ഒരുമിച്ചിരുത്തി പഠിപ്പിക്കുന്നതിനുള്ള സാമൂഹ്യ സാഹചര്യം അന്നും ഉണ്ടായിരുന്നില്ല. പെൺക്കുട്ടികൾകുറവായിരുന്നു. ഈ വിദ്യാലയം ധാരാളമാളുകളെ ആകർഷിച്ചു നമ്മുടെ വില്ലേജിൽ മാത്രമല്ല ചുറ്റുമുള്ള സ്ഥലങ്ങളിൽ നിന്നും ഇവിടെ ആഴുകൾ പഠിക്കാനെത്തി പിൽക്കാലത്ത് ഇവിടെ പ്രിപ്പറേറ്ററിമുതൽ മൂന്നാംഫോറം വരെയുള്ള ഇംഗ്ലീഷ് മിഡിൽ സ്ക്കൂൾ ക്കൂടി സ്ഥാപിക്കപ്പെട്ടു നമ്മുടെ വില്ലേജിന്റെ വിദ്യാഭ്യാസ സമ്പന്നതയിലും ദേശീയവും വിദേശീയവുമായതൊഴിലിന്റെ കാര്യത്തിലും സാമ്പത്തിക പുരോഗതിയിലും കോടു കുളഞ്ഞി മുമ്പിൽ നിൽക്കുന്നത് ഈ വിദ്യാലയത്തിന്റെ അനുഗ്രഹമാണ്. ചുറ്റുമുള്ള സ്ഥലങ്ങളെയും ആളുകളെയും ഈ വിദ്യാലയം പ്രചോദിപ്പിച്ചു.

പെണ്ണുക്കരയിൽ സർവ്വശ്രീ വടവട്ട് രാമക്കുറുപ്പ് പന്തപ്പാത്തറയിൽ തോമസ് താനഞ്ചേരിൽ കുരിയൻയോഹന്നാൻ കല്ലുമോടിയിൽ കൊച്ചുകുഞ്ഞ് തുടങ്ങിടവർ ചേർന്ന് ഒരു സ്ക്കൂൾ സ്ഥാപിക്കുന്നതിന് ശ്രമിച്ചു വടവട്ട് കുടുംബമാണ് സ്ക്കൂളിന്വേണ്ടി പുല്ലാം തൊഴുത്ത് സ്ഥ ലം സംഭാവന ചെയ്തത് അവിടെ ഓലഷെഡ്ഡിൽകെട്ടി ഒരു ഏകാദ്ധ്യാപക വിദ്യാലയം തുട ങ്ങി. തുടർന്ന് തിരുവതാംകൂർരാജാവ് ശ്രീമൂലം തിരുന്നാളിനെകണ്ട് 1900 മാണ്ടോട്കൂടി ഔ ദ്യോഗിക അംഗികാരം വാങ്ങുകയും അത് സർക്കാർ സ്ഥാപനമാകുകയും ചെയ്തു. ഇതാണ് നമ്മുടെ വില്ലേജിലെ രണ്ടാമത്തെ ഔദ്യോഗികാംഗീകാരമുള്ള സ്ക്കൂൾ 1980 വരെ പ്രൈമറി സ്ക്കൂളായി നിലനിന്നു പഞ്ചായത്തുകമ്മറ്റിയുടെയും പി.റ്റി.എയുടെയും നേതിർത്തിലും ശ്രമ ത്തിലും നാട്ടുകാരുടെ സഹകരണത്തിലും 50 സെന്റ് സ്ഥലവും ഒരു ഇരുനില കെട്ടിടവും സ്കൂളിന് സമ്പാദിച്ചു നൽകി പഞ്ചായത്ത് 15000രൂപാ സംഭാവന നൽകുകയും മെമ്പർ ശ്രീ പി. എൻ. ഗോപാലക്കുറുപ്പ് പ്രസിഡന്റ് ശ്രീ കെ. എം. ചന്ദശർമ്മയും ഇതിന്റെ കൺവീനർ മാരായി പ്രവർത്തിക്കുകയും ചെയ്തു. തുടർന്ന് 1982 ൽ യു. പി. സ്ക്കൂളായി ഉയർന്നു ഈനൂറ്റാണ്ടിന്റെ ആദിപാദമാകുമ്പോഴേക്കും കോടുകുളഞ്ഞിയിലും പെണ്ണുക്കരയിലും ഹൈ സ്ക്കൂൾ വിദ്യാഭ്യാസവും കഴിഞ്ഞ് കലാലയ വിദ്യാഭ്യാസത്തിന് പോയവരും ചുരുക്കമെങ്കിലും ചിലബിരുദധാരികളുമുണ്ടായി. ആദ്യഘട്ടത്തിൽ മുന്നോക്കജാതിക്കാരും കൃസ്തൃൻ ജാതിക്കാ രുമാണ് വിദ്യാഭ്യാസരംഗത്ത്വന്നതെങ്കിലും പിന്നീട് സ്വാതന്ത്യാനന്തര കാലഘട്ടത്തിന്റെ സവി ശേഷതകളും നവോധാനചിന്തകളും കേരളത്തിന്റെ പുരോഗമനധാരകളും പിന്നോക്ക പട്ടിക ജാതി വിഭാഗത്തെയും സ്ക്കൂളിലെത്തിച്ചു പുതിയ സാമൂഹ്യ സാഹചര്യങ്ങളിലൂടെയും നിയമങ്ങ ളിലൂടെയും സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം ഉയർന്നുവന്നു. ക്രൈസ്തവ സഭസ്ഥാപിച്ച മിഷൻസ്കൂളുകളായ വെൺമണി ശാലേംസ്ക്കൂളും കോടുകുളഞ്ഞി സ്ക്കൂളുമായി രുന്നു പിന്നോക്കഹരിജൻ വിഭാഗത്തിന്റെ ആശ്രയം.



ആലായിലും ഒരു സ്ക്കൂൾ തുടങ്ങുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു തെരുവിൽപറമ്പിൽ കുടുബമാണ് ആദ്യം സ്ഥലംനൽകിയത്. സംഭാവനലഭിച്ച സ്ഥലത്ത് നെടുമങ്ങാട് പ്രവർത്തിച്ചി രുന്നു. ഒരു സർക്കാർ പ്രൈമറി വിദ്യാലയം അന്നവിടെയുണ്ടായിരുന്നു അദ്ധ്യാപക രോടുകൂടി ഇവിടേക്ക്മാറ്റി സ്ഥാപിച്ചു. സ്ക്കൂൾ സ്ഥാപിക്കുന്നതിന് സഹായിച്ച അന്നത്തെ വിദ്യാഭ്യാസ മേലധികാരി ശങ്കരൻ തമ്പിയുടെ പേരിലാണ് സ്ക്കൂൾ അറിയപ്പെട്ടത്. ശങ്കരവിലാസം പ്രൈമറി സ്ക്കൂൾ ക്രമേണ മിഡിൽ സക്കൂൾ ആയിഉയർന്നു ശ്രീ പുല്ലാംവിളാവിൽ നാണു പ്രസിഡന്റും ശ്രീ മാമ്പറ്റ രാഘവൻപിള്ള സെക്രട്ടറിയും ശ്രീ ജോൺ ചെറിയാൻ കൺവീനറുമായുള്ള കമ്മറ്റിയാണ് സ്ക്കൂളിന് വേണ്ടി പ്രവർത്തിച്ചത്. 1952 ഹൈസ്ക്കൂളിനു വേണ്ടി ശ്രമമാരംഭിച്ചു ഹൈസ്ക്കൂളിനു വേണ്ടി വന്നബാക്കി സ്ഥലം സർക്കാർ പൊന്നും വിലയ്ക്കെടുത്തു കെട്ടിടം നിർമ്മിച്ച് നൽകേണ്ടത് നാട്ടുകാരുടെ ബാദ്ധ്യതയായിരുന്നു. പണമായും ഉൽപ്പന്നങ്ങളായും സംഭാവനപിരിച്ച് കുറെ ഫണ്ടുണ്ടാക്കി ബാക്കി വേണ്ടിവന്ന മുഴുവൻ തുകയും സംഭാവന യായി നൽകിയത് ആദ്യപഞ്ചായത്തിലെ മെമ്പറും രണ്ടാം പഞ്ചായത്തിന്റെ പ്രസിഡന്റും നമ്മുടെ നാട്ടിലെ സാമൂഹ്യപുരോഗതിയ്ക്ക് നേതൃത്തം നൽകിയിട്ടുള്ള വരിലൊരാളുമായ ശ്രീ സി. കെ കൃഷ്ണക്കുറുപ്പായിരുന്നു അദ്ദേഹത്തിന്റെ പേരിൽ അന്ന് നിർമ്മിച്ച കെട്ടിടം അറിയപ്പെടുന്നു.


അദ്ദേഹം വിദ്യാഭാസ പ്രോത്സാഹനാർത്ഥം പത്താം ക്ലാസ്സിൽ ഉയർന്ന മാർക്കു വാങ്ങുന്ന കുട്ടിക്ക് അന്നത്തെ നിരക്കിൽ ഒരു പവൻ സമ്മാനം നല്കാൻകഴിയുന്ന തുക എൻഡോവ്മെന്റായി സർക്കാരിൽ നിക്ഷേപിച്ചു. 1955ൽ ആലായിൽ ഹൈസ്കൂളുണ്ടായി. പിന്നീട് എൽ. പി. വിഭാഗം വേർപ്പെടുത്തി പ്രത്യേക സ്കൂൾ ആരംഭിച്ചു. 1993ൽ ഹയർസെക്കന്ററി സ്കൂളായി ഉയർന്നു. നമ്മുടെ വില്ലേജിലെ ഏറ്റവും ഉയർന്ന വിദ്യാഭാസ സ്ഥാപനമാണിത്.

കോടുകുളഞ്ഞിയിൽ ഒരു സ്വകാര്യസ്കൂൾ സ്ഥാപിക്കുന്നതിന് മണലേൽ ശ്രീ എം. എ. ജോൺ 1947ൽ ചിത്തിര തിരുനാൾ രാജാവിൽനിന്നും അനുവാദംനേടി. അദ്ദേഹം നമ്മുടെ വില്ലേജിന്റെ അതിർത്തിയിൽ കുന്നേൽസ്കൂൾ എന്നറിയപ്പെടുന്ന ജോൺമെമ്മോറിയൽ ഹൈ സ്കൂൾ തന്റെ പിതാവിന്റെ സ്മരണയിൽ സ്ഥാപിച്ചു.

1963ൽ എസ്. എൻ. ഡി. പി. ശാഖായോഗം നെടുവരംക്കോട് ഒരു എൽ. പി. സ്കൂളിനനുവാദം വാങ്ങി സ്ഥാപിച്ചു. 1982ൽ അത് യു. പി. സ്കൂളായി ഉയർന്നു.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിലാകെയെടുത്താൽ ഒരു ഹയർസെക്കന്ററി സ്കൂളും ഹൈസ്കൂളുകളും 3 യു. പി. സ്കൂളുകളും, ഒരു എൽ. പി. സ്കൂളുമുണ്ട്. എല്ലാറ്റിലുമായി രണ്ടായിരത്തിൽപരം കുട്ടികൾ പഠിക്കുന്നു. ചെറിയ വ്യത്യാസത്തിൽ ആൺകുട്ടികളാണ് കൂടുതൽ. 700 വിദ്യാർത്ഥി കളെങ്കിലും പരിസരസ്ഥലങ്ങളിലുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ പോകുന്നു. അദ്ധ്യാപകരിൽ സ്ത്രീകളാണ് കൂടുതൽ. നമ്മുടെ പ്രദേശത്തിനു ചുറ്റും കലാലയ ങ്ങളുണ്ടായി. ചെങ്ങന്നൂർ, ചെറിയനാട്, മാവേലിക്കര, പന്തളം, ഇരമല്ലിക്കര, തിരുവല്ലാ എന്നീ സ്ഥലങ്ങളിലെ കോളേജുകളിൽ നമ്മുടെ പഞ്ചായത്തിലെ കുട്ടികൾ ദിവസേനപോയി പഠിക്കുന്നു. കൂടാതെ സാമാന്തര കോളേജുകളിലും പഠിക്കുന്നു. സ്കൂളിൽ കുട്ടികളെ വിടാത്ത കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലില്ല. പെൺകുട്ടികളുടെ കാര്യത്തിലും പുരോഗതിയുണ്ട്. എന്നാലും വിദ്യാഭാസപരമായി നമ്മുടെ നാട് വേണ്ടത്ര പുരോഗമിച്ചിട്ടില്ല. ഇപ്പോഴും ബിരുദ ധാരികളും ബിരുദാനന്തര ബിരുദധാരികളും സാങ്കേതിക വിദ്യാഭാസംസിദ്ധിച്ചവരും ധാരാളമില്ല. പി. എച്ച്. ഡി. ബിരുദമു ള്ളവർ നാലു പേരും എം. ബി. ബി. എസ്സ് ബിരുദമുള്ളവർ നാലു പേരും ബി. ഡി. എസ്സ് ബിരുദമുള്ള രണ്ടാളും എൻജിനീയറിംഗ് ബിരുദമേയുള്ള നാലുപേരും പ്രൊഫസർമാർ ആറ് പേരും കാർഷിക ബിരുദമുള്ള നാലുപേരും വെറ്റിനറിബിരുദമുള്ള രണ്ടുപേരും അഭിഭാഷകർ പതിനൊന്ന് പേരും ഉണ്ട്. ഹരിജൻ വിഭാഗത്തിൽ ഒരു എം. ബി. ബി. എസ്സ്. ബിരുദധാരിയും മൂന്ന് എൻജിനീയറിംഗ് ബിരുദധാരികളുമയേയുള്ളു. സ്വതന്ത്രവും ചെറുതുമായ കുടുംബങ്ങൾ, സാമൂഹികമായി വന്ന മാറ്റങ്ങൾ, സാമ്പത്തിക സ്വാശ്രയത്വവും പുരോഗതിയും വിദേശവരുമാനത്തിന്റെ വളർച്ചയുമെല്ലാംകൂടി നമ്മുടെ വിദ്യാഭാസ രംഗത്ത് വലിയ വെല്ലുവിളികളാണ് ഉയർത്തിയിരിക്കുന്നത്.





ഈ പ്രദേശത്തുള്ള മുഴുവൻവിദ്യാർത്ഥികളും ഈ പറഞ്ഞ പൊതുവിദ്യാഭാസ സ്ഥാപനങ്ങളിലായിരുന്നു. 80 കൾവരെ പൊയ്ക്കൊണ്ടിരുന്നത്. അതിനുശേഷം സമൂഹത്തിൽ ശക്തിപ്രാപിച്ച 'മെച്ചപ്പെട്ട വിദ്യാലയം' തേടിയുള്ള രക്ഷിതാക്കളുടെ പ്രയാണം ഈ വിദ്യാലയങ്ങളുടെ ഓജസ്സിനെതകർത്തിരിക്കുന്നു.

2500ൽ പരം വിദ്യർത്ഥികൾ പഠിച്ചിരുന്ന ആലാ ഗവ ഹൈസ്കൂളിൽ ഇന്ന് 700ൽ താഴെയാണ് വിദ്യാർത്ഥികൾ. 3 സ്റ്റാൻഡേർഡുകളിലായിആയിരത്തിലധികം വിദ്യാർത്ഥികൾ പഠിച്ചിരുന്ന കോടുകുളഞ്ഞി J.M.H.S ൽ ഇരുന്നൂറ്റി അൻപതിൽ താഴെയാണ്. 5000-600 കുട്ടികൾ വരെ പഠിച്ചിരുന്ന പെണ്ണുക്കര ഗവ യു. പി.എസ്സിൽ 350ൽ താഴെയാണ്. ഈ വിധത്തിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നു. ഈ വിദ്യാലയങ്ങളിലേക്ക് വരുന്ന കുട്ടികളെ പരിശോധിച്ചാൽ സാമ്പത്തിക സാമൂഹ്യ നിലവാരങ്ങളിൽ ശരാശരിക്കുതാഴെയുള്ള ജനവിഭാഗത്തിൽ നിന്നാണെന്നും അവരുടെ കുടുംബ പരിതസ്ഥിതികളിൽ നിന്നു മനസ്സിലാകും.

അതുകൊണ്ട്തന്നെ ഈ വിദ്യാലയങ്ങളിലെ പൊതുനിലവാരവും മുമ്പത്തെക്കാൾ വളരെ പിന്നോക്കംപോയിരിക്കുന്നു. അദ്ധ്യാപകർ പഠന നിർവഹണത്തിലും വേണ്ടത്രതാല്പര്യം കാണിക്കുന്നില്ല. വിദ്യാലയങ്ങളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മാനേജ്മെന്റോ ഗവൺമെന്റോ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല. ആവശ്യത്തിന് അദ്ധ്യാപകരെ സമയത്തിന് നിയമിക്കാതെ വരിക, പഠനോപകരണങ്ങളുടെ കുറവ്, പാഠ്യേതര പ്രവർത്തനങ്ങളുടെ അപര്യാപ്തത, രക്ഷാകർത്തൃസമിതിയുടെ പ്രവർത്തനരാഹിത്യം, ജീവിതമാർഗ്ഗമെന്ന നിലയിലേക്കുള്ള അദ്ധ്യാപനത്തിറഖെ പതനം അദ്ധ്യാപകരിൽ നഷ്ടപ്പെട്ടുപോയിരിക്കുന്ന മൂല്യബോധവും സാമൂഹ്യ പ്രതിബദ്ധതയും വിദ്ധ്യാർത്ഥികളുടെമേൽ രക്ഷിതാക്കളുടെ ശ്രദ്ധയില്ലായ്മ ഇവയെല്ലാം വിദ്യാഭ്യാസ നിലവാരതകർച്ച് കാരണമായിത്തീർന്നിരിക്കുന്നു. സർക്കാർ അയ്ഡ് വദ്യാലയങ്ങൾ മാത്രം ഉണ്ടായിരുന്നകാലത്ത് ഈ വിദ്യാലയങ്ങളിൽ നിന്ന് പഠിച്ചിറങ്ങിയവർ ഉയർന്ന നിലവാരം പുലർത്തിയിരുന്നു. ഉന്നത ശ്രേണിയിൽ എത്തിയ എത്രയോ ബുദ്ധിശാലികൾ ഈ വിദ്യാലയങ്ങളുടെ സന്തതികളായിരുന്നു. എൻജിനിയേഴ്സ്, ഡോക്ടേഴ്സ് ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷൻമാർ എന്നുവേണ്ട നാനാതുറകളിൽ എത്തിയ മഹൽ വ്യക്തികളുടെ, ഒരു നീണ്ടപട്ടിക നിരത്താൻ കഴിയും എന്നാൽ ഇപ്പോഴത്തെ പുത്തൻ സ്കൂളുകളിൽ നിന്ന് ഇറങ്ങുന്നവരിൽ പ്രതിഭകളായിത്തീർന്നവരെ എടുത്തു പറയാനില്ല. സാമൂഹിക പ്രതിബദ്ധത ചോർന്നുപോയ ഒരു തലമുറയാണിന്നുള്ളത്. ഇതിനൊരു മാറ്റം വന്നേതീരൂ അതിന് പൊതുവിദ്യാലയങ്ങൾ കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും നിലവാരം കൈവരിക്കണം.

ഇന്നുള്ള വിദ്യാലയങ്ങൾ പഞ്ചായത്തിലെ 1, 2, 4, 6, വാർഡുകളിലായിട്ടാണ് സ്ഥിതി ചെയ്യുന്നത്. 3, 5, 7, 8 വാർഡുകളിൽ വിദ്യാലയങ്ങളില്ല. 8, 4, 5 വാർഡുകളിലെ ചില ഭാഗങ്ങളിലെ കുട്ടികൾക്ക് അയൽപക്ക വിദ്യാലയത്തിലേക്ക് പോകാൻ 3. കി.മി. വരെ കാൽനടയായി യാത്ര ചെയ്യേണ്ടി വരുന്നു.

സാങ്കേതിക വിദ്യാലയങ്ങൾ ഇവിടെയില്ല. ശിശുവിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ പൊതുമേഖലയിൽ ഇല്ല. ആലായിലും പെണ്ണുക്കരയിലും ഓരോ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ പ്രവർത്തിക്കുന്നുണ്ട്. പെണ്ണുക്കരയിലെ ഇംഗ്ലീഷ് മീഡിയത്തിൽ 4 വരെ പഠനം നിർവ്വഹിച്ച് പ്രൈവറ്റ് സ്റ്റഡിയായി പൊതുവിദ്യാലയങ്ങളിൽ പരീഷയ്ക്കിരുത്തി റ്റി.സി. വാങ്ങുന്നു. നേഴ്സറിക്ക് പകരം എഴുത്താശ്ശാൻമാരെയാണ് സാധാരണക്കാർ സമീപിക്കുന്നത്. ശിശുവിദ്യാഭ്യാസത്തിന് ആധുനിക വിദ്യാഭ്യാസ സമ്പ്രദായം അനുസരിച്ച് ഒരുരീതി ആവിഷ്ക്കരിക്കണം.

പ്രശ്നങ്ങൾ

☞ അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ ആകർഷകത്വവും, ഇംഗ്ലീഷ് മീഡിയത്തോടുള്ള അമിതപ്രതീക്ഷയും കാരണം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.



- എയ്ഡഡ് സർക്കാർ വിദ്യാലയങ്ങളിൽ ആവശ്യമായ ഭൗതീക സാഹചര്യങ്ങളില്ല.
- ഗവൺമെന്റെ വിദ്യാലയങ്ങൾക്ക് ആവശ്യത്തിന് കെട്ടിടമില്ല. മൂത്രപ്പുര, കക്കൂസ് സൗകര്യങ്ങളില്ല.
- അത്യാവശ്യം വേണ്ട ഫർണീച്ചർ, പഠനോപകരണങ്ങൾ, ലാബോറട്ടറി സൗകര്യം, മെച്ചപ്പെട്ട ലൈബ്രറി എന്നിവയുടെ അപര്യാപ്തയുണ്ട്.
- പഞ്ചായത്തിൽ മെച്ചപ്പെട്ട പൊതു നേഴ്സറിയില്ല.
- തൊട്ടടുത്തുള്ള ചെങ്ങന്നൂർ, വെൺമണി, മാവേലിക്കര തുടങ്ങിയ. സ്ഥലങ്ങളിലുള്ള അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയത്തിലേക്ക് 30% വിദ്യാർത്ഥികളെങ്കിലും പോകുന്നുണ്ട്.
- അധ്യാപകർ തങ്ങളുടെ കടമ നിർവ്വഹണത്തിൽ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല.
- പഠനനിലവാര പരിശോധനാ കാര്യത്തിൽ ഡിപ്പാർട്ടുമെന്റ് നിർദ്ദേശം നടപ്പാക്കുന്നതിൽ കവിഞ്ഞ പ്രാധാന്യം നൽകുന്നില്ല.
- നിരന്തര മോണിട്ടറിങ്ങോ ഇവാല്യൂവേഷനോ നടക്കുന്നില്ല.
- അധ്യാപക രക്ഷാകർത്തൃ സമിതി പ്രവർത്തനവും കാര്യക്ഷമമായി നടക്കുന്നില്ല.
- അച്ചടക്കമുള്ള ഒരു വിദ്യാലയ അന്തരീക്ഷം ഇല്ല.
- S.S.L.C വിജയശതമാനം കുറഞ്ഞു വരുന്നു.
- ഭൂരിപക്ഷം കുട്ടികളുടേയും പഠന നിലവാരം 40% ന് താഴെയാണ്.
- പാഠ പുസ്തകങ്ങൾ കൃത്യ സമയത്ത് ലഭിക്കുന്നില്ല.
- പാഠ്യേതര പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല.
- സംഗീതം, കായിക വിനോദം ചിത്രരചന തുടങ്ങിയ അഭിരുചികൾ വളർത്തിയെടുക്കാനുള്ള പരിശീലനം നൽകുന്നില്ല. സ്പെഷ്യൽ ടീച്ചേഴ്സിന്റെ പോസ്റ്റുകൾ പിൻവലിച്ചിരിക്കുന്നു.
- സ്കൂൾ മെയിന്റനൻസ് കൃത്യമായും വാർഷികമായും നടക്കുന്നില്ല.
- പഞ്ചായത്തിൽ സാങ്കേതിക വിദ്യാലയങ്ങളില്ല. തൊഴിലധിഷ്ഠിത പഠന സൗകര്യങ്ങളില്ല.

നിർദ്ദേശങ്ങൾ

- പഞ്ചായത്തടിസ്ഥാനത്തിൽ അധ്യാപക പ്രതിനിധി, രക്ഷാകർത്തൃ പ്രതിനിധി പഞ്ചായത്ത് കമ്മിറ്റി പ്രതിനിധി, ഹെഡ്മാസ്റ്റർമാർ, വിദ്യാർത്ഥി പ്രതിനിധി, വിദ്യാഭ്യാസ വിദഗ്ദർ എന്നിവരടങ്ങുന്ന പഞ്ചായത്ത് അക്കാഡമിക്ക് കൗൺസിൽ രൂപീകരിക്കണം. ഈ അക്കാഡമിക്ക് കൗൺസിലിന്റെ നേതൃത്തിൽ.
- സ്കൂൾ കോംപ്ലക്സ് സംഘടിപ്പിക്കുക. ആലാ H.S.S അതിന്റെ ലീഡിങ്ങ് സ്കൂളാക്കുക.
- ഓരോ വിദ്യാലയത്തിലും പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- സംസ്ഥാന വിദ്യാഭ്യാസ കലണ്ടറിന്റെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്താതെ പ്രാദേശിക സ്ഥിതിക്കനുസൃതമായി ഒരു വിദ്യാഭ്യാസ കലണ്ടർ ഉണ്ടാക്കണം.
- സേവന തല്പരരായ അഭ്യസ്ഥ വിദ്യരുടെ ഒരുസമിതി ഓരോ വിദ്യാലയവും കേന്ദ്രീകരിച്ച് രൂപീകരിക്കുകയും പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് പരിപാടി തയ്യാറുക്കുക.



- നിരന്തരം വിദ്യാലയ സന്ദർശനം നടത്തി പഠന നിലവാരം പരിശോധിക്കുകയും അതാത് വിദ്യാലയത്തിലെ അധ്യാപകരും അക്കാഡമിക്ക് കൗൺസിൽ അംഗങ്ങളും കൂടി ചേർന്ന് പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും ചർച്ച ചെയ്യണം.
- വിഷയാടിസ്ഥാനത്തിൽ, കോംപ്ലക്സിന്റെ നേതൃത്വത്തിൽ അധ്യാപക സമ്മേളനവും ചർച്ചയും നടത്തണം. അത് ഒരു പരിശീലന വേദിയായി മാറണം.
- പഞ്ചായത്തിലെ വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് പഠന പര്യടനം നടത്തുക.
- പഠനോപകരണ നിർമ്മാണ ശില്പശാല സംഘടിപ്പിക്കുക.
- ഓരോ വിദ്യാലയം കേന്ദ്രീകരിച്ചും പരിസരത്തുള്ള ജനങ്ങളിൽനിന്നും സ്ക്കൂൾ വിദ്യാഭ്യാസ വികസന സമിതി രൂപീകരിക്കുക. ഈ വികസന സമിതി വിദ്യാലയത്തിന്റെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും അക്കാഡമീയവും കേതരവുമായ പ്രശ്നങ്ങൾ ശ്രദ്ധിക്കുക.
- ഓരോ വിദ്യാലയത്തിലും മൂന്നുമാസത്തിലൊരിക്കലെങ്കിലും മാതൃ സംഗമം ചേരണം. ഈ യോഗത്തിൽ അക്കാഡമിക്ക് കൗൺസിൽ അംഗങ്ങൾ പങ്കെടുക്കണം വിദ്യാർത്ഥികളും വിദ്യാലയവും വീടും ചർച്ചാ വിഷയമാകണം.
- പ്രീപ്രൈമറി എല്ലാ പ്രൈമറി-അപ്പർ പ്രൈമറികളോടും ചേർന്ന വിദ്യാഭ്യാസ വികസന സമിതിയുടെ നേതൃത്തിൽ സംഘടിപ്പിക്കുക.
- അപ്പർപ്രൈമറി സ്ക്കൂളിലെ ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തുക.U.P. ഹൈസ്ക്കൂൾ ലൈബ്രറി കൂട്ടികൾ ഉപയോഗപ്പെടുത്തുവെന്ന് ഉറപ്പുവരുത്തുക.
- പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങൾക്കും ഒരേ യൂണിഫോം എന്നതാക്കുക.
- സ്ക്കൂൾ അസംബ്ലികളും സാഹിത്യ സമാജ പ്രവർത്തനവും ചിട്ടപ്പെടുത്തുക.
- ആലാ ഹയർ സെക്കന്ററി സ്ക്കൂളിൽനിന്ന് U.P വിഭാഗം അടർത്തിയെടുത്ത് L.Pയോട് ചേർത്ത് U.P ആക്കുകയും ഏതെങ്കിലും ഒരു തൊഴിലധിഷ്ഠിതകോഴ്സ് കൂടി H.S.Sൽ, സംഘടിപ്പിക്കുകയും ചെയ്യുക.
- പെണ്ണുക്കര ഗവ: യു. പി, ആലാ ഗവ: എൽ. പി. എന്നീ സ്ക്കുൾ കോമ്പൗണ്ടുകൾ നിരപ്പാക്കി ചുറ്റുമതിൽ കെട്ടുക.
- ആലാ എൽ.പി. സ്ക്കൂൾ ഷെഡ് മാറ്റി ഒരു കെട്ടിടം നിർമ്മിക്കുക.
- പഞ്ചായത്തിലെ സർക്കാർ വിദ്യാലയങ്ങളായ H.S.S ആലാ, പെണ്ണുക്കര U.P.S, ആലാ L.P.S എന്നിവിടങ്ങളിൽ 90 ഡസ്ക്ക്, 90 ബഞ്ച്, 10 മേശ, 20 കസേര വേണ്ടിയിരിക്കുന്നു. (പട്ടിക കാണുക)
- ആവശ്യാനുസൃതം മൂത്രപ്പുരകൾ ഇല്ല. സംഘടിപ്പിക്കേണ്ടിയിരിക്കുന്നു (LPS ആലാ, 1, ആലാHSS.3, UPS പെണ്ണുക്കര.1)
- ആലാ HSS ന് പ്രത്യേക ലാബ് നിർബന്ധമാണ, ഉണ്ടാകേണ്ടതാണ്.
- ആലാ HSS ന് 7 ക്ലാസ് മുറികളോടുകൂടി കെട്ടിടം അടിയന്തിര പ്രാധാന്യമർഹിക്കുന്നു.
- സ്ക്കൂൾ മെയിന്റനൻസ് വേനൽക്കാല അവധിക്ക് നടത്തുന്നതിന് സ്ക്കൂൾ വികസന സമിതിക്ക് ആവശ്യമായ സംഖ്യ അനുവദിക്കുക.
- പെണ്ണുക്കര ഗവ: UPS അപ്ഗ്രാഡ് ചെയ്ത് ഹൈസ്ക്കൂളാക്കി ഉയർത്തുക. 5 കോളനികളിലെ വിദ്യാർത്ഥികളുടെ അയൽപക്ക വിദ്യാലയമാണിത്.
- പഞ്ചായത്തിൽ ഏതെങ്കിലും ഒരു സാങ്കേതിക വിദ്യാലയം സ്ഥാപിക്കുക.
- ആലാH.S.S, കോടുകുളഞ്ഞി J.M.H.S എന്നിവിടങ്ങളിലെ S.S.L.C വിജയ തമാനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക കോച്ചിംഗ് സംഘടിപ്പിക്കുക.



- മൂല്യനിർണ്ണയം മാസത്തിൽ സംഘടിപ്പിക്കുകയും അവയുടെ റിപ്പോർട്ട് പഞ്ചായത്ത് അക്കാഡമിക് കൗൺസിലിന് നൽകുകയും ചെയ്യുക.
- സ്ക്കൂൾ അടിസ്ഥാനത്തിൽ ഓരോവർഷവും പാദവാർഷിക പരീക്ഷയുടെ മാർക്കടിസ്ഥാനത്തിൽ കൂട്ടികളെ തിരിച്ച് വളരെ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പഠനം നടത്തണം.
- പ്രധാന ദിനാചരണങ്ങൾ പഞ്ചായത്തിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നത് കൂടുതൽ ഫലപ്രദമാകും.
- സ്ക്കൂൾ പരിസരം ആകർഷകമാക്കാൻ പദ്ധതി ആസൂത്രണം ചെയ്യണം പൂന്തോട്ടം, ചോലവൃക്ഷം വെച്ചുപിടിപ്പിക്കാൻ വൃക്ഷങ്ങളെ സംവിധാനംചെയ്യൽ, ക്ലീനിംഗ് തുടങ്ങിയവ.
- അക്കാഡമിക് കൗൺസലിന്റെ നേതൃത്വത്തിലും പഞ്ചായത്ത് തല പരീക്ഷ നടത്താവുന്നതാണ്.
- പഞ്ചയാത്തടിസ്ഥാനത്തിൽ ഓരോ സ്റ്റാൻഡേർഡിലും സമർത്ഥ വിദ്യാർത്ഥിക്ക് സമ്മാനപദ്ധതി ഏർപ്പെടുത്തേണ്ടതാണ്. അത് ഒരു ആഘോഷമായി സംഘടിപ്പിക്കുക.
- ലൈബ്രറി ഉപയോഗപ്പെടുത്തലിൽ പ്രോത്സാഹന സമ്മാനം ഏർപ്പെടുത്തേണ്ടതാണ്.
- സ്ക്കൂൾ അടിസ്ഥാനത്തിനുപകരം പഞ്ചായത്തടിസ്ഥാനത്തിൽ യൂത്ത് ഫെസ്റ്റിവൽ സംഘടിപ്പിക്കൽ.
- ആവശ്യമായ സ്ക്കൂൾ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എയ്ഡഡ് മാനേജ്മെന്റിന് മേൽ പഞ്ചായത്ത് ഇടപെടൽ നടത്തുക.
- UP, H.S കളിൽ സംഗീതം, കായികവിനോദം, വർക്ക് എക്സ്പിരിയൻസ് എന്നീ വിഷയങ്ങൾക്ക് പീരിയഡ് നിശ്ചയിക്കുകയും അദ്ധ്യാപകരെ നിയമിക്കാനുള്ള തസ്തിക അനുവദിച്ച് നിയമനം നടത്തണം.
- മാതൃഭാഷ നിർബന്ധമായും പഠിപ്പിക്കുന്നതിന് സൗകര്യപ്പെടുത്തുക.
- തെറ്റില്ലാതെ ഭാഷ ഉച്ചരിക്കുവാനും എഴുതുവാനും പരിശീലിപ്പിക്കുന്നതിന് നടപടി കൈക്കൊള്ളുക.



ആലാ ഗ്രാമപഞ്ചായത്ത്

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

	ആകെ കുട്ടികൾ			SC/ST കുട്ടികൾ			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ ആകെ എണ്ണം
STD	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	86	83	169	32	21	53								2	2	2	2	4	6
II	84	76	160	31	21	52	2	5	7	3	4	7	-	-	-	2	6	8	8
III	72	88	160	18	18	36	1	5	6	2	5	7	-	-	-	3	2	5	5
IV	63	74	137	18	20	38	2	3	5	2	1	3	-	1	1	1	1	2	3
V	108	84	192	36	23	59	6	3	9	8	4	12	1	-	1	-	-	-	1
VI	101	107	208	32	33	65	4	3	7	5	4	9	-	-	-	-	-	-	-
VII	126	112	238	28	31	59	7	6	13	19	6	25	1	-	1	2	-	2	3
VIII	131	71	202	37	26	63	8	4	12	5	2	7	4	1	5	-	-	-	5
IX	122	117	239	32	37	69	6	10	16	14	6	20	3	1	4	2	-	2	6
X	98	95	193	25	25	5 0	-	-	-	-	-	-	-	-	-	-	-	-	-
ആകെ	991	907	1898	289	255	544	36	39	75	58	32	90	9	5	14	12	11	23	37

യഥാർത്ഥത്തിൽ പഠനം നിർത്തി ആരുടെ കൂടെയോ ഉത്തരേന്ത്യയിൽ തൊഴിലിനു പോയിട്ടുള്ളവരാണ്,
മറ്റു സ്ക്കൂളുകളിൽ പോയതും
മറ്റു സംസ്ഥാനങ്ങളിൽ പോയതുമാണ്.
മിക്കവരും LP, UP വിഭാഗമാണ്.

H. Secy	XI	18	34	52	3	3	6
	XII	30	42	72	7	3	10
		48	76	124	10	6	16

9.2. സ്ക്കൂളിന്റെ പൊതുവിവരം

സ്ക്കൂളിന്റെ പേര്	സ്ക്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അധ്യപകരുടെ എണ്ണം				സ്ക്കൂൾ കൈവശമുള്ള മൊത്തം വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം	മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപണികൾ, ഫർണീച്ചർ, റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്
	സർക്കാർ	എയിഡഡ്	അൺ എയിഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ചിട്ടുള്ള തസ്തികകളുടെ എണ്ണം	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘകാല ലീവിലുള്ളവർ				
1	2	3	4	5	6	7	8	9	10	11	12	13	14	15	16
Govt. UPS പെണ്ണുക്കര	X	X	-	-	182	165	347	12	12	-	-	1.5acre	ഇല്ല	80സെ.	ഒരു വശം മതിൽ അറ്റകുറ്റപണി നടക്കുന്നില്ല ഫർണീച്ചർപണിനടക്കുന്നില്ല കോമ്പൗണ്ട് കുന്നുംകുഴിയുമായി കിടക്കുന്നു.
ഗവ: LPS ആലാ	X	-	-	-	83	99	182	6	6	-	-	1.25,,	50സെ.	50സെ	ചുറ്റുമതിലല്ല, ചരിഞ്ഞ ഭൂമണ്ണ് ഒലിച്ചുപോകുന്നു കെട്ടിടം ഫർണ്ണീച്ചർ റിപ്പയർ നടക്കുന്നില്ല.
S.N.D.P യുപി.എസ്. നെടുവരംകോട്		X	-	-	135	130	265	11	11	-	-	1.50,,	50സെ	ഇല്ല	നടക്കുന്നു.
CMS UPS കോടുകുളഞ്ഞി	-	X	-	-	147	140	287	12	12	-	-	3	300sqm	ഇല്ല	നടക്കുന്നു
ഗവ. H.S.S ആലാ	X				364	330	694	33	33	-	1	3.14,,	200'x100'	25സെ.	ചുറ്റുമതിൽ പൂർണ്ണമല്ല. കെട്ടിടം ഫർണ്ണീച്ചർ റിപ്പയറിംഗ് ഫണ്ടില്ല
JMHS കോടുകുളഞ്ഞി		X			128	109	237	7	7	-	-	3	1ഏക്കർ	1.5ഏ.	നടക്കുന്നുണ്ട്
					1039	1873	2012			nil		13.39acre		2.70acre	

9.3 സ്ക്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്ക്കൂളിന്റെ പേര്	ആകെ ഡിവിഷനുകൾ	സ്ഥിരം	താൽക്കാലികം	സ്ഥിരം	താൽക്കാലികം	ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ആവശ്യമുള്ള കെട്ടിടം/ മുറികൾ നിർമ്മിക്കാനുള്ളതുവി	മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരുസമയം എത്രകുട്ടികൾക്ക് ഉപയോഗിക്കാം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	കക്കൂസിന്റെ എണ്ണം	ഉപയോഗയോഗ്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം	വൈദ്യുതീകരണം	പാചകമുറി	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണീച്ചറുകൾ മതിയാകുമോ		ഡസ്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണീച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	
യുപിഎസ് പെണ്ണുക്കര	11	2	-	6	-	-	ഉണ്ട്	1	10	1	2	-	കിണർ /മോട്ടോർ പൈപ്പ്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	25	25	-	5	ഷെൽഫ്1	
എൽ.പി.എസ് ആലാ	6	1	1	3	ഹാൾ	2	ഉണ്ട്	1	10	1	2	-	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	15	15	-		അലമാര1	
S.N.D.P.U.P.S. കോടുകുളഞ്ഞി	10	2	-	11+2ഹാൾ	_	ഇല്ല	ഉണ്ട്	2	20	2	ഇല്ല	ഇല്ല	കിണർ +മോട്ടോർ	ഉണ്ട്	ഉണ്ട്	ഉണ്ട്	മതി	15	15	-	-	-	
C.M.S UPS കോടുകുളഞ്ഞി	9	2	1	5+4ഹാൾ			ഉണ്ട്	1	10	1	1	1	ഉണ്ട്	മോട്ടോർ	ഉണ്ട്	ഉണ്ട്	ഇല്ല		40	65	12	14	അലമാര -4 മേശ -1 കസേര4 ബോക്സ്1
H.S.S ആലാ	11	7	-	31	31	7	ഉണ്ട്	4	30	3	2	-	പൈപ്പ്	ഉണ്ട്	താൽ ക്കാലികം	1	ഉണ്ട്	50	50	10	15	അലമാര-4 കസേര-4മേശ-2	
U.M.H.S	7	7	-	2	12	4	പൈപ്പ്	2	മതി	10	10	4	5	-									
	54	**21**	**2**	**56+ Hall**		**9**		**11**	**92**	**12**	**6**							**155**	**180**	**26**	**39**		

9.4 അക്കാദമിക് സൗകര്യങ്ങൾ

സ്ക്കൂളിന്റെ പേര്	ലൈബ്രറി	ലാബോറട്ടറി/ സയൻസ് കോർണ്ണർ	പഠനോപകരണങ്ങൾ	സ്കോയ്	ടേപ്പ് ടി.വി.വി.സി.ആർ/ വി.സി.പി	സിനിമാപ്രൊജക്ടർ	സ്ലൈഡ്പ്രൊജക്ടർ	ഓവർഹെഡ്പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്	95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം	സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ	പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യായന ദിവസം	മാതൃസംഗമം	ക്ലാസ് റും പി. ടി. എ കൾ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1.യു. പി. എസ്. പെണ്ണുക്കര	നാമമാത്രം	ഇല്ല								11	8	194	ഇല്ല	6	സജീവമല്ല	ഉണ്ട്.
2.എൽ. പി. എസ് ആലാ	ഇല്ല									6	8	192	ഇല്ല	5.5	സജീവം	പ്രവർത്തനംഇല്ല
3.എസ്.എൻ.ഡി.പി. യു.പി.എസ് സജീവം	ഇല്ല	ഇല്ല	ഉണ്ട് (മിനിമം)							10	8 + 6	193	ഇല്ല	10	ഉണ്ട്	സജീവം
4. സി.എം.എസ് യു.പി.എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് പ്രവർത്തിക്കുന്നില്ല						9	10	192	ഇല്ല	8	സജീവം	പ്രവർക്കുന്നു
5.എച്ച്. എസ്. എസ്. ആലാവത്തി	ഉണ്ട്	ഉണ്ട് പ്രത്യേകമുറിയില്ല	ഉണ്ട	ഉണ്ട് വേണ്ടത്രയില്ല			ഉണ്ട്	ഉണ്ട് (പഴയത്) പ്രവർത്തനമില്ല		25	20	183	7	3	സജീവമല്ല	പ്രവർത്തിക്കു
6.ജെ.എം.എച്ച്.എസ്സ് കോടുകുളഞ്ഞി	ഉണ്ട്		ഉണ്ട്							7	6	192	ഇല്ല	11	സജീവം	പ്രവർത്തിക്കുന്നു

9.5 അക്കാദമിക് നിലവാരം

		കുട്ടികളുടെ പൊതുനിലവാരം					SSLC വിജയശതമാനം				
ക്ലാസ്സ്	ആകെ	30%താഴെ	30-40 മാർക്ക്	40-50%	50-60%	60%	91-92കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3	160	25	30	32	34	39	-	-	-	-	-
4	137	23	23	24	29	38					
5	192	39	40	36	40	39					
6	208	31	58	33	41	45					
7	238	46	77	44	30	41					
8	202	42	94	40	12	14					
9	239	61	83	50	25	20					
10	193	50	54	47	34	8					
SSLC പരീക്ഷ എഴുതിയവർ		G.H.S.S ആലാ				-	58	59	45	51	48
		J.M.H.S കോടുകുളഞ്ഞി					2	45	44	42	44

സംസ്കാരം

ആമുഖം

ഭൂതകാലത്തെ തിരസ്കരിച്ചുകൊണ്ട് വർത്തമാന കാലമോ ഇവ രണ്ടിനേയും പരിഗണിക്കാതെ ഭാവിയെ രൂപപെടുത്താനാവില്ല. ഒന്ന് മറ്റൊന്നിന്റെ തുടർച്ചയും ഇടർച്ചയുമാണ്. കഴിഞ്ഞകാലം സാംസ്കാരികമായി അധഃപതിച്ചതായിരുന്നെന്നും ആധുനിക കാലം സാംസ്കാരികമായി ഉന്നതിപ്രാപിച്ചതാണെന്നും മറിച്ചുമുള്ള അഭിപ്രായ പ്രകടനം നിരർത്ഥകമാണ്. നല്ലതും ചീത്തയും എല്ലാക്കാലത്തും ഉണ്ടായിരുന്നു.

കേരളത്തിന്റെ ഭാവിയെക്കുറിച്ച് മലയാളികൾക്ക് മധുരോദാത്തമായ ഒരു സങ്കൽപ്പം ഉണ്ട്. അതാണ് മാവേലി നാടുവാണ നാളിനെക്കുറിച്ചുള്ള നമ്മുടെ സ്വപ്നങ്ങളിൽ പൂക്കളം തീർക്കുന്നത്. യാതൊരുവിധ ഭേദങ്ങളുമില്ലാതെ മാനുഷരെല്ലാരും ഒരുപോലെ കഴിഞ്ഞകാലം, കള്ളത്തരങ്ങളൊന്നുമില്ലാതെ ആധിയും വ്യാധിയുമില്ലാതെ ആപത് ശങ്കയില്ലാതെ ജനങ്ങളെല്ലാം ആമോദത്തോടെ വസിച്ചകാലം! ഇത്തരൊമൊരു ജീവിതത്തെക്കുറിച്ച് വിഭാവനചെയ്യാൻ മലയാളിക്കല്ലാതെ മറ്റാർക്കെങ്കിലും കഴിയുമെന്നുതോന്നുന്നില്ല. സാംസ്കാരികമായി പൂർണ്ണതനേടിയ ഒരു മനസ്സിൽനിന്നുമാത്രമേ ഉദാത്തമായ ഈ കാഴ്ചപ്പാടുണ്ടാവൂ. മലയാളി ക്കാകെ അവകാശപ്പെട്ട ഈ സാസ്കാരിക പൈതൃകത്തിന്റെ അവകാശികളാണ് ആലാ പഞ്ചായത്തിലെ ജനതയും.

പമ്പാനദിയുടേയും അച്ചൻകോലിലാറിന്റെയും മദ്ധ്യത്തിൽ ഇടനാടിന്റെ എല്ലാ സവിശേഷതകളുംഉള്ള ഒരു കൊച്ചുഗ്രാമം. പച്ചപിടിച്ച നെൽപാടങ്ങളും ഫലഭൂയിഷ്ടമായ പശിമരാശി മണ്ണും ചരൽ നിറഞ്ഞ കൊച്ചുകൊച്ചു കുന്നുകളും ഇട കലർന്നുള്ള ഭൂപ്രകൃതി. ജലസമ്പത്തിനാൽ അനുഗ്രഹീതമായ ഒരു നാട്ടിൻപുറം. അതാണ് ആലാഗ്രാമ പഞ്ചായത്ത്. ആലാ പെണ്ണുക്കര, കോടുകുളഞ്ഞി എന്നീ പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഹിന്ദുക്കളും ക്രിസ്ത്യാനികളും ഈർഷകൾ ഒന്നും ഇല്ലാതെ ഇടകലർന്നു ജീവിക്കുന്നു. മറ്റ് മത വിഭാഗങ്ങളിൽ പെട്ടകുടുംബങ്ങളൊന്നും തന്നെയില്ല. കുതിരവട്ടം, പെണ്ണുക്കര ക്ഷേത്രങ്ങളിലേക്ക് എണ്ണകൊടുക്കുവാനുള്ള അവകാശം രണ്ട് ക്രൈസ്തവ കുടുംബങ്ങൾക്കായിരുന്നുവെന്നത് പഞ്ചായത്തിലെ മതമൈത്രിക്ക് ഉദാഹരണമാണ്.

ഹൈന്ദവ ദെവാലയങ്ങളും ക്രൈസ്തവ ദേവാലയങ്ങളും സാംസ്കാരിക പൈതൃകങ്ങളാണ്. പൗരാണികതയുടെ ചരിത്രമുറങ്ങുന്ന കുതിരവട്ടം ശാസ്താക്ഷേത്രവും പെണ്ണുക്കര ഭഗവതീക്ഷേത്രവും നെടുവരംകോട് ശിവക്ഷേത്രവും, ആലാക്കാവിൽ ഭഗവതീക്ഷേത്രവും ഈ പ്രദേശത്തെ പുരാതന ഹൈന്ദവക്ഷേത്രങ്ങളാണ്. പഞ്ചായത്തിലെ എറ്റവും പഴക്കം ചെന്ന ക്രിസ്തീയ ദേവാലയം മിഷനറിമാരാൽ സ്ഥാപിക്കപ്പെട്ട കോടുകുളഞ്ഞി സി. എം. എസ്സ്. പള്ളിയാണ്. പെണ്ണുക്കര മാർത്തോമാ പള്ളിയും, ആലായിലെ സി. എം. എസ്സ്. ചർച്ചും കോടുകുളഞ്ഞിയിലെ സാൽവേഷൻ ആർമിയുടെ പ്രാർത്ഥനാലയവും, കോടുകുള ഞ്ഞി പ്രകാശ ഗിരി ഓർത്തോഡോക്സ് പള്ളിയും പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടുകൂടി സ്ഥാപിക്കപ്പെട്ടവയാണ്. പുകൾപെറ്റ ഉത്സവങ്ങളോ, പെരുന്നാളു കളോ ഈ ആരാധനാലയങ്ങളിൽ ഒന്നുമില്ല. വർഷത്തിൽ ഒരിക്കൽ കൊണ്ടാടുന്ന ഉത്സവങ്ങൾ ക്ഷേത്രവുമായി ബന്ധപ്പെട്ട് നടക്കുന്നുണ്ടെങ്കിലും പള്ളികളിൽ സാധാരണ നടക്കുന്ന ആരാധനാ ചടങ്ങുകളല്ലാതെ വിശേഷാൽ ചടങ്ങുകളൊന്നുമില്ല. പഞ്ചായത്തിലെ മൂന്ന് ശ്രീനാരായണ ഗുരുമന്ദിരങ്ങളിൽ ഏറ്റവും പഴക്കമുള്ളത് നെടുവരംകോട് ഗുരുമന്ദിരമാണ്. പെണ്ണുക്കരയിൽ പട്ടികജാതിക്കാരുടെ വകയായി ഒരു ക്ഷേത്രവുമുണ്ട്. അങ്ങനെ പ്രബലസമുദായിക ജനവി ഭാഗങ്ങൾക്കെല്ലാം സമ്മേളിക്കാനും ആരാധന നടത്തുവാനും പ്രത്യേക സ്ഥാപനങ്ങൾ ഉയർന്നുവന്നു.

ഹൈന്ദവ മത സൃഷ്ടിയായ ജാതിവിഭാഗങ്ങളിൽ ഒട്ടുമിക്കവയും ഇവിടെയുണ്ട്. ഈഴവരും പുലയരുമാണ് അതിൽ പ്രധാനപ്പെട്ട ജനവിഭാഗം. സവർണ്ണാധിപത്യത്തിന്റെ എല്ലാ വ്യവസ്ഥകൾക്കും വിധേയരായി കഴിഞ്ഞവരാണ് ഇവിടുത്തെ അവർണ്ണർ. പുരോഗമനേച്ഛുക്കളായ കേരളീയരുടെ സാമൂഹ്യ ബോധത്തിലുണ്ടായമാറ്റം ഇവിടെയും ഉണ്ടായി. തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും ഇന്ന് പഴങ്കഥകൾ ആണ്.

പൊതു വിദ്യാഭ്യാസസംവിധാനം വളരെ മുമ്പു തന്നെ ഇവിടെ ഉണ്ടായി. 1862- ൽ കോടുകുളഞ്ഞി സി. എം. എസ്സ്. ഇംഗ്ലീഷ് മിഡിൽസ്ക്കൂൾ ആണ് ആദ്യത്തെ വിദ്യാഭ്യസ സ്ഥാപനം. മിഷനറിമാർ സ്ഥാപിച്ചതാണ് ഈ സ്ക്കൂൾ. ഉന്നത വിദ്യാഭ്യാസം ആഗ്രഹിച്ചവരുടെ ആദ്യത്തെ ആശാകേന്ദ്രവും ഈ സ്ക്കൂൾ ആയിരുന്നു. പെണ്ണുക്കര ഗവ:പ്രൈമറി സ്ക്കൂളും ആലാശങ്കരവിലാസം പ്രൈമറി സ്ക്കൂളും ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ഉണ്ടായെങ്കിൽ നാല്പതുകളുടെ അവസാനത്തോടുകൂടി ജെ. എം. എച്ച്. എസ്സ് കോടുകുളഞ്ഞിയും ആലാ ഗവ. ഹൈസ്ക്കൂളും അറുപതുകൾക്കു ശേഷം എസ്സ്. എൻ. ഡി. പി. അപ്പർ പ്രൈമറി സ്ക്കൂൾ നെടുവരംകോടും ഉണ്ടായി. തുടർന്ന് പെണ്ണുക്കരയിൽ എൽ. പി. എസ്സ്, യു. പി. എസ്സ് ആയി ഉയർത്തപ്പെടുകയും ചെയ്തു.

പൊതുവിദ്യാഭ്യാസ സമ്പ്രദായം വരുന്നതിനുമുമ്പ് ഗുരുകുല വിദ്യാഭ്യാസത്തിലൂടെ സംസ്കൃത ഭാഷാ പഠനവും മലയാള ഭാഷാപഠനവും നടത്തിയിരുന്നു. അൻപതുകളിൽ ആര്യ സമാജത്തിന്റെ നേതൃത്വത്തിൽ ഹിന്ദി പഠനവും കുറച്ചുകാലം നത്തിയിട്ടുണ്ട്. സാർവ്വത്രിക വിദ്യാഭ്യാസംഅൻപതുകൾക്കുശേഷം സമൂഹത്തിലെ ഭൂരിപക്ഷത്തെ സാക്ഷരരാക്കി. സർക്കാർ സർവ്വീസിലും കമ്പിനികളിലും പൊതുമഖലാ സ്ഥാപനങ്ങളിലും മിലിട്ടിറിയിലും ധാരാളം പേർക്ക് തൊഴിൽ ലഭിച്ചു. നാട്ടിൽ വമ്പിച്ച സാമൂഹ്യ മാറ്റങ്ങൾ നടന്നുകോണ്ടിരുന്ന ഒരു കാലഘട്ടം ആയിരുന്നു ഇത്. ഈ മാറ്റങ്ങൾക്ക് ഏറ്റവും വലിയ സംഭാവന നൽകിയത് നവോത്ഥാന പ്രസ്ഥാനവും, ദേശീയ പ്രസ്ഥാനവും തുടർന്ന് പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളുമാണ്.

കളരിപ്പയറ്റ്കളരി, തകിലുവായനപഠനം, കഥകളിക്കളരി എന്നിവ നൂറ്റാണ്ടിനുമുമ്പ് ഇവിടെ നിലനിന്നിരുന്നു. നാടക സമിതികൾ നാല്പതുകളിൽ ഇവിടെ ഉണ്ടായിരുന്നു. ഗുരു ചെങ്ങന്നൂർ കഥകളികളരിയിലെ ഒരു അദ്ധ്യാപകനായിരുന്നു. കുഞ്ഞുകുഞ്ഞു ഭാഗവതർ സംവിധാനം ചെയ്ത സംഗീത നാടകവും ഇവിടെ പഠിച്ച് അരങ്ങേറിയിട്ടുണ്ട്. അക്ഷരശ്ലോക ഗ്രൂപ്പുകൾ ഉണ്ടായിരുന്നു.

തേവര കോളേജിൽ വിദ്യാഭ്യാസം നടത്തിയിരുന്ന ഉല്പതിഷ്ണുക്കളായ ഏതാനും യുവാക്കൾ ആലായിൽ വായന ശാലകളും ഗ്രന്ഥശാലകളും സ്ഥാപിക്കണമെന്ന് തീരുമാനിക്കുകയും അതിന് ആരംഭംകുറിക്കുകയും ചെയ്തു. ശ്രീ. വി. വർഗ്ഗീസ് പെണ്ണുക്കരയിലും ശ്രീ. കുട്ടപ്പപ്പണിക്കർ ആലായിലും കല്ലുവെട്ടേത്ത് ജോയി നെടുവരംകോട്ടും സ്വന്തമായി ഒരു പത്രം ഇട്ടുകൊണ്ട് വായനശാല ആരംഭിച്ചു. തുടർന്ന് ആലാ യുവജന സമിതി എന്ന സംഘടനയും രൂപം കൊണ്ടു. അങ്ങനെ രൂപംകൊണ്ട വൈ. എം. എ. പെണ്ണുക്കരയിൽ ഒരു ഗ്രന്ഥശാല സ്ഥാപിച്ചു. അതാണ് ഇന്നത്തെ വിശ്വഭാരതി ഗ്രന്ഥശാല ആന്റ് വായനശാല. ക്ലബ്ബിന്റെ നേതൃത്വത്തിൽ നാടകങ്ങൾ അരങ്ങേറുകയും സ്പോർട്ട്സ് മത്സരങ്ങൾ സംഘടിപ്പിക്കു കയും വോളി, ഫുട്ബോൾ എന്നിവയിൽ പരിശീലനം തുടങ്ങുകയും ചെയ്തു. ബ്ലോക്കു തലത്തിൽ നടന്ന കായിക മത്സരങ്ങളിൽ ആലാ വൈ. എം. എ. പങ്കെടുക്കുകയും ഒട്ടേറെ സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. വൈ. എം. എയുടെ വകയായി ''പ്രചോദനം''എന്നപേരിൽ ഒരു കൈയ്യെഴുത്തുമാസികയും ദീർഘകാലം തയ്യാറാക്കിയിരുന്നു. ഈ കാലഘട്ടത്തിൽ തന്നെ പുരോഗമന പ്രസ്ഥാനത്തിന്റെ പിൻബലത്തോടുകൂടി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിശാപാഠശാലകൾ ആരംഭിച്ചു. പട്ടികജാതിക്കാരെ ഉൾപ്പെടെ സാക്ഷരർ ആക്കുകയും ഒപ്പം പുരോഗമനാശയങ്ങൾ ജനങ്ങളിൽ വളർത്തിയെടുക്കുകയും ആയിരുന്നു ലക്ഷ്യം. ആശയ പ്രചരണങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുക്കേണ്ട കാലഘട്ടമായിരുന്നു അത്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുംഎതിരായ ആശയ പ്രചരണം യുവാക്കളുടെ പൊതുസ്വഭാവമായി വളർന്നു എഴുപത് കാലഘട്ടംവരെ ഈരീതി ശക്തമായിരുന്നു. അനീതിയ്ക്കും അക്രമത്തിനും അഴിമതിയ്ക്കും എതിരായ ശക്തമായ ചെറുത്തുനിൽപ്പുണ്ടായി. നെടുവരംകോട്, കോടുകുളഞ്ഞി, ആലാ, ഉമ്മാത്തിൽ എന്നീസ്ഥലങ്ങളിൽക്കൂടി ഗ്രന്ഥശാലകൾ രൂപംകൊണ്ടു. ഉമ്മാത്തിൽ അംബേഡ്കർ ആർട്ട്സ് ക്ലബ്ബ് വളരെയേറെ നല്ലനിലയിൽ പ്രവർത്തിച്ചിരുന്നസ്ഥാപനമാണ്. ക്ലബ്ബിലെ കലാകാരൻമാരും കലാകാരികളും പല നാടകങ്ങളും അരങ്ങേറിയിട്ടുണ്ട്. 'കുറിമാനം' എന്ന പേരിൽ ഒരു കൈയെഴുത്ത് മാസികയും ക്ലബ്ബിന്റെ വകയായി നടത്തിയിരുന്നു. കോടുകുളഞ്ഞിയിൽ YMA രൂപികരിക്കുകയും അതിന്റെ നേതൃത്വത്തിൽ ഒരു ഗ്രന്ഥശാലയും വായനശാലയും രൂപീകരിച്ച് പ്രവർത്തനം തുടങ്ങി.

എഴുപതുകൾക്കു ശേഷം സംസ്കാരിക പ്രവർത്തനരംഗം പിന്നോട്ടടിക്കുവാൻ തുടങ്ങി. ആലായിലേയും ഉമ്മാത്തിലേയും ഗ്രന്ഥശാലകൾ നിർജ്ജീവമായി. നെടുവരംകോട്ടെ ഗ്രന്ഥശാല ആ നിലയിൽ എത്തിയെങ്കിലും ഇപ്പോൾ പുനർജ്ജീവിപ്പിച്ച് ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരം നേടിയിട്ടുണ്ട്.

ഇന്ന് പഞ്ചായത്തിൽ ഗ്രന്ഥശാലാസംഘത്തിന്റെ അംഗീകാരമുള്ള മൂന്ന് ഗ്രന്ഥശാലാകളുണ്ട്. അവ.1. വിശ്വഭാരതീ ഗ്രന്ഥശാലാ & വായനശാലാ, 2. കോടുകുളഞ്ഞി പൗരസമിതിഗ്രന്ഥശാലാ. 3. നെടുവരംകോട് പീപ്പിൾസ് ഗ്രന്ഥശാലാ, ഇതിൽ വിശ്വഭാരതിയ്ക്കും പൗരസമിതി ഗ്രന്ഥശാലയ്ക്കും സ്വന്തമായി കെട്ടിടവും സ്ഥലവുമുണ്ട്. നെടുവരംകോട് ഗ്രന്ഥശാല വാടകക്കെട്ടിടത്തിലാണ്. വിശ്വഭാരതി ഗ്രന്ഥശാലയ്ക്ക് മതിപ്പ് വിലകണക്കാക്കിയാൽ 5 ലക്ഷം രൂപയുടെ ആസ്തിയുണ്ട്. 'എ' ഗ്രേഡ് ഗ്രന്ഥശാലയാണിത്. ദശാബ്ദങ്ങളുടെചരിത്രം വിശ്വഭാരതി ഗ്രന്ഥശാലയ്ക്കുണ്ട്. 1954ൽഗ്രന്ഥശാലാസംഘം രജിസ്ട്രേഷൻ ലഭിച്ചതാണ്. കലാസാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിച്ചിരുന്നു. നിരവധി വ്യക്തികളുടെ വളർച്ചയ്ക്ക് ഈ ഗ്രന്ഥശാല ശക്തമായ അടിത്തറ പാകിയിട്ടുണ്ട്. ഇന്നും അതേ പ്രവർത്തനംതന്നെ തുടർന്ന് വരികയുമാണ്. നെടുവരംകോട് ഒരു സംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് 5 സെന്റ് ഭൂമി പഞ്ചായത്തിലേക്ക് രണ്ടാം വാർഡ് വികസന സമിതി സംഭാവനചെയ്തിട്ടുണ്ട്. നിലയം സ്ഥാപിച്ചിട്ടില്ല. അതിനുള്ള താല്പര്യവും കാണുന്നില്ല.

പട്ടിക

പഞ്ചായത്തിലുള്ള ഗ്രന്ഥശാലകളെ സംബന്ധിച്ച വിവരം

ക്രമ നമ്പർ	പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്കങ്ങളുടെ എണ്ണം	ശരാശരിമറ്റ് വിതരണം	അനുബന്ധ പ്രവർത്തനങ്ങൾ
1	വിശ്വഭാരതി ഗ്രന്ഥശാല	1954	A	90000	35	ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് / നഴ്സറി, ബാലവേദി, മഹിളാവേദി, വനപുസ്തക കോർണർ ബാലസാഹിത്യകോർണർ കാർഷിക കോർണർ ജനവിദ്യാകേന്ദ്രം
2	പൗരസമിതി ഗ്രന്ഥശാല	1982	F	3805	11	എൽഡേഴ്സ് ക്ലബ്ബ്. സാക്ഷരതാ കോർണർ, കാർഷിക കോർണർ കോടുകുളഞ്ഞി

3	പീപ്പിഴ്സ് ലൈബ്രറി നെടുവരംകോട്	1955	D 3200	14	സൗജന്യട്യൂഷൻ, യുവജനവിഭാഗം, എംപ്ലോയ്മെന്റ് ഗൈഡൻസ്

പഞ്ചായത്തിൽ വിശ്വഭാരതി ആർട്ട്സ് സ്പോർട്ട്സ് (പെണ്ണുക്കര) ജനതാ ആർട്ട്സ് 'മാതൃഭൂമി സ്റ്റഡി സർക്കിൾ ആല, വിന്നേഴ്സ് ക്ലബ്ബ് പെണ്ണുക്കര കിഴക്ക്, ഉദയാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് പെണ്ണുക്കര എന്നിവ പ്രവർത്തിച്ചുവരുന്നു. ഇവയുടെ പ്രവർത്തനം സജീവമല്ല. ഓണം, ക്രിസ്തുമസ്സ്, പഞ്ചായത്ത് യുവജനോത്സവം എന്നീ കാലങ്ങളിൽ എന്തെങ്കിലും നടത്തുന്നുവെന്നു മാത്രം.

പഞ്ചായത്തിൽ തനത് നാടൻ കലാരൂപങ്ങളോ, കരകൗശലവിദഗ്ദരുടെ പ്രവർത്തനങ്ങളോ ഇന്നില്ല. മൺപാത്ര നിർമ്മാണം പ്രസിദ്ധമായിരുന്നു. പൊട്ടാത്തവയെന്ന കാരണത്താൽ പിൻതിരിയുകയായിരുന്നു. ഓട്ടുപാത്രനിർമ്മാണം, തഴപ്പായ നിർമ്മാണം മുമ്പ് ഉണ്ടായിരുന്നു. കലാസമിതികളിലെ സ്ത്രീ പങ്കാളിത്തം തീരെയില്ലെന്ന് തന്നെ പറയാം

ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം വായനയേയും കലാകായിക പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സ്വന്തമായി ടി. വി ഇല്ലാത്തവരും ഏതെങ്കിലും വിധത്തിൽ ടി.വി പരിപാടികൾ കാണുന്നവരും ഉണ്ട്.

പഞ്ചായത്തിൽ സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും ഒരു പൊതുകളിസ്ഥലം ഇല്ല. രണ്ട് ഹൈസ്ക്കൂളുകളിൽ ഓരോ ഫുട്ബോൾ ഗ്രൗണ്ടുകൾ ഉണ്ട്. പക്ഷേ പൊതു ആവശ്യത്തിന് അത് ഉപയോഗപ്പെടാറില്ല.

പഞ്ചായത്തിൽ ഒരു കാലത്ത് സർവസാധാരണമായിരുന്ന നാടൻ കായിക വിനോദങ്ങൾ അന്യം നിന്നുപോയി. നാടൻ പന്തുകളി, കുഴിപ്പന്തുകളി, കിളിത്തട്ടുകളി, കുറ്റിയും കോലും കളി, വട്ടുകളി, കുടുകുടുകളി ഇവ അവയിൽ ചിലതു മാത്രം. കുടുകുടുകളി മാത്രം കബിടി എന്ന പേരിൽ നിലനിന്നുവരുന്നു. മൂന്ന് നാല് കബടി ടീമുകൾ ക്ലബ്ബിനോടു അനുബന്ധമായിട്ടുണ്ട്. എല്ലാവരും കളിച്ചിരുന്ന കളി ഫുട്ബോൾ ആയിരുന്നു. അതു ഇന്നും സ്ക്കൂൾ ഗ്രൗണ്ടുകളിൽ ഒതുങ്ങുന്നു. വോളീബോളും അപൂർവ്വമായി ഷട്ടിലും അങ്ങനെതന്നെ. മറ്റെല്ലാ കളികളേയും പിൻതള്ളിക്കൊണ്ട് ക്രിക്കറ്റ് കളിയിൽ കുറേ യുവാക്കൾ താല്പര്യം കാണിക്കാറുണ്ട്. ക്രിക്കറ്റ് കളി നമ്മുടെ കുറ്റിയും കോലും കളിയുടെ പരിഷ്കരിച്ച രൂപമെന്ന നിലയിൽ നമുക്കാശ്വസിക്കാം

പഞ്ചായത്ത് അടിസ്ഥാനത്തിൽ ഏതാനും വർഷങ്ങളായി യുവജനോത്സവം നടത്താറുണ്ടെങ്കിലും കലാ കായിക രംഗത്ത് യുവാക്കൾക്ക് പ്രചോദനമാകേണ്ട ഈ പരിപാടി അവ ഔദ്യോഗിക ചടങ്ങുകളായി തരംതാണ് കൊണ്ടിരിക്കുന്നു. ഈ മേളകളുടെ ഉദ്ദേശലക്ഷ്യങ്ങൾ സഫലമാകുന്നില്ല. ഈ നാടിന്റെ സംസ്കാരിക പൈതൃകം ഉൾക്കൊണ്ട് കലാസാഹിത്യ സംസ്കാരിക രംഗത്ത് സ്ഥിരപ്രതിഷ്ഠനേടിയവർ ഈ പഞ്ചായത്തിൽ എടുത്തു പറയാനില്ലെങ്കിലും ബാലസാഹിത്യത്തിൽ സംസ്ഥാനഅവാർഡ് നേടിയ ശ്രീ T.V. ജോണും, നാടക രചനയിൽ മുഴങ്ങത്തിൽ ശ്രീധരനും, സി.എം. പി. പെണ്ണുക്കരയും, ചെറുകഥാരചനയിൽ എൻ. അച്ചുതക്കുറുപ്പും, ആലാ രാജനും, കവിതാരചനയിൽ കരുമ്പോളിൽ പരമുപിള്ളയും, പി. വി. വാസുദേവൻപിള്ളയും, പി. ഐ കുട്ടപ്പനും ദേശീയസമരചരിത്രം ഒരു ഇതിഹാസ തുള്ളൽ കഥയാക്കിയ എൻ. ദാമോദരക്കുറുപ്പും പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ, കഥകളിയിൽ പ്ലാപ്പള്ളി ഇല്ലത്ത് വാടുദേവരും സംഗീതത്തിൽ ഗാനഭൂഷണം ദാമോദരക്കുറുപ്പും നടനഭൂഷണം പത്മജയും ഈ നാടിനും കലാകൈരളിക്കും ഒട്ടൊക്കെ സംഭാവന ചെയ്തവരാണ്. ഇവരിൽ ചിലർഇപ്പോഴും രംഗത്ത് നില്ക്കുകയും ചെയ്യുന്നു.

പ്രശ്നങ്ങൾ

1. വായനശാലകളും ഗ്രന്ഥാലയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

a. വായനശാലകളിൽ വായനക്കാരെ ആകർഷിക്കുന്നതിനുവേണ്ടി വിവിധ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട്.

b. ആവശ്യത്തിന് ഉപകരണങ്ങൾ ഇല്ലാത്ത അവസ്ഥ.

c. സ്വന്തമായി കെട്ടിടം ഇല്ലാത്തവയ്ക്ക് വാടക കൊടുക്കുന്നതിനുള്ള സാമ്പത്തിക പരാധീനത

d. പുസ്തകങ്ങളുടെ താങ്ങാനാവാത്ത വില

e. ഗ്രന്ഥശാലാ സംഘത്തിൽനിന്നും കിട്ടുന്ന ഗ്രാന്റിന്റെ അപര്യാപ്തത.

f. പഞ്ചായത്തിൽനിന്നും ഉള്ള ധനസഹായത്തിന്റെ പോരായ്മ

II വായനാശീലത്തിന്റെ പുതിയ പ്രവണതകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

a സൈദ്ധാന്തിക പുസ്തകങ്ങൾ, ബൗദ്ധികസാഹിത്യം ഇവ വായിക്കുന്നതിന് യുവതലമുറയ്ക്കുള്ള താല്പര്യക്കുറവ്.

b അശ്ലീലചുവയുള്ള പുയ്തകങ്ങളോടുള്ള ആഭിമുഖ്യം

c. പൈങ്കിളി സാഹിത്യത്തോട് പൊതുവേയുള്ള താല്പര്യം

ചുരുക്കത്തിൽവിചാരത്തേക്കാൾ കൂടുതൽ ദുർബ്ബലവികാരങ്ങൾക്ക് പ്രാധാന്യം ഉള്ള വായന

III ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം മൂലമുള്ള പ്രശ്നങ്ങൾ

a. പുസ്തകങ്ങളുടെ ലോകത്തുനിന്നും വായനയുടെ വഴികളിൽനിന്നും മനുഷ്യനെ അകറ്റിയത് പ്രധാനമായും ടി.വി ആണ്. സ്വന്തമായി ടി.വി. ഇല്ലെങ്കിലും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റോരു വിധത്തിൽ ടി.വി. കാണുന്നവരാണ് മിക്കവാറും എല്ലാ ആളുകളും, പ്രത്യേകിച്ച് കേബിൾ ടി.വിയുടെ വരവോടെ ഇത് വളരെ വർദ്ധിക്കുകയും ചെയ്തു.

b നിലവാരമില്ലാത്ത ടി.വി. പരിപാടികൾ കാണാൻ ആളുകൾ നിർബ്ബന്ധിതമാകുന്നു, എന്നതിനേക്കാൾ മറ്റോരു വലിയ ദുരന്തം കൂടിയുണ്ട്. ഉപഭോഗ സംസ്ക്കാരവും മനുഷ്യരിലേക്ക് വ്യാപിപ്പിച്ച് പുതിയ തലമുറയെ നിഷ്ക്രിയരും നിർഗുണരും ആക്കിത്തീർക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമവും ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ നടന്നു വരുന്നു.

IV സംസ്കാരിക നിലവാരം കുറഞ്ഞ സിനിമകൾ യുവാക്കളിൽ മോക്ഷണം, വ്യഭിചാരം, അക്രമം തുടങ്ങി നിരവധി ദുർവാസനകൾക്ക് വളമായിത്തീരുന്നു.

V മൺമറഞ്ഞുപോയ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പുനർജനിച്ചുകൊണ്ടിരിക്കുന്നു. അതിനുള്ള ബോധപൂർവമായ ശ്രമങ്ങൾ രാഷ്ട്രീയലക്ഷ്യത്തോടെ നടക്കുന്നുണ്ട്.

VI പഴയകാലത്ത് സമ്പന്ന കുടുംബങ്ങളെ പാപ്പരാക്കിയ അനാവശ്യമായ ആർഭാടങ്ങൾ വീണ്ടുംതിരിച്ചുവന്നു കൊണ്ടിരിക്കുന്നു. വിവാഹം, പിറന്നാൾ, ചോറൂണ്, ഷഷ്ടിപൂർത്തി തുടങ്ങിയവ വൻതോതിൽ പണം ചിലവഴിക്കപ്പെടുന്ന ചടങ്ങുകളായി മാറുന്നു. ഈശ്വരാരാധനപോലും പണക്കൊഴുപ്പുകാണിക്കുന്നതിനുള്ള അവസരമാക്കിമാറ്റുന്നു. ഇത് പണ്ടത്തെപ്പോലെ അനാരോഗ്യകരമായ മത്സരംക്ഷണിച്ചു വരുത്തുകയും കുടുംബങ്ങളെ സാമ്പത്തികതകർച്ചയിലെക്ക് തള്ളിവിടുകയും ചെയ്യുന്നു.

VII. കായിക വിനോദങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ:-

(a) പൊതു കളിസ്ഥലങ്ങളുടെ അപര്യാപ്തത

(b) ഒരുകാലത്ത് കളികൾക്കായി പലപ്പോഴും ഉപയോഗപ്പെടുത്തിയിരുന്ന പറമ്പുകളും പാടങ്ങളും അന്നത്തെ രൂപത്തിൽ ഇന്നില്ല.

(c) ഇന്നത്തെ അശാസ്ത്രീയമായ വിദ്യാഭ്യാസ താൽപര്യംമൂലം കുട്ടികൾക്ക് കളിക്കാൻ സമയമോ, അനുവാദമോ കിട്ടുന്നില്ല.

(d) കിട്ടുന്ന ഒഴിവു സമയങ്ങളിൽ ഇലക്ട്രോണിക്സ് മാധ്യമങ്ങൾ കവർന്നെടുക്കുന്നു.

(e) പഞ്ചായത്തിൽ നിന്നുള്ള പ്രോത്സാഹനക്കുറവ് മറ്റൊരു ഘടകമാണ്.

VIII. കായികരംഗങ്ങളെ ബാധിച്ച പ്രധാന ഘടകങ്ങളിൽ ഒട്ടുമിക്കവയും കലാസമിതിയുടെ പ്രവർത്തനത്തിലും ബാധകമാണ്.

IX. തനതു കലകളായ തിരുവാതിര, കൈകൊട്ടിക്കളി, മുടിയാട്ടം, വേലകളി കാക്കാരശ്ശി, തുള്ളൽ, പാഠകം തുടങ്ങിയവ നാശോന്മുഖമാകുന്നു. ഒരു കാലത്ത് നമ്മുടെ വയലേലകളെ കോൾമയിർ കൊള്ളിച്ചിരുന്ന ഞാറ്റുപാട്ട്, കൊയ്ത്തുപാട്ട്, ചക്രം ചവിട്ടുപാട്ട് തുങ്ങിയവ അപ്രത്യക്ഷമായി കഴിഞ്ഞിരിക്കുന്നു.

X പുരുഷന്മാരുടെ അപ്രിയവും പ്രേരണക്കുറവും മൂലം സാംസ്കാരിക കലാരംഗങ്ങളിൽ സ്ത്രീകളുടെ പങ്ക് കുറഞ്ഞിരിക്കുന്നു. സ്ത്രീകളോടുള്ള പുതിയ തലമുറയുടെ സമീപനവും നന്നല്ല.

XI. പഞ്ചായത്തടിസ്ഥാനത്തിൽ ഏതാനും വർഷങ്ങളായി യുവജനോത്സവം നടത്താറുണ്ടെങ്കിലും അത് ലക്ഷ്യമറിയാത്ത ഔപചാരികമായുള്ള ഒരു ഔദ്യോഗിക ചടങ്ങായി തരംതാണിരിക്കുന്നു.

സാധ്യതകൾ

ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തിയാൽ ഗ്രന്ഥ ശാലകളുടേയും വായനശാലകളുടേയും പ്രവർത്തനത്തിന് പ്രാദേശികമായിത്തന്നെ ഒട്ടൊക്കെ വിഭവങ്ങൾ കണ്ടെത്താൻ കഴിയും. ഉദാഹരണത്തിന് വിശ്വഭാരതി ഗ്രന്ഥശാല & വായനശാലയുടെ ചരിത്രം പരിശോധിച്ചാൽ മതിയാവും. വായനശാല തുടങ്ങിയതുതന്നെ പത്രങ്ങളും ആനുകാലികങ്ങളും വ്യക്തികളിൽ നിന്നുതന്നെ സംഭാവന സ്വീകരിച്ചുകൊണ്ടാണ്. പുസ്തകങ്ങൾ വിവിധ വ്യക്തികളിൽനിന്നും സംഭാവനയായി ലഭിച്ചു. ഉപകരണങ്ങളും സ്ഥലസൗകര്യങ്ങളും സൗജന്യമായിരുന്നു. ഇന്നുകാണുന്ന കെട്ടിടവും സ്ഥലവും നാട്ടുകാരുടെ ഉദാരമായ സംഭാവനയിലൂടെ ഉണ്ടായതാണ്. ഇതുപോലെ കോടുകുളഞ്ഞിയിലെ പൗരസമിതി ഗ്രന്ഥശാലയും അതിനുള്ള കെട്ടിടവും ആത്മാർത്ഥവും നിസ്വാർത്ഥവുമായ പ്രവർത്തനം ഉണ്ടായാൽ ഇതുപോലെ പലതും നമ്മുടെ പഞ്ചായത്തിൽ ചെയ്യാൻ കഴിയും.

നിർദ്ദേശങ്ങൾ

1. അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് പഞ്ചായത്തിൽനിന്ന് പ്രോത്സാഹനം ഉണ്ടാകണം. ഗ്രന്ഥശാലകൾക്ക് ഗ്രേഡ് അനുസരിച്ച് പഞ്ചായത്തിൽ നിന്ന് സാമ്പത്തിക സഹായം ചെയ്യണം. അതിന് കാലാനുസൃതമായ വർദ്ധനവും വരുത്തണം. സഹായ ധനത്തിൽ ഒരു നിശ്ചിത ശതമാനം ഗ്രന്ഥങ്ങൾ വാങ്ങണമെന്ന് നിർബ്ബന്ധമാക്കണം.

2. എല്ലാത്തരം വായനക്കാരെയും ആകർഷിക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്യുന്നതിനുവേണ്ടി വിവിധ തരത്തിലുള്ളവർത്തമാന പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനശാലയിൽ വരുത്തണം. ഗവ:വിജ്ഞാനപനങ്ങൾ, എംപ്ലോയ്മെന്റ് ന്യൂസ്, ഗസറ്റ്, കർഷകൻ തുടങ്ങിയ സാഹിത്യേതര പ്രസിദ്ധീകരണങ്ങളും ഉണ്ടായിരിക്കണം. പഞ്ചായത്തിൽനിന്നും അതിനുള്ള സഹായധനം ലഭ്യമാക്കണം.

3 കെട്ടിടവും സ്ഥലങ്ങളും ഇല്ലാത്ത ഗ്രന്ഥ ശാലകൾക്ക് അവ ഉണ്ടാക്കണം. കെട്ടിടം ഉള്ള ഗ്രന്ഥശാലകൾക്ക് അത് വികസിപ്പിക്കുകയും വേണം.

4 എല്ലാ ഗ്രന്ഥശാലകൾക്കും ആവശ്യമായ ഉപകരണങ്ങൾ ഉറപ്പു വരുത്തണം.

5 ഗ്രന്ഥശാലകളുടെ അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്തിൽനിന്നും വാർഷിക ധനസഹായം ലഭിക്കണം.

6. ചുരുങ്ങിയത് വാർഡിൽ ഒന്ന് എന്നകണക്കിൽ എങ്കിലും പ്രധാന കേന്ദ്രങ്ങളിൽ വായനശാലകൾ ഉണ്ടാവണം. അതോടനുബന്ധിച്ച് ഗ്രന്ഥാലയവും സ്ഥാപിക്കേണ്ടതാണ്.

7. എല്ലാ ഗ്രന്ഥശാലകളിലും വിവിധ വിഷയങ്ങളെ അധീകരിച്ച് പ്രതിവാര ചർച്ചയോ, പ്രതിമാസ ചർച്ചയോ നിർബ്ബന്ധമാക്കണം. മത സൗഹാർദ്ദം വളർത്തുന്നതിനുള്ള വിഷയങ്ങൾക്ക് ഊന്നൽ നൽകേണ്ടതാണ്. അങ്ങനെയായാൽ ജനങ്ങളെ പ്രത്യേകിച്ച് യുവജനങ്ങളെ ഗൗരവതരമായ വായനയിലേക്ക് ആകർഷിക്കാം. അത്തരം വായന ജനങ്ങളെ സംസ്കാര സമ്പന്നരാക്കും. പരസ്പര ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ജന ശക്തിയെ ക്രിയാത്മകമായ മാർഗ്ഗങ്ങളിലേക്ക് തിരിച്ച് വിടാനും അവരുടെ കർമ്മശേഷിയെ ഉണർത്താനും അവരിൽ ഐക്യബോധം ഉണ്ടാക്കാനും കഴിയും.

8. ഗ്രന്ഥശാലകളുടെ വാർഷികങ്ങളും അതോടൊപ്പം കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും വേണം.

9. പ്രവർത്തന രഹിതമായിത്തീർന്ന കലാകായിക സമിതികളെ സജീവമാക്കാനുള്ള നേതൃത്വം അതതു പ്രദേശത്തെ പഞ്ചായത്തുമെമ്പർമാർ ഏറ്റെടുക്കേണ്ടതാണ്.

10. വിശ്വഭാരതി ഗ്രന്ഥശാലയെ ഒരു ലീഡ് ഗ്രന്ഥശാലയാക്കി കണക്കാക്കി ആവശ്യമായ സംവിധാനങ്ങൾ ഒരുക്കി പഞ്ചായത്തിലെ ഇതര ഗ്രന്ഥശാലകളെ ഇതിനോട് ബന്ധപ്പെടുതിയാൽ ഗ്രന്ഥ വിതരണശൃംഖല വിപുലവും ശക്തവുമായിത്തീരും. ഒൻപതിനായിരത്തോളം ഗ്രന്ഥങ്ങൾ വിശ്വഭാരതി ഗ്രഥശാലയിൽ ഉണ്ട്. ഈ പുസ്തക ശേഖരം മറ്റു ഗ്രന്ഥശാലകൾക്കും ഉപയോഗപ്പെടുത്തുവാൻ കഴിയും. പരിമിതമായ തോതിൽ എങ്കിലും മറ്റു ഗ്രന്ഥശാലകളിൽഉള്ള പുസ്തകങ്ങൾ വിശ്വഭാരതി ഗ്രന്ഥ ശാലയിലെ അംഗങ്ങൾക്കും പ്രയോജനപ്പെടും.

11. വിശ്വഭാരതി ഗ്രന്ഥശാലയെ ഒരു ഇൻഫർമേഷൻ സെന്ററായി ഉയർത്തുക. ജനങ്ങൾക്ക് അത് പ്രയോജന കരമായിരിക്കും.

12. വിശ്വഭാരതി ഗ്രന്ഥശാലയുടെ നിലവിലുള്ള കെട്ടിടം വികസിപ്പിച്ച് വിവിധ കലാകായിക വേദികൾ സംഘടിപ്പിക്കുവാനുള്ള സൗകര്യം ഉണ്ടാക്കണം. ഇപ്പോൾ തന്നെ പഞ്ചായത്ത്, കൃഷിഭവൻ, സഹകരണ സംഘം തുടങ്ങിയ സ്ഥാപനങ്ങളുടെ സെമിനാറുകളും മറ്റും നടത്തിവരുന്നത് വിശ്വഭാരതി ഗ്രന്ഥശാലയുടെ ഹാളിൽ വെച്ചാണ്. ഇത്തരം പരിപാടികൾ വായനയേയും പുസ്തകവിതരണത്തെയും തടസ്സപ്പെടുത്താറുണ്ട്. കെട്ടിട വികസനംകൊണ്ട് ഈ ബുദ്ധിമുട്ടുകളൊക്കെ പരിഹരിക്കുവാൻ കഴിയും.

13. ഒരു മൊബൈൽ ഗ്രന്ഥശാല പഞ്ചായത്ത് തനതായി ആരംഭിക്കുന്നത് നന്നായിരിക്കും.

14. എല്ലാ ഗ്രന്ഥശാലകൾക്കും ആർട്ട്സ് ക്ലബ്ബുകൾക്കും ഓരോ ടി. വി. സെറ്റ് പഞ്ചായത്തു വകയായി നൽകുക.

15. ഗ്രന്ഥശാലകളുടെ നേതൃത്വത്തിൽ സാംസ്കാരിക പര്യടന പരിപാടി സംഘടിപ്പിക്കണം.

16. പഞ്ചായത്തിലുള്ള ഗ്രന്ഥശാലാ പ്രവർത്തനത്തിൽ പഞ്ചായത്തിന്റെ നിരീഷണം നിർബ്ബന്ധമായിരിക്കണം.

17. പഞ്ചായത്തിലുള്ള എല്ലാ കലാകായിക സമിതികളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും അവയ്ക്ക് പഞ്ചായത്തിൽ നിന്ന് ധനസഹായം നൽകുകയും വേണം. അവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ സംവിധാനം ഉണ്ടാക്കണം. പ്രവർത്തനത്തിന്റെ മാനദണ്ഡം ആയിരിക്കണം ധനസഹായത്തിന്റെ മാനദണ്ഡം.

18. പഞ്ചായത്ത് തലത്തിലുള്ള യുവജന മേളകൾ കൂടുതൽ ജന പ്രാതിനിധ്യത്തോടും പങ്കാളിത്തത്തോടും കൂടി വിപുലമായി സംഘടിപ്പിക്കണം. അവയുടെ നടത്തിപ്പിന് പഞ്ചായത്ത് കമ്മിറ്റിക്കു പുറമേ പഞ്ചായത്തിലുള്ള ഗ്രന്ഥശാലകൾ കലാകായിക സമിതികൾ ഇവയ്ക്കും ഉത്തരവാദിത്തം ഉണ്ടാവണം.

19. നാടൻ കലകളെ പ്രോത്സാഹിപ്പിക്കണം.

20. പഞ്ചായത്തിലെ സാംസ്കാരിക വിനോദ പ്രവർത്തനങ്ങൾക്ക് കലണ്ടർ തയ്യാറാക്കി അവ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് കലാകായിക സമിതികൾക്കും ഗ്രന്ഥശാലകൾക്കും എത്തിച്ചുകൊടുക്കുകയും തദനുസരണമായി പ്രവർത്തനങ്ങൾ നീക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പഞ്ചായത്തിൽനിന്നും കൊടുക്കുകയും വേണം.

21. സാക്ഷരതാ പ്രവർത്തനം ഗ്രന്ഥശാലാപ്രവർത്തനത്തിന്റെ ഭാഗമാക്കണം.

22. പൊതുകളിസ്ഥലം ഒന്നോ അധികമോ പഞ്ചായത്തിന്റെ വകയായി ഉണ്ടാവണം.

23. നഴ്സറിസ്ക്കൂളുകൾ സംഘടിപ്പിച്ചിട്ടുള്ള ഗ്രന്ഥശാലകൾക്കും ക്ലബ്ബുകൾക്കും ഗ്രാൻർ അനുവദിക്കുകയും പഠനോപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുകയും വേണം. അവയുടെ പ്രവർത്തനവും പഞ്ചായത്തിന്റെ കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കണം.

24. നാടൻ കളികൾ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവണം.

25. ഫുട്ബോൾ, വോളീബോൾ, ക്രിക്കറ്റ് തുടങ്ങിയവയിൽ തെരഞ്ഞെടുത്ത കളിക്കാർക്ക് പരിശീവനം നൽകണം. പഞ്ചായത്തിന് ഓരോ കളികൾക്കും ഒരു പൊതു ടീം ഉണ്ടാവണം.

26. ലൈബ്രറി സെസിനത്തിൽ പിരിക്കുന്ന സംഖ്യയുടെ അൻപത് ശതമാനം പഞ്ചായത്തിന് വിട്ടുകൊടുക്കണം.

27. അംഗീകാരമില്ലാത്ത ഗ്രഥശാലകൾക്ക് അംഗീകാരം കിട്ടുന്നതിന് ആവശ്യമായ സഹായം ഉണ്ടാവണം. പഞ്ചായത്തിൽനിന്ന് മറ്റു സഹായം ഉണ്ടാകണം.

28. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

1991ലെ കനേഷുമാരി കണക്കു പ്രകാരം ആലാ ഗ്രാമപഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട 2911 പേരുണ്ട്. ഇതിൽ 1410 പുരുഷൻമാരും 1501 സ്ത്രീകളും ആണ്. ഇത് ജനസംഖ്യയുടെ 22 ശതമാനംവരും. പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾഒന്നും തന്നെയില്ല. കോളനികൾ കേന്ദ്രീകരിച്ചു താമസിക്കുന്നവരുടെ വിവരം താഴെ ചേർക്കുന്നു.

പഴുക്കമോടി I. H. D.P. കോളനി
മലമോടി ലക്ഷംവീടു കോളനി
കിണറുവിള പുനരധിവാസ കോളനി
കമ്മന്തറ കോളനി
തേവരക്കോടു കോളനി
വേടരത്തു ലക്ഷം വീടു കോളനി
കൊണത്തേത്തു കോളനി
മാടംപുറത്തുമോടി കോളനി
ഉമ്മാത്തിൽ കോളനി
കളയ്ക്കാട്ടുമല ലക്ഷം വീടുകോളനി
എതിരേപ്പും മോടി കോളനി
സർപ്പത്തിൻ കോളനി
പൂമല പുതുവൽ കോളനി
മുട്ടാറ്റിൻകര കോളനി
തോട്ടടിചരുവിൽ കോളനി

വാർഡു തിരിച്ചുള്ള പട്ടികജാതിക്കാരുടെ വിവരം താഴെ ചേർക്കുന്നു.

വാർഡ	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	81	95	176
2	69	72	141
3	72	387	759
4	24	22	46
5	170	172	342
6	171	194	365
7	65	78	143
8	458	481	939
ആകെ	1410	1501	2911

പട്ടികജാതിയിലുള്ള സാമൂഹിക അടിമത്തം നല്ലതുപോലെ ഉണ്ടായിരുന്ന പ്രദേശമാണ്.

ഇപ്പോൾ ഇല്ല. ഒട്ടനവധിപേർ മറ്റുതൊഴിലുകളിലേക്ക് മാറിക്കഴിഞ്ഞു. സർക്കാർ സർവ്വീസിലുള്ളവരും, മിലിട്ടറി സർവ്വീസിലുള്ളവരും കേരളത്തിനകത്തും പുറത്തുമായി പൊതുമേഖലാ സ്വകാര്യ മേഖലാസ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരും കുറവല്ല. സാമൂഹ്യപുരോഗതിക്കനുസരിച്ച് ബിരുദാനന്തര ബിരുദം നേടിയവരും, ബിരുദധാരികളും, കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠനം നടത്തുന്നവരും നല്ലൊരുശതമാനം തന്നെയുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസം കഴിഞ്ഞവരും കുറവല്ല. സർക്കാർസർവ്വീസിലെ വിവിധ തുറകളിൽ ജോലി ചെയ്യുന്നവരും റിട്ടയേർ ചെയ്തവരും നിരവധിയുണ്ട്. സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥി നിലവാരം വച്ചുനോക്കുമ്പോൾ പട്ടികജാതി വിദ്യാർത്ഥികൾ മുഴുവനായും തന്നെ ഗവണ്മെന്റ് സ്കൂളുകളെ ആശ്രയിച്ചാണ് വിദ്യാഭ്യാസം ചെയ്യുന്നത്. സ്വകാര്യ / ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം ഈ വിഭാഗത്തിനെ വ്യാപകമായ സ്വാധീനം ചെലുത്തിയിട്ടില്ല എന്നുകാണാം. കാർഷിക തൊഴിലിൽനിന്നും മറ്റു തൊഴിലുകളിലേക്കും വളരെയേറെപ്പേർ മാറിയതിനാൽ കാർഷിക തൊഴിൽരംഗത്ത് തൊഴിലാളിക്ഷാമം അനുഭവപ്പെടുന്നു. എന്നിരിക്കിലും പട്ടികജാതിവിഭാഗത്തിൽ അഭ്യസ്തവിദ്യരും മറ്റുള്ളവരുമായ തൊഴിൽ രഹിതരുടെ എണ്ണം കൂടിവരികയാണ്.

പഞ്ചായത്തിലെ കോളനികളിൽ പഴയവയിൽ മിക്കതിനും അടിസ്ഥാനസൗകര്യങ്ങളായ വൈദ്യുതി, കക്കൂസ് മുതലായവ ലഭ്യമാക്കിയിട്ടുണ്ട്. ഏതാനും വീടുകൾ ബാക്കിയുള്ളതായിക്കാണുന്നു. ഉടമാവകാശം സ്ഥാപിച്ചെടുക്കാൻ കഴിയാതെവരുന്ന കുടുംബങ്ങൾക്ക് (അനധികൃതമായ കൈമാറ്റം മുതലായവ) സർക്കാർ സൗജന്യങ്ങൾ നൽകുന്നതിലുള്ളതന്നെ കാരണം. കുടിവെള്ളത്തിന് പഞ്ചായത്തിൽ പൊതുകിണറുകളാണ്. കോളനികളിലും കിണറുകളും കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നിരിക്കിലും പര്യാപ്തമല്ല. കാരണം കുടുംബങ്ങളുടെ ബാഹുല്യം തന്നെ. പഴയ കോളനികളിലെല്ലാം തന്നെ കറന്റ് എത്തിയിട്ടുണ്ട്. ലക്ഷംവീട് കോളനികളിൽ DUPLEX വീടുകൾ നിർമ്മിച്ച് നൽകിയത് കേടുപാടുകൾപറ്റി നാശമായിരിക്കുന്നു. ഗുണഭോക്താക്കൾ വാർഷിക മെയിന്റനൻസ് നടത്തി സൂക്ഷിച്ച വീടുകൾ ഭദ്രതയുള്ളതാണ്. ലഭിക്കുന്ന സൗജന്യങ്ങൾക്ക് തുടർന്നു സംരക്ഷണം സർക്കാർ തലത്തിൽ ചെയ്യണമെന്നുള്ള ഗുണഭോക്താക്കളുടെ സമീപനം പ്രോത്സാഹനജനകമല്ല. പട്ടികജാതികുടുംബങ്ങൾക്ക് കുടികിടപ്പായിലഭിച്ച 10 സെന്റുവീതംഭൂമി കുടുംബങ്ങളുടെ വർദ്ധനവനുസരിച്ച് ഭാഗംവച്ചു രണ്ടും മൂന്നും സെന്റുകളിലാണ് താമസിക്കുന്നത്. അടുത്തടുട്ടുള്ള കുടുംബങ്ങളുടെ താമസം കാരണം പരിസരമലിനീകരണം വലിയ ആരോഗ്യ പ്രശ്നമായി മാറുന്നു. 2 സെന്റെങ്കിലും ഭൂമി സ്വന്തമായുള്ള പട്ടികജാതിക്കാർക്കു ഭവന നിർമ്മാണഗ്രാന്റ് പഞ്ചായത്തും പട്ടികജാതിവകുപ്പും മുതലായവയിലൂടെ നൽകിയിട്ടുണ്ട്. ഭിത്തികെട്ടി, ഓടുമേഞ്ഞ് കതകുമാത്രംനിർത്തി താമസമാക്കുക എന്ന പ്രവണതയാണു കാണുന്നത്. ഭിത്തിതറ ഇവ പ്ലാസ്റ്ററിംഗ് നടത്തി പൂർത്തീകരണം നടത്തുന്നതിനു നിലവിൽ ലഭിക്കുന്ന ഗ്രാന്റ് പര്യാപ്തമല്ല എന്നതാണു വസ്തുത. കുറഞ്ഞസ്ഥലത്തു കൂടുതൽ കുടുംബങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിലും കോളനികളിലും ഓരോ കുടുംബത്തിനും പ്രത്യേകം പ്രത്യേകം കക്കൂസുകൾ നൽകിവരുന്നു. ഇത് കുടിവെള്ള ആരോഗ്യ പ്രശ്നങ്ങൾക്കു വഴിവയ്ക്കുന്നു. പഞ്ചായത്തു പ്രദേശത്തു വിവധതരം തൊഴിലാളികളിൽ ദിവസകൂലിക്കാരായവരിൽ ഭൂരിഭാഗവും പട്ടികജാതിയിൽപ്പെട്ടവരാണ്. എല്ലാ ദിവസവും പണിലഭിക്കുമെന്ന് ഉറപ്പില്ലാത്തതിനാൽ മഴക്കാലമാകുമ്പോൾ ഭൂരിഭാഗം തൊഴിലാളികുടുംബങ്ങളും പട്ടിണിയിലാണ്. കർഷകതൊഴിലാളി പട്ടികജാതി സ്ത്രീകളിൽ 20 ശതമാനവും വയൽപണികളിലാണ് ഏർപ്പെട്ടിരിക്കുന്നത്.

പൊതുവേ പഞ്ചായത്തിലെ ജാതീയമായ കണക്കനുസരിച്ച് പട്ടികജാതിയിൽ 85 ശതമാനവും പുലയസമുദായമാണ്. പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിക്കപ്പെട്ടവർ നിരവധിയാണ്. ക്രീസ്തീയ മതപരിവർത്തനം ഇപ്പോഴും നടക്കുന്നു. സാമൂഹിക അടിമത്തം ശക്തമായി നിലനിന്നിരുന്ന അൻപതുകൾക്കു ശേഷമുണ്ടായ കർഷകത്തൊഴിലാളി സമരങ്ങൾ മതസംസ്ക്കാരിക പ്രവർത്തനങ്ങൾ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഇടപടൽ, കാലാകാലങ്ങളിൽ വന്ന സംസ്ഥാന സർക്കാരുകൾ ഈ വിഭാഗം ജനങ്ങൾക്ക് ഏർപ്പെടുത്തിയ ക്ഷേമപ്രവർത്തനങ്ങളുടെ മുൻഗണന എന്നിവയാൽ സാമൂഹ്യ മനോഭാവത്തിൽ വമ്പിച്ചമാറ്റം ഉണ്ടാക്കാൻ പ്രേരകമായിട്ടുണ്ട്. ജാതി ചേർത്തുള്ളവിളി അപൂർവ്വമായിട്ടുണ്ട്.

സാർവ്വത്രികമായ വിദ്യഭ്യാസം മൂലം ഈ വിഭാഗത്തിലെ പുതിയ തലമുറയ്ക്ക് സാമാന്യ

വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 40 ഓളം പേർ വിവിധ സർക്കാർസർവ്വീസിലുണ്ട്. ഗൾഫിൽ ജോലിയുള്ളവരായി 5 പേർ ഉണ്ട്. സാക്ഷരതായജ്ഞത്തിലൂടെ നല്ലൊരു വിഭാഗത്തെ സാക്ഷരരായാക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും 50 വയസ്സിനുമേലുള്ള നിരക്ഷരർഉണ്ട്. തുടർ വിദ്യാഭ്യാസം ലഭിക്കാത്തതുമൂലം പലരും നിരക്ഷരതയിലേക്കു തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. സ്ക്കൂളുകളിൽ ഇടയ്ക്കു വിദ്യഭ്യാസം നിർത്തി പോകുന്നവരിൽ കൂടുതലും പട്ടികജാതിയിൽ പ്പെട്ടവരാണ്. പഠനനിർവ്വഹണത്തിലും ബുദ്ധിപരമായ വളർച്ചയിലും ഭൗതീകസാഹചര്യങ്ങളാൽ ഇന്നും പിന്നോക്കം നിൽക്കുന്നു. സാമൂഹ്യബോധത്തിൽ മാറ്റം ഉണ്ടായിട്ടുണ്ട്. ഈ വിഭാഗത്തിൽ നിന്നും വിദ്യാഭ്യസപരമായും സാമ്പത്തികപരമായും ഔദ്യോഗികമായും ഉയർന്നുവന്നിട്ടുള്ളവരിൽ സാമുദായിക സംഘടനാവികാരം അതിശക്തമായിത്തീർന്നിരിക്കുന്നു. സാമുദായിക സംഘടനക ളുടെ വക്താക്കളും സംഘാടകരും വിദ്യാഭ്യാസം നേടിയവരാണ്. പട്ടികജാതി വിഭാഗത്തിലും സാമാന്യവിദ്യാഭ്യാസം സിദ്ധിച്ചവരിൽപോലും ജാതിചിന്ത വളർന്നുവരുന്നത് ഗുണകരമല്ല. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായ ബോധം ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തോട് ശക്തിപ്പെട്ടിരുന്നുവെങ്കിൽ ഇന്ന് ആചാരങ്ങളുടെയും ഉൽസവാദി ആ ഘോഷങ്ങളുടെപേരിലും തിരിച്ചുവന്നുകൊണ്ടിരിക്കുന്നു.

മിശ്രവിവാഹവും വിവാഹാദിചടങ്ങുകളും എല്ലാ വിഭാഗവും ചേർന്ന് മുമ്പ് സാമൂഹ്യ മാറ്റത്തിനുള്ള വെല്ലുവിളികളായി സ്വീകരിക്കപ്പെട്ടിരുന്നു എങ്കിൽ ഇന്ന് അവയും കുറഞ്ഞു കൊണ്ടിരിക്കുന്നു. പട്ടികജാതിക്കാരുടെ വിവാഹചടങ്ങുകളിൽ മറ്റു വിഭാഗങ്ങൾ സംബന്ധി ക്കാറുണ്ടെങ്കിൽപോലും പങ്കെടുക്കുന്ന ബഹുഭൂരിപക്ഷവും ആഹാരാദികളിൽ പങ്കുചേരുന്നില്ല.

വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, ശുചിത്വം വസ്ത്രധാരണം എന്നിവയിൽ നല്ല പുരോ ഗതി ഉണ്ടായിട്ടുണ്ട്. എന്നാൽ സാമ്പത്തിക പിന്നോക്കാവസ്ഥ ബോധനിലവാരത്തിലുണ്ടായ മാറ്റത്തി നനുസരിച്ച് നേടാൻ കഴിയുന്നില്ല. സ്ത്രീതൊഴിലാളികൾക്ക് 40 ശതമാനത്തിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നവർ കുറവാണ് പുരുഷതൊഴിലാളികൾക്ക് വർഷം മുഴുവനും പണി ലഭിക്കുന്നില്ല. പുരുഷൻമാരിൽ നല്ലൊരു പങ്ക് ലഭിക്കുന്നകൂലി ദുർവ്യയം ചെയ്യുന്നു. മദ്യപാനം മൂലം കുടുംബജീവിതം സ്വസ്ഥതയില്ലാതാകുന്ന കുടുംബങ്ങൾ വളരെയുണ്ട്. സർക്കാർ സ്ഥാപനങ്ങളിൽനിന്നും വിവിധ സാമൂഹ്യസംഘടനകളിൽനിന്നും കിട്ടുന്ന സഹായങ്ങളെല്ലാം ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ ഭൂരിഭാഗവും ഉപയോഗപ്പെടുത്തുന്നില്ല. ഈ ആനുകൂല്യ ങ്ങളെല്ലാം എന്ന് കിട്ടുമെന്ന ധാരണയിൽ മാറ്റംവരണം. I.R.D.P സർവ്വേയിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരിൽ ഭൂരിപക്ഷവും പട്ടികജാതിവിഭാഗമാണ്.

പട്ടികജാതിവികസനവകുപ്പ് ക്ഷേമത്തിനായുള്ള വിവിധ സ്ഥാപനങ്ങൾ എന്നിവിടങ്ങ ളിൽനിന്നും എന്തെല്ലാം സഹായപദ്ധതികൾ ഏതെല്ലാം ഇനങ്ങൾക്കുണ്ട് എവിടെ ബന്ധപ്പെ ട്ടാൽ സഹായങ്ങൾ ലഭ്യമാകും എന്നീ കാര്യങ്ങളെ സംബന്ധിച്ചുള്ള അറിവില്ലായ്മ വളരെയാ ണ്. വകുപ്പുദ്യോഗസ്ഥൻമാരുടെ ജോലി തീർക്കൽ പരിപാടിയായി ചിലതൊക്കെ നടപ്പാക്കു ന്നുണ്ടെങ്കിലും അവയിൽ പലതും ഫലപ്രദമാകുന്നില്ല.

ഗ്രാമപഞ്ചായത്തു പ്രദേശത്തുള്ള സാമൂഹ്യ സംസ്കാരിക സംഘടനകൾ രാഷ്ട്രീയ പാർട്ടി കൾ ബഹുജനസംഘടനകൾ എന്നിവയുടെ നേതൃസ്ഥാനങ്ങളിൽ പട്ടികജാതിയിൽ പെട്ടവ രുണ്ട്. എന്നാൽ ഈ രംഗത്തേക്ക് കടന്നുകയറി വരുന്നവർ വളരെ ചുരുക്കമാണ്. ഇവിടെ തന്നെ ഏകദേശം പത്തോളം പേർ നേതൃത്വ പദവിയിലുണ്ട്. പഞ്ചായത്തുപ്രസിഡന്റ് പഞ്ചാ യത്തുമെമ്പർ, രാഷ്ട്രീയപാർട്ടികളുടെ പഞ്ചായത്തുതല സെക്രട്ടറിമാർ, ഗ്രന്ഥശാലാകമ്മറ്റി, ആർട്ട്സ് ക്ലബ്ബുകൾ, സഹകരണസ്ഥാപനങ്ങളിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നീ തുറകളിൽ സ്ഥാനങ്ങൾ വഹിക്കുന്നുണ്ട്. പട്ടികജാതിവിഭാഗത്തിൽനിന്നും സാമൂഹ്യ രാഷ്ട്രീയ രംഗത്തേക്കു വന്ന രണ്ടു ആദ്യകാല നേതാക്കളാണ് A.T.കുഞ്ഞച്ചനും, P.T. കുട്ടിആശാനും.

മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ഉണ്ടാകുന്നതിലൂടെ മാത്രമേ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് ഇവരെ കൊണ്ടുവരാൻ കഴിയൂ. അതിലേക്ക് ഇന്ന് ഈ വിഭാഗം നേരിടുന്ന പ്രശ്നങ്ങൾക്ക് അടിസ്ഥാന പ്രാധാന്യംനല്കി സമയബന്ധിതമായി പരിഹാരം കണ്ടെത്തണം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 15 കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.
2. പട്ടികജാതി കുടുംബങ്ങൾക്ക് നിർമ്മിച്ചുനൽകിയ വീടുകൾ ഭിത്തികെട്ടി ഓടിട്ടുവാതിൽ പിടിപ്പിച്ചു വാസയോഗ്യമാക്കിയതല്ലാതെ പൂർണ്ണമാക്കിയിട്ടില്ല. (തറ, ഭിത്തി, പ്ലാസ്റ്ററിംഗ്, ജനൽ, വാതിൽ എന്നിവ പൂർത്തിയാക്കാനുണ്ട്.)
3. തൊഴിലില്ലായ്മ, ദാരിദ്ര്യം, പട്ടിണി, മുതലായവ ഇവരിൽ രൂക്ഷമാണ്.
4. കാർഷികമേഖല നിർജ്ജീവമായതിനാൽ ബഹുപൂരിപക്ഷം സ്ത്രീതൊഴിലാളികൾക്കും പണിയില്ല. ഉള്ളത് ഭാഗീകവും.
5. മദ്യപാനം നിലനിൽക്കുന്നതിനാൽ കുടുംബബന്ധങ്ങൾ ശിഥിലമാകുന്നു.
6. പട്ടികജാതി ക്ഷേമത്തിനുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനെക്കുറിച്ച് അറിവില്ലായ്മ.
7. കിട്ടുന്ന ആനുകൂല്യങ്ങൾ ചൂഷണത്തിന് വിധേയമാകുന്നു.
8. ഭൂപരിഷ്കരണം മൂലം കുടികിടപ്പായിക്കിട്ടിയ 10 സെന്റു സ്ഥലംവർഷങ്ങൾക്ക് ശേഷം ഭാഗംവച്ച് ചെറുകുടുംബങ്ങളായി താമസിക്കുന്നു. ഇനിയുള്ള കുടുംബങ്ങൾക്ക് വീട് വയ്കുവാൻ സ്ഥലം ഇല്ലാതായിരിക്കുന്നു.
9. ദാരിദ്ര്യവും ഇല്ലായ്മയും നിരാശാബോധവും മൂലം പരാശ്രയത്തിലും നിസ്സഹായതയിലും എത്തിച്ചേരുന്നു.
10. വിവിധ ക്ഷേമപദ്ധതികൾ ഉണ്ടെങ്കിലും ഒന്നുപോലും ലഭിക്കാത്ത കുടുംബങ്ങളും ഉണ്ട്.
11. തൊഴിലില്ലായ്മ ഇവിടെ രൂക്ഷമാകുമ്പോൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ജനസംഖ്യയ്ക് ആനുപാതികമായി പട്ടികജാതിക്ഷേമപദ്ധതികൾക്ക് തുക നീക്കിവയ്കണം.
2. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി വീടുകളും സന്ദർശിച്ച് വിശദമായ ഒരു പഠന സർവ്വേ നടത്തി ഓരോ കുടുംബത്തിനും അത്യാവശ്യം വേണ്ടകാര്യങ്ങൾ എന്തെന്ന് വിലയിരുത്തുകയും ഒരുമാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും വേണം.
3. ഈ വിഭാഗത്തിലുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി പട്ടികജാതിക്ഷേമ വാർഡ് കമ്മറ്റികൾ ഉണ്ടാക്കുകയും കമ്മറ്റികളുടെ നേതൃത്വത്തിൽ വികസനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.
   a.] വൈദ്യുതി ഇല്ലാത്ത വീടുകളിൽ വൈദ്യുതി എത്തിക്കണം.
   b.] വീടില്ലാത്തമുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീട് നൽകണം.
   c.] വീടുവയ്ക്കാൻ സ്ഥലം ഇല്ലാത്തവർക്ക് വീടും സ്ഥലവും നൽകണം.
   d.] കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് നൽകണം.
   e.] പ്ലാസ്റ്ററിംഗ് നടത്താത്ത വീടുകൾ പ്ലാസ്റ്ററിംഗ് നടത്തി ഇടിഞ്ഞുപൊളിഞ്ഞവയെ പുനരുദ്ധരിക്കുക.
   f.] കോളനികളിൽ ശുദ്ധജലം എത്തിക്കണം, പൈപ്പുലൈനുകളുംസ്ഥാപിക്കണം.
   g.] കോളനികളിൽ ഒന്നിലധികം മുറികളുള്ള പൊതുസേഫ്റ്റി ടാങ്ക് കക്കൂസുകളും സ്ഥാപിക്കുക.

h.] കോളനികളിലല്ലാതെ താമസിക്കുന്നവർക്ക് കിണറുകളും ആരോഗ്യപരമായ കക്കൂസുകളും നൽകുക.

i.] കോളനികളിലേക്കുള്ളതും, കോളനികളിലൂടെ ഉള്ളതുമായ റോഡുകൾ വീതി പരിധിനോക്കാതെ ടാർചെയ്യുഭംഗിയാക്കുക.

j.] കോളനിറോഡുകളിലും കോളനികളിലും അനുയോജ്യമായ സ്ഥലങ്ങളിൽ ഫ്ലൂറസെന്റ് ലാമ്പ്, സോഡിയം വേപ്പർ ലാമ്പ്, ഇവ സ്ഥാപിക്കുക.

k.] കോളനികളോടനുബന്ധിച്ച് ടെലിവിഷൻ കേന്ദ്രവും, വായനശാല/സാംസ്കാരീക കേന്ദ്രവും സ്ഥാപിക്കണം.

4. III, VIII-എന്നീ വാർഡുകൾ കേന്ദ്രീകരിച്ചും, V, VI-എന്നീ വാർഡുകൾ കേന്ദ്രീകരിച്ചും ഓരോ പൊതു ശ്മശാനം ഉണ്ടാവണം.
5. വരുമാനവും ജീവിതനിലവാരവും ഉയർത്തുന്നതിനാവശ്യമായ കൈത്തൊഴിൽ ചെറുകിട വ്യവസായങ്ങൾ ഉണ്ടാക്കുക.

a.] പരമ്പരാഗത തൊഴിലിനമായ കൊട്ട, വട്ടി, പനമ്പ്, പായ മുതലായവ നിർമ്മിക്കുന്നതിനുള്ള പരിശീലനവും ഉൽപാദനപ്രവർത്തനവും സംഘടിപ്പിക്കുക

b.] കോളനികൾ കേന്ദ്രീകരിച്ച് സ്ത്രീത്തൊഴിലാളികൾക്ക് തുന്നൽ പരിശീലനവും വസ്ത്രനിർമ്മാണ യൂണിറ്റും സ്ഥാപിക്കുക.

6. കോളനികൾ കേന്ദ്രീകരിച്ച് കോളനിനിവാസികളെ അംഗങ്ങളാക്കി ഗ്രാമീണ ബാങ്കിംഗ് അതിന്റെ നടത്തിപ്പിനായി വിദ്യാഭ്യാസമുള്ള ഒരു യുവതിയെ ചുമതലപ്പെടുത്തുകയും ഉൽപ്പാദന യൂണിറ്റ് സംഘടിപ്പിക്കുന്നതിന് ധനസഹായവും ചെയ്യുക. ഉൽപ്പന്നം വിറ്റുകിട്ടുന്ന മുറയ്ക് പണം അടയ്കുകയും എടുക്കുകയും ചെയ്യുക. (DWCRA)
7. പട്ടികജാതി സഹകരണസംഘങ്ങൾ സംഘടിപ്പിച്ച് ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുക.
8. വിദ്യാഭ്യാസം നേടിവരുന്നവരുടെ നേതൃത്വത്തിൽ പഠനപരമായി പിന്നോക്കം നില്ക്കുന്നവർക്കു പരിശീലനം നൽകുക.
9. പട്ടികജാതിവികസനവകുപ്പ്, വികസനകോർപ്പറേഷൻ, I. R.D.P. തുടങ്ങിയ മേഖലകളുടെ സഹായപദ്ധതികളെ പരമാവധി ഗുണപരമായി ഉപയോഗപ്പെടുത്തുക.
10. കോളനികളെ I. H.D.P യിൽപ്പെടുത്തി തീവ്രവികസനം സാധിതമാക്കുക.
11. ഓരോവകുപ്പിലും പട്ടികജാതി / വർഗക്ഷേമത്തിനും വകകൊള്ളിക്കുന്ന ഫണ്ട് പൂർണ്ണമായും ഉപയോഗപ്പെടുത്തുകയും പിൽക്കാലത്ത് പ്രത്യുല്പാദനപരവും അധികതൊഴിലവസരങ്ങൾക്കുംസാദ്ധ്യതയുളവാകാൻ ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതുമായ നയം സ്വീകരിച്ചു പഞ്ചായത്തു ഫണ്ട് വിനിയോഗിക്കുക.
12. സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
13. കോളനികൾ കേന്ദ്രീകരിച്ചു ഓരോ അംഗൻവാടികൾ സ്ഥാപിക്കണം.
14. കർഷകതൊഴിലാളി പെൻഷൻ, അഗതിപെൻഷൻ, വാർദ്ധക്യകാലപെൻഷൻ ഇവർക്ക് അർഹതയുള്ള പട്ടികജാതിക്കാർ ഇനിയും ഉണ്ട്. അവർക്കു പെൻഷൻ ലഭിക്കുന്നതിമുള്ള നടപടിയുണ്ടാകണം.
15. തൊഴിലില്ലായ്മ അനുഭവപ്പെടുന്ന നമ്മുടെ നാട്ടിൽ അന്യസംസ്ഥാനങ്ങളിലെ തൊഴിലാളി കൾ തൊഴിൽ രംഗം കൈയ്യടക്കിയിരിക്കുന്നു. കെട്ടിടം പണി, മരപ്പണി ഇവകൾക്ക് തൊഴിലാളികളെ പരിശീലിപ്പിക്കണം.
16. ഓരോകോളനികളും കേന്ദ്രികരിച്ച് ഓരോ മിനിവാട്ടർ സപ്ലൈസ്കിം നടപ്പിലാക്കണം.

വനിത

വികസന പ്രക്രീയയിൽ സ്ത്രീ അവഗണിക്കപ്പെടുന്നതിനെ തിരുത്തുക എന്നത് ഔപചാരിക ലക്ഷ്യങ്ങളിലൊന്നായി ജനകയാസൂത്രണ പ്രസ്ഥാനം കണ്ടത് ശുഭോദർക്കമാണ്.

പിതാരക്ഷതി കൗമാരേ

ഭർത്തോരക്ഷതി യൗവ്വനേ

പുത്രോ രക്ഷതി വാർദ്ധക്യേ

(നഃ സ്ത്രീ സ്വാതന്ത്യമർഹതി)

ഈ ബോധം അറിഞ്ഞോ അറിയാതയോ സമൂഹത്തിൽ നിലനിൽക്കുന്നതിന്റെ ഫലമായി സ്ത്രീകൾ സുരക്ഷിതരാണെന്നുള്ള വിശ്വാസത്തിൽ വീടിനുള്ളിൽ ഒതുങ്ങിക്കുടുക. എന്ന ബോധം അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ ഫലമായി സവർണസമ്പന്ന വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾ സമ്പത്തുല്പാദനരംഗത്തോ സാമൂഹിക സാംസ്കാരിക പ്രവർത്തനരംഗത്തോ കടന്നു വരാൻ തയ്യാറാകുന്നില്ല. ഈ പാരമ്പര്യബോധം പെൺകുട്ടികളെ അടുക്കളയിലമ്മയെ സഹായിക്കാനൊതുക്കിനിർത്തുകയും സമ്പത്തുല്പാദനരംഗത്തുൾപ്പെടെ സാമൂഹ്യരംഗത്തുവരാൻ തടസമായി നില്ക്കുകയും ചെയ്യുന്നു. അഥവാ ഒറ്റപ്പെട്ടാരെങ്കിലും രംഗത്തു വന്നാൽ അവിശുദ്ധയെന്നും അഹങ്കാരിയെന്നും മുദ്രകുത്തി പിന്നോട്ടടിപ്പിക്കുന്ന പാരമ്പര്യമാണുള്ളത്.

ഇതിനെ അതിജീവിച്ച സമ്പത്തുല്പാദനരഗത്ത് കടന്നു വന്നിട്ടുള്ളത് പാരമ്പര്യമായി അവർണജനവിഭാഗമാണ്. കാർഷികതൊഴിലാളിരംഗത്തും കൈത്തൊഴിൽ രംഗത്തും ഈ വിഭാഗം സ്ത്രീകൾ വികസനപ്രക്രിയയിൽ ബന്ധപ്പെട്ടിട്ടുണ്ട്. സവർണവിഭാഗത്തിൽപെട്ട സ്ത്രീകൾ ഗാർഹിക കാലിവളർത്തലിൽ അപൂർവ്വമായി ബന്ധപ്പെട്ടിട്ടുള്ളതായും കാണാം. ഈ പാരമ്പര്യം ജാതിമത ആചാരാനുഷ്ഠാനങ്ങളുടെ അഭേദ്യവുമാണ്. കുടുംബവരുമാനത്തിന്റെ ഭാഗമായി കന്നുകാലി വളർത്തലും കുരുപ്പുകൃഷിയിലും മറ്റും പുരുഷനോടൊപ്പം സവർണവിഭാഗത്തിലെ സ്ത്രീകൾ പണിയെടുത്തിട്ടുണ്ട്. സാമൂഹ്യസാമ്പത്തിക സാഹചര്യങ്ങളിലുണ്ടായ മാറ്റം അവരേയും വീടിനുള്ളിൽ ഒതുക്കുകയോ ജാതി-മത സംഘടനകളിൽ പരിമിതമായിട്ടെങ്കിലും പ്രവർത്തിക്കുവാൻ ഇടയാക്കുകയോ ചെയ്തിതിട്ടുണ്ട്. മറ്റു പൊതുരംഗത്ത് സ്ത്രീകൾ കടന്നു വരുന്നതിന് പരോക്ഷമായി പുരുഷമേധാവിത്തം തടസ്സമായി നിൽക്കുന്നു.

ആഹാരം പാകം ചെയ്യുക, കുട്ടികളെനോക്കുക, വസ്ത്രമലക്കുക, മുറ്റമടിക്കുക എന്നീ ഗാർഹികവ്യത്തിമാത്രമാണ് കുടുംബിനികളുടെ ധർമ്മം എന്ന വിശ്വാസം പരക്കേ അടിച്ചേൽപ്പിക്കപ്പെട്ടതിനാൽ വിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾപ്പോലും പൊതുരംഗത്ത് പ്രവർത്തിക്കാൻ അശക്തരാക്കപ്പെട്ടിരിക്കുന്നു. ഈ സാമുഹ്യസാഹചര്യമാണ് വനിതാ വ്യവസായങ്ങളോ, സഹകരണ സംഘങ്ങളോ, സമാജങ്ങളോ ഒക്കെത്തന്നെ കാര്യമായി നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകാനിടയാക്കാഞ്ഞത്.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വിദ്യാഭ്യാസം, ആരോഗ്യം, കുറഞ്ഞശിശുമരണ നിരക്ക് എന്നീക്കാര്യത്തിൽ അസൂയാവഹമായി മുന്നിൽ നിൽക്കുന്നു. എന്നാൽ സാമൂഹ്യ സാമ്പത്തിക പദവിയുടെ കാര്യത്തിൽ സ്ത്രീകളുടെ നില പരിതാപകര

മാണ്. പ്രത്യക്ഷമോ, പരോക്ഷമോ ആയി വരുമാനം ഉണ്ടാക്കുന്ന തൊഴിലിന് മാത്രമേ സെൻസസിൽ തൊഴിലായി കണക്കാക്കിയിട്ടുള്ളൂ. 1991ലെ കണക്ക് അനുസരിച്ച് 15.85% തൊഴിലുള്ള സ്ത്രീകളെ കേരളത്തിലുള്ളൂ. പ്രഭാതം മുതൽ പ്രദോഷം വരെ മാത്രമല്ല പാതിരാവെത്തുവോളം അവൾ ചെയ്യുന്ന പണിയൊന്നുംതന്നെ 'തൊഴിൽ' അല്ലെന്നും അതൊക്കെ അമ്മയെന്ന നിലയിൽ, ഭാര്യയെന്ന നിലയിൽ, സഹോദരി എന്ന നിലയിൽ, മകളെന്ന നിലയിൽ അവളുടെ കടമ മാത്രമാണെന്നും സാരം.

നമ്മുടെ നാട്ടിൽ സ്ത്രീയുടെ തൊഴിൽപങ്കാളിത്തനിരക്ക് ഉയരാത്തതിന് പല കാരണങ്ങളുമുണ്ട്. മുൻ സൂചിപ്പിച്ച 'നഃ സ്ത്രീ സ്വാതന്ത്ര്യ മർഹതി' എന്ന ധാരണ പ്രധാനമാണ്. കൂലിയിലും സേവനവ്യവസ്ഥയിലും നിലനിവിലുള്ള വിവേചനം, നിയമപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാതെവരുന്നതും പ്രശ്നങ്ങളാണ്. വീട്ടിലും നാട്ടിലും പലവിധ ചൂഷണത്തിനും വിധേയരാകുന്നു. ഇതിലൊക്കെയുപരി പുരുഷമേധാവിത്വം ഒരിക്കലും സ്ത്രീയെ സാമൂഹ്യമായി ഉയർത്താൻ ആഗ്രഹിക്കുന്നില്ല. കാരണം സ്വകാര്യത തന്നെ.

ആരോഗ്യത്തിന് മുൻപന്തിയിൽ നാം നില്ക്കുന്നു എന്ന് കൊട്ടിഘോഷിക്കപ്പെടുമ്പോൾ പോലും ആരോഗ്യ സംരക്ഷണ മേഖല ദുർബ്ബലമാണ്. മാതൃശിശു സംരക്ഷണ ആരോഗ്യ മേഖല പ്രവർത്തനം വളരെ പരിതാപകരമാണ്. ആരോഗ്യമുള്ള അമ്മയും ആരോഗ്യമുള്ള കുട്ടിയും നാടിന്റെ സമ്പത്തായിക്കാണാൻ കഴിയാത്തതാണിതിനു കാരണം. കുടുംബം ആരോഗ്യമുള്ളതാക്കിക്കോണ്ടു മാത്രമേ കുടുംബങ്ങളടങ്ങുന്ന ആരോഗ്യമുള്ള സമൂഹം -കെട്ടിപ്പടുക്കാനാവൂ എന്ന ബോധം ഉണ്ടാകേണ്ടിയിരിക്കുന്നു. എന്നും ദാരിദ്ര്യരേഖയുടെ താഴെയുള്ളവരുടെ കണക്ക് വായിക്കാനല്ലാതെ. അവരുടെ ഏണ്ണം കുറയ്ക്കുവാനോ, അവരെ രേഖയുടെ മുകളിൽ, വേണ്ട, അടുത്തെങ്കിലും എത്തിക്കുവാനുള്ള പ്രവർത്തനവും നീക്കിയിട്ടില്ല എന്ന് കണക്കുകൾ തെളിയിക്കുന്നു.

എന്തൊക്കെയായാലും സ്ത്രീ 'ഒരുമ്പെട്ടാൽ' മാത്രമേ ഇന്നുള്ള പരാധീനതകൾ മാറംക്കൊണ്ട് പുരുഷനോടെപ്പവും -സാമ്പത്തിക സാമൂഹ്യക പദവിയെത്തിപിടിക്കാൻ കഴിയു. ആരുടേയും ഔദാര്യമല്ല തങ്ങളുടെ അവകാശമാണന്നുള്ള ബോധം അവൾക്ക് തന്നെയുണ്ടാവണം. കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ, അതിലൂടെ സമൂഹത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ മാന്യമായി പണിയെടുക്കുവാൻ, ആദ്ധ്യതയും, കുടുംബ മഹിമയും ജാതിചിന്തയും മാറ്റിവെച്ച് കൊണ്ട് സ്ത്രീ തയ്യാറുകുന്ന, അന്ന് മാത്രമേ-സമൂഹത്തിലെ അവളുടെ പദവിഉയരൂ.

1991ലെ കനേഷുമാരി കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിലാകെയുള്ള 13087 പേരിൽ 6286 പുരുഷന്മാരും 6804 സ്ത്രീകളുമാണുള്ളത്. അതായത് ജനസംഖ്യയിൽ52% സ്ത്രീകൾ. വനിതകളാണ് പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്ന് അഭിമാനപൂർവ്വം എടുത്തു പറയേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ 8 വാർഡുകളിൽ 3 എണ്ണം വനിതാ സംവരണമാണ്. 8-ാം വാർഡിൽ മാത്രമാണ് ഒരു വനിതാ വ്യവസായ സഹകരണസംഘം ആദായകരമായി നടപ്പാക്കുവാൻ കഴിയുന്നത്. എല്ലാ വാർഡിലും സ്ത്രീകളാണ് കൂടുതലെന്ന് പട്ടിക തെളിയിക്കുന്നു. തൊഴിൽ പങ്കാളിത്തത്തിൽ സ്ത്രീകളാണ് പിന്നിൽ നില്ക്കുന്നത്.

പട്ടിക-1

സ്ത്രീപുരുഷ കണക്ക് – വാർഡ് തിരിച്ച്

വാർഡ്	പു.	സ്ത്രീ.
I	585	652
II	715	804
III	832	881
IV	716	790
V	822	901

VI	774	889
VII	590	649
VIII	1249	1238

നമ്മുടെ പഞ്ചായത്തിലെ സ്ത്രീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാമ്പത്തിക, സാമൂഹിക, സാംസ്ക്കാരിക, ആരോഗ്യ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു.

പൊതുപ്രശ്നങ്ങൾ.

1. വികസന പ്രക്രിയയിൽ സ്ത്രീ പങ്കാളിത്തക്കുറവ്.
2. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടെ അപര്യാപ്തത.
3. ബഹുജന സംഘടനകളിലെ പങ്കാളിത്തക്കുറവ്.
4. സാംസ്ക്കാരികാബോധക്കുറവ്.
5. വായനാശീലം ഇല്ലായ്മ.
6. സാമ്പത്തിക പിന്നോക്കാവസ്ഥ/തൊഴിലില്ലായ്മ.
7. ആരോഗ്യക്ഷേമ പരിപാലനക്കുറവ്.
8. തൊഴിലധിഷ്ഠിത വിദ്യാഭ്യാസമില്ലായ്മ.
9. തൊഴിൽ മേഖലയിലെ സ്ഥിരതയില്ലായ്മ.
10. കുടുംബന്ധങ്ങളും, പ്രാരബ്ധങ്ങളും-ക്രമീകരിക്കുന്നതിന് വീട്ടിനുള്ളിലേക്കൊതുങ്ങേണ്ടിവരുന്നു.
11. പല കാരണങ്ങളാലും അസംഘടിത (ജാതിമത, സാമ്പത്തിക) രാണ്.
12. വർദ്ധിച്ചു വരുന്ന പീഢനങ്ങൾ, സ്ത്രീധന കൊലപാതകങ്ങൾ, മദ്യപാനാസക്തി, പാശ്ചാത്യ സംസ്ക്കാരത്തിന്റെ കടന്നുവരവും

നിർദ്ദേശങ്ങൾ

1. ബോധവത്ക്കരണ ക്ലാസ്സുകളും ക്യാമ്പുകളും, പഠന യാത്രകളും സംഘടിപ്പിക്കുക.
2. വായനശാലകൾ (നിശാപാഠശാല, നിശാവായനശാല) ഓരോ വാർഡിലും ആരംഭിക്കുകയും -വായിച്ചു കേൾപ്പിക്കുവാൻ ഓരോരുത്തരെ നിർദ്ദേശിച്ച് നിയമിക്കുകയും ചെയ്യുക.
3. മാതൃശിശു ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഓരോ വാർഡിലും ഓരോP.H സെന്റർ ആരംഭിക്കുക മരുന്നിന്റെ ലഭ്യതയും ഡോക്ട്ടറുടേയും നേഴ്സിന്റേയും സാന്നിദ്ധ്യം ഉറപ്പ് വരുത്തുക.
4. ശുചീകരണ പ്രവർത്തനം / സാനിട്ടേഷൻ സമ്പ്രദായം പഞ്ചായത്തിൽ മെച്ചപ്പെടുത്തുക. എല്ലാ വീട്ടിലും കക്കൂസ് നിർബന്ധമാക്കുക. കെട്ടുറപ്പും വൃത്തിയുമുള്ള വീടുകളും, ജനാലകളും വെന്റിലേഷനും ഉള്ള വീടുകൾ ഉറപ്പ് വരുത്തുക.
5. സ്വയം പര്യാപ്ത കുടുംബങ്ങൾ -ആകുന്നതിനാവശ്യമായ നിർമ്മാണോത്പാദന കാർഷിക വ്യവ്യസായ രംഗങ്ങളിൽ സ്ത്രീ പ്രാതിനിത്യം ഉറപ്പ് വരുത്തുക. ഗൃഹാവശ്യ സാധനങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
6. കൈത്തൊഴിൽ പരിശീലന കേന്ദ്രങ്ങൾ-പഞ്ചായത്ത് കേന്ദ്രത്തിൽ പ്രവർത്തിപ്പിക്കുക. കുട്ട, വട്ടി, മുറം, പായ് പരമ്പ് തെങ്ങോല ഉപയോഗിച്ചുള്ള ചൂല്, ചൂരൽ കസേര, ചൂരൽ കൗതുക വസ്തുക്കൾ മുതലായവയുടെ നിർമ്മാണരീതി പഠിപ്പിക്കുകയും നിർമ്മാണം വൻതോതിൽ നടത്തുകയും ചെയ്യുക. വാർഡുകളിൽ 10 പേർക്ക് വീതം പരിശീലനം നൽകി ഉത്പാദനത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ സബ്സിഡി

റേറ്റിൽ വിതരണം ചെയ്യുകയും ഉത്പ്പന്നങ്ങളുടെ വിപണനകേന്ദ്രം തുറക്കുകയും ചെയ്യുക.

7. കറി പൗഡർ നിർമ്മാണ സ്ഥാപനം തുറക്കുക. അനുബന്ധ വ്യവസായമായി അച്ചാർ നിർമ്മാണവും നടത്താൻ കഴിയുക. പഞ്ചായത്തിൽ ആലാ കേന്ദ്രമാക്കി സ്ത്രീകളുടെ വ്യവസായ യൂണിറ്റായി ഇത് ആരംഭിച്ചാൽ 25 സ്ത്രീകൾക്ക് തൊഴിൽ നൽകാനാവും. സെയിൽസ് ഗേൾസിനും പ്രയോജനമാകും.

8. പലഹാര നിർമ്മാണ യൂണിറ്റുകൾ:

ഒരു വാർഡിൽ ഒരു പലഹാര നിർമ്മാണ യൂണിറ്റ് വീതം പ്രവർത്തിക്കാൻ കഴിയണം. 100 സ്ത്രീകൾക്ക് തൊഴിൽ സൗകര്യം ലഭിക്കുന്ന പദ്ധതിയാണിത്. തുടങ്ങിയിട്ടുള്ളതിന് പ്രോത്സാഹനം നൽകുക.

9. പരിശീലനം ലഭിച്ച സ്ത്രീകളുടെ നേതൃത്വത്തിൽ ഒരു വാർഡിൽ, ജാം, സ്ക്വാഷ്, പഴച്ചാറ് എന്നിവയുണ്ടാക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന യൂണിറ്റുകൾ സ്ഥാപിക്കുക. ഒരു വാർഡിൽ 25 പേർ വീതമുള്ള യൂണിറ്റുകളായാൽ 200 വനിതകൾക്ക് തൊഴിലും വരുമാനവും ആകും.

10. പൂകൃഷി, പച്ചക്കറി തോട്ടം, കാർഷിക നേഴ്സറി, ഔഷധ സസ്യകൃഷി, കൂൺകൃഷി. പഞ്ചായത്തിലെ തരിശായി കിടക്കുന്ന ഭൂമിയും മിച്ച ഭൂമിയും-ഭൂരഹിതരായ സ്ത്രീകളുടെ സഹകരണ സംഘം ഉണ്ടാക്കി-അവർക്ക് കൃഷിചെയ്യുവാൻ മാത്രം നൽകുക. സബ്സിഡി നിരക്കിൽ വളവും അത്യുത്പാദന ശേഷിയുള്ള വിത്തും സംഘങ്ങൾക്ക് നൽകുക. വെള്ളം പമ്പ് ചെയ്യുവാൻ പമ്പ് സെറ്റും ഉത്പ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ശീതീകരണിയും സംഘങ്ങൾക്ക് നൽകുക. ഔഷധ സസ്യകൃഷി നടത്തുവാൻ തരിശായി കിടക്കുന്ന കനാൽ പുറമ്പോക്കുകളും ഉപയോഗപെടുത്തുവാൻ ബന്ധപ്പെട്ട വകുപ്പുകളുടെ അനുവാദം വനിതാസഹകരണ സംഘങ്ങൾക്ക് നൽകുക. കൂൺകൃഷിക്ക് പരിശീലനം വേണം.

11. ക്ഷീരോത്പാദന സഹകരണ സംഘങ്ങൾ.

അത്യുത്പാദന ശേഷിയുള്ള കിടാക്കളെ വീട്ടമ്മമാർക്ക് നൽകുകയും-കാലിത്തീറ്റയും, രോഗ പ്രതിരോധകുത്തിവെയ്പ്പും സബ്സിഡി നിരക്കിൽ നൽകുകയും ചെയ്യുക. പാൽസംഭരിക്കുന്നതിനും ന്യായമായവില കർഷകർക്ക് നൽകുന്നതിനും കഴിയുന്ന വിധത്തിൽ സംവിധാനം ചെയ്യണം. വ്യക്തിതാല്പര്യത്തേക്കാളു പരിസാമൂഹ്യതാല്പര്യമായി കാണാനുള്ള പ്രവർത്തിക്കാനും കഴിയണം. പാലുല്പന്നങ്ങൾ നാട്ടിൻ പുറത്ത് തന്നെ ഉത്പാദനവും വിപണനവും നടത്താൻ കഴിയണം. പരിശീലനംനൽകിക്കൊണ്ട് വാർഡ് തലത്തിൽ പാലുല്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയണം. ബഹുഭൂരിപക്ഷം സ്ത്രീകൾക്ക് വാർഡ് അടിസ്ഥാനത്തിൽ വരുമാനം ഉണ്ടാക്കാൻ കഴിയും.

12. കോഴിവളർത്തൽഇറച്ചി/മുട്ട.

കോഴി വളർത്തൽ വ്യക്തികളുടെ വ്യവസായമായും- സംഘങ്ങളായും നടത്തുക. രോഗപ്രതിരോധ കുത്തിവെയ്പ്പ് നടത്തുക അത്യുത്പാദന ശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ സ്ത്രീകളുടെ ചെറുസംഘങ്ങൾക്കും വീട്ടമ്മമാർക്കും വിതരണം ചെയ്യുക. കോഴിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. ഒരു വാർഡിൽ ഒരു വിപണന കേന്ദ്രം വീതം തുറക്കുക. മുട്ടയും ഇറച്ചിയും കേടുകൂടാതെ സൂക്ഷിക്കുന്നതിന് ശീതീകരണികൾ സംഘങ്ങൾക്ക് നൽകുക.

നീർക്കെട്ടുകൾ ധാരാളമുള്ള നമ്മുടെ പഞ്ചായത്തിൽ താറാവ് വളർത്തൽ, മുട്ടയ്ക്കും ഇറച്ചിയ്ക്കും- നല്ല തൊഴിലാണ്. വീട്ടമ്മമാർക്ക്-പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയ

10 താറാവ് കുഞ്ഞുങ്ങളെ വിതരണംചെയ്യുന്ന പദ്ധതി -ഓരോ വാർഡിലും- 25 വീടുകൾക്ക് വീതം നടപ്പാക്കുക.

13. നാളികേര - ഉത്പ്പന്നങ്ങൾ:-

നാളികേര ഉല്പന്നങ്ങളുടെ നിർമ്മാണവും വിതരണവും നടത്തുന്ന സഹകരണസംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക. വാർഡുകളിൽ തേങ്ങാസംഭരണ കേന്ദ്രം തുടങ്ങുക. വാർഡുകളിൽ -ഓരോ ഉത്പ്പന്നങ്ങൾ ഉണ്ടാക്കുവാൻ വേണ്ട വനിതാ സംഘങ്ങൾക്ക് രൂപം നൽകുക. കൊപ്രാ, നാളികേര പാനീയം, വെളിച്ചണ്ണ, ചമ്മന്തി, വറുത്തതേങ്ങ, വറുത്ത തേങ്ങാക്കൊത്ത് എന്നിവ ഓരോ വാർഡിലും സ്ത്രീകൾക്ക് ഉണ്ടാക്കാവുന്നവയാണ്. പഞ്ചായത്ത് വിപണന കേന്ദ്രത്തിൽ കൂടി വിറ്റഴിക്കുവാൻ കഴിയും. ഓരോ വാർഡിൽ 10 പേർക്ക് വീതം തൊഴിൽ നൽകുവാൻ കഴിയുന്ന പദ്ധതിയാണിത്. വെളിച്ചണ്ണ നിർമ്മാണ യൂണിറ്റ് കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ളതാണ്.

14. വസ്ത്രനിർമ്മാണശാല – വിപണന കേന്ദ്രം.

ആധുനിക വസ്ത്ര നിർമ്മാണം ഒരു കലയാണ്. കലാപരമായി ആവശ്യാനുസരണം- നാട്ടിൻ പുറത്തേക്കും-മറു നാട്ടിലേക്കും വസ്ത്രങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ വാർഡു തലത്തിൽ ആരംഭിക്കാം. വാർഡിൽ 50 വീട്ടമ്മമാർ ചേർന്ന് ചെറിയതോതിൽ വിഹിതമെടുത്ത് സംഘം രജിസ്റ്റർ ചെയ്താൽ-തയ്യൽഅറിയാവുന്ന നമ്മുടെ കുട്ടികൾക്ക് തയ്യൽപഠിക്കുന്നതിനും വേണ്ടസംവിധാനം ഉണ്ടാക്കാൻകഴിയും. തയ്യൽ മെഷീൻ വാങ്ങുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും സർക്കാർ സഹായം നൽകുക. മില്ലുകളിൽ നിന്നും നേരിട്ടു തുണിവാങ്ങാൻ സംവിധാനം ഉണ്ടാക്കുക. നൂലിന്റെയും വിലതാങ്ങാനാവാത്തതാണ്. എംബ്രോഡറി പരിശീലനം നാട്ടിൻ പുറത്തെ പെൺകുട്ടികൾക്കു നൽകുവാനും പദ്ധതിപരിപാടിയിടണം.

എല്ലാ വാർഡുകളിലേയും തയ്യൽ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ വാരാന്ത വില്പനകേന്ദ്രങ്ങൾ പഞ്ചായത്ത് കേന്ദ്രത്തിൽ തുറക്കണം. വില്പന നടന്നില്ല എങ്കിലും തൊഴിലെടുക്കുന്നവർക്കുവേതനം നൽകാൻ കഴിയുന്ന വിധത്തിലായി രിക്കണം. സംഘത്തിന്റെ സാമ്പത്തിക സ്ഥിതി. സർക്കാർ ഗ്രാന്റുകൾക്കു മാത്രമേ ഇക്കാര്യത്തിൽ സംഘങ്ങളെ സഹായിക്കാൻ കഴിയൂ.

പാചകസംഘങ്ങൾ

ആരോഗ്യവതികളായ തൊഴിലില്ലാത്ത വനിതകൾക്ക് നടത്തുവാൻ കഴിയുന്ന പരിപാടിയാണ്. വിവാഹസദ്യകൾ, പെരുന്നാൾസദ്യകൾ, ഉത്സവസദ്യകൾ, മറ്റു വിശേഷാവസരങ്ങളിലെ കാപ്പി, ചായ സല്ക്കാരങ്ങൾ, ശവസംസ്കാരാനന്തര സദ്യകൾ ഇവയൊക്കെ ഇന്നു പരമാവധി പ്രധാനങ്ങളാണ്. ഒരു വീട്ടിലെ ആളുകൾക്കുതന്നെ ക്രമീകരിക്കാൻ കഴിയുന്നവയല്ല ഇത്തരം സദ്യകൾ. പാചകം ഒരു കലയാണ്.

സർക്കാർ, സമ്പത്തീക സഹായം നൽകിയാൽ ഓരോ വാർഡിലും 15 സ്ത്രീകൾക്ക് വരുമാന മാർഗമാകുന്ന. ഒരു പദ്ധതിയാണിത്. പാത്രങ്ങൾ, മറ്റ് ഉപകരണങ്ങൾ- മേശ, കസേര, മേശവിരി, മറ്റ് ഡെക്കറേഷനുകൾ എല്ലാം ഉൾപ്പെടുന്ന വനിതായൂണിറ്റുകളാണ് വേണ്ടത്.

16. നമ്മുടെ പഞ്ചായത്തിന്റെ ഒരനുഗ്രഹമാണ്വൻതോതിൽകാണുന്ന തഴ അഥവ കൈത. തഴയുപയോഗിച്ച് പായ മാത്രമല്ല. കൗതുകവസ്തുക്കളും ധാരാളമായി നിർമ്മിക്കുവാൻ കഴിയും. സർക്കാർ പദ്ധതിയായംഗികരിച്ച് ഉല്പന്നങ്ങൾ ഏറ്റെടുത്ത് വിപണനം നടത്തിയാൽ വിദേശപണം നേടിയെടുക്കാൻ കഴിയും.

മുൻപു സൂചിപ്പിച്ചതുപോലെ, ഗ്രാന്റ് കൊടുത്തുകൊണ്ട് നല്ല രീതിയിൽ വികസിപ്പിച്ചെടുക്കാൻ കവിയുന്ന വ്യവസായമാണ് തഴകൊണ്ടുള്ള കൗതുകവസ്തുക്കൾ. തഴപ്പായുടെ സ്ഥാനമിന്ന് പ്ലാസ്റ്റിക് കവർന്നെടുത്തിരിക്കുന്നു. വരുമാനമുള്ള പണിയാണിതെന്നും ബോദ്ധ്യപ്പെടുത്തിയാൽ മാത്രമേ കൂടുതൽ സ്ത്രീകൾ തയ്യാറാവുകയുള്ളു. ഉല്പന്നം വിറ്റഴിഞ്ഞില്ലെങ്കിലും തൊഴിലെടുക്കുന്നവർക്ക് വേതനം കൊടുക്കാൻ കഴിയുന്ന സംഘങ്ങൾ സർക്കാർ സഹായത്തോടെ പ്രവർത്തിപ്പിക്കാൻ കഴിയണം.

എന്തെല്ലാം ഉല്പന്നങ്ങൾ ഉണ്ടാക്കിയാലും വിപണി കണ്ടെത്താൻ കഴിയാത്തതാണ് ഇന്നത്തെ വലിയ പ്രശ്നം. സ്വദേശനിർമ്മിത വസ്തുക്കളോട് ജനങ്ങൾക്ക് താല്പര്യമില്ലാതായിരിക്കുന്നു. ആ താല്പര്യം ജനിപ്പിക്കുന്നതിനും നാടൻ നിർമ്മിതി സാധനങ്ങൾ ഉപയോഗിക്കുന്നതിന്റെ ഗുണവും നേട്ടവും ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിയണം. ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളെ ഒരു പരിധിവരെയെങ്കിലും തടഞ്ഞു നിർത്താൻ കഴിയണം. ദൂരദർശനും ആകാശവാണിക്കും വരുമാനമുണ്ടാകുന്ന കാര്യമെന്ന നിലയിൽ ഏത് പരസ്യവും ചെയ്യുന്നതിനെ നിയന്ത്രിക്കുവാൻ സർക്കാരിനു കഴിയണം. സ്വദേശിയുടെ പ്രചാരവും ഉണ്ടാകണം.

17. വനിതാ സഹകരണ സംഘങ്ങളിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്ത് വിപണന കേന്ദ്രം തുറക്കുക.
18. ചാരിട്ടബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ രജിസ്റ്റർ ചെയ്യുക. സാമൂഹ്യ ക്ഷേമവകുപ്പിൽ നിന്ന് കിട്ടാവുന്ന ആനുകൂല്യങ്ങൾക്ക് വേണ്ട നിബന്ധനകൾ ലഘൂകരിക്കുക.
19. പരസ്പര സഹായസഹകരണ സംഘങ്ങൾ പ്രവർത്തിപ്പിക്കുക. വീട്ടമ്മമാരുടെ ചെറിയ ചെറിയ വിഹിതങ്ങൾ സ്വരൂപിച്ച് അത്യാവശ്യമുള്ള അംഗങ്ങൾക്ക് പലിശ കുറച്ചുവിതരണം ചെയുക.
20. പഞ്ചായത്തിൽ ഒരു വനിതാ വികസനഫണ്ട് സ്വരൂപിക്കുക. പൊന്നിന്റെയും പണത്തിന്റെയും പേരിൽ പീഡിപ്പിക്കപ്പെടുന്ന വരെ സഹായിക്കുവാനും, നിയമസഹായം നൽകുന്നതിനും സഹകരിക്കുക.
21. മദ്യനിരോധനവും സ്ത്രീധന നിരോധനവും സമ്പൂർണ്ണമായി നടപ്പിലാക്കുക. വിവാഹച്ചിലവുകളിൽ നിയന്ത്രണമേർപ്പെടുത്തുക.
22. വൃദ്ധജന സംരക്ഷണ കേന്ദ്രം തുറക്കുക. അബലാ മന്ദിരങ്ങൾ തുറന്ന് പ്രവർത്തിക്കാൻ സർക്കാർ ആനുകൂല്യം നൽകുക.
23. ക്രഷേകളു അംഗൻവാടികളും പ്രവർത്തിപ്പിക്കുവാൻ വേണ്ട നിർദ്ദേശവും സാമ്പത്തിക സഹായവും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.
24. വനിതാ വിവാഹ സഹായഫണ്ട് സ്വരൂപിക്കുക. അർഹരായവരെ ആവശ്യാനുസരണം സഹായിക്കാൻ കഴിയണം. വിധവകളെ സഹായിക്കുന്നതിന് പ്രത്യേക തൊഴിൽ ദാനപദ്ധതികൾ ആവിഷ്കരിക്കണം. ആട്, കോഴി, താറാവ്, എന്നിവയെ സൗജന്യമായി നൽകിക്കൊണ്ട്. അവരുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയണം.
25. സ്വയം തൊഴിൽപദ്ധതിപ്രകാരമുള്ള സ്ത്രീ വ്യവസായ യൂണിറ്റിന് പ്രോത്സാഹനവും ധനസഹായവും ചെയ്യുക.
26. സ്ത്രീകൾ ഗൃഹനാഥകളായിട്ടുള്ള നിർദ്ധന കുടുംബങ്ങർക്ക് സാമ്പത്തിക സഹായം നൽകുന്നകാര്യത്തിൽ മുൻഗണന നൽകേണ്ടതാണ്.

27 സ്ത്രീകൾ കലാകായികരംഗത്തേക്ക് വരുന്നതിന് ആവശ്യമായ സംവിധാനങ്ങൾ വേണ്ടതാണ്.

സഹകരണ മേഖല

1939-45 രണ്ടാം ലോകമഹായുദ്ധം. രാജ്യത്താകെ അതിഭീകരമായ വിലക്കയറ്റം.ഭക്ഷ്യ ക്ഷാമം. ഉപഭോഗ വസ്തുക്കളുടെ പൂഴ്ത്തിവയ്പ്. തിരുവിതാംകൂർ ഗവൺമെന്റ് നാട്ടിൻ പുറങ്ങളിൽ ഭക്ഷണസാധനങ്ങൾ, വസ്ത്രം, തുടങ്ങിയവ സൗജന്യമായും ന്യായവിലയിലും വിതരണം നടത്തി. അവ വിതരണം നടത്താൻ ജനകീയ സമിതികൾ ഉണ്ടായി. പരസ്പര സഹായസഹകരണ പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കാൻ പ്രേരിപ്പിച്ചു.

മാവേലിക്കര ഡിവിഷനിൽപെട്ട ആലാ പ്രവർത്തി കേന്ദ്രമാക്കി കൊല്ലവർഷം 1116 ൽ (1940) ഒരു വിവിധോദ്ദേശ പരസ്പര സഹായ സഹകരണ സംഘത്തിന് ഒരു കൂട്ടം ആളുകൾ ശ്രമിച്ചു. ആലാ പെണ്ണുക്കര കോടുകുളഞ്ഞി പ്രദേശം കേന്ദ്രമാക്കി ഒരു സംഘം രജിസ്റ്റർ ചെയ്തു. 1117 ചിങ്ങം 28ന് രജിസ്റ്റർ ചെയ്ത സംഘത്തിന്റെ പ്രസിഡന്റായി നെടുവന്തറയിൽ ശ്രീ. സി. കെ കൃഷ്ണക്കുറുപ്പും, ആര്യ വിലാസത്ത് A.O. ചാക്കോ സെക്രട്ടറിയുമായിരുന്നു. 104 അംഗങ്ങളോടുകൂടി നെടുവരംകോട് കേന്ദ്രമാക്കി പ്രവർത്തിച്ചുവന്നു. "കർഷകർക്ക് കൃഷിയിറക്കാൻ കടം കൊടുക്കുക, കൃഷി നടത്തുന്നതിന് വളം, വിത്ത്, കാർഷികോപകരണങ്ങൾ വിതരണം ചെയ്യൽ, പലചരക്ക് സ്റ്റോർ നടത്തൽ, കപ്പ, മത്സ്യം മുതലായ ആഹാര സാധനങ്ങൾ ലാഭകരമായും നല്ല രീതിയിലും വില്പന നടത്തൽ, പബ്ലിക്ക് മാർക്കറ്റ് നടത്തൽ, കന്നുകാലികളുടെ നല്ലയിനം അംഗങ്ങൾക്ക് നൽകൽ, മൃഗചികിത്സ സാധിക്കുക, ആരോഗ്യ പ്രവർത്തനം നടത്തുക," എന്നീ ഉദ്ദേശ ലക്ഷ്യങ്ങളായിരുന്നു സംഘം വിഭാവന ചെയ്തത്. നെടുവരംകോട്ട് ശ്രീ. സി. കെ. കൃഷ്ണക്കുറുപ്പിന്റെ വക കെട്ടിടത്തിലായിരുന്നു സംഘം ഓഫീസ്. തുടർന്ന് ഒരു മാർക്കറ്റ് നടത്താൻ ഓഫീസിനോട് ചേർന്ന് 25 സെന്റ് ഭൂമി വിലയ്ക്കുവാങ്ങി അന്തിചന്ത തുടങ്ങി. റേഷൻ വ്യാപാരവും ആരംഭിച്ചു. ആലാ പ്രദേശത്തിന്റെ കിഴക്കൻ മലകളിലെ കാർഷി കോല്പന്നങ്ങളുടെ വില്പന കേന്ദ്രമായി ചന്ത വികസിച്ചു.

സംഘം രജിസ്റ്റർ ചെയ്യപ്പെട്ട് ഒന്നു രണ്ടു വർഷം കഴിഞ്ഞപ്പോൾ ഈ സംഘത്തിലെ ഒരംഗമായിരുന്ന കുരുമ്പോലിൽ ശ്രീ. ഗോപാലപിള്ളയുടെ ശ്രമഫലമായി കോടുകുളഞ്ഞിയിൽ മറ്റൊരു പരസ്പര സഹായ സഹകരണ സംഘം 541-ാം നമ്പരായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. റേഷൻ വ്യാപാരവും തുണിക്കച്ചവടവും തുടങ്ങി. ഇത് ഒരു വിഭാഗം ജനങ്ങൾക്കേ പ്രയോജനപ്പെടുകയുള്ളുവെന്ന് കണ്ട് കോടുകുളഞ്ഞിയിലെ ക്രിസ്തീയ വിഭാഗത്തിലെ ഏതാനം പേർചേർന്ന് 828-ാം നമ്പരായി മറ്റൊരുസംഘം സംഘടിപ്പിച്ചു. ആര്യവിലാസത്ത് A.O. ചാക്കോ പ്രസിഡന്റുമായിരുന്നു.

ഏതാണ്ട് ഒന്നര പതിറ്റാണ്ട് കഴിഞ്ഞപ്പോഴേക്കും ഈ സംഘങ്ങളുടെ പ്രവർത്തനം മന്ദീഭവിച്ചു. കോടുകുളഞ്ഞി സംഘങ്ങൾ പൂർണ്ണമായും നിശ്ചലമായി. കെടുകാര്യസ്ഥതമൂലം നെടുവരംകോട്ടെ സംഘം പ്രവർത്തനവും നിർജ്ജീവമായി. പ്രവർത്തനം സെക്രട്ടറിയിൽ കേന്ദീകരിച്ചു. ഈ അവസരത്തിൽ പെണ്ണുക്കരയിലെ ഏതാനം പേർ ചേർന്ന് സംഘപ്രവർത്തനം ശക്തിപ്പെടുത്താൻ ശ്രമിച്ചു. അംഗത്വമെടുത്ത് പ്രവർത്തന രംഗത്തു വന്നു. സംഘം ബോർഡ് സജീവമായി.

കേരളപ്പിറവിയോടുകൂടി അധികാരത്തിൽവന്ന ജനകീയ ഗവണമന്റ് സംസ്ഥാനത്താകെ കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ ശ്രമിച്ചു. ആലാ പരസ്പര സഹായ സഹകരണ സംഘം പ്രാഥമിക കാർഷിക സഹകരണ സംഘമായി രൂപാന്തരപ്പെട്ടു. പ്രവർത്തന കേന്ദ്രം നെടുവരംകോട്ടു നിന്ന് പെണ്ണുക്കരയിൽ കോയിത്തറ ബിൽഡിംഗ്സിലേക്കു മാറ്റി.

കെ. പി. കൃഷ്ണക്കുറുപ്പ് പ്രസിഡന്റും നാരായണൻ സെക്രട്ടറിയുമായി. വളം, റേഷൻ വ്യാപാരം, തുണിക്കച്ചവടം എന്നിവ അനുബന്ധ പ്രവർത്തനങ്ങളായിരുന്നു. തുടർന്ന് 7 സെന്റ് സ്ഥലം പെണ്ണുക്കര ക്ഷേത്രത്തിനു കിഴക്കുവശത്തായി വാങ്ങുകയും ഒരു കെട്ടിടം പണി കഴിപ്പിച്ച് സ്ഥാപനം അവിടേയ്ക്ക് മാറ്റി. സംഘം പ്രവർത്തനം പതുക്കെപതുക്കെ ശക്തിപ്പെട്ടു. ജനാധിപത്യപരമായ തെരഞ്ഞെടുപ്പും ആരംഭിച്ചു.

1967ൽ അധികാരത്തിൽവന്ന സംസ്ഥാന സർക്കാർ സഹകരണ പ്രസ്ഥാനത്തിന് കൂടുതൽ പ്രാധാന്യം നൽകി. സംസ്ഥാനാടിസ്ഥാനത്തിൽ ഒരു നിയമ വ്യവസ്ഥയുണ്ടായി. കാളി ഫൈഡ് സെക്രട്ടറിയും സ്റ്റാഫും വേണമെന്നു വന്നു. രാമചന്ദ്രക്കുറുപ്പിനു ശേഷം വാസുദേവക്കുറുപ്പ് സെക്രട്ടറിയായി നിയമിക്കപ്പെട്ടു. സംഘം വിവിധ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. വളം, കീടനാശിനി, റേഷൻകട, വസ്ത്രവ്യാപാരം, വിവിധ കാർഷിക കടാശ്വാസ പദ്ധതികൾ, തുടങ്ങിയവ നടപ്പിലാക്കാൻ തുടങ്ങി. തുടർന്ന് സർവ്വീസ് സഹകരണ സംഘം ബാങ്ക് പ്രവർത്തനംകൂടി സ്വീകരിക്കണമെന്നുവന്നു.

സഹകരണ പ്രസ്ഥാനത്തിന്റെ ശക്തിയും പ്രവർത്തനവും സംസ്ഥാനത്താകെ വമ്പിച്ച സ്വാധീനം ചെലുത്തി. ഇതിന്റെ പ്രേരണയായി കോടുകുളഞ്ഞിയിലെ അപ്രത്യക്ഷമായ സംഘങ്ങൾക്കു പകരം മറ്റൊരു സംഘം 341 A നമ്പരായി 1962ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയിരുന്നു. പ്രസിഡന്റ് K.J.കുരുവിളയും സെക്രട്ടറി കെ. എൻ പോത്തനുമായിരുന്നു.

കെ. കെ. വാസുദേവൻ പ്രസിഡന്റായുള്ള ആലാ സംഘം ബോർഡും ജീവനക്കാരുംകൂടി നടത്തിയ ശക്തമായ പ്രവർത്തനഫലമായി 1967ൽ അന്നത്തെ സംസ്ഥാന സഹകരണ മന്ത്രി ബഹു: ബേബി ജോൺ സി. കെ. കൃഷ്ണക്കുറുപ്പിൽ നിന്ന് ആദ്യതുക സ്വീകരിച്ചുകൊണ്ട് ബാങ്ക് ഉൽഘാടനം നിർവഹിച്ചു. തുടർന്ന് ബാങ്ക് വളർച്ചയുടെ ചരിത്രം തന്നെ കുറിച്ചു. സ്വർണ്ണപ്പണയ മിടപാട്, ലേലച്ചിട്ടി, സ്ഥിരവും താല്ക്കാലികവുമായ ഡെപ്പോസിറ്റ് സ്ക്കീം, കെട്ടുതെങ്ങ്, എന്നിവകൂടി ബാങ്കിന്റെ പ്രവർത്തന തുറകളായി. തുടർന്നുവന്ന നിക്ഷേപ സമാഹരണ പദ്ധതിയിലൂടെയും മറ്റു വിധത്തിൽ ഡെപ്പോസിറ്റ് സ്വരൂപിക്കുന്ന പ്രവർത്തിയിലൂടെയും ബാങ്കിന്റെ പ്രവർത്തന മൂലധനം ശക്തിപ്പെട്ടു. ഇന്ന് 3810 അംഗങ്ങളും പതിനൊന്ന് ലക്ഷം രൂപയുടെ ഓഹരി മൂലധനവും രണ്ട് കോടി രൂപയുടെ പ്രവർത്തന മൂലധനവുമുള്ള ബാങ്കായി ഉയർന്നിരിക്കുന്നു. ഐ.ആർ.ഡി.പി. ലോൺ, പട്ടികജാതി ക്ഷേമകടാശ്വാസ പദ്ധതി എന്നീ ഇനങ്ങളിൽ പരിസര സഹകരണ ബാങ്കുകളേക്കാൾ കൂടുതൽ ധനസഹായ വിതരണം നടന്നിരിക്കുന്നുവെന്ന് കണക്കുകൾ ബോധ്യപ്പെടുത്തുന്നു. ബാങ്കുവക നെടുവരംകോട്ട് 5 മുറികളോടുകൂടിയ ഒരു കെട്ടിടവും സ്വന്തമായുണ്ട്.

ഇതേ കാലയളവിൽ കോടുകുളഞ്ഞി സഹകരണ സംഘവും ബാങ്കായി ഉയർത്തപ്പെട്ടു. പ്രസിഡന്റായി K. J. കുരുവിളയും സെക്രട്ടറിയായി മാത്യു രാജനുമായിരുന്നു. സ്ഥിരവും താത്ക്കാലികവുമായ നിക്ഷേപ പദ്ധതി, റേഷൻ വ്യാപാരം, കൺസ്യൂമർ സ്റ്റോർ, വളം, കീടനാശിനി, തുണിക്കച്ചവടം, ചിട്ടി, സ്വർണ്ണപ്പണയ വായ്പാ പദ്ധതി, ഹയർ പർച്ചേയ്സ് വായ്പാ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു. 2094 അംഗങ്ങളും 1 കോടി 48 ലക്ഷം പ്രവർത്തന മൂലധനമുള്ളതുമായ ബാങ്കായി ഉയർന്നു. സാമ്പത്തിക ശേഷിയുള്ള ജനങ്ങൾ കൂടുതലുള്ള പ്രദേശമായതുകൊണ്ട് കാർഷിക കടം എടുക്കൽ വളരെ കുറവാണ്.

ഇന്ന് കോടുകുളഞ്ഞി ബാങ്ക് ആലാ പഞ്ചായത്ത് 6, 7 വാർഡുകളെ പ്രതിനിധീകരിക്കുമ്പോൾ ആലാ ബാങ്ക് 1, 2, 3, 4, 5, 8 വാർഡുകളെ പ്രതിനിധീകരിക്കുന്നു. ആലാ ബാങ്കിന്റെ ഒരു ശാഖ 1, 2, 3 വാർഡുകളെ കേന്ദ്രീകരിച്ച് ആലായിൽ തുടങ്ങണമെന്ന ജനങ്ങളുടെ ആവശ്യം നിലനില്ക്കുന്നു. വിവിധ കാരണങ്ങളാൽ പ്രവർത്തനരംഗത്ത് ഒരു പിന്നോട്ടടി വന്നിട്ടുണ്ട്.

എൺപതുകളോടുകൂടി സഹകരണ രംഗത്ത് കടന്നു വന്ന കക്ഷി രാഷ്ട്രീയ വടംവലിയും, രാഷ്ട്രീയ നേട്ടത്തിനുവേണ്ടി സ്ഥാപനത്തെ ഉപയോഗപ്പെടുത്തലും, സംസ്ഥാന വ്യാപകമായി സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസത്തേയും ദോഷകരമായി ബാധിച്ചത് ഈ പ്രദേശത്തും സ്വാധീനിച്ചിരിക്കുന്നു. അതുകൊണ്ട് ജനങ്ങൾക്ക് സ്ഥാപനത്തോടുള്ള ആത്മാർത്ഥത കുറഞ്ഞുവരുന്നു. നിക്ഷേപകർ മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളിലേക്ക് പോകുന്നു. വിദേശപണം നല്ല സ്വാധീനമുള്ള ഒരു പഞ്ചായത്തായിട്ടും ഈ പഞ്ചായത്തിലെ രണ്ട് സഹകരണ ബാങ്കുകളിലും

അതിനനുസരിച്ച് നിക്ഷേപം ഉണ്ടാകുന്നില്ല. വായ്പകൾ എടുക്കുന്നവർ തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തുന്നു. സാധാരണക്കാരന്റെയും ദരിദ്ര ജനവിഭാഗത്തിന്റേയും സഹായ ഹസ്തമാകേണ്ട ഈ സ്ഥാപനങ്ങൾ ആവശ്യത്തിനുയർന്ന് അവരെ സഹായിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ ഫണ്ട് ഡെപ്പോസിറ്റിലൂടെ കിട്ടുന്നില്ല. സർക്കാർ ഗ്രാന്റ് മുൻകാലങ്ങളിലേപ്പോലെ കിട്ടാതെവരുന്നതു മൂലം കാർഷിക മേഖലയിലേക്ക് കൂടുതൽ ഇടപെടുന്നതിന് കഴിയാതെ വരുന്നു. ബാങ്കിംഗ് നിയമവ്യവസ്ഥ കൂടിയുള്ള സഹകരണബാങ്കുകളെ പഴയ പരസ്പര സഹായ സഹകരണ പ്രസ്ഥാനത്തിന്റെ സ്വഭാവത്തിൽ കാണുന്ന സമീപനത്തിന് ഒരു മാറ്റം ഉണ്ടാകേണ്ടതാണ്.

പരമ്പരാഗത കൈത്തൊഴിൽ പ്രോത്സാഹന പദ്ധതി ആവിഷ്കരിക്കാനും അതുവഴി തൊഴിൽ ലഭ്യതയും വരുമാന മാർഗ്ഗവും ഉണ്ടാവുകയെന്ന ലക്ഷ്യമിട്ട് 1988 ൽ ആലാ ഉമ്മാത്തിൽ ഹരിജൻ ഹാൻഡ് ക്രാഫ്റ്റ് കോ-ഓപ്പറേറ്റീവ് എന്ന പേരിൽ 45 അംഗങ്ങളും 1800 രൂപ ഓഹരി മൂലധനത്തോടും കൂടി ആരംഭിച്ചു. ശ്രീ. എം. സി. തങ്കപ്പൻ, എം. സി. കൊച്ചുകുഞ്ഞ് തുടങ്ങിയവരുടെ ശ്രമഫലമായി രൂപംകൊണ്ട ഈ സ്ഥാപനം ഏതാനും വർഷം പ്രവർത്തന പ്രക്രിയയിൽ ഏർപ്പെട്ടു. തഴപ്പായ നെയ്ത്തും വില്പനയുമായിരുന്നു മുഖ്യ തൊഴിൽ സംരംഭം എന്നാൽ തൊഴിൽ ലാഭകരമല്ലാത്തതിനാൽ അതിന്റെ പ്രവർത്തനം നിലച്ചിരുന്നു.

കാരക്കാട്ട് രാജശേഖരൻ നായരുടെ ശ്രമഫലമായി 105 അംഗങ്ങളും 1160 രൂപയുടെ ഓഹരി മൂലധനവുമായി 1990ൽ ഒരു ക്ഷീരോല്പാദക സഹകരണസംഘം ആലായിൽ ആരംഭിച്ച് പ്രവർത്തനം തുടങ്ങി. ഇന്നും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ അതിനു മുൻപ് കോടുകുളഞ്ഞിയിൽ ആരംഭിച്ച ക്ഷീരോല്പാദക സഹകരണ സംഘം പാൽ ആവശ്യത്തിന് കിട്ടായ്കയാൽ നിന്നു പോയി. അതിനു പരിഹാരം കാണാനോ പ്രവർത്തനം നടത്താനുള്ള താൽപര്യം കാണിക്കാനോ ശ്രമിച്ചില്ല.

പെണ്ണുക്കരയിൽ ശ്രീമതി ശോശാമ്മാ പൊടിയന്റെ ശ്രമഫലമായി 1990ൽ 60 അംഗങ്ങളും 10,000 രൂപയുടെ മൂലധനത്തോടുകൂടി ആലാ ഹരിജൻ വനിതാ സ്റ്റോൺമെറ്റൽ ക്രഷിംഗ് വ്യവസായസഹകരണസംഘം ആരംഭിച്ചു. പാറ (റബ്ബിൾ) മറ്റ് സ്ഥലങ്ങളിൽനിന്ന് ഇറക്കി മെറ്റലടിക്കുകയാണ് പ്രവർത്തി. നാല്പതോളം സ്ത്രീകൾ മെറ്റൽ അടിയിൽ ഏർപ്പെട്ടിരിക്കുന്നു. ഇന്ന് സ്വന്തംസ്ഥലം സ്വന്തം സ്ഥലം വാങ്ങി ആ സ്ഥലത്തേക്കു മാറ്റിയിരിക്കുന്നു. വികസിപ്പിച്ചാൽ കൂടുതൽ തൊഴിൽ സാധ്യത പട്ടികജാതി സ്ത്രീകൾക്കുണ്ടാക്കികൊടുക്കാൻ കഴിയും.

ഇതേ കാലയളവിൽ പട്ടുനൂൽവ്യവസായ പ്രോത്സാഹനാർത്ഥം സംസ്ഥാനമൊട്ടാകെ വിശേഷിച്ച് ആലപ്പുഴ ജില്ലയിൽ വ്യപകമായി ആരംഭിച്ച സെറികൾച്ചറൽ സൊസൈറ്റി ആലായിലും സ്ഥാപിച്ചിരുന്നു. എന്നാൽ മൾബറി കൃഷിയും കൊക്കൂൺ ഉല്പാദനവും കാര്യമായി ശക്തിപ്പെടാതിരുന്നതുമൂലം പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനവും നിലച്ചു.

പഞ്ചായത്തിന്റെ പ്രാദേശിക പദ്ധതിയിൽ നിർണ്ണായകമായ ഒരു പങ്ക് സഹകരണ പ്രസ്ഥാനങ്ങൾ നിർവ്വഹിക്കാനിടയാകും. വിവിധ മേഖലകളിൽ സംഘങ്ങൾ ഉണ്ടാകുന്നതിന് അനുയോജ്യമായ ഒരു പഞ്ചായത്താണിത്.

പ്രശ്നങ്ങൾ

- സഹകരണരംഗത്ത് സങ്കുചിത രാഷ്ട്രീയം കടന്നുവന്നിട്ടുണ്ട്.
- മാനേജ്മെന്റുകൾ സഹകരണസ്ഥാപനത്തെ ശക്തിപ്പെടുത്തുന്നതിന് മുൻനിന്ന് പ്രവർത്തിക്കാത്ത പൊതുസ്ഥിതി.
- ജനാധിപത്യ മത്സരങ്ങൾ തെരഞ്ഞെടുപ്പ് സമയത്ത് നടക്കുണ്ടെങ്കിലും തെരഞ്ഞെടുപ്പു കഴിഞ്ഞാൽ ബോർഡ് തീരുമാനങ്ങൾ എടുക്കുന്ന കാര്യത്തിൽ മാത്രം പ്രവർത്തനം ഒതുക്കുന്നു. നിരീക്ഷണവും ശ്രദ്ധയും ദൈനംദിന പ്രവർത്തനത്തിൽ വേണ്ടത്രയില്ല.
- മിക്ക സ്ഥാപനങ്ങളിലും ദുർവ്യയം നടക്കുന്നു.
- പുതിയ മേഖലകളിലേക്ക് പ്രസ്ഥാനങ്ങൾ വ്യാപരിച്ച് കൂടുതൽ ജനക്ഷേമപരിപാടികൾ നടത്താനുളള ആത്മധൈര്യം കാണിക്കാതിരിക്കൽ

- ☞ ഓഹരിഉടമകൾ സഹകരണസ്ഥാപനത്തെ തന്റെ സ്ഥാപനമെന്നുകൂടി കാണാത്ത അവസ്ഥ.
- ☞ ആവശ്യക്കാർക്ക് ആവശ്യമനുസരിച്ച് സഹായം യഥാസമയം നൽകാൻ കഴിയുന്നില്ല.
- ☞ തിരിച്ചെടുക്കൽ യഥാസമയം നടക്കുന്നില്ല.
- ☞ സഹകരണ സ്ഥാപനങ്ങളെ ജനങ്ങളുടെ അനുദിനബന്ധസ്ഥാപനമാക്കാൻ കഴിയുന്നില്ല.


നിർദ്ദേശങ്ങൾ

- ✍ പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കൽ
  പഞ്ചായത്തിൽ രണ്ട് ക്രഡിറ്റ് സംഘങ്ങളാണിന്നുള്ളത്. മറ്റ് മേഖലകളിൽ സംഘങ്ങൾ ഉണ്ടാകണം.
- ❑ പാലധിഷ്ഠിത ഉല്പാദനയൂണിറ്റ് വനിതാ സഹകരണസംഘത്തിലൂടെ സ്ഥാപിക്കുവാൻ കഴിയും ഈ വിധത്തിലുള്ള സംഘത്തിന് നല്ല സാമ്പത്തിക സഹായം ലഭിക്കും. തയ്യാറുള്ള യുവതികൾ ഗ്രാമസഭാറിപ്പോർട്ടുകളിലൂടെ മുന്നോട്ടു വന്നിട്ടുണ്ട്.
- ❑ റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം ആരംഭിക്കൽ
  പഞ്ചായത്തിൽ റബ്ബർകൃഷി നല്ല നിലയിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു. സമീപപഞ്ചായത്തുകളേക്കാൾ വൻതോതിൽ റബ്ബർ ഉല്പാദിപ്പിക്കുന്ന പ്രദേശമാണിത്. ഷീറ്റ് വാങ്ങൽ, വില്പന, റബ്ബർ കൃഷിക്കാർക്ക് വളം, കീടനാശിനി നൽകൽ, റബ്ബർഉല്പാദനത്തിനുള്ള ഉപകരണങ്ങൾ നൽകൽ, റബ്ബർ പാൽ ശേഖരിച്ച് വില്ക്കൽ, റബ്ബറധിഷ്ഠിത ചെറുകിടവ്യവസായം ആരംഭിക്കൽ എന്നീ പ്രവർത്തനങ്ങൾ ഈ സംഘംവഴി സംഘടിപ്പിക്കണം.
- ❑ സെറി കൾച്ചറൽ സൊസൈറ്റി പുനസംഘടിപ്പിക്കുക. മൾബ്ബറി കൃഷിക്ക് അനുയോജ്യമായ മണ്ണുള്ള പ്രദേശമാണ്. വനിതകൾക്ക് നല്ല തൊഴിൽ അവസരമുണ്ടാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ് ഇപ്പോൾ മൂന്ന്നാല്പേർ മൾബ്ബറി കൃഷിയും കൊക്കൂൺ ഉല്പാദനവും നടത്തുന്നു. കൊക്കൂൺ സംസ്കരണംഉൾപ്പെടെ ലക്ഷ്യമിട്ടുകൊണ്ട് ഈ സൊസൈറ്റി പ്രവർത്തനം സംഘടിപ്പിക്കാവുന്നതാണ്.
- ❑ വിവിധ വനിതാ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കാൻ വീടുകളിൽ തന്നെ ഉല്പാദക പ്രക്രിയയിൽ ഏർപ്പെടൽലക്ഷ്യമിട്ട് റോ മെറ്റീരിയൽസ് വിതരണവും ഉല്പന്ന ശേഖരണവും മാർക്കറ്റിംഗും ഏറ്റെടുക്കുകയും ചെയ്യുന്ന തരത്തിൽ സൊസൈറ്റി സംഘടിപ്പിക്കാം.
- ❑ കോടുകുളഞ്ഞിയിലെ നിന്നുപോയ പാൽ ഉല്പാദക സഹകരണസംഘം പുനഃസംഘടിപ്പിക്കുക.
  4,5,6,7 വാർഡുകളിലെ പാൽ ഉല്പാദകരിൽ നിന്ന് പാൽശേഖരിക്കത്തക്കവിധം കേന്ദ്രമാക്കികൊണ്ട് പുനസംഘടിപ്പിച്ചാൽ പാൽക്ഷാമം പരിഹൃതമാകും ക്ഷീര വികസനത്തിന് പദ്ധതി രേഖയിൽ പ്രാധാന്യം നൽകിയിരുന്ന ഈ അവസരത്തിൽ ഒരു സൊസൈറ്റി ഉണ്ടാക്കേണ്ടതുണ്ട്.
- ❑ ഒരു മാർക്കറ്റിംഗ് സൊസൈറ്റി സംഘടിപ്പിക്കുക.
- ❑ പ്രാഥമിക കാർഷിക വികസനബാങ്കിന്റെ ശാഖ ചെങ്ങന്നൂർ താലൂക്കിലില്ല. താലൂക്കടിസ്ഥാനത്തിൽ വേണം ആലായിൽ അതിന്റെ ഒരു ശാഖ ആരംഭിക്കാവുന്നതാണ്.
- ❑ ആലാ പഞ്ചായത്തും പരിസരപഞ്ചായത്തുകളും പ്രവർത്തനപരിധിയാക്കികൊണ്ട് ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുക.
- ❑ മത്സ്യവളർത്തലിനും മത്സ്യബന്ധനത്തിനും ഈ പഞ്ചായത്തിൽ വൻസാധ്യതയാണുള്ളത്. ഒരു സഹകരണസംഘം വഴി ഇത് സംഘടിപ്പിക്കാവുന്നതാണ്.

ആലായിൽ ഉണ്ടായിരുന്ന ഹരിജൻ സഹകരണസംഘം വഴി ഇത് സംഘടിപ്പിക്കാവുന്നതാണ്

- ❑ എല്ലാ പരമ്പരാഗത കൈത്തൊഴിലുകളും നാര്, ഈറ, മുള, ചിരട്ട കുളഞ്ഞി മുതലായ വസ്തുക്കൾ ഉപയോഗിച്ചുള്ള കരകൗശലവസ്തു നിർമ്മിക്കലും ലക്ഷ്യമിട്ടുകൊണ്ട് ഒരു വനിതാ സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.

- അയൽക്കൂട്ട പരസ്പര സഹായസഹകരണപദ്ധതി നടപ്പാക്കാവുന്നതാണ്. ജനങ്ങൾ അടുത്തടുത്തു താമസിക്കുന്ന പ്രദേശങ്ങൾ, കോളനികൾ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് അംഗങ്ങളെ ചേർത്ത് സംഘം ഉണ്ടാക്കാവുന്നതാണ്. ഓരോ അംഗത്തിൽ നിന്നും ഷെയർ എടുത്ത് ബാങ്കിൽ നിഷേപിച്ച് ബാങ്ക് വായ്പയും കൂടി സംഘടിപ്പിച്ച് കിട്ടുന്ന സംഖ്യ ഏതെങ്കിലും വരുമാനപദ്ധതികൾക്കായി ആവശ്യം വേണ്ടവർക്ക് സാമ്പത്തിക സഹായം ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യമാകേണ്ടത്. പലിശയിലൂടെ മൂലധനവർദ്ധനവ് ഉണ്ടാക്കി കൂടുതൽ ആളുകളെ സഹായിക്കാൻ കഴിയും.
- ആലാ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്റ്റോൺ മെറ്റൽ സൊസൈറ്റിയുടെ പ്രവർത്തനം വിപുലപ്പെടുത്തുക.
  - ★ കൂടുതൽ ആളുകൾക്ക് സ്റ്റോൺമെറ്റൽഅടിയിൽ തൊഴിൽ കൊടുക്കുക.
  - ★ ഹോളോബ്രിക്സ്, സിമന്റ് ഇഷ്ടിക, സ്ലാബ് മതിൽ, കോൺക്രീറ്റ് റിംഗ് മുതലായ വകൂടി അനുബന്ധപ്രവർത്തനങ്ങളാക്കുക.
- തുടങ്ങുന്ന വ്യവസായ സഹകരണസംഘത്തിന്റെ വിജയത്തിന് പ്രത്യേകം പ്രത്യേകം പരിശീലനം നൽകുക.
- നിലവിലുള്ള ഉല്പാദക സഹകരണസംഘങ്ങളായ പാൽസൊസൈറ്റി, സ്റ്റോൺമെറ്റൽ എന്നിവയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക.
- സർവ്വീസ് സഹകരണബാങ്കുകളുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുക. കൺസ്യൂമർ സ്റ്റോർ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക എല്ലാ കർഷകരേയും അംഗങ്ങളാക്കി ഉല്പന്ന ശേഖരണവും നല്ലവിലയും നേടികൊടുക്കുക. മറ്റ് കാർഷികോല്പന്ന ശേഖരണവും വില്പനയും ഏറ്റെടുക്കുക. ഹയർപർച്ചേഴ്സ് സ്കീം നടപ്പിലാക്കുക.
- ആലാ സർവ്വീസ് സഹകരണബാങ്കിന്റെ ഒരു ശാഖ ആലായിൽ സ്ഥാപിക്കുക.
- ആലാ ബാങ്കിന്റെ നെടുവരംകോടുള്ള സ്ഥലം പൊതുമാർക്കറ്റാക്കുക.
- എല്ലാ സൊസൈറ്റികളിലും സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കി പ്രവർത്തനം സുതാര്യമാക്കുക
- ജനറൽ ബോഡികളും മറ്റ് യോഗങ്ങളും ചടങ്ങുകളാക്കതെ ജനപങ്കാളിത്തം പരമാവധി വർദ്ധിപ്പിക്കുവാൻ ശ്രമിക്കുക.
- സഹകരണബാങ്ക് പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന പദ്ധതിയെ സാമ്പത്തികമായി സഹായിക്കുന്ന സ്ഥാപനമാക്കി ഉയർത്തുക. (വ്യവസായം ഉല്പാദനയൂണിറ്റ്കാർഷികരംഗം തുടങ്ങിയവ.)
- അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള സ്കീമുകൾ സംഘടിപ്പിക്കുക.
- പഞ്ചായത്തിലെ സർവ്വീസ് സഹകരണ മേഖലയിൽ പഞ്ചായത്തിന്റെ ഇടപെടൽ ഉണ്ടാവുക.
- സഹകരണസംഘങ്ങളിൽ നിന്നുള്ള വിവിധ വായ്പാ പദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണം.
- നെടുവരംകോട് കേന്ദ്രമാക്കി ഒരു മൾട്ടിപർപ്പസ് വനിതാ സഹകരണസംഘം സ്ഥാപിക്കുക.
- കൃഷി ക്കാരുടേതായ സഹകരണസംഘം സ്ഥാപിക്കുക (Farmers Co-operative Society)
- ഒരു ഉപഭോക്തൃ സഹകരണസംഘം സംഘടിപ്പിക്കുക.




പട്ടിക 9

സർവ്വീസ് സഹകരണസ്ഥാപനങ്ങളുടെ സ്ഥിതിവിവരം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ച വർഷം	പ്രവർത്തന പരിധി	ഓഹരി മൂലധനം രു. സ			കടം രു. സ	നിക്ഷേപം		ജീവനക്കാരുടെ എണ്ണം	എസ്റ്റാബ്ലിഷ്മെന്റ് ചെലവ്
		വായ്പകൾ		ലാഭമോ നഷ്ടമോ				കാർഷികം	കാർഷികേതരം		
1	ആലാ സർവ്വീസം സഹകരണബാങ്ക്	1940 (1116)	1,2,3,4,5,8 വാർഡുകൾ	3810	1100000	-	30000000	2200000	9500000	7 -	420000
2	കോടുകുളഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് No.A.341	1976	6,7 വാർഡുകൾ	2094	448161 -		14335965	2453764	8673230	7	360797

മറ്റ് സഹകരണസ്ഥാപനങ്ങളുടെ വിവരം

1	ആലാ ഹരിജൻ വനിതാ സ്റ്റോൺ മെറ്റൽ ക്രഡിറ്റ്	1989	ആലാപഞ്ചായത്ത്	60	10000	-	-വ്യവസായസഹകരണസംഘം	1	21000
2	ആലാ ക്ഷീരോല്പാദക സഹകരണ സംഘംNo.A.190	1990	ആലാപഞ്ചായത്ത്	105	1160	-	-വ്യവസായസഹകരണസംഘം	1	-
3	ആലാ ഹരിജൻഹാന്റി ക്രാഫ്റ്റ്	1988	1,3,8, വാർഡുകൾ	45	1800	-	പ്രവർത്തനം നിലച്ചുപോയി		-





വിഭവ സമാഹരണം

ആമുഖം

വികസനപരിപാടികൾക്കായി സംസ്ഥാന സർക്കാരിൽനിന്ന് ലഭിക്കുമെന്നുള്ള ഉറപ്പു തന്നെ പഞ്ചായത്തിന്റെ വിഭവസമാഹരണത്തിനു അടിസ്ഥാനപരമായ കെട്ടുറപ്പുനൽകുന്നു. ആലപ്പുഴ ജില്ലയുടെ തെക്കുകിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന ചെങ്ങന്നൂർ താലൂക്കിലെ ആലാപഞ്ചായത്തിന്റെ 40% മലമ്പ്രദേശവും 30% തറപുരയിടവും 30% നെൽവയലുകളുമാണ്. വിഭവസമാഹരണം സംബന്ധിച്ചുള്ള റിപ്പോർട്ടുതയ്യാറാക്കുന്നതിനു ആധാരമായ വിവരണങ്ങളും വസ്തുതകളും താഴെപറയുന്ന പ്രകാരമാണു ശേഖരിച്ചിട്ടുള്ളത്.

(1) എട്ടുവാർഡുകളിലേയും ഗ്രാമസഭാറിപ്പോർട്ടുകൾ.

(2) പഞ്ചായത്തു രേഖകളിൽനിന്നും ലഭിച്ച സ്ഥിതിവിവര കണക്കുകളും ഡിപ്പാർട്ടുമെന്റ് റിപ്പോർട്ടുകളും.

(3) ഭൂപ്രകൃതി പഠന പര്യടനങ്ങളിൽനിന്നും ലഭിച്ച വിവരങ്ങൾ

വികസനത്തെപ്പറ്റി ആസന്നഭൂതകാലങ്ങളിൽ അല്പാല്പമായി നമ്മുടെ ബോധമണ്ഡലത്തെ ഗ്രസിച്ച തെറ്റായ ധാരണകളും സങ്കല്പങ്ങളും തിരുത്തിക്കുറിക്കേണ്ടുന്ന സമയം വൈകിയിരിക്കുന്നു. "പത്തായം പെറും, ചക്കികുത്തും, ഉണ്ണിയുണ്ണും" എന്ന പഴഞ്ചൊല്ലുപോലെ നമുക്കുവേണ്ടി മറ്റാരെങ്കിലും ചിന്തിക്കും പ്രവർത്തിക്കും എന്ന നിഷ്ക്രിയഭാവം നമ്മേ മുഴുവനായി വിഴുങ്ങും മുമ്പ് നമ്മുടെ കർമ്മശക്തിയായ കുണ്ഡലിനിയെ ഉദ്ദീപിപ്പിക്കുക! "ഉത്തിഷ്ഠതാ ജാഗ്രത"

മനുഷ്യന്റെ കർമ്മശക്തിയാണ് ഏറ്റവും വലിയ വിഭവം. അത് നമുക്ക് വേണ്ടുവോളമുണ്ട്. ആലാഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 13087 ആണ്. ഇത് 1991-ലെ കണക്കാണ്. ഫല ഭൂയിഷ്ടമായ മണ്ണ്, സമൃദ്ധമായ ജൈവസമ്പത്ത്, ഇച്ഛാനുസരണമുള്ള ജലസമ്പത്ത് ഇതുകൊണ്ട് അനുഗ്രഹീതമാണ് നമ്മുടെ പഞ്ചായത്ത്. വർഷം മുഴുവനും ജലം ലഭ്യമാകുന്ന പാറാത്തപ്പള്ളി, കുഴിപ്പുഴ, പിടിക്കയം, പൂമല, തോട്ടംകര, പച്ചംവേലിൽ, കരികുളം എന്നീപ്രകൃതിദത്തമായ ജലസംഭരണികളും നാമമാത്രമായിട്ടാണെങ്കിൽപോലും ഇവയെ പരസ്പരം ബന്ധിപ്പിക്കുന്ന തോടുകളുമുണ്ട്.

പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളുടേയും ജീവിതമാർഗ്ഗം കൃഷിയാണ്. മലമ്പ്രദേശങ്ങളിൽ പരമ്പരാഗതമായി കൃഷിചെയ്തിരുന്ന കിഴങ്ങു വർഗ്ഗങ്ങൾ, ഏത്തവാഴ, ചുരുങ്ങിയ തോതിലുള്ള കശുമാവുകൃഷിഎന്നിവ ഏതാണ്ടുപൂർണ്ണമായും റബ്ബർകൃഷിക്കു വഴിമാറികൊടുത്തിരിക്കുന്നു. തറപ്രദേശങ്ങളിൽ തെങ്ങ്, പച്ചക്കറി, വാഴ, ചേമ്പ്, ചേന തുടങ്ങിയവ കൃഷി ചെയ്യുന്നു. ഇവിടെയും റബ്ബർകൃഷി ചെറിയ തോതിൽ വ്യാപിച്ചുവരുന്നു. ജല നിർഗ്ഗമനത്തിനുള്ള സൗകര്യക്കുറവ്, വളം, കീടനാശിനി തുടങ്ങിയവയുടെ വില വർദ്ധന, കൃഷിപ്പണിക്കുള്ള കൂലിവർദ്ധന ഇവയും സീസണിലുള്ള കൃഷിതൊഴിലാളികളുടെ ലഭ്യതക്കുറവുംമൂലം നെൽകൃഷി വളരെയേറെ കുറഞ്ഞുവരുന്നു. വയലുകൾ നികത്തി കരഭൂമിയാക്കുന്ന പ്രവണതയും ഉണ്ട്.

ആലാപഞ്ചായത്തിലുള്ള 2884 വീടുകളിൽ 536 വീടുകളിൽ വിദേശ പണ സ്വാധീനമുണ്ട്. ഇതിൽ 40അമേരിക്ക, 416 ഗൾഫ് നാടുകൾ ബാക്കിമറ്റു യൂറോപ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ; പിരിഞ്ഞു വന്നവരുടെ എണ്ണം120 ആണ്. പരമ്പരാഗതമായ ഇരുമ്പുപണി, തടിപ്പണി, തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന 40 കുടുംബങ്ങളുണ്ട്. സർക്കാർ അർദ്ധ സർക്കാർ ജീവനക്കാരായി 640 പേർ ഏതാണ്ട് അത്രത്തോളംവരും. പ്രതിരോധ സേനയിൽ 400 പേർ ജോലിചെയ്യുന്നു.




ജന്മികുടുംബങ്ങൾ	2	കുടുംബങ്ങൾ
ചെറുകിടകർഷകർ	1002	„
കർഷകത്തൊഴിലാളികൾ	820	„
ടാപ്പിംഗ് തൊഴിലാളികൾ	86	„
തെങ്ങുകയറ്റത്തൊഴിലാളികൾ	21	„
ഡ്രൈവർമാർ (വിവിധ ഇനം)	412	„
റേഷൻ വ്യാപാരികൾ	8	„
കച്ചവട സ്ഥാപന ഉടമകൾ	118	„
മറ്റുതൊഴിലാളികൾ	415	„

ഉയർന്നജീവിത നിലവാരം പുലർത്തുന്ന 30% ആളുകളുള്ളതും പൊതുവെ സാമ്പത്തിക നിലവാരമുള്ള പഞ്ചായത്താണിത്. എന്നാൽ പഞ്ചായത്തിന്റെ വരുമാനം കണക്കാക്കിയാൽ ആലപ്പുഴ ജില്ലയിലെ വരുമാനം കുറഞ്ഞ പഞ്ചായത്തുകളുടെ പട്ടികയിൽ പെടുന്നതുമാണ് ആലാ. തനതുചെലവും കണക്കാക്കിയാൽ പ്രതിവർഷം രണ്ടരലക്ഷം രൂപാ കമ്മിയിൽ നിൽക്കുന്ന പഞ്ചയാത്താണിത്. പട്ടിക അന്യത്ര ചേർത്തിരിക്കുന്നു. അതായത് സ്വന്തം വരുമാനം കൊണ്ടു യാതൊരു വികസന പ്രവർത്തനങ്ങളും നടത്താൻ പഞ്ചായത്ത് പര്യാപ്തമല്ല. J.R.Y, അൺടൈഡ് ഫണ്ട് എന്നീ കേന്ദ്ര സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ മൂലം അഞ്ചു വർഷമായി ഏതാണ്ട് 18 ലക്ഷം രൂപായുടെ വികസന പ്രവർത്തനങ്ങളാണ് ഈ പഞ്ചായത്ത് പ്രദേശത്ത് നടന്നത്. അതിൽ നല്ലൊരു സംഖ്യ ക്ഷേമപ്രവർത്തനങ്ങൾക്കായി മാറുന്നു. ബാക്കിസംഖ്യ റോഡുകൾ, തോടുകൾ, കലുങ്ക്, ഭൂവികസനം മുതലായവയ്ക്കുവേണ്ടി വിനിയോഗിച്ചു. കൂടാതെ രാഷ്ട്രീയ സ്വാധീനം മൂലമുള്ള M.P, M.L.A വഴികളിലൂടെയുള്ള ഏതാനും സ്ഥായിയായുള്ള വികസനപ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. എന്നാലും അടുത്ത അഞ്ച് വർഷക്കാലംകൊണ്ട് സംസ്ഥാന സർക്കാരിൽ നിന്നുലഭിക്കുന്ന തുകയോടൊപ്പം പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തി പരമാവധിവികസനം ആലാപഞ്ചായത്തിനു കൈവരിക്കാം എന്ന് നമുക്ക് പ്രത്യാശിക്കാം.

കഴിഞ്ഞ വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ പത്തുവർഷത്തിനുശേഷം നികുതി വരുമാനം ഇരട്ടിയിൽ അധീകരിച്ചിട്ടുണ്ട്. നികുതിയിതരവരുമാനങ്ങളായിട്ടുള്ളതും മൂന്നിരട്ടി വർദ്ധിച്ചിട്ടുണ്ട്. അൺടൈഡുഫണ്ടിന്റെ കണക്ക് എന്നാൽത്തന്നെ 96 97ലെ വിഹിതം മുൻവർഷത്തേക്കാൾ മൂന്നിരട്ടിയിൽ കൂടുതലാണ്. എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റായി തുക ലഭിക്കുന്നുണ്ട്.

ഈ പഞ്ചായത്തിന്റെ ചെലവിനങ്ങളിൽ പൊതുമാരാമത്ത് പ്രധാന വിഷയമാണ്. വർഷം തോറും പൊതുമരാമത്തിനുള്ള ചെലവ് പണികൾ ജെ. ആർ. വൈ. മുതലായവ ഗുണഭോക്തൃ കമ്മികളിൽനിന്നുള്ള കൺവീനർമുഖേനയും, അൺഡൈഡ്ഫണ്ട് പണികൾ പഞ്ചായത്തും ചെയ്യുന്നു. പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1996-97 സാമ്പത്തിക വർഷത്തിൽ ആലാ ഗ്രാമപഞ്ചായത്തിന്റെ 7-ാം വാർഡിൽ കോടുകുളഞ്ഞിയിൽ ഒരു പബ്ലിക്ക് മാർക്കറ്റ് പ്രവർത്തനം തുടങ്ങി. പ്രസ്തുത പബ്ലിക്ക് മാർക്കറ്റിൽ ഷോപ്പിംഗ് സെന്റർ, ഒന്നാം വാർഡിൽ അത്തലക്കടവിൽ പഞ്ചയായത്ത് അധീനതയിലുള്ള പുറംപോക്ക് സ്ഥലത്ത് ഓട്ടോസ്റ്റാന്റ്, ഷോപ്പിംഗ്സെന്റർ, മാർക്കറ്റ് സ്റ്റാൾസ് സ്ഥാപിക്കുന്നതിനും വാഹനങ്ങൾ എടുക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചു.

പഞ്ചായത്തിനുള്ള ധനകാര്യ ആവശ്യങ്ങളിലും ചട്ടങ്ങളിലും വളരെയേറെ ഉദാരവൽക്കരണങ്ങൾ ആവശ്യമുണ്ട്. നിലവിലുള്ള സാധാരണവും അംഗീകൃതവുമായ ചെലവിനങ്ങൾ ചട്ടങ്ങിലെ സാമ്പത്തികപരിധി പണമായും എടുത്തുകളയുകയും പഞ്ചായത്തുകളുടെ പ്രാദേശിക സ്വഭാവം അനുസരിച്ച് കൂടുതൽ ഇനങ്ങളിൽ ചിലവനുവാദം നൽകുന്നതിനുള്ള യഥേഷ്ടാനുമതി പഞ്ചായത്തിന് ലഭിക്കുകയും വേണം. നിയമത്തിൽ പറയാത്ത ഇനത്തിനുള്ള ചെലവിലുള്ള അനുവാദം ഗവൺമെന്റിൽ നിഷ്പതമാക്കിയത് ഒഴിവാക്കി പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്കു ലഭിക്കണം.




ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ വാണിജ്യസ്ഥാപനങ്ങൾ രണ്ടെണം പ്രവർത്തിക്കുന്നു. ഫെഡറൽ ബാങ്കിന്റെ ആലാബ്രാഞ്ചും, കോടുകുളഞ്ഞി ബ്രാഞ്ചും, ഈ ബാങ്കുകളിലെ നിക്ഷേപം കഴിഞ്ഞ പത്തു വർഷകാലത്തിനുള്ളിൽ 100%കണ്ടു വർദ്ധിച്ചിരുന്നു. സംസ്ഥാന നിക്ഷേവായ്പാനുപാതം 40% മാണ്. കൂടാതെ പഞ്ചായത്തിനുള്ളിലെ രണ്ടു സർവ്വീസ് സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നു. കാർഷികമേഖലയിൽവായ്പകൾ നൽകുന്നു. എന്നിരുന്നാലും പഞ്ചായത്തു പ്രദേശത്തു അനൗപചാരികമായി പണം പലിശക്കു കൊടുക്കുന്ന വ്യക്തികളും ഏജൻസികളും പ്രവർത്തിക്കുന്നുണ്ട. കൊമേഴ്സ്യൽ ബാങ്കുകളെക്കാൾ 4 ഇരട്ടി പലിശയിട്ടാണെങ്കിലും ചെറുകിട ബിസിനസുകാരും ഇവരെയാണ് സമീപിക്കുന്നത്.

പ്രശ്നങ്ങൾ

- ഇപ്പോൾ പഞ്ചായത്തധീനതയിലുള്ള ഭൂരിപക്ഷം റോഡുകളും ജനങ്ങൾ ശ്രമദാനമായി നിർമ്മിച്ചവയാണ്. ഇവ സ്ഥായിയായി നന്നാക്കുവാൻ കഴിയുന്നില്ല. അശാസ്ത്രീയമായ മെയിന്റനൻസ്, കോൺട്രാക്ടർമാരുടെ അമിതലാഭം, ജനങ്ങളുടെ അശ്രദ്ധ ഇവ മൂലം റോഡുകൾ മോശമായി വരുന്നു.
- കാർഷിക മേഖലയിൽ വികസന പദ്ധതികൾ നടക്കുന്നില്ല. ചില തോടുകളുടെ മെയിന്റനൻസിനു മുകളിൽ പറഞ്ഞ അപാകതകൾ കാണുന്നു.
- സാമൂഹ്യക്ഷേമപരിപാടികളിൽ ഭവന നിർമ്മാണം, കക്കൂസ് ഇവനൽകുന്നതിൽ ഗുണബോക്താക്കളുടെ സംഭാവന (ജോലിയായിട്ടുള്ളത്) നൽകാൻ ഗുണബോക്താക്കളിൽ ഭൂരിപക്ഷവും തയ്യാറാവുന്നില്ല.
- ദുർബല വിഭാഗങ്ങൾക്കു (പട്ടികജാതിക്കാരല്ലാത്ത) കാര്യമായ സഹായങ്ങൾ കിട്ടുന്നില്ല.
- കാർഷിക വികസനത്തിനു ആവശ്യമായ സംവിധാനങ്ങൾ സംഘടിപ്പിക്കുവാൻ ഫണ്ടിന്റെ അപര്യാപ്തമൂലം പഞ്ചായത്തിനു കഴിയുന്നില്ല.
- പഞ്ചായത്തധീനതയിലുള്ള റോഡുകളിൽ കയ്യേറ്റങ്ങൾ നടക്കുന്നു.
- നിലങ്ങൾ നികത്തുന്നതിനാൽ നെൽവയലുകളുടെ വിസ്തൃതി കുറയുന്നു.
- വ്യവസായ പ്രോത്സാഹനം ഇല്ലാത്തതിനാൽ അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ വർദ്ധിക്കുന്നു.
- ധനകാര്യ സ്ഥാപനങ്ങളായ വാണിജ്യ ബാങ്കുകൾ സ്വയംതൊഴിൽ പദ്ധതികൾക്ക് വായ്പ നൽകുന്നതിൽ വിമുഖത കാട്ടുന്നു.
- P.M.R.Y (പ്രൈം മിനിസ്റ്റേഴ്സ് റോസ് ഗാർ യോജന) പ്രകാരം തൊഴിൽ സംരംഭകർക്ക് ആവശ്യമായ പ്രോത്സാഹനം ഉദ്ദേശിച്ചപോലെ ബാങ്കുകൾ നൽകുന്നില്ല.
- വളരെ നല്ല രീതിയിൽ വിദേശ നിക്ഷേപം വരുന്നുണ്ടെങ്കിലും അവ ബാങ്കു നിക്ഷേപമായും, കെട്ടിട നിർമ്മാണവും അവയുടെ മോടിപിടിപ്പിക്കലുമായി ഒതുങ്ങുന്നു. ഉല്പാദന ക്ഷമമായ മേഖലയിൽ ഈ പണം വിനിയോഗിക്കുന്നതിനുള്ള വ്യവസായ പ്രോത്സാഹനം ഉണ്ടാകുന്നില്ല.
- ഗവൺമെന്റിൽ നിന്നോ പഞ്ചായത്തിൽ നിന്നോ എന്ത് ആനുകൂല്യവും ലഭിക്കുമെന്നല്ലാതെ ഗുണഭോക്താക്കൾ അതിനുവേണ്ടി തങ്ങൾ എന്ത് സംഭാവനനൽകുവാൻ കഴിയും എന്ന് ബഹുഭൂരിപക്ഷം പേരും ചിന്തിക്കാറേയില്ല.
- തൊഴിലില്ലായ്മ, മറ്റു സാമ്പത്തിക തകർച്ച, ഭാവിയെപ്പറ്റിയുള്ള അനിശ്ചിതത്വം എന്നീകാരണങ്ങളാൽ യുവാക്കളിൽ നൈരാശ്യബോധം ഉണ്ടാകുവാനും അത് മൂല്യത്തകർച്ചയ്ക്ക് വഴിവെക്കുന്നു. അവരുടെ സർഗ്ഗശക്തിയെയും കർമ്മശേഷിയേയും ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല.



- പഞ്ചായത്തിൽ പരമ്പരാഗത ജല സ്രോതസ്സുകൾ അനവധിയുണ്ട്. കൃഷിക്കും കുടിവെള്ളത്തിനും വേണ്ടി ഈ സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിക്കുന്നില്ല.



- സർക്കാർ അധീനതയിലും, പഞ്ചായത്ത് അധീനതയിലും, പമ്പാഇറിഗേഷൻ പ്രോജക്ട് അധീനതയിലും അനേകം ഏക്കർ ഉപയോഗയോഗ്യമായ ഭൂമികൾ അനാഥമായി കിടക്കുന്നു. ഇവ ഉല്പാദനക്ഷമമായ കാര്യങ്ങൾക്കായി വിനിയോഗിക്കുന്നില്ല.
- പഞ്ചായത്തധീനതയിലുള്ള ആറുകൾ, തോടുകൾ, ചെറുനദികൾ, ചാലുകൾ ഇവ നല്ല രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല.
- പുറമ്പോക്കു നദീതീരങ്ങളും, പുറമ്പോക്കു ഭൂമിയും, സ്വകാര്യ വ്യക്തികൾക്ക് പതിച്ചു നൽകുന്ന പ്രവണത കണ്ടുവരുന്നു.
- പുതിയ നികുതി നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതിനു ജനങ്ങൾ പൊതുവേ തയ്യാറാകുന്നില്ല.
- പഞ്ചായത്തുകളുടെ പ്രാദേശിക സ്ഥിതിക്കനുസരണമായി പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിലവസരങ്ങളും, പഞ്ചായത്തിനു ധനാഗമമാർഗ്ഗങ്ങൾ ഉളവാക്കുന്നതുമായ സംരംഭങ്ങൾ തുടങ്ങാൻ നിയമപരമായി പഞ്ചായത്തു സമിതികൾക്കധികാരമില്ല.

സാധ്യതകൾ

ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം റോഡുകളും ജനങ്ങൾ ശ്രമദാനമായി നിർമ്മിച്ചിട്ടുള്ളതാണ്. ഈ റോഡുകൾ മുഴുവനും പഞ്ചായത്തിന്റേയോ, ഗവൺമെന്റിന്റേയോ ധനം കൊണ്ടുമാത്രം ഉദ്ധരിക്കുവാൻ പറ്റുകയില്ല. ഇവയ്ക്കു പകരമായി ജനങ്ങളുടെ സംഘടിത ശക്തിയെ തട്ടിയുണർത്തിയാൽ സ്ഥായിയായ പലകാര്യങ്ങളും ചെയ്യുവാൻ സാധിക്കും.

ജനകീയാസൂത്രണത്തിന്റെ ഭാഗമായ വിശേഷാൽ ഗ്രാമ സഭകളിൽ നിന്നും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത്, ബ്ലാക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്തുകൾ വഴിയും സംസ്ഥാന സർക്കാർ വഴിയും ലഭിക്കുന്ന ധന സഹായങ്ങൾക്കു പുറമേ ആവശ്യമായി വരുന്ന വിഭവങ്ങൾ ശ്രമദാനമായും, അദ്ധ്വാനമായും, സാധന സാമഗ്രികളായും, പണമായും മറ്റും സമാഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

അവയെ നാല് ഭാഗമായി തരം തിരിക്കാം.

1. പഞ്ചായത്തിന്റെ തനതു വരുമാനങ്ങൾ വർദ്ധിപ്പിക്കുക.
2. വിദേശ നിക്ഷേപങ്ങളെ പ്രദേശത്തിന്റെ വികസനത്തിനുവേണ്ടി തിരിച്ചു വിടുക
3. വിഭവങ്ങൾ പണമായോ, സാധനമായോ, അദ്ധ്വാനമായോ സമാഹരിക്കുക.
4. സ്വദേശ, വിദേശ ഏജൻസികളുടെ സഹായം സ്വീകരിക്കുക.

1. പഞ്ചായത്തിന്റെ തനതു വരുമാനങ്ങൾ വർദ്ധിപ്പിക്കുക.

1. പഞ്ചായത്തുവക പുറമ്പോക്കു ഭൂമികളിൽ സൗകര്യപ്രദമായ സ്ഥാനങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ്, സ്റ്റാളുകൾ, വെയിറ്റിംഗ്ഷെഡ് കം ഷോപ്പിംഗ് സെന്റർ, മാർക്കറ്റുകൾ, ചെറുകിട വ്യവസായ സെന്ററുകൾ ഇവ നിർമ്മിക്കുക.

(a) ഒന്നാം വാർഡിൽ അത്തലക്കടവിൽ എൻ. എസ്സ്. എസ്സ്. കരയോഗംമുതൽ മാമ്പറ്റപ്പടി വരെയുള്ള P.W. D. റോഡിന്റെ കിഴക്കുഭാഗത്തുള്ള ഉപയോഗ ശൂന്യമായ പഞ്ചായത്തു തോടുകൾ റീടൈനിംഗ് വാൾ കെട്ടി മണ്ണിട്ടുഫില്ലുചെയ്ത് താഴെ നില ആട്ടോസ്റ്റാന്റ് - വെയി റ്റിംഗ് ഷെഡ് - ഷോപ്പിംഗ് സെന്ററുകളും, മുകൾ നിലയിൽ ആഫീസുകൾ സ്ഥാപിക്കുന്നതിനും അനുയോജ്യമായ രീതിയിൽ കെട്ടിടം നിർമ്മിക്കുക.

ഇപ്പോൾ സബ്ബ് പോസ്റ്റ് ഓഫീസ്, ഗോ സംവർദ്ധക ഉപകേന്ദ്രം, ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് എന്നീ സർക്കാർ സ്ഥാപനങ്ങളും, ബാങ്കും ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാഹനങ്ങൾക്കുള്ള പാർക്കിംഗിനും സൗകര്യ പ്രദമാക്കണം.

(b) പി. ഐ. പി. വകയായി കനാൽ നിർമ്മാണത്തിനു വേണ്ടി എടുത്തതിൽ ഇപ്പോൾ പി. ഐ. പിക്ക് ഉപയോഗമില്ലാതെ കിടക്കുന്ന ആലാ H.S.S-നു തെക്കു കിഴക്കു ഭാഗത്തുള്ള സ്ഥലം പഞ്ചായത്തിനു ലഭ്യമാക്കി അവിടെ ഒരു പൊതുമാർക്കറ്റ് സ്ഥാപിക്കുക. ഇപ്പോൾ



അത്തലക്കടവിൽ സഞ്ചാര സൗകര്യം തടസ്സപ്പെടുത്തിക്കൊണ്ടു നടക്കുന്ന അനൗദ്യോഗിക അന്തിച്ചന്ത പബ്ലിക്‌വക മാർക്കറ്റു സ്ഥാപിക്കുന്നതോടെ പഞ്ചായത്തിനു നല്ലവരുമാനം ലഭി ക്കുന്ന ഒരു മാർക്കറ്റായിത്തീരും. ഭൂമിപഞ്ചായത്തിനു ലഭ്യമാക്കുന്നതിനു നടപടികൾ ഉണ്ടാവണം.

(c) ശുചീകരണത്തിന്റെ ഭാഗമായി പബ്ലിക് കംഫർട്ടുസ്റ്റേഷനുകൾ സ്ഥാപിച്ചു ലേലം നടത്തി തുക ഈടാക്കുക.

(d) പൂവപ്പള്ളികുഴിയുടെ ഉപയോഗ ശൂന്യമായ ഒരു ഭാഗം നിവർത്തി ഒരു മിനി ഷോപ്പിംഗ് സെന്റർ സ്ഥാപിച്ചു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

(e) അഞ്ചാം വാർഡിൽ കനാൽ ജംഗ്ഷനിൽ പഞ്ചായത്തവക പുറംപോക്കു ഭൂമിയിൽ ഷോപ്പിംഗ് സെന്റർ കം വെയിറ്റിംഗ് ഷെഡ് പണിയുകയും ഓട്ടോ സ്റ്റാന്റ് സ്ഥാപിക്കുകയും ചെയ്ത് വാർഷിക ലേല വ്യവസ്ഥയിൽ നൽകുക.

2. പഞ്ചായത്തുവക കോടുകുളഞ്ഞി പബ്ലിക് മാർക്കറ്റിൽ താഴെ നിലയിൽ ഷോപ്പിംഗ് സെന്ററുകളും മാർക്കറ്റ് സ്റ്റാളുകളും മുകൾ നിലയിൽ ആഫീസുകൾക്കു ഉപയോഗിക്കാവുന്ന വിധം Shopping Centre - Cum - Office Building പണികഴിപ്പിക്കുകയും വാർഷിക ലേല വ്യവസ്ഥയിൽ നൽകുകയും ചെയ്യുക.

3. പെണ്ണുക്കര യു. പി, സ്ക്കൂളിനു വടക്കുവശം പി. ഡബ്ലിയു ഡി. റോഡിനു കിഴക്കു ഭാഗത്തുള്ള മിച്ചഭൂമി പഞ്ചായത്തു നിയമാനുസരണം ഏറ്റടുക്കുകയും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്ന പദ്ധതികൾക്ക് ഉപയോഗിക്കുകയും ചെയ്യുക.

4. പഞ്ചായത്തിന്റെ മൂന്നാം വാർഡിലുള്ള പൂമലച്ചാലും പരിസരവും യഥായോഗ്യം സംവിധാനം ചെയ്യുകയും പ്രകൃതി സുന്ദരമായ ഈ പ്രദേശം ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കാവു ന്നതും ടൂറിസ്റ്റുകൾക്കായുള്ള ബോട്ടുയാത്ര മറ്റു വിനോദങ്ങൾ ഇവയ്ക്കുള്ള സംവിധാന ങ്ങളും പഞ്ചായത്തു തലത്തിൽ ചെയ്ത് വരുമാനം ഉണ്ടാക്കാവുന്നതാവണം.

5. പൂമല, തൊട്ടുംകര, പാറാത്തപള്ളി, വരട്ടാർ എന്നീ ഇടങ്ങളിൽ കൈത ധാരാളമായി ഉള്ളതിനാൽ പരമ്പരാഗത തൊഴിലായ തഴപ്പായ നെയ്ത്ത് പ്രോത്സാഹിപ്പിച്ച് തൊഴില വസരങ്ങളും വരുമാനവും വർദ്ധിപ്പിക്കാവുന്നതുമാണ്.

6. പഞ്ചായത്തുവക കുളങ്ങളും, ചാലുകളും ഒരു നിശ്ചിത കാലയളവിലേക്ക് മത്സ്യം വളർ ത്തുന്നതിനുവേണ്ടി ലേലം ചെയ്തുനൽകി വരമാനം വർദ്ധിപ്പിക്കുക.

7. പഞ്ചായത്തുപ്രദേശത്തു പരസ്യ നികുതി ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുക

8. ചെറുകിടവ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകി വ്യാപകമായി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടാൽ ലൈസൻസ്, തൊഴിൽ നികുതി ഇവയിലൂടെ പഞ്ചായ ത്തിനു തനതുവരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

9. കെട്ടിടനികുതി നിർണ്ണയം ശാസ്ത്രീയമായിപരിഷ്കരിച്ച് നിർമ്മാണ സ്വഭാവത്തിന്റെ അടി സ്ഥാനത്തിൽ ഗ്രേഡുകളായി തിരിച്ച് സ്കയർമീറ്റർ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തുന്നതിനുള്ള നിയമ നിർമ്മാണം ഉണ്ടായാൽ നികുതി നിർണ്ണയത്തിലെ പാളിച്ചകൾ ഒഴിവാകുകയും നികുതി വർദ്ധനവ് ഉണ്ടാകുകയും അതിലൂടെ പഞ്ചായത്ത് വരുമാനം സ്ഥായിയായി വർദ്ധിക്കുകയും ചെയ്യും.

10. മിച്ചഭൂമികൾ പഞ്ചായത്തിനു വിട്ടുതരുന്നതിനുള്ള നിയമ നിർമ്മാണം സർക്കാർ തലത്തിൽ ഉണ്ടാവുകയും ടി ഭൂമിവിതരണം വിനിയോഗിക്കുന്നതിനുള്ള പൂർണ്ണാവകാശം പഞ്ചായ ത്തുകൾക്കു നൽകുകയും ചെയ്യുക.

11. ഒരു ഹെക്ടറിനുമുകളിൽ വരുന്ന നാണ്യവിള തോട്ടമുടമകളിൽനിന്നും നികുതി (കാർഷിക തൊഴിൽ നിതുകി) ഈടാക്കുക.

12. കേബിൾ ടെലിവിഷൻ കണക്ഷന്റെ അടിസ്ഥാനത്തിൽ വിനോദ നികുതി ഏർപ്പെടുത്തുക.



13. D.S.O ലൈസൻസ് ഫീസുകൾ കാലോചിതമായി പുതുക്കി നിശ്ചയിക്കുകയും മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കു ലൈസൻസ്, തൊഴിൽ നികുതി ഇവ എർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
14. പഞ്ചായത്തുപ്രദേശത്തു നിന്നും സർക്കാർ പിരിച്ചെടുക്കുന്നതിൽ-പഞ്ചായത്തുവിഹിതം ലഭ്യമാകാതെയുള്ള നികുതികളിൽ- നിശ്ചിത ഭാഗം പഞ്ചായത്തുകൾക്കു ലഭ്യമാക്കുന്ന സംവിധാനം ഉണ്ടാവണം.
15. പഞ്ചായത്തുപ്രദേശത്തു നിന്നും മണൽ, മണ്ണ് കരിങ്കല്ല് എന്നിവ ശേഖരിക്കുന്നതിനും സർക്കാർ ഏർപ്പെടുത്തി റവന്യൂമുഖേന പിരിച്ചെടുക്കുന്ന റോയൽട്ടി മുഴുവനായും പഞ്ചായത്തുകൾക്കു നൽകണം.
17. പഞ്ചായത്തിൽ ഒരു കന്നുകാലിച്ചന്ത നടത്തി പഞ്ചായത്തിനു വരുമാനം സ്വരൂപിക്കാവുന്നതാണ്.
18. മുമ്പ് കേരളത്തിൽ ഉണ്ടായിരുന്നതും പിന്നനീട് നിർത്തൽ ചെയ്തിരുന്നതുമായ ലാൻഡ് സെസ് (വസ്തു നികുതി) ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.
19. പഞ്ചായത്തിന്റേതായ വാട്ടർ സപ്ലൈസ്ക്കീം നടപ്പിലാകുകയും വെള്ളക്കരത്തിലൂടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാം.
20. സ്ഥാപിക്കുന്നതിനു ചെലവു കൂടിയതെങ്കിലും പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളുടെയും ഒരു പ്രധാനപ്രശ്നം എന്നനിലയിൽ പഞ്ചായത്തിന്റേതായി ഒരു വൈദ്യുതി സ്മശാനം സ്ഥാപിക്കുകയും, നിരക്ക് നിശ്ചയിച്ച് ഫീസ് ഈടാക്കുകയും പൊതുസേവനമെന്നതിനോടൊപ്പം വരുമാന മാർഗ്ഗവുമാണ്.
21. പഞ്ചായത്തുവക പുറം പോക്കു ഭൂമികൾ, റെയിൽ പുറം പോക്കു ഭൂമികൾ, റവന്യൂ, പി. ഐ. പി. സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സാമൂഹ്യ വനവൽക്കരണം, പുൽകൃഷി, ഫല വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, P.W.D റോഡുപുറം പോക്കിൽ വെച്ചുപിടിപ്പിച്ചതും നിലനിൽക്കുന്നതുമായ എല്ലാവിധ വൃക്ഷങ്ങളുടേയും മേലാദായം, വെട്ടി ലേലംചെയ്തു വിൽക്കുന്നതിനുള്ളഅവകാശവും, സംരക്ഷണാവകാശവും പഞ്ചായത്തുകൾക്കു മാത്രമായി നൽകിയാൽ വിഭവസമാഹരണത്തിന് നല്ലൊരു സംഭാവന ഈ ഇനത്തിൽ സംഭരിക്കുവാൻ കഴിയും. അതിനുള്ള സംവിധാനം സർക്കാർ തലത്തിൽ ഉണ്ടാവണം.
22. പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയതുപോലെ പഞ്ചായത്തുപ്രദേശത്തെ പഞ്ചായത്ത് അധീനതയിലുള്ള റോഡിലെ നിശ്ചിത തുകയ്ക്കു മുകളിൽ നിർമ്മാണച്ചെലവുവന്ന പാലങ്ങൾക്ക് നിശ്ചിത കാലയളവിലേക്കു ടോൾ ചുമത്തുക.
23. ക്ഷേമ പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളുടെ വിഹിതമായുള്ള അദ്ധ്വാനവും, വിഭവങ്ങളും, സംഭാവനകളും ഉണ്ടാവണം.
24. പട്ടികജാതി /പട്ടിക വർഗ്ഗ ക്ഷേമ വകുപ്പ്, യുവജന ക്ഷേമവകുപ്പ്, ഗ്രന്ഥശാലാസംഘം, രാജാറാം മോഹൻ റായ് ഫൗണ്ടേഷൻ എന്നിവയിൽനിന്നും വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കും, ഗ്രന്ഥശാലയ്ക്കും വേണ്ടി ഗ്രാന്റുകൾ ലഭ്യമാക്കണം.
25. പഞ്ചായത്തുവക നദികളിലെ മണൽ വാരുന്നതിനുള്ള അവകാശം പഞ്ചായത്തിന് പുനസ്ഥാപിച്ച് (നിരോധനം നീക്കിക്കൊണ്ട്) വരുമാന വർദ്ധനവ് ഉണ്ടാക്കുക.
26. പഞ്ചായത്തിന്റെ കൈവശഭൂമികളിലോ, അനുയോജ്യമായസ്ഥലം കണ്ടെത്തിയോ കമ്മ്യൂണിറ്റിഹാൾ ഓപ്പൺ, എയർ തീയേറ്റർ മുതലായവ നിർമ്മിച്ചു വിവാഹം, സമ്മേളനങ്ങൾ, സാം സ്കാരിക കമ്മറ്റി വാടകയ്ക്കു നൽകി ഫണ്ടുസ്വരൂപിക്കാം.

27 സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തനധീനത്തിലുള്ള ജലാശയങ്ങളെ മീൻവളർത്തൽ കേന്ദ്രങ്ങളാക്കി വിഭാവസമാഹരണം നടത്തുക.

28 സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾക്കും ലൈസൻസുകൾ ഏർപ്പെടുത്തുക.

29 ടൂട്ടോറിയൽ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവക്ക് ലൈസൻസ്/തൊഴിൽ നികുതി എന്നിവ ഏർപ്പെടുത്തണം



B വിദേശ നിക്ഷേപങ്ങൾ പ്രദേശത്തിന്റെ വികസനത്തിനായി തിരിച്ചു വിടുക

വിദേശത്തു ജോലിചെയ്യുന്നവരുടെയും മടങ്ങിവന്നവരുടെയും ഒരു ട്രസറ്റ് സംഘടിപ്പിച്ച് ആട്രസ്റ്റനിനെ കൊണ്ട് വ്യവസായ ശാലകൾ ആശുപത്രികൾ സിനിമാ തീയേറ്ററുകൾ മുതലായവ സ്ഥാപിക്കുകയും അതിനാവശ്യമായ. അന്തരീക്ഷം സൃഷടിക്കുകയും ചെയ്യുക.

വിഭവങ്ങൾ പണമായോ സാധനമായോ അദ്ധ്വനമായോ സമാഹരിക്കുക

1 കാർഷിക മേഖലയിൽ ചെയ്യേണ്ടതായ തോടുകളുടെ പുനരുദ്ധാരണം ചെറിയ നീർച്ചാലുകളുടെ നിർമ്മാണം കുളം നിർമ്മിക്കൽ മുതലായവയും പമ്പുസെറ്റുകൾ സ്ഥാപിക്കൽ അവയുടെ മെയിന്റെൻസ് പ്രവർത്തനം ആദിയായകാര്യങ്ങൾക്ക് ഗുണഭോക്താക്കളുടെ സഹകരണം തേടുകയും മനുഷ്യാധ്വാനം സാധനസാമഗ്രികൾ ധനം ഇവ സംഭാവനകളായി സ്വീകരിച്ച് പദ്ധതി ചെലവിന്റെ യഥാർത്ഥമൂല്യത്തെക്കാൾ 25% കൂടി അധിക മൂല്യമുള്ള വികസനപ്രവർത്തനങ്ങൾ നിർവത്തിക്കാനാകും. അതിന് ഉതകുമാറ് പാടശേഖര സമിതികൾ സംഘടിപ്പിക്കണം


2. പുതുതായി നിർമ്മിക്കുന്ന റോഡുകലുടെ ഗുണഭോക്താക്കളുടെ മുൻകയ്യോടെ നിർമ്മാണത്തിനുള്ള സ്ഥലവും സമ്പത്തും ലഭ്യമാക്കണം. ഒരോ പ്രദേശത്തും റോഡുകളുടെ നിർമ്മാണത്തിനും സ,ംരക്ഷണത്തിനുമുള്ള സമതികൾ ഉണ്ടാവണം. ഇത് ഒരു പുതിയ സംഭവമായി എടുക്കാവുന്നതല്ല. 1956 ആലാപഞ്ചായത്ത് അത്തരമൊരു തീരുമാനമെടുക്കുകയും വാർഡുമെമ്പറൻമാരുടെ നേതൃത്തിൽ റോഡുകൾ നിർമ്മിച്ചചരിത്രവും ഈ പഞ്ചായത്തിനുണ്ട് സാമ്പത്തിക ഭദ്രതയുള്ളവരിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ സന്നദ്ധ സംഘടനകളിൽനിന്നോ സ്പോൺസറിംഗിലൂടെ ഭവനനിർമ്മാണം വെയിറ്റിഗ്ഷെഡ്സ്റ്റ് നിർമ്മാണം പൊതുസ്ഥാപനങ്ങക്കുള്ള കെട്ടിടങ്ങൾ അകസാമാനങ്ങൾ എന്നിവയ്ക്കുള്ള വിഭവ സമാഹരണം സാധ്യമാണ്. ആലാ ഗവൺമെന്റ് ഹയർസെക്കൻടറിസ്ക്കൂൾ പെണ്ണുക്കര ഗവ: യു. പി. സ്ക്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകിയ ചരിത്രമുണ്ട് കാർഷിക മേഖലയിൽ കർഷകതെഴിലാളികൾക്ക് വാർഷികതൊഴിൽദിനങ്ങളുടെ എണ്ണം കൂടുതൽ ഉണ്ടാകുമെന്ന് ഉറപ്പുണ്ടാകുമെന്നുമുള്ള അവസ്ഥ സംജാതമാകുകയും ആ അവസ്ഥയിൽ തൊഴിലാളികളിൽ നിന്ന് അവരുടെ അദ്ധ്വാനശക്തിയെ കുറെയൊക്കെ സംഭാവനയായി സ്വരൂപിക്കാൻ കഴിയും അതിനായി ഒരോപാടശേഖരത്തും പണിയെടുക്കുന്ന കർഷകതൊഴിലാളികളെ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്

3. കൂടാതെ പഞ്ചായത്ത് പ്രദേശത്തുനടക്കുന്ന ആഘോഷങ്ങൾക്കും ഉത്സവങ്ങൾക്കും നിയമം അനുശാസിക്കുന്ന വിധം നിയന്ത്രണം ഏർപ്പെടുത്തുകയും താൽക്കാലിക കടകൾക്ക് നിശ്ചിതഫീസ് ഈടാക്കുകയും ചെയ്യാം.

4. വിവിധതൊഴിൽ മേഘലകളെ തരം തിരിച്ച് തനതു മേഖലയിലുള്ളവരുടെ പേര് പ്രത്യേകം പ്രത്യേകമായി രജിസ്റ്റർ ചെയ്യുകയും സന്നദ്ധസേവനത്തിന് താൽപ്പര്യം ജനിപ്പിക്കുകയും അത്യാവശ്യസന്തർഭത്തിൽ കുറഞ്ഞകൂലിക്ക് സേവനം അർപ്പിക്കുവാൻ കഴിയുന്നവിധത്തിൽ ഒരു തൊഴിൽ സേനയെ രജിസ്റ്റർ ചെയ്യുകയും പഞ്ചായത്തിൽ വരുന്നതായ തൊഴിൽ സേനാംഗങ്ങൾക്കായി സംഭരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടായാൽ നിർദ്ധനവികസന രംഗങ്ങളിൽ അദ്ധ്വാനശക്തിയെ സംഭാവനയായി പരമാവധി സമാഹരിക്കുവാൻ കഴിയും.

5. രാഷട്രീയ നേതൃത്വങ്ങളുടെ ഒരു ഏകോപനപ്രവർത്തനം ഉണ്ടായാൽ വികസനം അർഹമായ മേഖലകൾക്ക് ലഭിക്കുന്നതാണ്.

8. പൊതുമേഖലാസ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങൾ ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സബ്സിഡി പദ്ധതികൾ പരമാവധി ഉപയോഗപ്പെടുത്തകയും ചെറുകുടിൽ വ്യവസായ യൂണിറ്റുകളെ സഹായിക്കുവാൻ പഞ്ചായത്തുസമതികളുടെ ഇടപ്പെടലുകൾ ഉണ്ടാവുകയും വേണം.



10 സന്നദ്ധസംഘടനകൾ/ക്ലബുകൾ/സ്കൂൾവിദ്യാർത്ഥികൾ/N.C.C, സകൗട്ട് നാഷണൽ സർവീസ്സ്കീം യുവജനസംഘടനകൾ സാമുദായികസംഘടനകൾ എന്നിവയുടെ സേവനങ്ങളെ പരമാവധി ഉപയോഗിച്ചു ഗ്രാമപ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കുക.

11. വിദ്യഭ്യാസ ആരോഗ്യക്ഷേമപ്രവർത്തനങ്ങൾൺക്കായി പഞ്ചായത്തുരാജ് നിയമാനസൃരണമായി നിധികൾ സ്വരൂപിക്കാവുന്നതാണ്.

12. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തിത്തിൽ ഭരണചെലവുകൾക്ക് നിയന്ത്രണം നിയമാനുസരണമായി പരമാവധികുറക്കുവാൻ ശ്രദ്ധിക്കാവുന്നതാണ്.

13. റജിസ്റ്റർ ചെയ്ത വികസന സമിതികൾക്കും മറ്റും കേന്ദ്രഗവൺമെന്റിന്റെ വിവിധ ഏജൻസികൾ മുഖേനവികസന പ്രവർത്തനങ്ങൾക്കുപ്രോജക്ട് അടിസ്ഥാനത്തിൽ സഹായധനം സ്വരൂപിക്കാം.

14. ഗ്രാമപഞ്ചായത്തിന്റെ വരവു ചിലവുകൾ ഗ്രാമസഭകളിൽ രേഖകളായി അച്ചടിച്ചുവിതരണം നടത്തുകയും അതുവഴി നികുതിദായകരുടെ വിശ്വാസ്യത ആർജ്ജിക്കുംവിധം വികസന പ്രവർത്തനങ്ങൾക്കായി വിഭവസമാഹരണത്തിന്റെ ഭാഗമായുള്ള വരുമാനം സ്വരൂപിക്കുന്നതിൽ ജനകീയ സഹകരണം ആർജ്ജിക്കുവാൻ കഴിയും.

15. ഗ്രാമവികസന ബോർഡ്സ് (R.D.B)NABD ഏന്നീസ്ഥാപനങ്ങളുടെ സഹായത്തോടെ പഞ്ചായത്തിനു സ്ഥിരം ആസ്തികൾ വർദ്ധിപ്പിക്കുന്ന കമ്മൂണിറ്റിഹാൾ ഷോപ്പിംഗ് കോംപ്ലക്സ് ആഫീസ് സമുച്ചയം മാർക്കറ്റ് സറ്റാളുകൾ പഞ്ചായത്ത് റസ്റ്റ് ഹൗസുകൾ തുടങ്ങിയവ സ്ഥാപിക്കുകയും വരുമാനം വർദ്ധിപ്പിക്കാവുതുമാണ്.

D സ്വദേശവിദേശ ഏജൻസികളുടെ സഹായം സ്വീകരിക്കുക.


1. ആരോഗ്യകേന്ദ്രങ്ങൾ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്കാരികകേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കലും വികസിപ്പിക്കുന്നതിനുവേണ്ടി വിദേശമലയാളികളിൽ നിന്ന് ധനസഹായം ആർജ്ജിക്കുക.

2. സാമ്പത്തികമായി കഷ്ടതയനുഭവിക്കുന്ന കുടുംബർക്കായി പെൺകുട്ടികളുടെ വിവാഹം മാരകരോഗങ്ങളാൽ കഷ്ടപ്പെടുന്നവരെ സഹായിക്കൽ അനാഥത്വം ബാധിച്ച കുടുംബങ്ങളുടെ ഉദ്ധാരണം വീടുവെയ്ക്കാൻ നിവർത്തിയില്ലാത്തവർക്ക് വീടുവെയ്ക്കുന്നതിനുവേണ്ടിയുള്ള സാമൂഹ്യക്ഷേമപദ്ധതികൾക്കായി വിദേശമലയാളികളിൽനിന്നും ധനസഹായം സ്വീകരിക്കുക.

ഉപസംഹാരം

ഗ്രാമപഞ്ചായത്തിന്റെ വികസനം മാത്രം ലക്ഷ്യമാക്കിവികസനക്ഷേമപ്രവർത്തങ്ങൾ ജനപങ്കാളിത്തത്തോടും ജനകീയസമതികളുടെ നേതൃത്തത്തിലും ഇടനിലക്കാരെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടും നടത്തുമ്പോൾ മാത്രമേ മേൽവിവരിച്ച പ്രകാരമുള്ളവിഭവസമാഹരണം നടത്തുവാൻ സാദ്ധ്യതയുള്ളൂ.

വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിതയ്യാറാക്കുന്ന പദ്ധതി ചെലവിന്റെ ഇരുപത്തിയഞ്ച് ശതമാനം കൂടിയെങ്കിലും ജനപങ്കളിത്തവിഭവസമാഹരണത്തിലൂടെ സ്വരൂപിക്കണമെന്ന് ആസൂത്രണബോർഡിന്റെ സമീപനം തന്നെ ജനപങ്കളിത്തം ഉറപ്പു വരുത്തുക എന്ന ലക്ഷ്യംതന്നെ അങ്ങിനെതന്നെ ഉണ്ടാകുമെന്നുള്ള ബോധനിലവാരണിലേക്ക് ജനങ്ങളെ എത്തിക്കുന്നതിന് വ്യാപകമായ പ്രചാരണവും ജനപ്രതിനിധികളുടെ നേതൃത്വപരമായ സമീപനവും അതുവഴി ജനകീയമുന്നേറ്റംതന്നെ ഉണ്ടാവുമെന്നതിൽ സംശയമില്ല.



പഞ്ചായത്തിന്റെ വരവുചിലവുകളെ സംബന്ധിച്ചുള്ള കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പട്ടികയായി അന്യത്ര ചേർത്തിരിക്കുന്നു.

പഞ്ചായത്തിന്റെ വരവു സംബന്ധിച്ച വിവരങ്ങൾ

ഇനം	1991-92	92-93	93-94	94-95	95-96
കെട്ടിനികുതി	147305.05	130730.70	149880.80	151666.80	188887.65
സർചാർജ്	16439.45	14519.70	16672.20	16913.50	20982.55
തൊഴിൽ നികുതി	60692.00	47151.00	34945.00	48095.00	61382.00
ലൈസൻസ് ഫീസുകൾ	3024.00	2494.00	1521.00	1978.00	2850.00
വസ്തു കൈമാറ്റനികുതി 75%	94946.00	55449.00	115254.00	139841.00	77582.00
വസ്തുകൈമാറ്റനികുതി 25%	50000.00	50000.00	50910.00	62841.00	31132.00
ലേലങ്ങൾ	10312.00	.....	32205.00	7255.00	29360.00
മറ്റുവരവുകൾ (സർക്കാർ ഗ്രാൻറ് ഒഴികെ)	495844.75	315646.10	200000.55	129376.00	209758.15
ഡപ്പോസിറ്റുകൾ	10675.00	5750.00	1855.00	3120.00	12210.00
ആകെ	**889198.25**	**621740.50**	**603243.55**	**561086.30**	**534144.60**

ഗ്രാമപഞ്ചായത്തിന്റെ ചെലവു സംബന്ധിച്ച വിവരങ്ങൾ 1995-96

ഇനം	തുക
ഭരണം	312066
പൊതുമരാമത്ത്	645923
വിദ്യാഭ്യാസം	22044
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	11353
തൊരുവുവിളക്കുകൾ	74533
മറ്റുള്ളവ	84455
ആകെ	**970374**

നന്ദിയോടെ...

കേരളത്തിന്റെ 9-ാം പദ്ധതിയുടെ പ്രധാന സവിശേഷത സംസ്ഥാന പദ്ധതി അടങ്കലിന്റെ 35 മുതൽ 40% വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വികസന പദ്ധതികൾക്കായി നീക്കിവെയ്ക്കുക എന്നതാണ്. നാം നമുക്ക് വേണ്ടി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പരിപാടിയാണ് ജനകീയാസൂത്രണപ്രസ്ഥാനം. താഴെ തട്ടിൽ നിന്നും ജനകീയപങ്കാളിത്തത്തോടെ വികസന പദ്ധതികൾ തയ്യാറാക്കുക എന്ന ലക്ഷ്യം പൂർത്തികരിക്കുകയാണ് ഇതിലൂടെ ശ്രമിക്കുന്നത്. ഗ്രാമസഭകൾ ചേർന്ന് ജനങ്ങൾ നേരിടുന്ന പ്രാദേശിക വികസന പ്രവർത്തനങ്ങൾ കണ്ടെത്തുക, എന്ന ലക്ഷ്യം പൂർത്തീകരിച്ചിരിക്കുന്നു.

അർത്ഥപൂർണമായ ജനാധിപത്യ വൽക്കരണത്തിലേക്കുള്ള ചുവടുവെയ്പായി ഈ പ്രവർത്തനങ്ങൾ മാറുകതന്നെ ചെയ്യും. ഗ്രാമവാസികളുടെ സാമൂഹിക, സാമ്പത്തിക ആരോഗ്യ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് പൂർണ ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നിട്ടുള്ള നിർദ്ദേശങ്ങൾ പ്രായോഗിക പ്രസക്തിയുള്ള സ്കീമുകളാക്കി മാറ്റുക. ഈ സ്കീമുകളെ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ തുടർന്നുള്ള ഘട്ടങ്ങളിൽ ഏറ്റെടുക്കപ്പെടണം.

എല്ലാവിധ മേഖലകളിൽ നിന്നുള്ള സഹായം ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച എല്ലാവർക്കും ഞങ്ങൾക്കുള്ള നന്ദി പ്രകാശിപ്പിക്കുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളിൽ സഹായ സഹകരണം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം

കുമാരി റ്റി.കെ. രാജി
പ്രസിഡൻറ്
ആലാ ഗ്രാമ പഞ്ചായത്ത്

ആലാ ഗ്രാമപഞ്ചായത്ത്
ചിത്രങ്ങളിലൂടെ ...



ചമ്മം - കരികുളം



അക്വഡേറ്റ്



പുല്ലാംതാഴെ



ചാലുംപാട്



പുമലചാൽ



ഉത്തരപ്പള്ളിയാർ

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്